അധികാരം ജനങ്ങളിലേക്ക്

മുളിയാർ ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

# സമഗ്രവികസന രേഖ





**B. UMMER**
*President*



**CHEKODE BALAKRISHNAN NAIR**
*Vice-President*



**K. NARAYANAN NAIR**
*Member*



**K. V. KANNAN VAIDYER**
*Standing Committee Chairman*



**C.H. ABDUL HAJI**
*Member*



**B. SULAIMAN**
*Member*



**P. NARAYANI TEACHER**
*Member*



**MARIYAMMA ABDUL KHADER**
*Member*



**S.V. PANKAJAM**
*Member*



**RADHA JANARDHAN**
*Member*



**K. PRABHAKAR**
*Secretary*

150-2

# മുളിയാർ ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണം




# സമഗ്ര വികസനരേഖ

വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

1. രാഘവൻ ബെള്ളിപ്പാടി
2. എം. ജയപ്രകാശ് കൊടവഞ്ചി
3. എം. ആർ. ഗോപിനാഥൻ നായർ
4. എം. കെ. കുര്യാക്കോസ്.
5. ഡോ: മഹേഷ് ജി.കെ.
6. അബ്ദുൾ ഷെരീഫ്.
7. രാജാറാം. സി.
8. കെ. കൃഷ്ണൻ നായർ
9. എസ്.വി. പങ്കജം.
10. സാവിത്രി. കെ.
11. എ. ചാത്തുക്കുട്ടി
12. കെ. എം. വത്സമ്മ
13. കെ. എൻ. കുഞ്ഞിക്കമ്മാരൻ നായർ
14. വേണുഗോപാലൻ. എം.
15. അസൈനാർ പി.
16. എം. മാധവൻ
17. സിന്ദുഭാസ്കരൻ
18. ശശികുമാർ എ. ഡി.
19. ശശിധരൻ പാണൂർ
20. അസൈനാർ . കെ.

മുളിയാർ ഗ്രാമ പഞ്ചായത്ത്
ഡി. ആർ. പി. മാർ

1. ഷെരീഫ് കൊടവഞ്ചി
2. രാഘവൻ ബെള്ളിപ്പാടി
3. കുമാരൻ ബി.സി.
4. ജയപ്രകാശ് കൊടവഞ്ചി
5. എം. മാധവൻ
6. സാവിത്രി ടീച്ചർ
7. അബ്ദുൽ ഗഫൂർ ബാലനടുക്കം.
8. മസൂദ് ബോവിക്കാനം

പ്രിൻറിംഗ് :
കാസറഗോഡ് പ്രിൻറിംഗ് & പബ്ലിഷിംഗ് കോ-ഓപ്പറേറ്റീവ്
സൊസൈറ്റി- കാസറഗോഡ്-1 , Phone : 522861

# വിഷയവിവരം


1. ആമുഖം
2. സാമൂഹ്യ സാംസ്കാരിക ചരിത്രം.
3. ഭൂപ്രകൃതി
4. സാമൂഹ്യസാമ്പത്തിക മേഖലകൾ
   1. കുടിവെള്ളവും പൊതുജനാരോഗ്യവും
   2. കൃഷിയും ജലസേചനവും
   3. മൃഗസംരക്ഷണം
   4. വ്യവസായം
   5. പാർപ്പിടവും സാമൂഹ്യക്ഷേമവും
   6. സംസ്കാരം , കായികരംഗം
   7. വിദ്യാഭ്യാസം
   8. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   9. സഹകരണം
   10. വനിത
   11. പട്ടികജാതി, പട്ടികവർഗ്ഗം
   12. വിഭവ സമാഹരണം
   13. വനം

6. ഉപസംഹാരം.

# മുളിയാർ ഗ്രാമപഞ്ചായത്ത്

## മുൻ പ്രസിഡണ്ടുമാർ



പി.ടി അബ്ദുള്ള ഹാജി



മേലത്ത് നാരായണൻ നമ്പ്യാർ



കെ. നാരായണൻ നായർ

### ജില്ലാപഞ്ചായത്ത് മെമ്പർ



എം. എസ് മുഹമ്മദ് കുഞ്ഞി

### ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്



എം. കുഞ്ഞമ്പു നമ്പ്യാർ



1

# ആമുഖം

'വികേന്ദ്രീകൃത ജനാധിപത്യം' സഫലമാകുവാൻ ജനകീയാസൂത്രണപരിപാടി അനിവാര്യമാകണം. ഗ്രാമങ്ങളുടെ വികസനത്തിലൂടെ മാത്രമെ ഇന്ത്യയുടെ പുരോഗതി സാധ്യമാകൂ എന്ന് മഹാത്മാഗാന്ധി പ്രവചിച്ചിട്ടുണ്ട്. ഗ്രാമതലത്തിൽ നിന്നും ആസൂത്രണ പ്രക്രിയ ആരംഭിച്ച് അത് കേന്ദ്രതലത്തിലേക്ക് ഉയർത്തി യഥാർത്ഥ ജനകീയ പദ്ധതിയാക്കി ഒമ്പതാം പഞ്ചവത്സര പദ്ധതി രൂപപ്പെടുത്തുക എന്ന വിപുലവും വികസനോന്മുഖവുമായ കാഴ്ചപ്പാടാണ് ജനകീയാസൂത്രണത്തിൽ വിഭാവനം ചെയ്യുന്നത്. ഇതുവരെ ഉണ്ടാക്കിയ എട്ട് പഞ്ചവത്സര പദ്ധതികളും ദില്ലിയിലെ യോജനാ ഭവനിൽവെച്ച് കേന്ദ്ര ആസൂത്രണ വിദഗ്ദ്ധരും സംസ്ഥാന പ്ലാനിംഗ് ബോർഡും ബന്ധപ്പെട്ട് തയ്യാറാക്കിയതാണ്. അതുകൊണ്ട് പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് പൊതുജന സഹകരണത്തോടെ ഭൗതിക പുരോഗതിയുണ്ടാക്കുവാനും പാവപ്പെട്ടവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനുമുള്ള വ്യക്തമായ പരിപാടികൾ ഇതുവരെയുള്ള പദ്ധതികൾ കൊണ്ടുണ്ടായില്ല.

ആസൂത്രണ രംഗത്ത് ഇതുവരെയുള്ള അനുഭവം എന്തായിരുന്നു എന്ന് കൃത്യമായി ഉത്തരം പറയുക പ്രയാസമാണ്. കാരണം ശാസ്ത്രീയമായ രീതിയിൽ എല്ലാ കൃത്യതകളും പാലിച്ചുകൊണ്ടല്ല പരിപാടികൾ തയ്യാറാക്കിയത്. പരിപാടികളുടെ രൂപീകരണത്തിലും നടത്തിപ്പിലും ജനങ്ങൾക്ക് ഒരു തരത്തിലുള്ള പങ്കാളിത്തവും ഉണ്ടായിരുന്നില്ല. ലഭ്യമായതും പരിമിതവുമായ വരുമാനം ഓരോ ഡിപ്പാർട്ടുമെൻറും വീതിച്ചെടുത്ത്, അതിലെ ഉന്നത ഉദ്യോഗസ്ഥൻമാർ ഒന്നിച്ചിരുന്ന് , മറ്റ് വകുപ്പുകളുമായി പരസ്പരം ബന്ധപ്പെടാതെ പരിപാടികൾ തയ്യാറാക്കുകയും യാതൊരു മുൻഗണനാക്രമവും വിലയിരുത്തലുകളുമില്ലാതെ പണം ചെലവഴിക്കുകയുമായിരുന്നു ഇതുവരെചെയ്തത്. അതിനാൽ 'സ്വാധീന'മുള്ളവരുടെ വ്യക്തി താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനാണ് പദ്ധതിചെലവിൽ വലിയൊരു ഭാഗം ചെലവാക്കിയിരുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ പോലും നേട്ടങ്ങൾ പരിമിതമായി മാത്രമേ ദരിദ്രജനങ്ങൾക്ക് കിട്ടിയിരുന്നുള്ളൂ.

കുറേകാലമായി നടന്നുവരുന്നതും ആസൂത്രണത്തിൻെറ പേരിലുള്ളതുമായ ഇത്തരം കണക്കിലെ കസ്രത്തുകളും കാട്ടിക്കൂട്ടലുകളും സംസ്ഥാനത്തെ വലിയൊരു ഊരാക്കുടുക്കിൽ എത്തിച്ചിരിക്കുകയാണ്. ഇതിൻെറ തിക്തഫലങ്ങൾ ജനങ്ങൾ അനുഭവിച്ചുതുടങ്ങിയിരിക്കുന്നു. ഭക്ഷണത്തിന് വേണ്ടതെല്ലാം ഇറക്കുമതി ചെയ്യണം. അന്യസംസ്ഥാനങ്ങളിലെ മഴ, വെയിൽ, വെള്ളം, ഗതാഗതം, തുടങ്ങിയ കാര്യങ്ങളെ ആശ്രയിച്ചാണ് അരി,പച്ചക്കറി, മുട്ട, പലവ്യഞ്ജനങ്ങൾ എന്നിവ കേരളത്തിൽ കിട്ടുന്നത്. വ്യാവസായികോൽപ്പന്നങ്ങളിൽ നമുക്ക് വേണ്ടതൊന്നും ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നില്ല. എല്ലാം അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങിക്കുകയാണ്. തേങ്ങയുടേയും നെല്ലിൻേറയും ഉൽപ്പാദനം ഗണ്യമായി കുറഞ്ഞ് കഴിഞ്ഞു. ഇതോടെ കാർഷിക-വ്യാവസായിക മേഖലകൾ ഏതാണ്ട് മുരടിച്ച മട്ടാണ്. ഈ രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ കിട്ടാനില്ലാതായതോടെ തൊഴിലില്ലായ്മ വലിയൊരു പ്രശ്നമായി മാറിക്കഴിഞ്ഞു. ഇതോടൊപ്പം, നേരത്തെ നന്നായി നടന്നുവന്ന പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നിവ വിപുലമായ വിധത്തിൽ നിലവാരത്തകർച്ചയിൽ എത്തിനിൽക്കുന്നു. വൈദ്യുതി പോലുള്ള മേഖലകളാണെങ്കിൽ കൂടുതൽ പ്രയാസമേറിയ സ്ഥിതിയിലാണ്. സംസ്ഥാനം ആര് ഭരിച്ചാലും ഇനി അവഗണിക്കാൻ കഴിയില്ല. അവയെ അഭിമുഖീകരിച്ചുകൊണ്ടു മാത്രമേ കേരളത്തിന് ഇനി മുന്നോട്ട് പോകാൻ കഴിയൂ. ഈ പ്രശ്നങ്ങളെ ധൈര്യസമേതം അഭിമുഖീകരിക്കാൻ സംസ്ഥാന ആസൂത്രണ

ബോർഡും, അതിനെ നയിക്കുന്ന സർക്കാരും തയ്യാറായി എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ പ്രസക്തി. പ്രസക്തമായ ഈ സാഹചര്യത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടത് കേരളത്തെ സ്നേഹിക്കുന്നവരുടെ കടമയാണ്.

കാർഷിക മേഖല, ചെറുകിടവ്യാവസായിക മേഖല, പ്രാഥമിക വിദ്യാഭ്യാസം, ആരോഗ്യം, സ്ഥലജല പരിപാലനം എന്നീ രംഗങ്ങളിലെ തകർച്ചയാണ് കേരളത്തിലെ ജനങ്ങളുടെ ജീവിതത്തെ ബാധിച്ചിരിക്കുന്നത്. കാർഷിക-ചെറുകിട വ്യാവസായിക മേഖലകളിലെ പ്രശ്ന പരിഹാരം ഉൽപ്പാദന വർദ്ധനവാണ്. ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിലാവട്ടെ നിലവിലുള്ള സംവിധാനങ്ങളുടെ നിലവാരവും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കലാണ് അഭികാമ്യം. ഇതാകട്ടെ ഓരോ പ്രദേശത്തെയും പ്രത്യേകതകളെയും പ്രശ്നങ്ങളെയും മുൻനിർത്തി അവിടത്തെ ജനങ്ങൾ മുൻകൈയെടുത്ത് പ്രവർത്തിച്ചാലേ ഉദ്ദേശ ഫലം ലഭ്യമാകുകയുള്ളൂ. ഇത്തരം പ്രവർത്തനങ്ങൾക്ക് ഏറ്റവും ഉചിതമായ സംവിധാനം ഇന്ന് കേരളത്തിലുണ്ട്. അവയെ ഉപയോഗപ്പെടുത്താൻ കേരളത്തിലെ ജനങ്ങൾ ജനകീയാസൂത്രണത്തിന്റെ സാഹചര്യത്തെ പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതിൽ പ്രധാന പങ്ക് വഹിക്കാൻ കഴിയുന്നത് പഞ്ചായത്ത് സ്ഥാപനങ്ങൾക്കാണ്.

കേരളത്തിലെ പഞ്ചായത്തുകൾ ഇതര സംസ്ഥാനങ്ങളിലെ പഞ്ചായത്തുകളേക്കാൾ നേതൃത്വപരമായ കഴിവും ആൾശേഷിയും വിഭവ ലഭ്യതയും ഉള്ളവയാണ്. പക്ഷെ ഇതുവരെയായി വേണ്ടത്ര അധികാരമോ പണമോ ഉണ്ടായിരുന്നില്ല.ഉള്ളവയാകട്ടെ ചെലവാക്കിയത് മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ ഭാവിയെ മുൻനിർത്തിയായിരുന്നില്ല. താൽക്കാലിക ലാഭത്തെ ഉദ്ദേശിച്ചുകൊണ്ടു മാത്രമാണ് നാം പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വന്നത്. ഈ നില മാറണം. ജനകീയാസൂത്രണ പ്രസ്ഥാനം അതിനുള്ള അവസരം നൽകുകയാണ്. പഞ്ചായത്തുകൾ ഈ സന്ദർഭത്തെ ഉപയോഗപ്പെടുത്തണം.

അധികാരവും പണവും പഞ്ചായത്തുകൾക്ക് കിട്ടുമ്പോൾ അത് വിനിയോഗിക്കാനുള്ള കൃത്യതയും ധാരണയും കാഴ്ചപ്പാടുമാണ് പ്രധാനമായി വേണ്ടത്. ഇവയാകട്ടെ കൂട്ടായ ചർച്ചകളിലൂടെയും സങ്കുചിതകക്ഷിരാഷ്ട്രീയത്തിനതീതമായ ഇടപാടുകളിലൂടെയും തുടർച്ചയായ പഠനത്തിലൂടെയും അനുഭവങ്ങൾ പങ്കിടുന്നതിലൂടെയും , പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലൂടെയും മാത്രമേ ഉണ്ടാവുകയുള്ളൂ. ബൃഹത്തും കൂട്ടായതുമായ ഒരു ത്യാഗസന്നദ്ധതയാണ് ഇതിന് വേണ്ടത്. പ്രത്യേക ഗ്രാമസഭകളും പഞ്ചായത്ത് വികസനറിപ്പോർട്ടുകളും സെമിനാറും, വിവിധ കർമ്മസമിതികളും ഇതിന്റെ മുന്നോടിയായുള്ള സമയബന്ധിതപ്രവർത്തനങ്ങളാണ്. സാക്ഷരതാ പ്രവർത്തനത്തിന്റെ നല്ല അനുഭവങ്ങളും നമുക്ക് പ്രചോദനമേകാനുണ്ട്.

## പരിശീലനം

ആദ്യഘട്ടത്തിൽ പഞ്ചായത്തിൽനിന്നും 11 പേരെ ജില്ലാതല പരിശീലനത്തിന് അയച്ചിട്ടുണ്ട്. അവർ പഞ്ചായത്ത്തലത്തിൽ നടന്ന പരിശീലനത്തിൽ ക്ലാസ്സെടുക്കുകയും ഗ്രാമസഭകളിൽപോയി അവിടെ 12 വിഷയങ്ങളെ സംബന്ധിച്ച് ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ട പരിശീലനത്തിൽ സന്നദ്ധ പ്രവർത്തകർ 8 പേരും വിവിധ ഡിപ്പാർട്ടുമെന്റുകളെ പ്രതിനിധീകരിച്ച് 5 പേരും പങ്കെടുത്തു. ഇവർ പഞ്ചായത്ത് തലത്തിൽ പങ്കെടുത്ത വിദഗ്ദധർക്കും സന്നദ്ധ പ്രവർത്തകർക്കും ക്ലാസ്സെടുക്കുകയും പഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് ബോർഡുമായി ആലോചിച്ച് നേതൃത്വപരമായ പങ്കുവഹിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് അംഗങ്ങളുടെ അകമഴിഞ്ഞ സഹകരണം ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

## ഗ്രാമസഭകൾ

സപ്തംബർ 14 മുതൽ ഒക്ടോബർ 2 വരെയായി പഞ്ചായത്തിലെ ജനകീയാസൂത്രണത്തിനായുള്ള പ്രത്യേക ഗ്രാമസഭകൾ ചേർന്നു. പഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, പഞ്ചായത്ത് അംഗങ്ങൾ, ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാർ എന്നിവരും ജില്ലാതലത്തിൽ പരിശീലനം ലഭിച്ച റിസോർസ് പേഴ്സണുകളും വിവിധ ഗ്രാ

മസഭകളിൽ സംബന്ധിച്ചു. 54 മുതൽ 125 വരെ പേർ ഗ്രാമസഭകളിൽ സംബന്ധിച്ചിരുന്നു. വിവിധ വിഷയങ്ങളെക്കുറിച്ച് ക്രിയാത്മകമായ ചർച്ചകളും പരിഹാര നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ നിന്നും ലഭിച്ചിരുന്നു.

## പഞ്ചായത്തിൻെറ പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | : മുളിയാർ ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : മുളിയാർ വില്ലേജ് |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : ചെമ്മനാട് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : മുളിയാർ |
| ബ്ലോക്ക് പഞ്ചായത്ത | : കാസറഗോഡ് |
| താലൂക്ക് | : കാസറഗോഡ് |
| അസംബ്ലി മണ്ഡലം | : കാസറഗോഡ്. |
| വിസ്തീർണ്ണം | : 34.32 ച: കി.മീ. |

## അതിരുകൾ

| | |
|---|---|
| തെക്ക് | : ബേഡകം, ചെങ്കള പഞ്ചായത്തുകൾ |
| വടക്ക് | : കാറഡുക്ക, ചെങ്കള പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : ചെങ്കള പഞ്ചായത്ത് |
| കിഴക്ക് | : കാറഡുക്ക, ബേഡക പഞ്ചായത്തുകൾ |
| ജനസംഖ്യ | : 19,881 (1991ലെ സെൻസസ് പ്രകാരം) |
| വാർഡുകൾ | : 10 |
| പ്രസിഡണ്ടിൻെറ പേര് | : ബി.ഉമ്മർ. |
| വൈസ് പ്രസിഡണ്ടിൻെറ പേര് | : ചേക്കോട് ബാലകൃഷ്ണൻ നായർ |

1961 ൽ രൂപീകൃതമായ മുളിയാർ പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡണ്ട് പരേതനായ പി.ടി. അബ്ദുള്ള ഹാജിയായിരുന്നു. 1-1-1964 ൽ ആണ് പഞ്ചായത്ത് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചത്.

21-12-1963 ൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണസമിതിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരുന്നു.

1. ശ്രീ. മേലത്ത് നാരായണൻ നമ്പ്യാർ
2. ശ്രീ. ബി.വി. കുഞ്ഞമ്പു
3. ശ്രീ. കെ. മാധവൻ നായർ
4. ശ്രീ. കെ. ഗോപാലകൃഷ്ണ ഭട്ട്
5. ശ്രീ. അബ്ദുൾഖാദർ മാളിക
6. ശ്രീ. എം. ചോമൻ
7. ശ്രീ. അന്തുക്ക
8. ശ്രീ. പി.എ. മുകാംബിക ( പഞ്ചായത്ത് ബോർഡ് നോമിനേറ്റ് ചെയ്യപ്പെട്ട വനിതാ അംഗം)

21-12-1963 മുതൽ 26-8-79 വരെ ശ്രീ. മേലത്ത് നാരായണൻ നമ്പ്യാർ ആയിരുന്നു പഞ്ചായത്ത് പ്രസിഡണ്ട് പദവി അലങ്കരിച്ചത്. 27-8-1979 മുതൽ ശ്രീ. എ. രഘുരാമനായക് (സ്പെഷ്യൽ ഓഫീസർ) 23-9-79 വരെ പഞ്ചായത്ത് അഡ്മിനിസ്ട്രേറ്ററായിരുന്നു. 24-9-79 ന് വീണ്ടും താഴെ പറയുന്ന അംഗങ്ങളടങ്ങിയ പുതിയ ബോർഡ് ശ്രീ. മേലത്ത് നാരായണൻ നമ്പ്യാർ പ്രസിഡണ്ടും ശ്രീ. ഇ.കെ. ഗോപാലൻ നായർ വൈസ് പ്രസിഡണ്ടുമായി അധികാരത്തിൽ വന്നു.

1. ശ്രീ. മേലത്ത് നാരായണൻ നമ്പ്യാർ
2. ശ്രീ. ഇ.കെ. ഗോപാലൻ നായർ
3. ശ്രീമതി. ടി.ലീല
4. ശ്രീ. പി.എം. അബ്ദുളള
5. ശ്രീ. ബി. അബ്ദുൾ റഹ്മാൻ
6. ശ്രീ. സി. ബാലകൃഷ്ണൻ നായർ
7. ശ്രീ. എം. കൊറഗ
8. ശ്രീ. ടി. ഹസൈനാർ

29-10-94 വരെ പ്രസ്തുത ബോർഡിൻെറ കീഴിലായിരുന്ന പഞ്ചായത്തിൻെറ ഭരണം 5-2-88 മുതൽ 2-10-95 വരെ ശ്രീ. കെ. നാരായണൻ നായർ പ്രസിഡണ്ടും ശ്രീ. കെ. കുഞ്ഞമ്പു നായർ വൈസ് പ്രസിഡണ്ടുമായുളള താഴെ പറയുന്ന ബോർഡാണ് ഭരണ സാരഥ്യം നിർവ്വഹിച്ചത്.

1. ശ്രീ. കെ. നാരായണൻ നായർ

2. ശ്രീ. കെ. കുഞ്ഞമ്പു നായർ
3. ശ്രീ. ബി. ഉമ്മർ
4. ശ്രീമതി. വി. ഭവാനി
5. ശ്രീ. ടി. വിജയൻ
6. ശ്രീ. ചേക്കോട് ബാലകൃഷ്ണൻ നായർ
7. ശ്രീ. പി.എ. അബ്ദുൾഖാദർ
8. ശ്രീ.കെ ബാലഗോപാലൻ
9. ശ്രീമതി. ആയിഷാ എ.

4-10-95 ന് ശ്രീ. ബി. ഉമ്മർ പ്രസിഡണ്ടും ശ്രീ. ചേക്കോട്·ബാലകൃഷ്ണൻ നായർ വൈസ് പ്രസിഡണ്ടുമായ താഴെ പറയുന്ന ബോർഡ് ഭരണചുമതല ഏറ്റെടുത്തു.

1. ശ്രീ. ബി. ഉമ്മർ
2. ശ്രീ. ചേക്കോട് ബാലകൃഷ്ണൻ നായർ
3. ശ്രീ. കെ. നാരായണൻ നായർ
4. ശ്രീമതി. എസ്.വി. പങ്കജം
5. ശ്രീമതി . രാധാജനാർദ്ദനൻ
6. ശ്രീമതി. മറിയുമ്മ അബ്ദുൾഖാദർ
7. ശ്രീ. കണ്ണൻ വൈദ്യർ
8. ശ്രീ. ബി. സുലൈമാൻ
9. ശ്രീമതി. പി. നാരായണി ടീച്ചർ
10. ശ്രീ. സി. എച്ച് അബ്ദുളളകുഞ്ഞി ഹാജി.

എല്ലാവരേയും സന്തോഷിപ്പിക്കാൻ ആഗ്രഹിക്കുന്ന ഒരാൾക്ക് ആരേയും സന്തോഷിപ്പിക്കാനാവില്ല.

...ഗാന്ധിജി

## 2

# സാമൂഹിക സാംസ്കാരിക ചരിത്രം

പഴയ മദ്രാസ് സംസ്ഥാനത്തിൽപ്പെട്ട കർണ്ണാടകത്തിലെ ഏകദേശം തെക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന കാസറഗോഡ് താലൂക്കിൻെറ മധ്യഭാഗത്തായി കിടക്കുന്ന ഏതാനും, ഗ്രാമങ്ങൾ കൂടിച്ചേർന്നതാണ് മുളിയാർ പഞ്ചായത്തെന്ന പേരിൽ 1951-ൽ രൂപീകൃതമായത് .

പയസ്വിനിപുഴകൂടികലരുന്ന ചന്ദ്രഗിരിപുഴയുടെ വടക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിന് മുളിയാർ എന്ന പേര് വന്നതിന് പിന്നിൽ ഒരു ഐതിഹ്യമുണ്ട്. ആറ് ശിരസുള്ളവൻ സുബ്രഹ്മണ്യൻ എന്ന അർത്ഥത്തിൽ 'മൗലി' 'ആറ്' ആണ് കാലാന്തരത്തിൽ മുളിയാർ എന്നറിയപ്പെട്ടത്. ഈ ഐതിഹ്യത്തെ സ്ഥിരീകരിക്കുന്നതാണ് മുളിയാർ പാലത്തിന് സമീപം സ്ഥിതിചെയ്യുന്ന സുബ്രഹ്മണ്യക്ഷേത്രം. സ്ഥലനാമങ്ങളെ സംബന്ധിച്ച് മറ്റുചില കഥകളും ഈ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ പ്രചാരത്തിലുണ്ട്. മഞ്ചൽ ചുമക്കുന്ന വിഭാഗത്തൽപ്പെട്ട 'ബോവി' വംശജർ താമസിച്ചിരുന്ന പ്രദേശം എന്ന അർത്ഥത്തിൽ ബോവിക്കാനം എന്നും, ചിറക്കൽ കോവിലകം (ബല്ലാള) ഭരണാധികാരികളുടെ പണ്ടത്തെ കനകപുരമാണ് കനകത്തൂരും പിന്നീട് കാനത്തൂരുമായി രൂപാന്തരം പ്രാപിച്ചതെന്നും, കണ്വമഹർഷി തപസ്സുചെയ്തിരുന്ന പ്രദേശമെന്ന അർത്ഥത്തിൽ കന്നിക്കുണ്ട് എന്നും, മല്ലയ്യൻ എന്ന കാര്യസ്ഥൻെറ പ്രദേശമെന്ന അർത്ഥത്തിൽ മല്ലം എന്നും ഐതിഹ്യമുണ്ട്.

മതസൗഹാർദ്ദത്തിൻെറ പ്രതീകങ്ങളെന്ന നിലയിൽ നിരവധി ആരാധനാലയങ്ങൾ മുളിയാറിൻെറ മണ്ണിൽ തലയുയർത്തി നിൽക്കുന്നുണ്ട്. അഞ്ഞൂറ് വർഷത്തോളം പഴക്കമുള്ള മല്ലം ശ്രീ ദുർഗ്ഗാപരമേശ്വരി ക്ഷേത്രത്തിലേക്ക് ഉത്തരകേരളത്തിൽ നിന്നും, ദക്ഷിണകർണ്ണാടകത്തിൽ നിന്നും ദിനം പ്രതി നൂറ് കണക്കിന് ഭക്തജനങ്ങൾ പ്രാർത്ഥനയ്ക്ക് എത്താറുണ്ട്. മതസൗഹാർദ്ദത്തിന് കേളികേട്ട ഈ അമ്പലത്തിലേക്ക് നാനാജാതിമതസ്ഥരിൽപ്പെട്ടവരും ദർശനത്തിനായി വരാറുണ്ട്.ദുർഗ്ഗാദേവി പരമേശ്വരിയായും, സരസ്വതീദേവിയായും, ദുഷ്ടർക്ക് സംഹാരരൂപിണിയായും, ഭക്തർക്ക് സർവ്വരക്ഷകയായും മല്ലത്ത് വാണരുളുന്നു എന്നതാണ് വിശ്വാസം. മുളിയാറിൻെറ മാറിൽകൂടി കടന്നുപോകുന്ന മധുവാഹിനിപുഴ കാനത്തൂർ-ശ്രീ മഹാലിംഗേശ്വരക്ഷേത്രത്തിൽ നിന്നും ഉദ്ഭവിച്ച് മുളിയാർ ശ്രീ സുബ്രഹ്മണ്യക്ഷേത്രത്തെ തൊട്ടുരുമ്മി മല്ലം ശ്രീ ദുർഗ്ഗാപരമേശ്വരിക്ഷേത്രത്തെ പ്രദക്ഷിണം വെച്ച് മുളിയാറിൽ നിന്നും വിടവാങ്ങുന്നുവെങ്കിലും എടനീർ ശ്രീ ഗോപാലകൃഷ്ണക്ഷേത്രത്തേയും, മധൂർ ശ്രീ സിദ്ധിവിനായകക്ഷേത്രത്തേയും ദർശിച്ച് ഈ പുഴ അറബിക്കടലിലേക്ക് ലയിക്കുന്നു. ദക്ഷിണഭാരതത്തിലെ വാസ്തുശില്പകലാസംസ്കാരത്തിൻെറ പ്രതീകമായി മല്ലം ക്ഷേത്രത്തിന് മുൻഭാഗത്തായി തലയുയർത്തി നിൽക്കുന്ന തഞ്ചാവൂർ മാതൃകയിലുള്ള രാജഗോപുരത്തിന് 54 ഫീറ്റ് ഉയരമുണ്ട്. ഈ ഗോപുരത്തിൽ 132 വിഗ്രഹങ്ങൾ കൊത്തിവെച്ചിട്ടുണ്ട്. ഈ പുണ്യക്ഷേത്രത്തിൽ അന്നപൂർണ്ണേശ്വരീ ദേവിയുടെ പ്രതിഷ്ഠ അല്ലാതെ ഭക്തജനങ്ങൾക്ക് നിത്യം സത്യമോതികൊടുക്കുന്ന ഭഗവാൻ ശ്രീ സത്യനാരായണ പ്രതിഷ്ഠയും കുടികൊള്ളുന്നു. പുണ്യങ്ങളിൽ വെച്ച് ഏറ്റവും പുണ്യമായികരുതുന്ന അന്നദാനം ദിനം പ്രതി രണ്ടുനേരം നൽകുന്ന കേരളത്തിലെ അത്യപൂർവ്വ ദേവാലയങ്ങളിൽ ഒന്നാണ് മല്ലം ശ്രീ ദുർഗ്ഗാപരശ്വേരീ ക്ഷേത്രം.

ഇതുപോലെ മതസൗഹാർദ്ദത്തിൻെറ മറ്റൊരു പ്രതീകമാണ് ബാവിക്കര ദർഗാശെരീഫ്. ഒട്ടനവധി അത്ഭുതങ്ങളും ഐതിഹ്യങ്ങളും ഈ മഖാമുമായി ബന്ധപ്പെട്ട് ഭക്തജനങ്ങൾക്ക് പറയാനുണ്ട്. വർഷത്താൽ കഴിച്ചുവരാറുള്ള നേർച്ചാസംബന്ധമായി അവിടെ ഉണ്ടാക്കുന്ന ഭക്ഷണങ്ങൾ കഴിക്കാൻ ചന്ദ്രഗിരിപുഴയിൽകൂടി മത്സ്യങ്ങൾ വരാറുണ്ടായിരുന്നുവത്രെ. ഇക്കൂട്ടത്തിൽ സ്വർണ്ണാഭരണങ്ങൾ (കാതിൽ കുണ്ടലം) അണിഞ്ഞ ഒരു മത്സ്യവും വരാറുണ്ടെന്നാണ് വിശ്വാസം. ഈ ദർഗയുടെ തൊട്ടടുത്തു

ള്ള മസ്ജിദുമായി ബന്ധപ്പെട്ട വാതിൽപലക ചന്ദ്രഗിരിപുഴയിൽപ്പെട്ട് ഒഴിക്കിനെതിരെ സഞ്ചരിച്ച് ആദൂരിൽ എത്തിയെന്നും ആ കാരണത്താൽ അവിടെ മസ്ജിദ് നിർമ്മിച്ചെന്നും കരുതപ്പെടുന്നു. ഇരുനൂറ് വർഷം പഴക്കമുള്ള ബാവിക്കര ദർഗയിൽ കൊല്ലത്താൽ കഴിച്ചുവരാറുള്ള നേർച്ചയുമായി ബന്ധപ്പെട്ട് നാനാജാതി മതസ്ഥർ ഇവിടെ എത്താറുണ്ട്.

നൂറ്റാണ്ടുകൾ പഴക്കമുള്ള കാനത്തൂരിൽ സ്ഥിതിചെയ്യുന്ന നാൽവർഭൂതസ്ഥാനവുമായി ബന്ധപ്പെട്ട് നടത്തപ്പെടുന്ന ഉത്സവങ്ങളിൽ ജാതിഭേദമില്ലാതെ ആയിരക്കണക്കിനാളുകൾ മറ്റനവധി പ്രദേശങ്ങളിൽ നിന്നും, ഇവിടെ എത്തിച്ചേരാറുണ്ട്. മറ്റുദൈവങ്ങളുടെയും കോലങ്ങൾ കെട്ടിയാടിക്കുന്ന ഈ ക്ഷേത്രം ഒരു തീർത്ഥാടനകേന്ദ്രമാണ്. ഭൂതപ്രേതാദികളുടെ ബാധയിൽ നിന്നും ദൈവങ്ങൾ മുഖേന മോചനം നേടാൻ ഈ ക്ഷേത്രത്തിലേക്കുള്ള തീർത്ഥയാത്ര സഹായിക്കുന്നു എന്നാണ് വിശ്വാസം. പഞ്ചോർളി, ഉഗ്രമൂർത്തി, ചാമുണ്ടി, വിഷ്ണുമൂർത്തി എന്നിവരാണ് നാൽവർ ദൈവങ്ങൾ എന്നപേരിൽ തെയ്യമായി കെട്ടി ആരാധിക്കപ്പെടുന്നത്. ധനുമാസത്തിൽ നടത്തപ്പെടുന്ന കാനത്തൂരിലെ കളിയാട്ട മഹോത്സവം മുളിയാറിലെ നിവാസികൾ മൊത്തം സൗഹാർദ്ദത്തോട് കൂടിയും, സന്തോഷത്തോടുകൂടിയും കൊണ്ടാടുക പതിവാണ്. ഈ ഭൂതസ്ഥാനത്തിന് തൊട്ടടുത്ത് നിലകൊള്ളുന്ന പഞ്ചലിംഗേശ്വരക്ഷേത്രത്തിൽ വൃശ്ചികമാസത്തിൽ ഉത്സവങ്ങൾ നടത്താറുണ്ട്. ഇതുകൂടാതെ മുസ്ലീം സമുദായവുമായി ബന്ധപ്പെട്ട പൊവ്വൽ മഖാം, മറ്റുകാലപ്പഴക്കംചെന്ന പള്ളികൾ എന്നിവയും ഹനുമാൻ ക്ഷേത്രം, വിഷ്ണുക്ഷേത്രങ്ങൾ, ശിവക്ഷേത്രം, ദേവീക്ഷേത്രങ്ങൾ , ഈഴവസമുദായവുമായി ബന്ധപ്പെട്ട കൊടവഞ്ചിയിൽ സ്ഥിതിചെയ്യുന്ന പുള്ളിക്കരിങ്കാളി ഭഗവതി ക്ഷേത്രം, മുളിയാറിൻെറ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ക്രിസ്ത്യൻപള്ളി എന്നിവയെല്ലാം നിലകൊള്ളുന്നു.

സാമുദായിക ഐക്യത്തിൻെറ പ്രതീകമായി അനവധി ചരിത്രസത്യങ്ങൾ കുടികൊള്ളുന്ന പഞ്ചായത്താണ് മുളിയാർ, പൊവ്വലിൽ സ്ഥിതിചെയ്യുന്ന ഇകേരി നായക് നിർമ്മിച്ചതും പിന്നീട് ടിപ്പു സുൽത്താൻ പിടിച്ചടക്കിയതുമായ പൊവ്വൽ കോട്ടയും, ബ്രിട്ടീഷ് ആധിപത്യത്തിൻെറ പ്രതീകമെന്ന നിലയിൽ അടുത്തകാലം വരെ സ്ഥിതിചെയ്തിരുന്ന പൊവ്വലിലെ ബഞ്ചികോടതിയും, മുതലപ്പാറയിൽ സ്ഥിതിചെയ്യുന്ന പാറപ്പുറത്തുള്ള മുതലയുടെ അടയാളവും, മഞ്ചക്കല്ലിലെ വിശാലമായ പാറപ്പുറത്ത് ബീരൻപതിക്ക് സമീപം കാണപ്പെടുന്ന ചില അടയാളങ്ങളും, ആലൂരിനും, ബാവിക്കരയ്ക്കും ഇടയിലുള്ള ബാവിക്കര പുഴയുടെ തീരത്ത് കാണപ്പെടുന്ന ഗുഹയും മുതലപ്പാറയ്ക്ക് സമീപം പാണ്ഡവൻമാരാൽ നിർമ്മിതമായതെന്ന് വിശ്വസിക്കപ്പെടുന്ന ചബരികുളവും മുളിയാറിൽ ഉറങ്ങിക്കിടക്കുന്ന ചരിത്രസത്യങ്ങളുടെ കഥകൾ പറയുന്നു.

സ്വാതന്ത്ര്യാനന്തരകാലഘട്ടങ്ങളിൽ ഉത്തര കേരളത്തിലാകെ ജാതിവ്യവസ്ഥയുടെ ഏറ്റവും നീചമായ അവസ്ഥയെ ദർശിച്ചവരാണ് നാം അതിൻെറ ഭാഗമെന്ന നിലയിൽ ജാതീയഉച്ചനീചത്വങ്ങൾ മുളിയാറിൻെറ പല ഭാഗത്തും കൊടുമ്പിരിക്കൊണ്ടിരുന്നു. അതിനെതിരായി ആ കാലഘട്ടത്തിൽ സ്വാതന്ത്ര്യസമരസേനാനിയും ഹരിജനോദ്ധാരണ പ്രവർത്തനത്തിൻെറ മാതൃകാപുരുഷനുമായ ദിവംഗതനായ ശ്രീ മേലത്ത് നാരായണൻ നമ്പ്യാരുടെ ശ്രമഫലമായി ശ്രീ കേളപ്പജിയുടെയും സ്വാമി ആനന്ദതീർത്ഥൻേറയും പാദസ്പർശമേറ്റ് പുളകിതമായിട്ടുള്ള മുളിയാറിൻെറ മണ്ണിലെ ക്ഷേത്രങ്ങളിലും ജൻമിവീടുകളിലും ഹരിജനങ്ങൾക്ക് അനുഭവിക്കേണ്ടിവന്നിട്ടുള്ള അയിത്തം ഒരുപരിധിവരെ നീക്കം ചെയ്യാൻ സാധിച്ചു എന്നത് മുളിയാറിൻെറ മഹാഭാഗ്യമാണെന്ന കാര്യം ഇവിടെ സ്മരിക്കുന്നു.അയിത്തത്തിനെതിരെ ആദ്യകാലപോരാട്ടമെന്ന നിലയിൽ കാനത്തൂർ, മുളിയാർ, ബോവിക്കാനം, മജക്കാർ, ബേപ്പ്, പാണൂർ, പോലുള്ള പ്രദേശങ്ങളിലെ പുരോഗമനവാദികളായ ചില സവർണ്ണർ അവർണ്ണരെ സ്വന്തം ഭവനങ്ങളിൽ കയറ്റുകയും അവർക്ക് ഭക്ഷണം കൊടുക്കുകയും ചെയ്തിരുന്നു. അതുപോലെ മല്ലം ദുർഗ്ഗാപരമേശ്വരിക്ഷേത്രത്തിൽ ദേവീദർശനത്തിന് 1962 വരെയുള്ള കാലഘട്ടത്തിൽ ഹരിജനവിഭാഗത്തിന് പ്രവേശനമില്ലായിരുന്നു. ആ കാലഘട്ടങ്ങളിൽ മുളിയാറിലെ പല ഭാഗങ്ങളിലും വളർച്ചയാർജ്ജിച്ച പുരോഗമനവാദികളും ഹരിജനസേവാസംഘം പ്രവർത്തകരും കർഷകസംഘം പ്രവർത്തകരും ഇടപ്പെട്ടതിനെ തുടർന്നാണ് പിന്നീട് ഈ വിഭാഗത്തിന് പ്രസ്തുത ക്ഷേത്രത്തിൽ പ്രവേശനം ലഭിച്ചത്. അതുപോലെ ജാതിവ്യവസ്ഥയ്ക്ക് അനുസരിച്ച് ആരാധനാസമ്പ്രദായവും മാറിവന്നു. മലയൻമാർ കെട്ടിയാടുന്നത് വിഷ്ണുമൂർത്തി,പൊട്ടൻ, രക്തേശ്വരി, എന്നീ തെയ്യങ്ങളും, വണ്ണാൻമാർ കെട്ടിയാടുന്നത് വയനാട്ട് കുലവൻ

തെയ്യവും, കോപ്പാളൻമാർ കെട്ടിയാടാറുള്ള ഗുളികൻ, പഞ്ചോർളി, ദൂമാവതി, തുടങ്ങിയ തെയ്യങ്ങളും ജാതിക്കനുസൃതമായി രൂപാന്തരം പ്രാപിച്ചവയാണ്.

കലാകായിക രംഗത്ത് പേരുകേട്ട ഗ്രാമമാണ് മുളിയാർ. കർണ്ണാടക സംസ്കാരത്തിൻെറ ഭാഗമായ യക്ഷഗാനം മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് കേരളത്തെ പരിചയപ്പെടുത്തി. യക്ഷഗാനനഭോമണ്ഡലത്തിലെ മുടിചൂടാമന്നൻമാരായി വാഴ്ത്തപ്പെടുന്ന പ്രഗത്ഭകലാകാരൻമാരായ മൺമറഞ്ഞുപോയ പുത്തിഗെ രാമകൃഷ്ണഭാഗവതരും, അടുക്ക ഗോപാലകൃഷ്ണഭട്ടും മുളിയാറിൻെറ സന്തതികൾ എന്നതിൽ നാം അഭിമാനിക്കേണ്ടിയിരിക്കുന്നു. മുളിയാറിൻെറ പല ഭാഗത്തും മാപ്പിളകലയായി അറിയപ്പെടുന്ന ദഫ്മുട്ടൽ ഉത്തരകേരളത്തിൽ തന്നെ പ്രസിദ്ധിയാർജ്ജിച്ചതാണ്.

കാലപഴക്കം ചെന്ന അനവധികലാസമിതികൾ മുളിയാറിന് സ്വന്തമായുണ്ട്. അവയിൽ പ്രധാനപ്പെട്ടവ മല്ലം ശ്രീ ദുർഗ്ഗാപരമേശ്വരി കലാസമിതി, മുളിയാർ കൾച്ചറൽ സൊസൈറ്റി,മല്ലം ശ്രീ ദുർഗ്ഗാപരമേശ്വരി യക്ഷഗാനസംഘം, കാനത്തൂർ കലാസമിതി, കാർത്തികേയ കലാനിലയം, പാണൂർ PPAC, കൂടാതെ ഒട്ടനവധി ദഫ് കമ്മിറ്റികൾ, കോൽക്കളിസംഘങ്ങൾ മറ്റു സാമൂഹിക സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന ഒട്ടനവധി ക്ലബ്ബുകളും നിലവിലുണ്ട്. ജാതീയപരമായി പ്രോത്സാഹിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പാരമ്പര്യ തൊഴിലുകളും കലാമൂല്യങ്ങളും ഉപയോഗപ്പെടുത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നു എന്നതിനുള്ള ഉദാഹരണങ്ങളാണ് തെയ്യംകെട്ടൽ, കൊട്ട, പായ മടയൽ, ഛായാചിത്രങ്ങൾ ഉണ്ടാക്കൽ എന്നിവ.

പാരമ്പര്യവൈദ്യത്തിൽ പ്രസിദ്ധിയാർജ്ജിച്ച ഒട്ടനവധി പാരമ്പര്യവൈദ്യൻമാർ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. പ്രധാനമായും പരേതനായ പാത്തനടുക്കം കണ്ണൻവൈദ്യരും, പി.വി. രാമൻ വൈദ്യരും, വെങ്കിട്ടരമണ ഭട്ട്, പയർപള്ളം കോരൻ വൈദ്യർ, കെ.വി.കണ്ണൻ വൈദ്യർ, മൺമറഞ്ഞ ചിണ്ടൻവൈദ്യർ മുതലായവർ ഈ മേഖലയിൽ പേർ കേട്ടവരാണ്.

മുളിയാറിൻെറ വിദ്യാഭ്യാസ ചരിത്രം കുടുംബസദസ്സുകളിൽ നിന്ന് ആരംഭിക്കുന്നു. കാലഘട്ടങ്ങൾ പിന്നിട്ടപ്പോൾ കാനത്തൂർ, പാണൂർ, പാത്തനടുക്കം, കോട്ടൂർ, ബയക്കോട്, പൊവ്വൽ ഭാഗങ്ങളിൽ നാട്ടുകാർ പണിത ഷെഡുകളിലായി പള്ളിക്കൂടങ്ങൾ ആരംഭിച്ചു. ഇങ്ങനെ ആരംഭിച്ച പള്ളിക്കൂടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഇന്ന് ഗവൺമെൻറ് സ്ഥാപനമായി അറിയപ്പെടുന്ന ഗവൺമെൻറ് ഹൈസ്കൂൾ ഇരിയണ്ണി ഇതുകൂടാതെ മറ്റു ഒട്ടനവധി മതപഠനശാലകളും ഉണ്ടായിരുന്നു.

ദേശീയപ്രസ്ഥാനമെന്നനിലയിൽ വിദേശികൾക്കെതിരായുള്ള പോരാട്ടത്തിൻെറ ചരിത്രം മുളിയാറിനെ സംബന്ധിച്ചിടത്തോളം ഏതാനും വ്യക്തികളിൽ ഒതുങ്ങിനിൽക്കുന്നുവെന്നത് ദു:ഖകരമായ ഒരു നഗ്നസത്യം മാത്രമാണ്. എന്നാൽ ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച സ്വാതന്ത്ര്യസമരസേനാനികളായ ഇന്ത്യാഗവൺമെൻറിൻെറ താമ്രപത്രം ലഭിച്ച മേലത്ത് നരായണൻ നമ്പ്യാർ, എ.കെ. കൃഷ്ണൻ നായർ, എൻ. കോരൻനായർ , കെ.പി. മാധവൻ നായർ എന്നീ ധീരദേശാഭിമാനികൾ മുളിയാറിൻെറ വീരപുത്രൻമാരാണ്. തികഞ്ഞ ഗാന്ധിയനും, സ്വാതന്ത്ര്യസമരസേനാനികളിൽ അഗ്രഗണ്യനും, നിസ്വാർത്ഥിയും, ധർമ്മശീലനുമായ ഗാന്ധിരാമൻ നായർ കറാച്ചിയിൽ നടന്ന എ.ഐ.സി.സി. സമ്മേളനത്തിൽ അർദ്ധനഗ്നനായി പുടവമാത്രം ധരിച്ച് കേരളത്തെ പ്രതിനിധീകരിച്ചു. സ്വാതന്ത്ര്യസമരസേനാനികൾക്കായി ഇന്ത്യാഗവൺമെൻറ് അനുവദിച്ച ഭൂമിപോലും ഇദ്ദേഹം കൈപ്പറ്റിയിരുന്നില്ല. അതുപോലെ മുഴുവൻ സമയവും ഗാന്ധിതൊപ്പിയും, ഖദർധാരിയുമായിരുന്ന ശ്രീ മേലത്ത് നാരായണൻ നമ്പ്യാർ മുളിയാറിൻെറ പൊന്നോമനപുത്രനായിരുന്നു.മുളിയാർ പഞ്ചായത്തിലെ ആദ്യത്തെ പ്രസിഡണ്ടായിരുന്ന പി. ടി. അബ്ദുള്ള ഹാജിയ്ക്ക് ശേഷം 1963 മുതൽ ശ്രീ മേലത്ത് നാരായണൻ നമ്പ്യാരായിരുന്നു മുളിയാർ പഞ്ചായത്തിൻെറ സാരഥ്യം വഹിച്ചിരുന്നത്. ഈ പഞ്ചായത്തിനെ 1980 ആകുമ്പോഴെയ്ക്ക് ഒരു ജയന്തി പഞ്ചായത്തായി ഉയർത്തുകയും കണ്ണൂർ ജില്ലയിലെ ഏറ്റവും നല്ല പഞ്ചായത്തിനുള്ള ബഹുമതി മുളിയാറിന് 1983-ൽ നേടിയെടുക്കുന്നതിൽ മുഖ്യപങ്കുവഹിച്ചത് ശ്രീ മേലത്ത് നാരായണൻ നമ്പ്യാരുടെ പ്രവർത്തനങ്ങളായിരുന്നു. 1969-ൽ പഞ്ചായത്തിന് വേണ്ടി പുതിയ കെട്ടിടം നിർമ്മിച്ചതും മേലത്തിൻെറ കാലത്തായിരുന്നു. 1952-ൽ ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് മദ്രാസ് നിയമസഭയിലെ അംഗമായിരുന്ന ഇദ്ദേഹം കേരളസംസ്ഥാന കോൺഗ്രസ്സ് നേതാക്കളിൽ പ്രധാനിയും, പ്രഗല്ഭനായ സഹകാരി

യും, പ്രശസ്തനായ സാമൂഹിക, സാംസ്കാരിക നേതാവും ഹരിജനോദ്ധാരകനും ആയിരുന്നു. മേലത്തിൻെറ നേതൃത്വത്തിൽ ഒരു മദ്യവർജ്ജന സമിതി മുളിയാറിൽ പ്രവർത്തിച്ചിരുന്നു. അനൗപചാരിക വിദ്യാഭ്യാസപ്രസ്ഥാനത്തിന് മാംസവും , മജ്ജയും നൽകി സഹായിച്ച പ്രഗല്ഭ വിദ്യാഭ്യാസ വിചക്ഷണനായിരുന്നു ശ്രീ. മേലത്ത് നാരായണൻ നമ്പ്യാർ. നബാർഡിൻെറ ഡയറക്ടറായിരുന്ന ശ്രീ മേലത്ത് സഹകരണരംഗത്ത് മുളിയാറിൻെറ അഭിമാനമായിരുന്നു.

ദേശീയപ്രസ്ഥാനത്തിൻെറ ഭാഗമായി മുളിയാറിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസും, സ്വാതന്ത്ര്യാനന്തര രാഷ്ട്രീയ പ്രവർത്തനം എന്ന നിലയിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗും, 1935-ൽ കമ്മ്യൂണിസ്റ്റ് മാർക്കിസ്റ്റ് പാർട്ടിയും, 1962-ൽ ജനസംഘവും, 1980-ൽ ബി.ജെ.പിയും, 1960 മുതൽ സാംസ്കാരിക സംഘടന എന്ന നിലയിൽ ആർ.എസ്. എസ്സും മറ്റു അനവധി പ്രാദേശിക രാഷ്ട്രീയ കക്ഷികളും മുളിയാറിൻെറ മണ്ണിൽ വേരൂന്നിയിട്ടുണ്ട്.

മുളിയാറിലെ ഭൂരിഭാഗം കൃഷിഭൂമിയും ജൻമിമാരുടെ കൈകളിലായിരുന്നു. അതിൽ പ്രധാനപ്പെട്ട ജൻമിമാർ അഗൽപ്പാടി മഠം, എടനീർ മഠം, കക്കില്ലായ മന, ബാവിക്കര മാളിയക്കാൽ തറവാട്, നാരായണ മടേക്കാർ, ഹാജിപട്ടേലർ, തുടങ്ങിയവരായിരുന്നു. ഇത്തരം ജൻമികളിൽ നിന്നും കുടിയാൻമാർക്കും, അവർ കൃഷി ചെയ്യുന്ന കൃഷിഭൂമിക്കും വേണ്ടി സമരം നടത്തേണ്ടിവന്ന ഒട്ടനവധി ചരിത്രങ്ങൾ മുളിയാറിനുണ്ട്.1953-ൽ നെയ്യംകയം കൃഷ്ണൻനായരുടെ വിളസംരക്ഷിക്കുന്നതിന് വേണ്ടിയുള്ള സമരം, 1967-ൽ ബെളളിപ്പാടി ചന്തപാട്ടാളിയുമായി ബന്ധപ്പെട്ട സമരം 1972 കാലഘട്ടത്തിൽ ചോപ്പലത്ത് ബേപ്പിലെ കെ.എൻ. ശ്രീധരൻ നമ്പ്യാരുടേയും ബോവിക്കാനം കുഞ്ഞിരാമൻെറയും നേതൃത്വത്തിൽ ജൻമിമാർക്കെതിരെ നടന്ന സമരം തുടർന്ന് കൊടവഞ്ചിയിൽ ബാവിക്കര ഭാസ്കരൻ നമ്പ്യാരുടെ നേതൃത്വത്തിൽ നടന്ന സമരം, മുളിയർ മൂല്യൻമാരുടെ കുടിയായ്മാ സംരക്ഷണത്തിനുവേണ്ടി മുളിയാർ രാഘവൻനായരുടെ നേതൃത്വത്തിൽ നടന്ന സമരവും, കാട്ടിപ്പള്ളം മുഴുവൻ ജനങ്ങൾക്കും ഭൂമി കൊടുക്കുന്നതിന് വേണ്ടി ഉണ്ടായസമരം, മുതലപ്പാറ മാങ്ങാടൻമാരുടെ വിള സംരക്ഷിച്ച സമരം, 8-ാം മൈൽ നാഗപ്പയ്യയുടെ ഭൂമി സംരക്ഷിക്കൽ സമരം എന്നിവയെല്ലാം ജൻമിമാർക്കെതിരെ രാഷ്ട്രീയ കർഷകതൊഴിലാളി സംഘടനകൾ സംഘടിപ്പിച്ച സമരചരിത്രങ്ങളാണ്. ഗാന്ധിരാമൻ നായരുടെ നേതൃത്വത്തിൽ എൻ.കെ. കൃഷ്ണൻ നായർ മോലം കണ്ണൻ നായർ, ബി. വി. കുഞ്ഞമ്പു, ടി. അപ്പ, അത്തിക്കാൽ കുഞ്ഞിരാമൻ നായർ എന്നിവർ ദേശീയ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് വേണ്ടി കാടകംവന സത്യാഗ്രഹത്തിൻെറ ഭാഗമായി സത്യാഗ്രഹം ചെയ്തവരാണ്. ഒട്ടനവധി സമരകാലഘട്ടങ്ങളിൽ ഒളിവിൽ കഴിയേണ്ടിവന്ന കമ്മ്യൂണിസ്റ്റ് നേതാക്കളായ ഇ.എം.എസ്. നമ്പൂതിരിപ്പാട്, എ.കെ.ജി., കെ. വി. നാരായണൻ നമ്പ്യാർ, ഇ.കെ. നായനാർ, കെ.ഇ. കേരളീയൻ, എന്നിവർ ഒളിവ് കാലഘട്ടത്തിൽ മുളിയാറിൽ കഴിച്ച് കൂട്ടിയിരുന്നു എന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. ഈ നേതാക്കൾക്ക് ഒളിവുസങ്കേതങ്ങൾ ഒരുക്കികൊടുത്തത് നിരവധികാലം പഞ്ചായത്ത് ബോർഡ് മെമ്പറായിരുന്ന ബി.വി.കുഞ്ഞമ്പുവാണ്.

മുളിയാറിലെ ബാവിക്കര ഏനപ്പൊയ മൂലയിൽനിന്ന് മംഗലാപുരത്തേക്ക് താമസം മാറിയ പരേതനായ ഏനപ്പൊയ മൊയ്തീൻ കുഞ്ഞി ദക്ഷിണേന്ത്യയിലെ വ്യവസായ പ്രമുഖനായിരുന്നു. ദക്ഷിണേന്ത്യയിലേയും ഗൾഫ് രാജ്യങ്ങളിലേയും വ്യാവസായിക-ആരോഗ്യമേഖലകളിൽ പ്രമുഖ സ്ഥാനം വഹിച്ചുവരുന്ന സ്ഥാപനങ്ങളുടെ ഉടമകളായ മുളിയാറിൻെറ സന്തതികളാണ് YMK & Sons. അതുപോലെ CPCRI ഡയറക്ടർ Dr. M.K.നായർ, Asst.ഡയറക്ടർ ആയിരുന്ന Dr. M.K. മുളിയാർ എന്നിവർ മുളിയാർ സ്വദേശികളാണ്. നെൽകൃഷിചെയ്യുന്ന കർഷകന് അവാർഡ് പ്രഖ്യാപിച്ചപ്പോൾ ഏറ്റവും നല്ല നെല്ലുൽപ്പാദകനുള്ള അവാർഡ് നേടിയ പാത്തനടുക്കം ഐങ്കൂറൻ നാരായണൻ നായരും, ഇന്നത്തെ R.D.O. ഇ. ചന്ദ്രശേഖരൻ നായരും മുളിയാറിൻെറ സന്തതികളാണ്.

സാമൂഹിക പുരോഗതിയുടെ ഭാഗമായി സർവ്വോദയ വായനശാല, എ.കെ.ജി. വായനശാല, പഞ്ചായത്ത് വായനാശാല, കേരവികസന സമിതി, തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങളും ഒട്ടനവധി വികസന സമിതികളും മുളിയാറിനുണ്ട്. മുളിയാറിൻെറ സമഗ്രവികസനം ലക്ഷ്യമിട്ട് രൂപീകൃതമായ വികസനസമിതികളിൽ കാലപ്പഴക്കം ചെന്നതും പ്രധാനപ്പെട്ടതുമായ ഒരു സമിതിയായിരുന്നു മല്ലം ക്ഷേത്ര ട്രസ്റ്റി ആയിരുന്ന അച്ചുതഭട്ട് പ്രസിഡണ്ടും സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുസഫ് കമ്പാർ ജനറൽസെക്രട്ടറിയുമായ മല്ലം വെൽഫയർ സൊസൈറ്റി.



3

# ഭൂപ്രകൃതി

മുളിയാർ ഗ്രാമ പഞ്ചായത്ത് കാസറഗോഡ് ജില്ലയിലെ കാസറഗോഡ് താലൂക്കിൻെറ വടക്കു കിഴക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്നു. പാറക്കെട്ടുകളും സമതലങ്ങളും, കുന്നുകളും, നദീതടങ്ങളും ഇടകലർന്നതാണ് ഇവിടത്തെ ഭൂപ്രകൃതി. മൊത്തം വിസ്തീർണ്ണത്തിൻെറ മൂന്നിൽ ഒരു ഭാഗം ഗവൺമെൻറ് റിസർവ്വ് വനമാണ്. 348 ഹെക്ടർ സ്ഥലത്ത് കേരളാ പ്ലാൻേറഷൻ കോർപ്പറേഷൻ വക കശുമാവിൻ തോട്ടമാണ്. ആകെയുള്ള സ്ഥലത്തിൻെറ പകുതിഭാഗം മാത്രമേ ജനങ്ങളുടെ കൈവശമുള്ളൂ. പയസ്വിനിപ്പുഴ ഈ പഞ്ചായത്തിൻെറ തെക്കൻ അതിർത്തിയെ തൊട്ടുതലോടി ഒഴുകുന്നു. ഇതിൻെറ കൈത്തോടുകളും, അരുവികളും ഈ പ്രദേശത്തെ ഫലഭൂയിഷ്ടമാക്കുന്നു. ചെങ്കള, ബേഡഡുക്ക, കാറഡുക്ക എന്നീ പഞ്ചായത്തുകളാൽ വലയം ചെയ്യപ്പെട്ടതാണ് പ്രകൃതിരമണീയമായ മുളിയാർ ഗ്രാമ പഞ്ചായത്ത്.

ഭൂമിയുടെ സ്വഭാവം അനുസരിച്ച് ഈ പഞ്ചായത്തിലെ ഭൂപ്രകൃതിയെ നാലായി തരംതിരിക്കാം.

| ഭൂമിയുടെ തരം | വിസ്തീർണ്ണം | ശതമാനം. |
|---|---|---|
| 1.ചെങ്കൽ കലർന്ന പാറ പ്രദേശം | 1138 ഹെക്ടർ | 31 |
| 2. കരിങ്കൽ കലർന്ന പാറപ്രദേശം | 68 ഹെക്ടർ | 2 |
| 3. ഫലഭൂയിഷ്ടമായ താഴ്ന്ന പ്രദേശം | 853 ഹെക്ടർ | 25 |
| 4. ചരൽ കലർന്ന കുന്നിൻ പ്രദേശം | 1368 ഹെക്ടർ | 42 |

## 1. ചെങ്കൽ കലർന്ന പാറപ്രദേശം

പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയുടെ 31% ചെങ്കൽ കലർന്ന പാറപ്രദേശമാണ്. മുതലപ്പാറ, അമ്മൻകോട്, ബാവിക്കര കുന്നിൽ, അട്ടപ്പറമ്പ്, കെക്കോടി തുടങ്ങിയ പ്രദേശങ്ങൾ കട്ടികൂടിയതോ, പാളികളോടുകൂടിയതോ ആയ പാറപ്രദേശങ്ങൾ കാണപ്പെടുന്നു. ഈ പ്രദേശങ്ങളിൽ കൃഷി വികസനം ദുഷ്കരമാണ്.

## 2. കരിങ്കൽ കലർന്ന പാറപ്രദേശം

ഭൂവിസ്തൃതിയുടെ 2% കരിങ്കൽനിറഞ്ഞ പാറപ്രദേശങ്ങളാണ്. കുട്ടിയാനം, പയർപ്പള്ളം, മജക്കാർ, മല്ലം, മുണ്ടക്കൈ, ആലൂർ, എന്നീ പ്രദേശങ്ങളിൽ കരിങ്കല്ല് വൻതോതിൽ ഖനനം ചെയ്യപ്പെടുന്നു.

## 3. ഫലഭൂയിഷ്ടമായ താഴ്ന്ന പ്രദേശങ്ങൾ

പഞ്ചായത്തിൻെറ ഭൂവിസ്തൃതിയുടെ 25% വരുന്ന പ്രദേശങ്ങൾ ഫലഭൂയിഷ്ഠമാണ്. ഈ പ്രദേശങ്ങളിൽ നെല്ല്, തെങ്ങ്, കവുങ്ങ് തുടങ്ങിയവ പ്രധാന വിളയായി കൃഷിചെയ്യപ്പെടുന്നു. വാഴ, കൊക്കോ, പൈനാപ്പിൾ, കുരുമുളക് തുടങ്ങിയവ ഇടവിളകളായി കൃഷി ചെയ്യപ്പെടുന്നു. കാസറഗോഡ് ജില്ലയിൽ ആദ്യമായി പട്ടുനൂൽ ഉദ്പാദനം ആരംഭിച്ചത് ബോവിക്കാനം എന്ന പ്രദേശത്താണ്. ഈ കൃഷി ഇപ്പോഴും വളർന്നു വ്യാപിച്ചുവരുന്നു. ജലസേചനത്തിനായി കൃഷിക്കാർ മുഖ്യമായും ആശ്രയിക്കുന്നത് തോടുകളേയും കുളങ്ങളെയുമാണ്.

## 4. ചരൽകലർന്ന കുന്നിൻ പ്രദേശങ്ങൾ

ഭൂവിസ്തൃതിയുടെ ഏതാണ്ട് 42% വരുന്ന ഭാഗങ്ങൾ ചരൽകലർന്ന കുന്നിൻ പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങളിൽ തോട്ടവിളയായി കശുമാവ് കൃഷി ചെയ്യപ്പെടുന്നു. ഇതിൽ സ്വകാര്യ വ്യക്തികളുടെ തോട്ടങ്ങളും ഉൾപ്പെടുന്നു. ഇടയ്ക്കിടയ്ക്ക് കൃഷി യോഗ്യമല്ലാത്ത തരിശു പ്രദേശങ്ങളും, ചെതുപാറ പ്രദേശങ്ങളും ഉണ്ട്. II, III, IV വാർഡുകളിലായി വരുന്ന റിസർവ്വ് വനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

## ജലപ്രകൃതി

മുളിയാർ ഗ്രാമപഞ്ചായത്തിലെ കഴിഞ്ഞ പത്തുവർഷക്കാലത്തെ ശരാശരി പെയ്ത മഴയുടെ അളവ് 37.51 മീ.മീ. ആണ്. ഫെബ്രുവരി ഒഴികെ ബാക്കി എല്ലാമാസങ്ങളിലും ഏറ്റക്കുറച്ചിലോടെ മഴപെയ്യാറുണ്ട്. 1996 മാർച്ച് മാസത്തിൽ സമൃദ്ധമായ മഴ ലഭിച്ചു എന്നത് പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. ശരാശരി മെച്ചപ്പെട്ട മഴ ലഭിക്കുന്ന പ്രദേശമാണിതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. മഴവെള്ളം ഒഴുകിപോകുന്നതു തടയാൻ ഫലപ്രദമായ സംവിധാനങ്ങൾ ഇല്ലാത്തതുകൊണ്ട് പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ കഠിനമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കാർഷിക മേഖലയിൽ രൂക്ഷമായ വളർച്ചയെ നേരിടുന്നു.

## ജനപ്രകൃതി

1991-ലെ സെൻസസ് അനുസരിച്ച് മുളിയാർ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 19,881 ആണ്. അതിൽ 9931- പുരുഷൻമാരും 9950 സ്ത്രീകളും, പുരുഷൻമാരെ അപേക്ഷിച്ച് 19 സ്ത്രീകൾ കൂടുതലാണ്. ചതുരശ്രകിലോമീറ്ററിന് 584 ജനങ്ങൾ അധിവസിക്കുന്നു. ഇതിൽ പട്ടികജാതിയിൽപ്പെട്ട 1728 പേരും (പുരുഷൻമാർ 885 ഉം സ്ത്രീകൾ 843 ഉം) പട്ടികവർഗ്ഗത്തിൽപ്പെട്ട 287 (പുരുഷൻമാർ 148 സ്ത്രീകൾ 139 ഉം ) ഉണ്ട്. ഇതിൽ സ്ത്രീപുരുഷ അനുപാതം ഏകദേശം തുല്യമാണ്.

1991 സെൻസസ് അടിസ്ഥാനമാക്കി പഞ്ചായത്ത് തല വിവരങ്ങൾ ( പട്ടിക കാണുക)

മൊത്തം ജനസംഖ്യയിൽ 30% പേർ തൊഴിലാളികളാണ്. (പുരുഷൻമാർ 60% സ്ത്രീകൾ 40% ) ജീവിത വൈവിധ്യമുളള തൊഴിൽ സാധ്യത ഇല്ലാത്ത പ്രദേശമാണിത്. വ്യാവസായിക രംഗത്ത് കാര്യമായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. കാർഷിക രംഗവും തകർന്നുകഴിഞ്ഞു.

ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കൃഷിയാണ്. കൃഷി ആദായകരമല്ലാത്തതിനാൽ ആ മേഖലയിൽ തൊഴിൽ എടുക്കുന്നവരും കൃഷിക്കാരും ഒരുപോലെ പ്രതിസന്ധിയിലാണ്.

തൊഴിൽ പങ്കാളിത്തം.( പട്ടിക കാണുക )

വ്യത്യസ്ത ജാതി,മത വിഭാഗത്തിൽപ്പെട്ട ജനങ്ങൾ അധിവസിക്കുന്ന ഒരു പ്രദേശമാണിത്. ജാതീയമായ ഉച്ചനീചത്വങ്ങൾ പണ്ടുണ്ടായിരുന്നു. എന്നാൽ ജാതീയത ഇപ്പോഴും പൂർണ്ണമായും ഇല്ലാതാക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും എല്ലാ ജാതിമത വിഭാഗക്കാരും ഒരേ പ്രദേശത്ത് അധിവസിക്കുന്നു.

## ജൈവപ്രകൃതി

മുളിയാറിൻെറ ജൈവ പ്രകൃതിയെക്കുറിച്ച് ഇനിയും ഒരു സമഗ്രപഠനം നടത്തിയിട്ടില്ല. നിത്യഹരിത സസ്യജന്യങ്ങൾ നിറഞ്ഞ ഒരു പ്രദേശമായിരുന്നു ഇത്. പുലികളുടേയും, ആനകളുടേയും ആവാസകേന്ദ്രങ്ങളായ കാടുകൾ ഇവിടെ ഉണ്ടായിരുന്നു. മുളിയാറിലെ 'നരിക്കള' എന്ന പേരും മല്ലത്തെ 'ആനമജിലു' എന്ന തുളുപേരും വരാൻ കാരണം തന്നെ മേൽപ്പറഞ്ഞതാണ്. എന്നാൽ ഇപ്പോൾ ഈ പേരുകൾ മാത്രമേ അവശേഷിക്കുന്നുള്ളൂ. എന്നാൽ റിസർവ്വ് വനങ്ങളിൽ ധാരാളമായി കുരങ്ങുകളും , കാട്ടുപന്നികളും, കാട്ടുപൂച്ച, മുയൽ, കുറുക്കൻ, മുള്ളൻപന്നി എന്നിവയും കണ്ടുവരുന്നു. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ കണ്ടുവരുന്ന ജൈവവൈവിധ്യങ്ങൾ താഴെപ്പറയുന്നു.

കൂവളം,
കുമിഴ്
താതിരി
കൈയാന

മുഞ്ഞ
ചുണ്ട
ചെറുവഴുതിന
വഴുതിന വേര്
പുതിരി
കണ്ടകാരി ചുണ്ട
ഏളോട് ചുണ്ട
കറുവ

ആടലോടകം
കാട്ടുതൃപ്പലി, കാട്ടുമുളക്
ആവീരം, കല്ലാല്, നീർമരുന്ന്, നീർമാതളം

ഇത്തരം ജൈവവൈവിധ്യങ്ങൾ പ്രധാനപ്പെട്ട ആറോളം നാട്ടുവൈദ്യൻമാർ മുഖേന പ്രയോജനപ്പെടുത്തുന്നു.

## 1991 സെൻസസ് അടിസ്ഥാനമാക്കി പഞ്ചായത്ത് തല വിവരങ്ങൾ

| താമസമുള്ള വീടുകൾ | ആകെ വീടുകൾ | ജനസംഖ്യ | | | 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | | | പട്ടിക ജാതി | | | പട്ടിക വർഗ്ഗം | | | സാക്ഷരത | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആകെ | പു. | സ്ത്രീ | ആകെ | പു. | സ്ത്രീ | ആകെ | പു. | സ്ത്രീ | ആകെ | പു. | സ്ത്രീ | ആകെ | പു. | സ്ത്രീ |
| 3231 | 3236 | 19881 | 9931 | 9950 | 3314 | 1677 | 1637 | 1 728 | 885 | 843 | 287 | 148 | 139 | 13548 | 7309 | 6239 |

## തൊഴിൽ പങ്കാളിത്തം

| തൊഴിൽ പങ്കാളിത്തം | പുരുഷൻമാർ ശതമാനം | സ്ത്രീകൾ ശതമാനം | ആകെ ശതമാനം |
|---|---|---|---|
| 1. സ്ഥിരം തൊഴിൽ ചെയ്യുന്നവർ | 9 | 3 | 12 |
| 2. കാലികമായ തൊഴിൽ ചെയ്യുന്നവർ | 7 | 1 | 8 |
| 3. പരമ്പരാഗത തൊഴിൽ ചെയ്യുന്നവർ | 3 | 2 | 5 |
| 4. കുടിൽ വ്യവസായം ചെയ്യുന്നവർ | 5 | 17 | 22 |
| 5. നിർമ്മാണ തൊഴിലാളികൾ | 16 | 4 | 20 |
| 6. വ്യാപാര വ്യവസായ തൊഴിലാളികൾ | 4 | 1 | 5 |
| 7. സ്വയം തൊഴിൽ ചെയ്യുന്നവർ | 1.5 | 0.5 | 2 |
| 8. കാർഷിക തൊഴിലാളികൾ | 2 | 1 | 3 |
| 9. ചെങ്കൽ തൊഴിലാളികൾ | 6 | 2 | 8 |
| 10 ചെറുകിട വ്യവസായ തൊഴിലാളികൾ | 2 | 1 | 3 |

4

# സാമൂഹ്യസാമ്പത്തിക മേഖലകൾ

## കുടിവെള്ളവും പൊതുജനാരോഗ്യവും

ഏതൊരു രാജ്യത്തിൻേറയും സമ്പത്ത് അരോഗദൃഡഗാത്രരായ ജനസഞ്ചയമാണ്. സംരക്ഷണത്തിന് അനുപേക്ഷണീയമായ ചില ഘടകങ്ങൾ ഉണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് ശുദ്ധജലം, ശുദ്ധവായു, ശുചിയായ പരിസരങ്ങൾ എന്നിവ ശുദ്ധജലത്തിൻെറ അഭാവം, കക്കൂസുകളുടെ അപര്യാപ്തത, ശുചീകരണ പ്രവർത്തനങ്ങളെസംബന്ധിച്ച അജ്ഞത, ചികിത്സാ സൗകര്യങ്ങളുടെ കുറവ് എന്നിവയാണ്. മുളിയാർ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന മുഖ്യമായ ആരോഗ്യപ്രശ്നങ്ങൾ.

### കുടിവെള്ളം

സാധാരണയുണ്ടാകുന്ന രോഗങ്ങളിൽ അധികവും ശുദ്ധജലത്തിൻെറ അഭാവംമൂലമാണ്. ഗ്രാമത്തിൻെറ എല്ലാഭാഗത്തും ശുദ്ധജലം ലഭ്യമാക്കിയാൽ 50 ശതമാനം രോഗങ്ങളും തടയാൻ കഴിയും . മുളിയാർ പഞ്ചായത്തിലെ 45 ശതമാനം പ്രദേശങ്ങളും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നവയാണ്. പഞ്ചായത്തിലെ ജനങ്ങളുടെ ശുദ്ധജലസ്രോതസ്സിൻെറ പട്ടിക തഴെ കൊടുത്തിരിക്കുന്നു.

ശുദ്ധജല സ്രോതസ്സുകൾ
പട്ടിക1

| ഇനം | കുടുംബങ്ങൾ |
|---|---|
| സ്വാകാര്യ കിണറുകൾ | 2811 |
| പൊതു കിണർ | 17 |
| പൊതുടാപ്പ് | 11 |
| കെ. ഡബ്ല്യു. എ. | 100 |
| ബോർവെൽ | 25 |

കുടിവെള്ളത്തിനായി പഞ്ചായത്തിലെ ജനങ്ങൾ മുഖ്യമായും ശ്രദ്ധിക്കുന്നത് കിണറുകളെയാണ്. 3000 ത്തോളം കിണറുകൾ ഗ്രാമത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ടെങ്കിലുംകേവലം 53 എണ്ണം മാത്രമേ സുരക്ഷിത ( സാനിട്ടറി) മായവയുള്ളു. ജനസംഖ്യയുടെ നല്ലൊരു ഭാഗം സ്വന്തമായി കിണറുകളില്ലാത്തവരാണ്. തുരങ്കങ്ങളെ ആശ്രയിച്ച് കുടിവെള്ളത്തിൻെറ സ്രോതസ്സ് കണ്ടെത്തുന്നവരും നമ്മുടെ നാട്ടിൽ വിരളമല്ല. എന്നാൽ പല വർഷങ്ങളിലും മാർച്ചു മാസാവസാനത്തോടെ ഈ നീരുറവകൾ വറ്റി വരണ്ടു പോകുന്നു. കിണറുകളുടേയും സ്ഥിതിവ്യത്യാസമല്ല. മെയ് അവസാനം വരെ ജലം ലഭിക്കുന്ന കിണറുകൾ അപൂർവ്വമാണ്. നാടിൻെറ നാനാഭാഗങ്ങളിൽ തത്വദീക്ഷയും നിയന്ത്രണവുമില്ലാതെ കുഴൽ കിണറുകൾ കുഴിച്ചതിൻെറ ഫലമായി സാധാരണ കിണറുകളിലെ വെള്ളം പ്രായേണ കുറയുകയോ തീരെ വറ്റിപോകുന്നതായിട്ടോ കണ്ടുവരുന്നു. അതിനാൽ കുഴൽ കിണറുകൾ കുഴിക്കുന്നതിന് മാർഗ്ഗരേഖകളുണ്ടാക്കി വേണ്ടനിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. K.W.A. യുടെ കീഴിൽ മുളിയാറിലെ ബാവിക്കരയിൽ ശുദ്ധജലവിതരണപ്ലാൻറ് സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. മുളിയാർ , ചെങ്കള തുടങ്ങിയ പഞ്ചായത്തുകളിലേക്കും കാസർകോടു മുനിസിപ്പാലിറ്റിയിലേക്കുംആവശ്യമായ ജലം പമ്പുചെയ്യുന്നത് പ്രസ്തുത പ്ലാൻറിൽനിന്നാണ്. ഡിസംബർ അവസാനത്തോടെ പയസ്വിനിപുഴയിലെ ജലം കുറയുന്നതിനാൽ ബാവിക്കരയിലെ പമ്പിംഗ് ആസ്ഥാനത്ത് ഉപ്പുവെള്ളം കയറാൻ ഇടവരുന്നു. ഉപ്പുവെള്ളം കയറുന്നത് തടയാനായി ആലൂരിൽ താല്കാലിക ബണ്ടുകൾ നിർമ്മിക്കാറുണ്ടെങ്കിലും പലപ്പോഴും അത് ഫലപ്രദമാകാറില്ല. സ്ഥിരമായ ബണ്ടുനിർമ്മിച്ച് ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കണമെന്ന് വളരെക്കാലമായി ആവശ്യപ്പെടുന്നതാണ്. അതുപോലെ കടുത്ത

വേനൽ ആരംഭിക്കുന്നതോടെബാവിക്കര പുഴയിലെ ജലവും വറ്റിപോകുന്നു . അപ്പോൾ മുളിയാറിലേക്കുള്ള ജലവിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നു.വിദ്യുത്ഛക്തി ക്ഷാമം രൂക്ഷമാകുന്നതോടെ പകൽ സമയത്തെ പമ്പിംഗിൽ പൂർണ്ണമായ നിയന്ത്രണവും ഏർപ്പെടുത്താറുണ്ട്.11 പൊതുടാപ്പുകളും 100 ൽ കൂടുതൽ ഹൗസ് കണക്ഷനുകളും ഉള്ള മുളിയാറിൽ പകലും രാത്രിയും ഒരുപോലെ പമ്പിംഗ് നടത്തിയാലേ ഇവിടത്തെ ജലവിതണം കാര്യക്ഷമമാവുകയുള്ളൂ. ബാവിക്കരയിൽ സ്ഥാപിച്ച പ്ലാൻറിന് കുറച്ചു മുകളിലായി ചെമ്പിലാംകൈ എന്ന പ്രദേശത്ത് പമ്പിംഗ് സ്റ്റേഷൻ സമാന്തരമായി സ്ഥാപിച്ചാൽ 24 മണിക്കൂറും പമ്പുചെയ്യാനാവശ്യമായ ജലം ലഭിക്കുന്നതാണ്. അതും പരിഗണിക്കപ്പെടേണ്ടതാണ്.

കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങൾ

വാർഡ്– I

പേരടുക്ക കൊളത്തുങ്കാൽ മൊട്ട, പാണൂർ എൽ.പി.സ്കൂൾ, പാണ്ടി കക്കോൽ അംഗൺവാടി, പാണൂർ അംഗൺവാടി, കക്കോൽ പുതിയപുര പരിസരം, ബെള്ളിപ്പാടി പരിസരം, മൊട്ടപരിസരം, പാണൂർ മൊട്ട, നെക്രംപാറ.

വാർഡ്– II

കാനത്തൂർ ടൗൺ, കാനത്തൂർ കുടുംബക്ഷേമ ഉപകേന്ദ്രത്തിനുസമീപം, കാനത്തൂർ അംഗൺവാടിക്കു സമീപം സ്കൂൾ പരിസരം.

വാർഡ്– III

ഇരിയണ്ണി ടൗൺ, ഹൈസ്കൂൾ പരിസരം.

വാർഡ്– IV

കാട്ടിപള്ളം, മുളിയാർ പാലത്തിനുസമീപം, ബേപ്പ് എൽ.പി.സ്കൂൾ, ബേർക്ക ഹരിജൻ കോളനി, മുളിയാർ അംഗൻവാടി, കണ്ണംവളപ്പ്, ബാവിക്കര ബയക്കോട്, മുളിയാർ അമ്പലം, ചിപ്ലിക്കയ.

വാർഡ് – V

ഗാന്ധിനഗർ ഹരിജൻകോളനി, ബാവിക്കരനുസ്രത്ത് നഗർ, മുതലപ്പാറ ഹരിജൻകോളനി, ബാലനടുക്കം, മേൽഭാഗം, പാന്നടുക്കം, കെ.കെ.പുറം, കുട്ടിയാനം ഹരിജൻ കോളനി.

വാർഡ് – VI

മൂലടുക്കം പള്ളിപരിസരം, നിടുവോട്ട് വെള്ളുലമൂല, ബാവിഞ്ചിക്കുണ്ട്, മുണ്ടക്കൈ മദ്രസ പരിസരം, ആലനടുക്കം, കുണ്ടുവളിക്കാൽ, ശബരിക്കുളം കോളനി, കല്ലുവളയിൽ, മുണ്ടക്കൈ L.P.S. , ആലൂർ മദ്രസ പരിസരം, മുണ്ടക്കൈ അരയാലിങ്കാൽ ക്ഷേത്രം

വാർഡ് – VII

നെല്ലിക്കാട്, കുഞ്ചിരിക്കാനം, കാച്ചിക്കാട്, മാസ്തിക്കുണ്ട് 7–ാം മൈൽ, പൊവ്വൽ റേഷൻ ഷോപ്പ്, ബഞ്ച് കോടതി.

വാർഡ് – VIII

ഇടനീർചൂരിമൂല, ബോളിഗുഡ, പൊവ്വൽകോട്ട, ചെമ്പ്രക്കാത, പൊവ്വൽ പള്ളം, ചാലിക്കര, പൊവ്വൽ ജമാഅത്ത് പള്ളി , ഗോളിയടുക്കം, വദനീനഗർ, 8–ാം മൈൽ ലക്ഷം വീട് കോളനി, ഗോളിയടുക്ക മൊട്ട, ചെമ്മൻെറ മൂല, ഹിദായത്ത് നഗർ,

വാർഡ് – IX

തെക്കേപള്ള, മല്ലം, മാഷ്മൂല, അമ്മങ്കോട്, കോളംകോട്, മജക്കാർ, കൊളച്ചപ്പ്

വാർഡ് – X

നെക്രംപാറ, കോട്ടൂർ, തായലേപാത്തനടുക്കം, അട്ടപറമ്പ്, കോപ്പാളംകൊച്ചി, കുണ്ടടുക്കം, മാളംകൈ, ശ്രീഗിരി.

## പ്രശ്നങ്ങൾ

1. മിക്കവാറും എല്ലാ വാർഡുകളിലും കുടി

വെള്ളക്ഷാമം രൂക്ഷമാണ്.

2. കോളനികളിലാണ് കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായിട്ടുള്ളത്.

3. നേരത്തെ സ്ഥാപിച്ച പൊതുടാപ്പുകൾ പലതും പ്രവർത്തന ക്ഷമമല്ല.

4. പൈപ്പുലൈൻ നീട്ടാനുള്ള ആവശ്യം കിണറുകൾ കുഴിക്കാനും ഉള്ളവ നന്നാക്കാനുമുള്ള ആവശ്യം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

5. പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല.

6. പൈപ്പുവെള്ളം വേനൽകാലങ്ങളിൽ ആവശ്യത്തിന് കിട്ടുന്നില്ല.

7. മണ്ണിടിച്ചിൽ ഉള്ളതിനാൽ ചിലപ്രദേശങ്ങളിൽ സാധാരണ കിണറുകൾ ഫലപ്രദമല്ല.

8. ദരിദ്ര കുടുംബങ്ങൾക്ക് കുഴൽക്കിണറുകൾ കുഴിക്കാനുള്ള സാമ്പത്തിക ശേഷിയില്ല.

9. ശരിയായ സർവ്വേ നടത്തി കിണർ കുഴിക്കാത്തതിലെ പ്രശ്നം.

10. ജലസംരക്ഷണത്തേയും ഉപയോഗത്തെയും കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ കുറവ്.

11.പൈപ്പുവെള്ളം ശുദ്ധീകരിക്കാനുള്ള സംവിധാനമില്ല.

12. ഗ്രാമപ്രദേശങ്ങളിലെ മിക്കവാറും കിണറുകൾക്ക് ചുറ്റുമതിൽ ഇല്ലാത്തതിന്റെ മലിനീകരണ പ്രശ്നം.

13. പൈപ്പിൽ ഉപ്പുവെള്ളം വരുന്നതിലെ പ്രശ്നം.

## സാധ്യതകൾ

1. ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ അനിയോജ്യമായ പദ്ധതികൾ നടപ്പാക്കുക.

2. വേനൽക്കാലത്ത് വറ്റിപോകുന്ന പൊതുകിണറുകളും സ്വകാര്യ കിണറുകളും നവീകരിക്കുക.

3. ജലം പാഴായിപോകുന്നത് തടയാനായി ബോധവൽക്കരണം നടത്തുക.

4. എല്ലാ സ്വകാര്യകിണറുകൾക്കും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

5. പൊതുടാപ്പുകൾ അറ്റകുറ്റപ്പണിനടത്തി ഉപയോഗയോഗ്യമാക്കുക.

6. ആവശ്യമായ പ്രദേശങ്ങളിൽ പൈപ്പുലൈൻ നീട്ടിടാപ്പുകൾ സ്ഥാപിക്കുക.

7. പുഴകളിലും തോടുകളിലും, തടയണകൾ സ്ഥാപിച്ച് രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുക.

8. ചിലകുഴൽ കിണറികളിലെ ജലം തുരുമ്പിന്റെ രുചിയുള്ളതിനാൽ ഉപയോഗ്യമല്ലാത്തതായി കാണുന്നു. P.V.C പൈപ്പിട്ട് ഉപയോഗയോഗ്യമാക്കുക.

9. ഗ്രാമത്തിലെ മിക്കവാറും സ്കൂളുകളിൽ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. പ്രത്യേകിച്ചും ഉച്ചക്കഞ്ഞിയുള്ള സ്കൂളുകളിൽ ശുദ്ധജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക.

10. കിണറുകൾക്കും കുളങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നതിനു നിലവിലുള്ള ഭൂപരിധി എടുത്തുകളയുക.

11. കിണറുകളുടേയും ശുദ്ധജലസ്രോതസ്സുകളുടേയും സമീപം അറവുശാലകളും മലിനജലം ഒഴുകുന്ന ഓടകളും ഇല്ലെന്ന് ഉറപ്പുവരുത്തുക.

12. ആലൂരിൽ നിർദ്ദിഷ്ട ബണ്ട് സ്ഥാപിച്ച് പുഴയിൽ ഉപ്പുവെള്ളം കയറുന്നത് പൂർണ്ണമായും തടയുക.

13. എല്ലാ കോളനികളിലും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക.

14. സ്വകാര്യ വ്യക്തികൾ അനിയന്ത്രിതമായും, അശാസ്ത്രീയമായും കുഴൽകിണർ കുഴിക്കുന്നത് നിയമം മൂലം നിരോധിക്കുക.

15. നിലവിലുള്ള പൈപ്പ്ലൈൻ ചിപ്ലിക്കയ, ഇരിയണ്ണി, മുളിയാർ, മല്ലം എന്നിവിടങ്ങളിലേക്ക് നീട്ടി ശുദ്ധജലവിതരണം ഉറപ്പുവരുത്തുക.

16. ഉയർന്ന പ്രദേശമായ കാനത്തൂരിൽ ടാങ്ക് സ്ഥാപിച്ച് പുഴയിൽനിന്ന് ജലം പമ്പ്ചെയ്ത് ഗ്രാമവാസികൾക്ക് വിതരണം ചെയ്യുക.

17. ബോവിക്കാനത്തെ ടാങ്കിൻെറ (KWA ) ശേഷി വർദ്ധിപ്പിച്ച് പകലും രാത്രിയും പമ്പിംഗ് നടത്തി ശുദ്ധജലലഭ്യത ഉറപ്പുവരുത്തുക.

പത്തുഗ്രാമസഭകളിലും വളരെ സജീവമായ ചർച്ചയ്ക്ക് വിധേയമായ വിഷയമാണ് കുടിവെള്ളം. ജനങ്ങളുടെ പ്രാഥമികാവശ്യമായ കുടിവെള്ളത്തിൻെറ ലഭ്യത സാമൂഹ്യബാധ്യതയായി കാണാൻ കഴിയണം. മറ്റുപരിഗണനകൾക്കതീതമായി ഗവൺമെൻറിൻേറയും ത്രിതല പഞ്ചായത്തിൻേറയും സഹായത്തോടെ ജനകീയശക്തിയിലൂടെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കാൻ കഴിയുമെന്ന് നമുക്ക് വിശ്വസിക്കാം.

## ആരോഗ്യം

1966 വരെ പഞ്ചായത്തിലെ ആരോഗ്യരംഗം നാട്ടു വൈദ്യൻമാരെ ആശ്രയിച്ചാണ് നിലനിന്നിരുന്നത്. ബോധവൽക്കരണത്തിൻേറ അഭാവം പ്രാഥമിക സൗകര്യങ്ങളുടെ കുറവ് എന്നിവ ഗ്രാമത്തിലെ ജനങ്ങളുടെ ആരോഗ്യത്തെ സ്വാധീനിച്ചിട്ടുള്ളതായികാണാം. അന്ധവിശ്വാസത്തിലധിഷ്ഠിതമായ പ്രാകൃതചികിത്സാരീതികളെ ആശ്രയിച്ചിരുന്നവരും കുറവായിരുന്നില്ല. മുളിയാർ പഞ്ചായത്തിലെ ബോവിക്കാനത്ത് സ്ഥാപിച്ച പ്രൈമറി ഹെൽത്ത് സെൻററാണ് ഈ രംഗത്ത് പരിവർത്തനം സൃഷ്ടിച്ചത്.ആധുനിക ചികിത്സാ സൗകര്യങ്ങൾ ഒന്നുംതന്നെ ഇല്ലാതിരുന്ന പഞ്ചായത്തിൽ 1966 ൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ അനുവദിച്ചു. ഇന്നത്തെ ഈ നിലയിലേക്ക് മാറ്റിയെടുക്കാൻ പഞ്ചായത്തിന് വളരെയധികം കഷ്ടതകൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. പൊതുജന സഹകരണത്തോടെ രൂപം കൊണ്ട കമ്മിറ്റിയുടെ ഊർജ്ജിതമായ പ്രവർത്തനത്തിൻെറ ഫലമായാണ് ഇന്നുകാണുന്ന ഈ ആശുപത്രികെട്ടിടം നിലവിൽവന്നത്.

ബോവിക്കാനത്തുള്ള P.H.C കൂടാതെ രണ്ടുകുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇരിയണ്ണിയിൽ ഗവ: ഉടമയിലുള്ള ഒരു ആയുർവ്വേദാശുപത്രിയും വൈദ്യരംഗത്തുണ്ട്. ഇതുകൂടാതെ സ്വകാര്യ ഡോക്ടർമാരുടെ കീഴിൽ പ്രവർത്തിക്കുന്ന 7 ക്ലിനിക്കുകളും 4 വൈദ്യശാലകളും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ട്. ഗവ: സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരം പട്ടിക 2-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

| ആരോഗ്യസ്ഥാപനത്തിൻെറ രേഖ | സ്ഥിതിചെയ്യുന്ന സ്ഥലം | കെട്ടിടം |
|---|---|---|
| 1. പബ്ലിക്ക് ഹെൽത്ത് സെൻറർ, മുളിയാർ | ബോവിക്കാനം | സ്വന്തം |
| 2. ആയുർവ്വേദാശുപത്രി | ഇരിയണ്ണി | സ്വന്തം |
| 3. കുടുംബക്ഷേമ ഉപകേന്ദ്രം | കാനത്തൂർ | സ്വന്തം |
| 4. കുടുംബക്ഷേമ ഉപകേന്ദ്രം | കോട്ടൂർ | സ്വന്തം |

പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നാലുമുഴുവൻ സമയ ഡോക്ടർമാർ ഉണ്ടെങ്കിലും ഇന്നും കിടത്തി ചികിത്സിക്കുന്ന സംവിധാനം ഇവിടെ നിലവിൽ വന്നിട്ടില്ല. ജലവിതരണ രംഗത്തെ തകരാറുകളും വയറിംഗ് സംബന്ധിച്ച തകറാകളും ഇന്നും പരിഹരിക്കപ്പെട്ടിട്ടില്ല. വലിയ സാമ്പത്തിക ബാധ്യത ഇല്ലാതെ തന്നെ ഇൻ-പേഷ്യൻറ് വിഭാഗം പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്.

നിലവിലുള്ള ആശുപത്രികൾക്കും മറ്റുസംവിധാനങ്ങൾക്കും ഗ്രാമത്തിലെ ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ കഴിയില്ല

എന്നത് അനുക്തസിദ്ധമാണ്. പഞ്ചായത്തിൽ കക്കൂസുള്ള വീടുകളുടെ എണ്ണം കേവലം 918 ആണ്. അതായത് 75% വീട്ടുകാരും തുറന്നസ്ഥലമാണ് മലവിസർജ്ജനത്തിന് ഉപയോഗിക്കുന്നതെന്നർത്ഥം. ഗുരുതരമായ ആരോഗ്യപ്രശ്നത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ചുറ്റുമതിലുകളില്ലാത്ത കിണറുകൾ ജലമലിനീകരണത്തെ ത്വരിതപ്പെടുത്തുന്നു. ഈ പ്രശ്നങ്ങൾക്ക് അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്.

എല്ലാ ഗ്രാമസഭകളിലും സജീവമായി ചർച്ചചെയ്യപ്പെട്ട ആരോഗ്യപ്രശ്നങ്ങളിൽ പ്രമുഖമായത് കക്കൂസിന്റെ അഭാവം തന്നെയാണ്. എല്ലാ കുടുംബങ്ങൾക്കും കക്കൂസ് എന്ന തത്വം പ്രാവർത്തികമാക്കുകയാണെങ്കിൽ മിക്കവാറും ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

വൻകിട ചെറുകിട ഫാക്ടറികൾ ഒന്നും പഞ്ചായത്തിൽ ഇല്ലാത്തതിനാൽ വായുമലിനീകരണ പ്രശ്നങ്ങൾ തീരെ ഇല്ലെന്നുതന്നെ പറയാം. പഞ്ചായത്തിൽ കൊതുകുനിവാരണ പ്രവർത്തനങ്ങൾ താരതമ്യേന മെച്ചപ്പെട്ട രീതിയിൽ നടത്തിവരുന്നുണ്ട്. എന്നാൽ അത് പൂർണ്ണ ഫലത്തിലെത്തുന്നില്ല. ബോവിക്കാനത്തെ ഹോട്ടലുകളിൽ നിന്നും പുറത്തേക്കൊഴുക്കിവിടുന്ന മലിനജലം മലിനീകരണ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ആരോഗ്യരംഗത്തു പ്രവർത്തിക്കുന്നവരുടെ ശ്രദ്ധ സജീവമായി പതിയേണ്ട വിഷയമാണിത്.

കുടുംബക്ഷേമപ്രവർത്തനങ്ങൾ സജീവമായി പഞ്ചായത്തിൽ നടക്കുന്നുണ്ട്. ഒരു വയസ്സിനു താഴെയുള്ള 395 കുട്ടികളാണ് പഞ്ചായത്തിലുള്ളത്. പ്രതിരോധകുത്തിവെയ്പിന് വിധേയരായവർ 362 പേരാണ്. 344 ഗർഭിണികളാണ് പഞ്ചായത്തിലുള്ളത്. ജനനനിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കാൻ നല്ലൊരുഭാഗം സ്ത്രീകൾ വൈമുഖ്യം കാണിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

പകർച്ചവ്യാധികൾ ഓരോ വർഷവും കുറഞ്ഞുവരുന്നതായി ആശുപത്രിയിലെ സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നു. വിശദമായ പട്ടിക കാണുക.III

പട്ടിക III

( അവലംബം സെക്കൻററി ഡേറ്റ P.H.C.)

| വർഷം | ഇൻപേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | ത്വക്ക് രോഗം | വാതരോഗം എല്ലാ വിഭധഗവും | പകർച്ച വ്യാധികൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 92-93 | ഇല്ല | 20537 | 5346 | 845 | 8006 | 6340 | 20537 |
| 93-94 | 12 | 20959 | 5446 | 702 | 6340 | 8483 | 20971 |
| 94-95 | 38 | 17820 | 5232 | 265 | 5822 | 6539 | 17858 |
| 95-96 | 12 | 22084 | 4270 | 624 | 7210 | 9992 | 22096 |
| ആകെ | 62 | 81400 | 20294 | 2436 | 27378 | 31354 | 81462 |

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ വാർഡ് അടിസ്ഥാനത്തിൽ താഴെകൊടുക്കുന്നു.

വാർഡ് - I

80% വീടുകളിലുംകക്കൂസില്ല. മുളിയാർ P.H.C.യിൽ കിടത്തി ചികിത്സാ സൗകര്യമില്ല. പാണ്ണൂർ മൊട്ടയിൽ കുടുംക്ഷേമ ഉപകേന്ദ്രത്തിന്റെ അഭാവം.

വാർഡ് - II

നിലവിലുള്ള കുടുംബക്ഷേമ ഉപകേന്ദ്രം ഡിസ്പെൻസറി ആക്കാത്തതിന്റെ പ്രശ്നം. പകർച്ച വ്യാധികൾതടയാൻ , സ്കൂൾ പരിസരം, ലക്ഷം വീടുകോളനി, വടക്കേക്കരകോളനി, കിഴക്കേക്കര ഹരിജൻ കോളനി, കാനത്തൂർ ബസാർ, ക്ഷേത്രപരിസരം എന്നിവിടങ്ങളിൽ കക്കൂസ് സ്ഥാപിക്കാത്തതിലെ പ്രശ്നം.

വാർഡ് - III

ഇരിയണ്ണിയിൽ കുടുംബക്ഷേമ ഉപകേന്ദ്രം ഇല്ലാത്തതിലെ വിഷമം, ഇരിയണ്ണി ആയുർവ്വേദാശുപത്രിയിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ലഭ്യമാക്കാത്ത പ്രശ്നം, ഗൃഹസന്ദർശനത്തിന്റെ കുറവ്, ഭൂരിപക്ഷം വീടുകൾക്കും കക്കൂസ് ഇല്ലാത്തതിലെ പ്രശ്നം,

വാർഡ് - V

കൊതുക് നിർമ്മാർജ്ജന പരിപാടികളിലെ അപര്യാപ്തത. മഹിളാസമാജം സംഘത്തിന്റെ പ്രവർത്തനം വ്യാപകമാക്കാത്തതിലെ വൈഷമ്യം. മുളിയാർ പ്രൈമറി ഹെൽത്ത് സെൻററിൽ ഓക്സിജൻ സിലിണ്ടർ, ആംബുലൻസ് എന്നിവ ഇല്ലാത്തതിലെ പ്രശ്നം.

വാർഡ് - VI

ആലൂർ മൂലടുക്കം എന്നിവിടങ്ങളിൽ കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ അഭാവം. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പൊതുകക്കൂസ് ഇല്ലാത്തതിലെ വൈഷമ്യം.

വാർഡ് - VII

ചാപ്പാടി, മാസ്തിക്കുണ്ട് എന്നിവിടങ്ങളിൽ കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ കുറവ്. പൊവ്വലിൽ ഹോമിയോ ആശുപത്രിയുടെ അഭാവം. 300 ഓളം വീടുകൾക്ക് കക്കൂസ് നിർമ്മിക്കാത്തതിലെ മലിനീകരണ പ്രശ്നം. അലഞ്ഞുതിരിയുന്ന നായ്ക്കളേയും കൊതുകുകളേയും നശിപ്പിക്കാത്തിലെ പ്രശ്നം.

വാർഡ് - VIII

പൊവ്വലിൽ ജിംനേഷ്യയും കുടുംബക്ഷേമ ഉപകേന്ദ്രവും സ്ഥാപിക്കാത്തതിലെ വൈഷമ്യം. കൊതുക് നിവാരണ പ്രവർത്തനത്തിന്റെ പരിമിതി.

വാർഡ് - IX

250 വീടുകൾക്ക് കക്കൂസ് നിർമ്മിക്കാത്തതിലെ ബുദ്ധിമുട്ട്, മല്ലം, മജക്കാർ, അടുപ്പറമ്പ് എന്നിവിടങ്ങളിൽ കുടുംബക്ഷേമഉപകേന്ദ്രം സ്ഥാപിക്കാത്തതിലെ പ്രശ്നം. 300 വീടുകൾക്ക് പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാത്തതിലെ ആരോഗ്യ പ്രശ്നം.

വാർഡ് - X

ഗൃഹസന്ദർശനം തൃപ്തികരമല്ലാത്തതിന്റെ കുറവ്, പൊതുശ്മശാനം, കക്കൂസ് എന്നിവയുടെ കുറവ്, പാത്തനടുക്കത്ത് കുടുംബക്ഷേമഉപകേന്ദ്രം ഇല്ലാത്തതിലെ പ്രശ്നം.

## സാധ്യതകൾ

1. എല്ലാ വാർഡുകളിലും കൊതുകുനിവാരണ പ്രവർത്തനങ്ങൾ സ്ഥിരമായി നടത്തുവാനുള്ള ഏർപ്പാടുകൾ ചെയ്യുക.

2. പരിസര ശുചീകരണത്തിന്റെ ആവശ്യകത കച്ചവടക്കാരെ ബോധ്യപ്പെടുത്തുക.

3. സ്ഥാപനങ്ങളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കാത്ത കച്ചവടക്കാരുടെ പേരിൽ നടപടി സ്വീകരിക്കുക.

4. ചപ്പുചവറുകൾ, മലിനജലം എന്നിവ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.

5. പൊതു സ്ഥലങ്ങളിൽ കക്കൂസ് മൂത്രപ്പുര എന്നിവ സ്ഥാപിക്കുക.

6. പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും കക്കൂസ് ഏർപ്പെടുത്തുക.

7. ആരാധനാലയങ്ങൾക്കും സ്കൂളുകൾക്കും സമീപം കക്കൂസ് നിർമ്മിക്കുക.

8. ആവശ്യമായ സ്ഥലങ്ങളിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.

9. കാനത്തൂർ, കോട്ടൂർ എന്നിവിടങ്ങളിലെ കുടുംബക്ഷേമഉപകേന്ദ്രങ്ങൾ ഡിസ്പെൻസറികളാക്കി ഉയർത്തുക.

10. ഇരിയണ്ണിയിലെ ആയുർവ്വേദാശുപത്രിക്ക് ആവശ്യമായ കെട്ടിടംനിർമ്മിച്ച് കിടത്തി ചികിത്സ ആരംഭിക്കുക.

11. ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശനം ഉറപ്പുവരുത്തുക.

12. മയക്കുമരുന്നുകളേയും ലഹരിപദാർത്ഥങ്ങളുടേയും ഉപയോഗം തടയുന്നതിനായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

13. സ്കൂൾ പരിസരങ്ങളിൽ വില്പന നടത്തുന്ന ഭക്ഷ്യസാധനങ്ങൾ കൃത്രിമമല്ലെന്ന് പരിശോധിച്ച് ഉറപ്പുവരുത്താനുള്ള സംവിധാനം ഏർപ്പെടുത്തുക.

14. അലഞ്ഞുതിരിയുന്ന പട്ടികളെ കൊല്ലാനുള്ള സ്ഥിരമായ സംവിധാനം ഉണ്ടാക്കുക.

15. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം സ്ഥാപിക്കുക.

16. ലൈംഗിക വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള വിദ്യാഭ്യാസപരിപാടി നടപ്പിലാക്കുക.

17. ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

18. പുകയില്ലാത്ത അടുപ്പുകൾ ഗ്രാമത്തിൽ വ്യാപകമാക്കുക.

19. കമ്പോസ്റ്റ് കുഴികളും ബയോഗ്യാസ് പ്ലാൻറുകളും സ്ഥാപിക്കാൻ സാമ്പത്തിക സഹായം നൽകുക.

20. ബോവിക്കാനത്തെ മത്സ്യമാർക്കറ്റിൽ ജലത്തിൻെറ ലഭ്യത ഉറപ്പുവരുത്തി പരിസരം സുചിയായി സൂക്ഷിക്കാൻ നടപടി സ്വീകരിക്കുക.

21. പഞ്ചായത്തിൽ ഒരു ക്രഷേ സ്ഥാപിക്കുക.

22. ഒരു ജിംനേഷ്യം സ്ഥാപിക്കുക.

ആരോഗ്യചികിത്സാ രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അവ അവികലമായ ഗുണഫലങ്ങൾ ഗ്രാമീണരിലെത്തിയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. നിർദ്ധനരായ ഗ്രാമീണരുടെ അത്താണിയായ പ്രാഥമികാരോഗ്യകേന്ദ്രവും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും ഇനിയും വികസന സൗകര്യങ്ങളോടെ സേവനത്തിൻെറ പാതയിലേക്ക് കടന്നുവരേണ്ടിയിരിക്കുന്നു. ശുദ്ധവായു, ശുദ്ധജലം, പോഷകാഹാരം, ശുചിയായ പരിസരങ്ങൾ എന്നിവ ഉറപ്പാക്കുന്നതിലൂടെ അരോഗദൃഢഗാത്രരായ ഒരു പുതിയ തലമുറ ഉയർന്നുവരുമെന്ന് നമുക്ക് പ്രത്യാശിക്കാം.

> കാലം ചെല്ലുംതോറും എലാവർക്കും പ്രായം കൂടുന്നു,
> ആഗ്രഹങ്ങൾക്കുമാത്രം നിത്യ യൗവ്വനമായിരിക്കും.
>
> –ഗാന്ധിജി

# മുളിയാർ പഞ്ചായത്ത് വികസന റിപ്പോർട്ട്
# പ്രാഥമിക മേഖല

## കൃഷിയും ജലസേചനവും

കാർഷിക മേഖലയെ അടിസ്ഥാനമാക്കിയാണ് മുളിയാർ പഞ്ചായത്തിന്റെ സമ്പദ്ഘടന നിലകൊള്ളുന്നത്. ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ തന്നെ കാർഷിക മേഖല നിരവധി മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. കൃഷിഭൂമിയുടെ സിംഹഭാഗവും കയ്യടക്കി വെച്ചിരുന്നത് ഏതാനും ജൻമി മാരായിരുന്നു. ഭാരം പാട്ട വ്യവസ്ഥയിൽ എല്ലു മുറിയെ പണിയെടുത്തിരുന്ന കർഷകരുടെ സ്ഥിതി വളരെ ശോചനീയമായിരുന്നു. പകലന്തിയോളം പാടത്തിൽ പണിയെടുത്ത കൃഷിക്കാരന് അരപ്പട്ടിണിയാണ് മിച്ചമെങ്കിൽ, കാർഷിക ഉൽപന്നങ്ങൾ ജൻമിമാരുടെ പത്തായപ്പുരകളിലേക്കൊഴുകുമായിരുന്നു. കേരളത്തിൽ ഉടലെടുത്ത ജൻമിത്വ വിരുദ്ധ പോരാട്ടങ്ങളും, തുടർന്നുവന്ന ഭൂപരിഷ്ക്കരണ നിയമങ്ങളും മുളിയാറിന്റെ ചരിത്രത്തിലും നിർണ്ണായക സ്വാധീനം ചെലുത്തിയിരുന്നു. കൃഷിഭൂമി, കൃഷിക്കാരന് എന്ന ആശയം മുളിയാറിലെ കൃഷിക്കാരിലുണ്ടാക്കിയ ആവേശം, ഭൂമി പിടിച്ചെടുക്കൽ സമരമുൾപ്പെടെ നിരവധി കർഷക പോരാട്ടങ്ങളിലേക്കും വഴി തെളിച്ചിട്ടുണ്ട്.

ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ നെൽകൃഷിക്കായിരുന്നു കർഷകർ മുഖ്യ പ്രാമുഖ്യം നൽകിയിരുന്നത്. എന്നാൽ ഉൽപ്പാദനച്ചെലവിലുണ്ടായ വർദ്ധനവും, തൊഴിലാളികളെ കിട്ടുന്നതിലെ വിഷമതകളും, കർഷകർക്ക് നെൽകൃഷിയോടുള്ള താൽപര്യം കുറഞ്ഞു വരുന്നതിനും, നാണ്യ വിളകൾക്ക് മുൻതൂക്കം നൽകുന്നതിനും പ്രേരണ നൽകി. നെൽകൃഷിയെ പോലെ തന്നെ പരമ്പരാഗതമായി കൃഷി ചെയ്തു വന്നിരുന്ന പുകയില, മരച്ചീനി തുടങ്ങിയ കാർഷിക വിളകളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കയാണ്. ഇവയുടെ സ്ഥാനം പല നാണ്യ വിളകളും കാലക്രമേണ കയ്യടക്കിക്കൊണ്ടിരിക്കയാണ്.

### ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഒറ്റ വില്ലേജ് മാത്രമടങ്ങിയ മുളിയാർ പഞ്ചായത്തിന്റെ ഭൂ വിസ്തൃതി 34.32 ചതുരശ്ര കി.മീ. ആണ്. ഭൂമി സംബന്ധിച്ച തരംതിരിവ് ചുവടെ ചേർക്കുന്നു.

പട്ടിക - 1

| | |
|---|---|
| 1. നിലം | 100 ഹെക്ടർ |
| 2. പുരയിടം | 1720 ഹെക്ടർ. |
| 3. പുറമ്പോക്ക് | 5.50 ഹെക്ടർ |
| 4. കൃഷിയോഗ്യ തരിശ് | 140 " |
| 5. കൃഷിയോഗ്യമല്ലാത്ത തരിശ്, ഫോറസ്റ്റ് | 917 " |
| ആകെ | 2882.50 " |

പഞ്ചായത്തിലെ 80% ഭൂമിയും ചെങ്കല്ല് കലർന്ന ലാറ്ററൈറ്റു മണ്ണാണ്. ബാക്കി പാറകളും കളിമണ്ണും കലർന്ന മണ്ണാണ്.

### കർഷക കുടുംബങ്ങളുടെ കൈവശഭൂമി സംബന്ധിച്ച വിവരങ്ങൾ

പട്ടിക - 2

| വാർഡ് | നാമമാത്ര കർഷകർ 1 ഹെക്ടറിൽ താഴെ | ചെറുകിട കർഷകർ (1മുതൽ 2 ഹെക്ടർ വരെ) | വൻകിട കർഷകർ 2 ഹെക്ടറിനു മുകളിൽ |
|---|---|---|---|
| I | 204 | 108 | 28 |
| II | 190 | 113 | 32 |
| III | 167 | 116 | 27 |
| IV | 182 | 130 | 25 |
| V | 198 | 69 | 16 |
| VI | 144 | 86 | 10 |
| VII | 203 | 55 | 8 |
| VIII | 235 | 45 | 12 |
| IX | 214 | 95 | 36 |
| X | 160 | 110 | 25 |
| ആകെ | 1897 | 927 | 219 |

### കാർഷിക വിള സംബന്ധിച്ച വിവരങ്ങൾ

നെല്ല്, കവുങ്ങ്, തെങ്ങ്, കശുമാവ്, എന്നിവയാണ് ഏറ്റവും പ്രധാനപ്പെട്ട വിളകളായി എടുത്തു പറയാവുന്നത്. കുരുമുളക്, വാഴ, പച്ചക്കറികൾ തുടങ്ങിയവയും ചെറു തോതിലാണെങ്കിലും കൃഷി ചെയ്യുന്നു. മരച്ചീനി, മധുരക്കിഴങ്ങ്, ചേന തുടങ്ങിയവ മുൻ കാലങ്ങളിൽ വ്യാപകമായി കൃഷി ചെയ്തിരുന്നു എങ്കിലും, കാട്ടുപന്നികളുടെ ഉപദ്രവം അത്തരം കൃഷികളെ നാമാവശേഷമാക്കുകയുണ്ടായി. വെറ്റില കൃഷി ചെറിയ തോതിൽ ചില ഭാഗങ്ങളിലായി ഒതുങ്ങി നിൽക്കുന്നു. മൾബറി കൃഷി ഒരു ഘട്ടത്തിൽ വ്യാപകമായെങ്കിലും, വിപണന രംഗത്തെ പ്രശ്നങ്ങൾ ഇതിനോടുള്ള താൽപര്യം കുറഞ്ഞുവരുന്നതിനിടയാക്കി. കൊക്കോ കൃഷി ഒരു ഘട്ടത്തിൽ ഇടവിളയായി വ്യാപകമായി ആരംഭിച്ചെങ്കിലും സമീപ കാലത്ത് ഇത് പാടേ ഉപേക്ഷിച്ച മട്ടാണ്. കവുങ്ങിന്റെ ഉൽപാദനത്തെ ബാധിക്കുന്നതിനാലും, മാർക്കറ്റിംഗ് സംവിധാനത്തിന്റെ പോരായ്മയും ഇതിന് കാരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. അടുത്ത കാലത്തായി റബ്ബർ

കൃഷിയുടെ പ്രവണത ചെറിയ തോതിൽ വർദ്ധിച്ചു വരുന്നതായാണ് കാണുന്നത്.

### പട്ടിക - 3
### വിള വിസ്തീർണ്ണവും ഉൽപാദനവും

| വിള | വിസ്തീർണ്ണം | ഉൽപാദനം | ഉൽപാദന ക്ഷമത |
|---|---|---|---|
| നെല്ല് (1-ാം വിള) | 100 Ha. | 232 MT | 2820 Kg/Ha |
| നെല്ല് (2-ാം വിള ) | 50 Ha. | 114 MT | 2900 Kg/Ha |
| നെല്ല് ( 3-ാം വിള ) | 2 Ha. | 5.8 MT | 3000 Kg/Ha |
| കവുങ്ങ് | 700 Ha. | 1440 MT | 3.8 Kg/Tree |
| തെങ്ങ് | 250 Ha. | 178500 | 120 Per Tree |
| കശുമാവ് | 650 Ha. | 520 MT | 13 Kg/Tree |
| കുരുമുളക് | 30 Ha. | 11.1 MT | 1.200Kg/Vine |
| റബ്ബർ | 20 Ha. | 10 MT | 500 Kg/Ha |
| നേന്ത്രവാഴ | 3 Ha. | 45 MT | 15 T/Ha |
| മറ്റു വാഴകൾ (ഇടവിള) | 420 Ha. | 84 MT | 10 Kg/Tree |
| പച്ചക്കറികൾ | 15 Ha. | 18 MT | --- |
| പയർ (വിള പരിവർത്തനം ) | 2 Ha. | 4.8 MT | 500 Kg/Ha |
| മറ്റു ഫലവർഗ്ഗങ്ങൾ | 30 Ha. | -- | --- |
| മധുരക്കിഴങ്ങ് | 10 Ha. | 11 MT | 1500 Kg/Ha |

### കാലാവസ്ഥ

ജൂൺ മുതൽ സെപ്തംബർ വരെ ലഭിക്കുന്ന കാലവർഷവും, സെപ്തംബർ മുതൽ ലഭിക്കുന്ന തുലാവർഷവുമാണ് കൃഷിക്ക് പ്രയോജനകരമായിട്ടുള്ളത്. കഴിഞ്ഞ രണ്ട് മൂന്ന് വർഷങ്ങളിലായി തുലാ വർഷത്തിന്റെ കുറവ് കാർഷിക വിളകളെ ബാധിക്കുന്നു. വൈകി വരുന്ന കാലവർഷം ഏറ്റവും കൂടുതൽ നെൽ കൃഷിയെയാണ് ബാധിക്കുന്നത്. അപൂർവ്വമായി വേനൽ മഴ ലഭിക്കാറുണ്ടെങ്കിലും കൃഷിക്ക് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. ഏപ്രിൽ മാസത്തോട് കൂടി വരൾച്ച രൂക്ഷമാവുകയും, ജലശേഖരങ്ങൾ വറ്റി തുടങ്ങുകയും ചെയ്യുന്നു. കാസറഗോഡ് ജില്ലയിൽ ശരാശരി ലഭിക്കുന്ന വർഷപാതമാണ് പഞ്ചായത്തിലും ലഭിക്കുന്നത്.

### ജലസേചന സൗകര്യങ്ങൾ

പ്രധാനമായും മഴയെ ആശ്രയിച്ചാണ് പഞ്ചായത്തിലെ കൃഷി നടക്കുന്നത്. എന്നാൽ കാർഷിക വികസനത്തിന് ഇത് അപര്യാപ്തമാണ്. ചെറുകിട ജല സേചന രംഗത്ത് പഞ്ചായത്ത് ഏറെ പിറകിലാണ്. ചന്ദ്രഗിരിപ്പുഴ പ്രധാനപ്പെട്ട ഒരു ജലസേചന സ്രോതസ്സാണ്. ഏകദേശം 120 Ha പ്രദേശത്തെ കൃഷിക്ക് ഇത് പ്രയോജനപ്പെടുത്തുന്നു. നിർദ്ദിഷ്ട പയസ്വിനി പദ്ധതിയും, നെയ്യംകയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനവും ആരംഭിച്ചാൽ കാർഷി രംഗത്ത് വിപ്ളവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ സാധിക്കും. കേരളത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായി തുരങ്കങ്ങളുണ്ടാക്കി ജലം കൃഷിക്കു വേണ്ടി ഉപയോഗിക്കുന്നു.

### പ്രധാനപ്പെട്ട പുഴകളും തോടുകളും
### പട്ടിക - 5

| | | |
|---|---|---|
| 1. | ചന്ദ്രഗിരിപ്പുഴ | നെയ്യംകയ - കല്ലുവള |
| 2. | മല്ലംതോട് | കാനത്തൂർ - കല്ലുകണ്ടം |
| 3. | മജക്കാർ തോട് | |
| 4. | പാടൂർ തോട് | |
| 5. | ബേപ്പ് തോട് | |
| 6. | കൂടാല തോട് | |
| 7. | ചാപ്പാടി തോട് | |
| 8. | മുതലപ്പാറ തോട് | |

തോടുകളിലൂടെ ഒഴുകുന്ന ജലമാണ് മിക്ക വാർഡുകളിലും കൃഷിക്ക് പ്രയോജനപ്പെടുത്തുന്നത്. വിവിധ തോടുകളിലായി 10 ക്രോസ് ബാറുകളാണ് നിലവിലുള്ളത്. വൻകിട ജലസേചന പദ്ധതികൾ പഞ്ചായത്തിൽ ഇല്ല. ക്രോസ് ബാറുകൾ പലതും പുതുക്കി പണിയാത്തതുകൊണ്ട് ജലസേചനത്തിന് പര്യാപ്തമല്ല താനും. പൊതു ഉടമസ്ഥതയിൽ 5 കിണറുകളും 2 കുളങ്ങളുമാണ് പഞ്ചായത്തിലുള്ളത്.

### പട്ടിക - 4
### Rain fall data ( in mm. )

| | Jan. | Feb. | Mar. | Apr. | May | June | July | Aug. | Sept. | Oct. | Nov. | Dec. | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | 0.0 | 0.0 | 0.0 | 13 | 128 | 1231 | 1240 | 574 | 95 | 128 | 13 | 0.0 | 3422 |
| 1992 | 0.0 | 0.0 | 0.0 | 6.9 | 100.9 | 791.0 | 1296.9 | 823.7 | 279.8 | 185.8 | 522.2 | 0.0 | 4007.2 |
| 1993 | 0.0 | 0.0 | 57.2 | 29.0 | 130.1 | 990.5 | 1316.1 | 443.4 | 88.5 | 386.1 | 77.2 | 20.6 | 3538.7 |
| 1994 | 0.5 | 0.0 | 6.3 | 89.3 | 72.2 | 1460.9 | 1503.5 | 793.3 | 185.6 | 380 | 47.9 | 0.0 | 4197.5 |

പട്ടിക - 6

| വാർഡ് | ജലസേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ് ബാർ | ആയക്കെട്ട് (ഹെക്ടർ) |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | 130 | 5 | 18 | 1 | 54Ha |
| II | 125 | 4 | 20 | 2 | 62 Ha |
| III | 140 | 4 | 25 | -- | 60 Ha |
| IV | 125 | 3 | 14 | 1 | 52 Ha |
| V | 95 | 4 | 10 | -- | 36 Ha |
| VI | 75 | 3 | 10 | 1 | 32 Ha |
| VII | 100 | 5 | 12 | -- | 42 Ha |
| VII | 115 | 3 | 8 | 1 | 50 Ha |
| IX | 160 | 4 | 24 | 4 | 72 Ha |
| X | 145 | 3 | 16 | -- | 54 Ha |
| | 1210 | 38 | 157 | 10 | 514 |

പട്ടിക - 7

പമ്പു സെറ്റുകളുടെ എണ്ണം

| | | |
|---|---|---|
| 1. | മണ്ണെണ്ണ | 850 |
| 2. | ഡീസൽ | 200 |
| 3. | വൈദ്യുതി | 210 |

## നെൽകൃഷി

നെൽകൃഷി കുറഞ്ഞു വരുന്ന പ്രവണതയാണ് കണ്ടു വരുന്നത്. മിക്ക കർഷകരും നാണ്യ വിളകൾക്ക് മുൻതുക്കം നൽകുന്നതായി കാണുന്നു. കാർഷിക ചെലവിലെ വർദ്ധനവ്, തൊഴിലാളികളുടെ കുറവ്, ഉയർന്ന വേതനം, വേണ്ടത്ര ജലസേചന സൗകര്യമില്ലായ്മ, കാർഷിക ഉപകരണങ്ങളുടെ ദൗർലഭ്യം എന്നിവയെല്ലാം കാരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്നതാണ്. പുതിയ വിത്തുകൾ ആണ് 60% കർഷകരും ഉപയോഗിക്കുന്നത്. എന്നാൽ വിത്തുകൾ യഥാസമയത്ത് ലഭ്യമാകുന്നില്ല. കൃഷിഭൂമി തുണ്ടുകളായി മാറുന്നതും, ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വേണ്ടത്ര ഫലപ്രദമല്ലാതാക്കുന്നു. ജൈവവളം വേണ്ടത്ര ലഭിക്കാത്തതും, രാസ വളത്തിന്റെ അമിതമായ ഉപയോഗവും മണ്ണിന്റെ ഫലഭൂയിഷ്ടിയെയും, ഉൽപാദനക്ഷമതയെയും ബാധിക്കുന്നു. മൊത്തം 13 പാടശേഖര സമിതികൾ നിലവിലുണ്ടെങ്കിലും ഇവയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

## കവുങ്ങ് കൃഷി

പഞ്ചായത്തിൽ പ്രധാനപ്പെട്ട ഒരു വിളയാണ് കവുങ്ങ്. നെൽ പാടങ്ങൾ പലതും കവുങ്ങിൻ തോട്ടങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. നാടൻ വിത്തിനങ്ങളാണ് പ്രധാനമായും ഉപയോഗിക്കുന്നത്. അപൂർവ്വമായി മംഗള പോലുള്ള പുതിയ വിത്തുകൾ ഉപയോഗിക്കുന്നു. അഞ്ച് വർഷത്തെ ഇടവേളകളിൽ പുതു മണ്ണിടുന്ന ജോലി കൂടുതൽ ചെലവേറിയതിനാൽ ഇത് കൃത്യ സമയത്ത് കർഷകർ നടത്താറില്ല. ഇക്കാരണത്താൽ വേരുകൾ പൊങ്ങി വരുകയും, ഉൽപാദന കുറവിന് കാരണമാവുകയും ചെയ്യുന്നു. ഇതിന് പ്രത്യേക വായ്പാ പദ്ധതികൾ താരതമ്യേന കുറവാണ്. കവുങ്ങിനെ ബാധിക്കുന്ന മഹാളി പോലുള്ള രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വേണ്ടത്ര ശാസ്ത്രീയമല്ല. അമിതമായ ജലസേചനവും ഇതിന് അത്യാവശ്യമാണ്.

## തെങ്ങ് കൃഷി

പഞ്ചായത്തിൽ 250 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്യുന്ന പ്രധാനപ്പെട്ട വിളയാണ് തെങ്ങ്. തെങ്ങ് കൃഷിക്ക് വേണ്ടത്ര ജലസേചന സൗകര്യം നിലവിലില്ല. ഇത് ഉൽപാദനക്ഷമതയെ ബാധിക്കുന്നു. തെങ്ങു കൃഷിക്ക് അനുയോജ്യമായ മണ്ണാണ് പഞ്ചായത്തിലുള്ളത്. വ്യാപകമായി കണ്ടു വരുന്ന ചെന്നീരൊലിപ്പ്, കുമ്പ് ചീയൽ പോലുള്ള രോഗങ്ങൾ ഉൽപാദനം കുറഞ്ഞു വരുന്നതിന് കാരണമാവുന്നു. ശരിയായ വളപ്രയോഗം നടത്താത്തതും ഉൽപാദനക്ഷമത കുറയുന്നതിന് കാരണമാവുന്നു.

(പേജ് - 31. പട്ടിക - 8 കാണുക)

## ഉൽപന്നങ്ങളുടെ വിലയും വിപണനവും

പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് വേണ്ടത്ര വിപണന സൗകര്യമോ മാർക്കറ്റിംഗ് സംവിധാനമോ പഞ്ചായത്തിലില്ല. അടയ്ക്ക സംഭരിക്കുന്ന ഒരു കേന്ദ്രമൊഴിച്ച് മിക്ക ഉൽപന്നങ്ങളും കാസർകോട് ടൗണിലാണ് വിറ്റഴിക്കുന്നത്. വിപണന കേന്ദ്രങ്ങളിലേക്കുള്ള ദൂരംകാരണം പല കർഷകരും മധ്യവർത്തികളുടെ ചൂഷണത്തിന് വിധേയമാവുന്നു. വിപണന സൗകര്യമില്ലായ്മ ഉൽപാദിത വസ്തുക്കൾക്ക് ന്യായവില ലഭിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നു.

## ഉൽപാദനക്ഷമത

ആവശ്യമായ ജലസേചന സൗകര്യമില്ലായ്മയും, അശാസ്ത്രീയമായ കൃഷി രീതികളും, യഥാ സമയത്ത് വള പ്രയോഗം നടത്താത്തതും ഉൽപാദനക്ഷമതാ കുറവിന് കാരണമാവുന്നു. ചിലയിടങ്ങളിലെ അമിതമായ രാസവള ഉപയോഗം മണ്ണിന്റെ ഫലഭൂയിഷ്ടത നഷ്ടപ്പെടുത്തുന്നു. കാലാവസ്ഥയിലെ അസന്തുലിതാവസ്ഥയും ഇതിന് കാരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്.

## വള ഉപഭോഗം

മുൻ വർഷങ്ങളെ അപേക്ഷിച്ച് രാസവള ഉപഭോഗ ത്തിൽ ക്രമമായ വളർച്ച ഉണ്ടായിട്ടുണ്ട്. എന്നാൽ ജൈവവള ത്തിന്റെ ഉപയോഗം നെൽകൃഷിയുടെ കാര്യത്തിൽ കുറഞ്ഞു വരുന്നു. മറ്റു കൃഷികൾ ക്രമമായി ജൈവവളം ഉപയോഗിക്കുന്നുണ്ട്.

(പേജ് - 30. പട്ടിക - 9 കാണുക)

## നടീൽ വസ്തുക്കൾ

നടീൽ വസ്തുക്കൾ യഥാസമയം ലഭിക്കാത്ത സ്ഥിതി വിശേഷം പഞ്ചായത്തിലുണ്ട്. കൃഷി ഭവനിൽ എത്തുന്നത് പലപ്പോഴും വൈകിയാണ്. തെങ്ങിൻ തൈകൾ പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന സമ്പ്രദായമാണ് കർഷകരുടെ ഇടയിൽ

നിലവിലുള്ളത്. തൻമൂലം കൃഷി ഭവനിൽ നിന്ന് വാങ്ങാൻ താൽപരും കുറവാണ്. വികസന സാധ്യത തീരെയില്ലാത്ത കൊക്കോ തൈകൾ പലപ്പോഴും കൃഷി ഭവനിൽ നിന്ന് വിതരണം ചെയ്യുന്നുണ്ട്. കശുമാവിൻ തൈകൾ ആവശ്യത്തിന് ലഭിക്കുന്നില്ല. ഫലവർഗ്ഗങ്ങളുടെ വിത്തുകളും തൈകളും അപൂർവ്വമായി മാത്രമേ വിതരണം ചെയ്യാറുള്ളൂ എന്നത് പട്ടികയിലൂടെ മനസ്സിലാക്കാം. മേൽതരം വാഴക്കന്നുകൾ കർഷകർക്ക് കൂടുതൽ താൽപര്യമുണ്ടെങ്കിലും ആവശ്യാനുസരണം ലഭിക്കാറില്ല. നെൽവിത്ത് തന്നെ പലപ്പോഴും വൈകിയാണ് എത്തുന്നത്. അതിനാൽ ആവശ്യക്കാരില്ലാത്ത സ്ഥിതിയും ഉണ്ടാവുന്നുണ്ട്.

## നടീൽ വസ്തു വിതരണം

**പട്ടിക - 10**

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 525 | 785 | 530 |
| കശുമാവ് | 3480 | 2400 | 3200 |
| കുരുമുളക് | 6207 | 6180 | 5000 |
| പ്ളാവ് | 60 | --- | --- |
| കവുങ്ങ് | --- | 1200 | 700 |
| വാഴക്കന്ന് | 4167 | --- | --- |
| മാവിൻതൈകൾ | 407 | 660 | --- |
| ഗ്രാമ്പൂ | --- | 45 | --- |
| കൊക്കോതൈകൾ | 500 | --- | --- |
| ഗൂസ്ബറി | 100 | --- | --- |
| സപ്പോട്ട | 55 | | |
| പപ്പായ | 190 | | |
| പേര | 260 | | |
| ചെറി | 470 | | |

## കാർഷിക ഉപകരണങ്ങൾ

ആധുനിക സൗകര്യങ്ങളോടു കൂടിയ ഉപകരണങ്ങൾ മിക്ക കർഷകർക്കും ലഭ്യമല്ല. നെൽകൃഷിയെ സംബന്ധിച്ച് കാർഷിക ഉപകരണങ്ങൾ യഥാസമയം ലഭിക്കാത്തത് കൃഷി വൈകുന്നതിന് കാരണമാകുന്നു. ഈ പ്രദേശത്ത് പ്രധാനമായും സസ്യ സംരക്ഷണ ഉപകരണം റോക്കർ സ്പെയർ ആണ്. കൃഷിഭവൻ മുഖേന വളരെ പരിമിതമായ സഹായം മാത്രമേ ഇതിന് ലഭിക്കുന്നുള്ളൂ. സമഗ്ര തെങ്ങു വികസന പദ്ധതി നിലവിൽ വന്നതോടു കൂടി ജലസേചനത്തിനുള്ള പമ്പുസെറ്റുകൾക്ക് കൃഷിഭവൻ മുഖേന സഹായം ലഭിക്കുന്നു. പമ്പ് സെറ്റുകൾ നൽകുന്നതിനുള്ള മാനദണ്ഡം വളരെ കുറവ് ഭൂമിയുള്ള കർഷകരെ സംബന്ധിച്ച് ഗുണകരമല്ല. നെൽകൃഷിക്ക് സർക്കാർ പ്രഖ്യാപിച്ച 50% സബ്സിഡിയോടുകൂടിയ ചെറുകിട കാർഷിക യന്ത്രങ്ങൾ ഉപയോഗിപ്പെടുത്താൻ കർഷകർ മുമ്പോട്ട് വരുന്നില്ല. പ്രസ്തുത സ്കീമിൻെറ വ്യവസ്ഥയാണിതിന് കാരണം.

(പേജ് - 31. പട്ടിക -11 കാണുക)

## കൂലി സേവന വ്യവസ്ഥ

വ്യത്യസ്ത രീതിയിലുള്ള നിരക്കാണ് വിവിധ ഭാഗങ്ങളിൽ നിലവിലുള്ളത്. പഴയ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ആകർഷകമായ കൂലി ലഭിക്കുന്നുണ്ട്. ഏകീകൃത കൂലി വ്യവസ്ഥയുടെ അഭാവം ചില കർഷകർക്ക് വേണ്ടത്ര തൊഴിലാളികളെ ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. പൊതുവെ കാർഷിക മേഖലയിൽ തൊഴിലാളികൾക്ക് താൽപര്യം കുറഞ്ഞു വരികയും, മറ്റു മേഖലകളിലേക്ക് കുടിയേറുകയും ചെയ്യുന്നു. സ്ത്രീ തൊഴിലാളികളുടെ എണ്ണം താരതമ്യേന കുറഞ്ഞു വരുന്നു. ബീഡി, കെട്ടിട നിർമ്മാണം തുടങ്ങിയ മേഖലകളിലാണ് തൊഴിലാളികൾ കൂടുതൽ ശ്രദ്ധ ചെലുത്തുന്നത്.

**കൂലി വ്യവസ്ഥ സംബന്ധിച്ചത്** (പട്ടിക - 12)

| വർഷം | പുരുഷൻ | സ്ത്രീ |
|---|---|---|
| 1985 | 18 രൂപ | 13 രൂപ |
| 1986 | 22 " | 15 " |
| 1987 | 25 " | 18 " |
| 1988 | 28 " | 20 " |
| 1989 | 30 " | 22 " |
| 1990 | 35 " | 25 " |
| 1991 | 40 " | 21 " |
| 1992 | 45 " | 28 " |
| 1993 | 45 " | 28 " |
| 1994 | 50 " | 30 " |
| 1995 | 60 " | 35 " |
| 1996 | 70 " | 35 " |

## കാർഷിക വായ്പകൾ

മിക്ക കർഷകരും ബാങ്ക് വായ്പകളാണ് കാർഷിക വികസനത്തിനു വേണ്ടി അഗ്രഹിക്കുന്നത്. കാനത്തൂർ സർവ്വീസ് സഹകരണ ബാങ്ക് കാനത്തൂരിലും, ബോവിക്കാനത്തും പ്രവർത്തിക്കുന്നു. കോർപ്പറേഷൻ ബാങ്ക് ബോവിക്കാനത്തും, ഗ്രാമീണ ബാങ്കിൻെറ ശാഖ കോട്ടൂരിലും പ്രവർത്തിക്കുന്നു. മുളിയാറിലെ മുഴുവൻ കർഷകർക്കും ധനസഹായം ലഭിക്കേണ്ട ഏക സഹകരണ സ്ഥാപനം കക്ഷി രാഷ്ട്രീയ പരിഗണന ഒഴിവാക്കിക്കൊണ്ട് പ്രവർത്തിച്ചാൽ മാത്രമേ കാർഷിക വായ്പകൾ കൂടുതൽ ഫലപ്രദമാവുകയുള്ളൂ. നിലവിലുള്ള ബാങ്ക് വായ്പകൾ കർഷകരെ സംബന്ധിച്ച് വളരെ തുച്ഛമാണ്.

(പേജ് - 30. പട്ടിക - 13 കാണുക)

## പ്രശ്നങ്ങൾ

1. നെൽകൃഷി ആദായകരമല്ലാത്തതും, കാർഷിക ചിലവിലുള്ള വർദ്ധനവും, കാരണം കർഷകരിൽ നെൽകൃഷിയോടുള്ള താൽപര്യം കുറഞ്ഞു വരുന്നു.
2. നെൽ വയലുകൾ പലപ്പോഴും തരിശിടുന്ന പ്രവണത കൂടി വരുന്നു.
3. ജലസേചനസൗകര്യക്കുറവ് മൂലം ഉയർന്ന പ്രദേശങ്ങളിലെ ഭൂമി കൃഷിക്ക് ഉപയുക്തമല്ലാതായിത്തീരുന്നു.

4. നാണ്യവിളകൾക്ക്കൂടുതൽ മുൻതൂക്കം നൽകുന്നത് നെല്ലുൽപാദനത്തെ കാര്യമായി ബാധിക്കുന്നു.

5. കൃഷിഭൂമി ഫലഭൂയിഷ്ടി കുറഞ്ഞു വരുന്നു. ഫലഭൂയിഷ്ടി വർദ്ധിപ്പിക്കുന്നതിന് നടപടികളോ, മണ്ണ് പരിശോധനാ സമ്പ്രദായമോ നിലവിലില്ല.

6. പ്രധാനപ്പെട്ട തോടുകൾക്ക്പോലും ചെക്ക്ഡാമുകളോ ക്രോസ് ബാറുകളോ പണിയുന്നില്ല. നിലവിലുള്ള ക്രോസ് ബാറുകൾ പുതുക്കി പണിയാത്തതും, കാലപ്പഴക്കം സംഭവിച്ചവയുമാണ്.

7. വേണ്ടത്ര പൊതു കുളങ്ങൾ കാർഷികാവശ്യത്തിനായിട്ടില്ല. നിലവിലുള്ളവയുടെ ശുചീകരണ പ്രവർത്തനങ്ങളോ അറ്റകുറ്റ പണികളോ നടത്താറില്ല.

8. നെല്ലിനെ ബാധിക്കുന്ന കീടബാധ, തെങ്ങിനെ ബാധിക്കുന്ന ചെന്നീരൊലിപ്പ്, കൂമ്പ് ചീയൽ എന്നീ രോഗങ്ങൾ ഉൽപാദനത്തെ ബാധിക്കുന്നു.

9. കവുങ്ങിനെ ബാധിക്കുന്ന മഹാളി, കുരുമുളകിനെ ബാധിക്കുന്ന ദ്രുതവാട്ടം എന്നിവയുടെ പ്രതിരോധം തീരെ ഫലപ്രദമല്ല.

10. പാടശേഖര കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല.

11. കുഴൽക്കിണറുകളിലെ അശാസ്ത്രീയ സമ്പ്രദായം ജലസേചനത്തിന് ദോഷമാണ്. നിലവിൽ ഇവയ്ക്ക് യാതൊരു മാനദണ്ഡവുമില്ല.

12. സ്ത്രീ തൊഴിലാളികൾ കാർഷിക മേഖലയിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

13. കാർഷിക മേഖലയിൽ നിന്ന് തൊഴിലാളികൾ, നിർമ്മാണ രംഗത്തേക്കും, ചെറുകിട വ്യവസായങ്ങളിലേക്കും ആകർഷിക്കപ്പെടുന്നു.

14. യുവാക്കൾ കാർഷികരംഗത്ത് മുമ്പോട്ട് വരുന്നില്ല.

15. കേരള വികസന സമിതികൾക്ക് ജനകീയ സ്വഭാവം ഇല്ല.

16. കാട്ടുമൃഗങ്ങളായ പന്നികളുടെ ശല്യം മരച്ചീനി, ചേന, ചേമ്പ്, മധുരക്കിഴങ്ങ് തുടങ്ങിയവയുടെ കൃഷി നാമാവശേഷമാക്കുന്നു. നെൽകൃഷിക്കും ഇവയുടെ ശല്യമുണ്ട്.

17. ജൈവവളം വേണ്ടത്ര ലഭ്യമല്ല.

18. രാസവളത്തിൻെറ അമിത വിലവർദ്ധനവ് കൃഷിച്ചെലവ് കൂടുന്നതിനിടയാക്കുന്നു.

19. വായ്പാസൗകര്യങ്ങൾ വളരെ തുച്ഛമാണ്. ബാങ്ക് വായ്പകൾക്കുള്ള സങ്കീർണ്ണമായ ഉപാധികൾ, അമിതമായ പലിശ എന്നിവ കർഷകർക്ക് ദോഷകരമാണ്.

20. ഉൽപാദിത വസ്തുക്കൾക്ക് വിപണന സംവിധാനം ഇല്ല. കർഷകർ മധ്യവർത്തികളുടെ ചൂഷണത്തിന് വിധേയമാവുന്നു.

21. നൂതന കൃഷി സമ്പ്രദായങ്ങളെ സംബന്ധിച്ച അജ്ഞത നിലവിലുണ്ട്. വിത്ത്, വളം, കീടനാശിനി എന്നിവ യഥാസമയത്ത് മിതമായ വിലക്ക് ലഭ്യമല്ല.

22. ഇടവിള കൃഷി പ്രോൽസാഹിപ്പിക്കുന്നില്ല.

23. തോടുകളുടെ അരികുകൾ മഴക്കാലത്ത് ഇടിഞ്ഞു പോകുന്നത് കെട്ടി നികത്തുന്നതിന് പദ്ധതകളില്ല.

24. ഇന്ധനവില വർദ്ധനവ് പമ്പ് സെറ്റ് ഉപയോഗിച്ച് കൃഷി ചെയ്യുന്നവരുടെ നടുവൊടിക്കുന്നു. കർഷകർക്ക് ആവശ്യമുള്ളത്ര മണ്ണെണ്ണ ലഭിക്കാറില്ല.

25. കൃഷിക്കാവശ്യമായ വൈദ്യുത കണക്ഷനുകൾ ലഭിക്കുന്നില്ല. വോൾട്ടേജ് ക്ഷാമം നിലവിലുള്ളവയുടെ പ്രവർത്തനത്തെ ബാധിക്കുന്നു.

26. അമിതമായ കീടനാശിനി ഉപയോഗം പരിസരമലിനീകരണത്തിനും, വളർത്തു മൃഗങ്ങൾക്കും, മനുഷ്യനും ദോഷകരമായി ഭവിക്കുന്നു.

27. പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിക്കുന്ന കർഷകർക്ക് അർഹമായ ധനസഹായം ലഭ്യമല്ല. നിലവിലുള്ള വിള ഇൻഷൂറൻസ് പദ്ധതി അപര്യാപ്തമാണ്.

## സാധ്യതകൾ

1. നെൽകൃഷിക്ക് പ്രഥമ പരിഗണന നൽകുകയും കൂടുതൽ കൃഷിക്കാരെ ഇതിലേക്കാകർഷിക്കുന്നതിന് സമഗ്ര കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കിയാൽ ഇന്നത്തെ അവസ്ഥ തരണം ചെയ്യാനാകും.

2. നൂതന കാർഷിക ഉപകരണങ്ങൾ സ്വന്തമാക്കുന്നതിന് ലളിതമായ വ്യവസ്ഥയിൽ കൂടുതൽ ധനസഹായം ലഭ്യമാക്കുക.

3. നെൽകൃഷിക്കാവശ്യമായ രാസവളം, വിത്ത്, കീടനാശിനി എന്നിവ ചുരുങ്ങിയ വിലക്ക് ലഭ്യമാക്കണം.

4. യുവജനങ്ങളെ കാർഷിക വൃത്തിയിലേക്ക് ആകർഷിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ ആവിഷ്ക്കരിക്കണം. കാർഷിക വിദ്യാഭ്യാസവും, പച്ചക്കറി കൃഷി പരിശീലനവും സ്കൂൾ തലം മുതൽ ആരംഭിക്കുക.

5. പഞ്ചായത്തിൽ കാർഷിക ഗവേഷണ കേന്ദ്രം ആരംഭിച്ച്, മണ്ണ് പരിശോധന, വിത്തുൽപാദനം ഉൾപ്പെടെ കാർഷിക ഗവേഷണവും നടത്തിയാൽ ഈ രംഗത്ത് വിപ്ളവകരമായ മാറ്റം വരുത്താനാകും.

6. പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായി പാടശേഖരങ്ങളോട് ചേർന്ന് ഒഴുകുന്ന തോടുകളിൽ, ചെറുകിട ജലസേചന പദ്ധതികൾ ആരംഭിക്കുകയും, ക്രോസ്ബാർ, കുളം, കിണറുകൾ എന്നിവ പുതുക്കി പണിയുകയും ചെയ്താൽ കൂടുതൽ സ്ഥലത്തേക്ക് കൃഷി വ്യാപിപ്പിക്കാനാവും. കൃഷിഭൂമി തരിശിടുന്നത് തടയുന്നതിനും സാധിക്കും.

7. നിർദ്ദിഷ്ട നെയ്യംകയം ലിഫ്റ്റ് ഇറിഗേഷൻ ആരംഭിച്ചാൽ ഏകദേശം 75 ഹെക്ടർ വരുന്ന പ്രദേശത്തെ കൃഷി വർദ്ധിപ്പിക്കാനാവും.

8. പഞ്ചായത്തിലെ കാർഷിക രംഗത്ത് ഏറെ മാറ്റം വരുത്താൻ സാധിക്കുന്ന പയസ്വിനി പദ്ധതി യാഥാർത്ഥ്യമാക്കിയാൽ മുളിയാറിനെ ഹരിത ഗ്രാമമാക്കി മാറ്റാനും അതുവഴി ഐശ്വര്യ സമൃദ്ധിയുണ്ടാക്കാനും സാധിക്കും. ഏകദേശം 150 Ha പ്രദേശത്തെ കൃഷിയെ ഇത് സഹായിക്കും.

9. നെൽകൃഷിയെ സംബന്ധിച്ച് കർഷകർക്ക് കൂടുതൽ പരിശീലനവും ബോധവൽക്കരണവും നൽകുക.

10. തെങ്ങുകൃഷിക്കാവശ്യമായ ജലസേചന സൗകര്യം ഏർപ്പെടുത്തുക. ഇതിനായി സബ്സിഡി നിരക്കിൽ കൂടുതൽ പമ്പ് സെറ്റുകൾ വിതരണം ചെയ്യുക.

11. ഉപയോഗയോഗ്യമല്ലാത്ത കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുന്നതിന് ധനസഹായം നൽകണം.

12. കൃഷിഭവനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതോടൊപ്പം, പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കൃഷിഭവനുകൾ സ്ഥാപിച്ച് പ്രവർത്തിച്ചാൽ കർഷകർക്ക് ഇത്

കൂടുതൽ ഉപയോഗപ്പെടുത്താനാവും. ഫീൽഡ് പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ ആരംഭിച്ചാൽ കർഷകരെ കൂടുതൽ ബോധവൽക്കരിക്കാനാകും. ഇതിനായി നിലവിലുള്ള ജീവനക്കാരുടെ എണ്ണം കൂടുകയും വേണം.

13. വിള ഇൻഷൂറൻസ് പദ്ധതി കൂടുതൽ വ്യാപകവും കാര്യക്ഷമവുമാക്കുക.

14. കൂൺകൃഷി, മൾബറി കൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവയും പുഷ്പ കൃഷിയും പ്രോൽസാഹിപ്പിച്ചാൽ ഒട്ടേറെ യുവതീ യുവാക്കൾക്ക് തൊഴിലവസരം നൽകാനാകും.

15. കൃഷി നശിപ്പിക്കുന്ന കാട്ടു മൃഗങ്ങളെ വേട്ടയാടുന്നതിനും, കന്നു കാലികളെ നിയന്ത്രിക്കുന്നതിനും നടപടിയുണ്ടാവേണ്ടിയിരിക്കുന്നു.

16. പഞ്ചായത്തിൽ വ്യാപകമായി ഉൽപാദിപ്പിക്കുന്ന കശുവണ്ടി പോലെയുള്ള കാർഷിക വിളകൾ എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് കൃഷി സംബന്ധമായ ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കാനാവും.

17. കൂടുതൽ വിപണന സൗകര്യങ്ങളുണ്ടാക്കണം. ഉൽപാദിത വസ്തുക്കൾക്ക് ന്യായ വില ലഭിക്കുന്നതിനുള്ള മാർക്കറ്റിംഗ് സംവിധാനം പഞ്ചായത്തിൽ തന്നെ തുടങ്ങിയാൽ കർഷകരെ മധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കാനാവും.

### പട്ടിക - 13
### വായ്പാ വിതരണം

| നമ്പർ | ബാങ്കിൻെറ പേര് | കാർഷിക വായ്പകൾ | മറ്റു വായ്പകൾ | നിക്ഷേപം |
|---|---|---|---|---|
| 1. | മുളിയാർ സർവ്വീസ് സഹ: ബാങ്ക് | 115, 67, 418.00 | 29,41,540.00 | 145,12,430.00 |
| 2. | കോർപ്പറേഷൻ ബാങ്ക് ബോവിക്കാനം | 27,04,100.00 | 490,9,900.00 | 35,61,200.00 |
| 3. | നോർത്ത് മലബാർ ഗ്രാമീണ ബാങ്ക് കോട്ടൂർ | 35,000,00.00 | 55,36,200.00 | 63,00,000.00 |

### പട്ടിക - 9
### രാസവള കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനം | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി.ഗ്രാം. | കീടനാശിനി | | രാസവളം കി.ഗ്രാം. | കീടനാശിനി | | രാസവളം കി.ഗ്രാം. | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1. | സഹകരണം | 92690 | 100ലി. | 5600 കി.ഗ്രാം. | 649 | 64 ലി. | 4950 കി.ഗ്രാം | 45400 | 25 ലി. | 4550 കി.ഗ്രാം. |
| 2. | സ്വകാര്യം | --- | --- | --- | 57450 | 52.5 ലി | 450 കി.ഗ്രാം. | 106000 | 78.2 ലി. | 625 കി.ഗ്രാം. |

### പട്ടിക - 14
### ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിൻെറ വിസ്തീർണ്ണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | --- | 1.6 Ha | --- | --- | 97 | 16.438 |
| 1994-95 | --- | --- | 10.73 Ha | --- | 440 | 171637 |
| 1995-96 | --- | --- | 1.30 Ha | --- | 37 | 15137 |

പട്ടിക - 8

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ളീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| I | 27 Ha. | 1250 | 3350 | 460 | --- | 13 | 22 | 120 | --- | 155 |
| II | 22 " | 950 | 2800 | 3750 | --- | 11 | 20 | 100 | --- | 131 |
| III | 30 " | 1500 | 3600 | 5100 | --- | 15 | 36 | 130 | --- | 181 |
| IV | 24 " | 1300 | 2780 | 4080 | --- | 12 | 20 | 120 | --- | 152 |
| V | 23 " | 1100 | 2800 | 3900 | --- | 10 | 20 | 140 | --- | 170 |
| VI | 20 " | 950 | 2450 | 3400 | --- | 10 | 15 | 120 | --- | 145 |
| VII | 26 " | 1320 | 3100 | 4420 | --- | 13 | 12 | 180 | --- | 205 |
| VIII | 28 " | 1400 | 3360 | 4760 | --- | 14 | 15 | 230 | --- | 259 |
| IX | 26 " | 1200 | 3220 | 4420 | --- | 13 | 28 | 200 | --- | 241 |
| X | 24 " | 1100 | 2980 | 4080 | --- | 12 | 16 | 150 | --- | 178 |
| Total | 250 | 12070 | 30440 | 42510 | --- | 123 | 204 | 1490 | | 1817 |

പട്ടിക - 11

കാർഷിക ഉപകരണങ്ങൾ

| നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങുകയറ്റു യന്ത്രം | ഷോർട്ടബിൾ പമ്പ്സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക് സ്പെയർ | നാപ്സാറ്റിക് സ്പെയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| I | --- | 1 | 17 | 65 | 2 | --- | --- | --- | 90 |
| II | --- | --- | 55 | 60 | 3 | --- | --- | 1 | 100 |
| III | --- | 1 | 22 | 70 | --- | --- | --- | 4 | 120 |
| IV | --- | --- | 34 | 45 | 2 | --- | --- | --- | 70 |
| V | --- | --- | 12 | 35 | --- | --- | --- | 1 | 55 |
| VI | --- | --- | 8 | 45 | ---- | --- | --- | ---- | 65 |
| VII | --- | --- | 18 | 30 | 2 | ---- | -- | --- | 35 |
| VIII | --- | --- | 20 | 30 | 14 | ---- | --- | --- | 50 |
| IX | --- | 1 | 84 | 75 | 5 | -- | --- | 1 | 150 |
| X | --- | --- | 42 | 40 | 2 | ---- | ---- | 1 | 100 |

# മൃഗസംരക്ഷണം

കേരളസംസ്ഥാനത്തിൻെറ സാമ്പത്തിക വളർച്ചയിൽ മൃഗസംരക്ഷണ മേഖല തനതായ സംഭാവന നൽകിയിട്ടുണ്ട്. എങ്കിലും ഈ രംഗത്തെ വൻസാധ്യതകളെ സംബന്ധിച്ച് നമ്മുടെ ജനത വേണ്ടത്ര ബോധവാൻമാരല്ല. മുളിയാർ പഞ്ചായത്തിലെ ജനങ്ങൾക്ക് മൃഗസംരക്ഷണ മേഖലയുമായി പഴയകാലം മുതൽ തന്നെ ബന്ധമുണ്ട്. പഞ്ചായത്തിൽ കൂടുതലും നാടൻ കന്നുകാലികളെയാണ് വളർത്തുന്നത്. പാലുൽപ്പാദനത്തിനു പുറമെ ജൈവവളമുൽപ്പാദനത്തിലും നിർണ്ണായകമായ സംഭാവന നൽകാൻ ഈ മേഖലയ്ക്ക് സാധിക്കും. പോഷകാഹാരമായ മുട്ടയുൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള കോഴിവളർത്തലിൽ നാം വേണ്ടത്ര ബോധവാൻമാരല്ല. തുകൽ, എല്ല്, ജെലാറ്റിൻ, കൊഴുപ്പ് എന്നിവയും മൃഗസംരക്ഷണമേഖലയിൽ നിന്ന് ലഭിക്കുന്നു. ഇന്ന് ഇവയുടെ ഉപഭോഗം മിക്കവാറും നാം നിറവേറ്റുന്നത് ഇറക്കുമതിയിലൂടെയും, അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചുമാണ്. കാർഷിക മേഖിലയിൽ കൂടുതൽ ജൈവവളം ഉപയോഗിക്കേണ്ടിടത്ത് രാസവളപ്രയോഗമാണ് നടക്കുന്ന്;. ഇത് മാറ്റിയെടുക്കാനും ഇക്കാര്യത്തിൽ നമുക്ക് സ്വയം പര്യാപ്തി കൈവരിക്കാനും കഴിയേണ്ടതുണ്ട്. കന്നുകാലികളുടെ ചാണകത്തിൽ നിന്ന് ലഭിക്കുന്ന ബയോഗ്യാസ് പ്രധാനപ്പെട്ട ഊർജ്ജസ്രോതസ്സുകൂടിയാണ്. രോഗപ്രതിരോധത്തിനുപയോഗിക്കുന്ന വാക്സിൻ എൻസൈമുകൾ എന്നിവയും മൃഗങ്ങളിൽ നിന്നുലഭിക്കുന്നു. മാംസ ഉൽപ്പാദനം ഈ രംഗത്ത് ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. തൊഴിൽ രഹിതയുവജന സമൂഹത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രതീക്ഷയുള്ള ഒരു മേഖലയാണിത്. ഈ രംഗത്ത് കൂടുതലും സ്ത്രീകളാണ് മെച്ചപ്പെട്ട പ്രവർത്തനം നിർവ്വഹിക്കുന്നത്. ഗ്രാമപ്രദേശത്തിൻെറ സമ്പത്ത് വ്യവസ്ഥ ശക്തമാക്കുന്നതിന് ഈ മേഖല ഒഴിച്ചുകൂടാനാവാത്തതാണ്.

നേരത്തെ സൂചിപ്പിച്ച പോലെ നാടൻകന്നുകാലികളെ വളർത്തുന്ന പഞ്ചായത്തിലെ പ്രധാനപ്പെട്ട ഇനങ്ങൾ, പശു, കാള, പോത്ത്, എരുമ, ആട് മുതലായവയാണ്. സങ്കരയിനത്തിൽപ്പെട്ട പശുക്കൾ പഞ്ചായത്തിൽ തുലോം കുറവാണ്. പഴയകാലങ്ങളിൽ ഇഷ്ടാനുസരണം മേച്ചിൽ പുറങ്ങളിലേക്കും സർക്കാർ വനങ്ങളിലേക്കും തുറന്നുവിട്ടിരുന്നതുകൊണ്ട് കൂടുതലാൾക്കാരും ഈ രംഗത്ത് താൽപര്യം കാണിച്ചിരുന്നു. എന്നാൽ ഇതിന് കാര്യമായ നിയന്ത്രണങ്ങൾ വന്നതോടെ ഈ രംഗത്ത് ജനങ്ങൾക്ക് താൽപര്യം കുറഞ്ഞുവരുന്നതിന് കാരണമായി. ഇവിടെ വളർത്തുന്ന മൃഗസമ്പത്ത് വേണ്ടത്ര ഗുണനിലവാരം ഉള്ളവയാല്ല എന്നതുകൊണ്ടുതന്നെ അദ്ധ്വാനത്തിനനനുസരിച്ച് നേട്ടം കൊയ്യുവാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഇതിനുള്ള വ്യവസായിക പ്രാധാന്യത്തെസംബന്ധിച്ച് ജനങ്ങൾ വേണ്ടത്ര ബോധവാൻമാരല്ല.

നിലമുഴുതുമറിക്കുന്നതിന് ആധുനിക യന്ത്രങ്ങൾ വേണ്ടത്ര ലഭ്യമല്ലാത്തതുകൊണ്ട് മാത്രമാണ് ചെറിയൊരു ശതമാനം ആളുകൾ ഉഴവുകാളകളേയും, പോത്തുകളേയും വളർത്തുന്നത്. മുൻകാലങ്ങളിൽ വണ്ടിവലിക്കുന്നതിനുവേണ്ടി വ്യാപകമായി ഉപയോഗിച്ചിരുന്നുവെങ്കിലും പഴയകാളവണ്ടിചക്രങ്ങൾ അപ്രത്യക്ഷമായിരിക്കുകയാണ്. ഗതാഗതരംഗത്തെ വർദ്ധിച്ച പുരോഗതി ഈ തൊഴിലിൻെറ തകർച്ചയ്ക്ക് കാരണമായി.

ശാസ്ത്രീയമായ രീതിയിൽ മൃഗസംരക്ഷണ മേഖല പരിപോഷിപ്പിച്ചെടുക്കേണ്ടതിൻെറ അനിവാര്യത മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്ന് വെളിവാകും. ഊർജ്ജിത മൃഗപരിപാലന രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ വേണ്ടത്ര കാര്യക്ഷമമല്ല. ഇത് കാര്യക്ഷമമാക്കുകയും ജനങ്ങൾക്ക് മൃഗസംരക്ഷണമേഖലയുമായി കൂടുതൽ ബോധവൽ

ക്കരണം നടത്തുകയും ചെയ്താൽ മാത്രമേ ഈ രംഗത്ത് നമുക്ക് കൂടുതൽ നേട്ടം കൈവരിക്കാനാവൂ. ഇന്ന് പഞ്ചായത്തിലെ ജനങ്ങളുടെ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉപഭോഗത്തിൻെറ 50 ശതമാനവും വിലകൊടുത്ത് വാങ്ങിയാണ് നടത്തുന്നത്.

1968 ൽ പൊതുജനങ്ങൾ ശേഖരിച്ച നാലായിരത്തോളം രൂപയും, ഗവൺമെൻറ് സഹായവും, ഉപയോഗപ്പെടുത്തി ബോവിക്കാനത്തിനടുത്തുള്ള എട്ടാം മൈലിൽ നിർമ്മിച്ച കെട്ടിടത്തിലാണ് മുളിയാർ വെറ്ററിനറി ഡിസ്പെൻസറി പ്രവർത്തിക്കുന്നത്. പക്ഷെ ഇതിനുശേഷം യാതൊരുവിധ വികസനവും ഈ സ്ഥാപനത്തിനുണ്ടായിട്ടില്ല. കാനത്തൂരിൽ ഒരു ബീജസങ്കലന ഉപകേന്ദ്രം ഏതാനും വർഷങ്ങൾക്ക് മുമ്പ് പ്രവർത്തനമാരംഭിച്ചു. പഞ്ചായത്തിലെ ജനങ്ങൾ വളരെ പരിമിതമായി മാത്രമേ ഇവയുടെ സേവനം ഉപയോഗപ്പെടുത്തുന്നുള്ളൂ. 1970 ൽ പഞ്ചായത്തിൽ ഒരു ക്ഷീരസഹകരണസംഘം പ്രവർത്തനമാരംഭിച്ചെങ്കിലും പാൽവിതരണം കാര്യക്ഷമമാകാത്തതിനാൽ പ്രവർത്തനം നിലയ്ക്കുകയാണുണ്ടായത്. ഇത് പുനരുജ്ജീവിപ്പിച്ചുകൊണ്ട് ജനങ്ങളെ ഇതിൻെറ പരിധിയിലുൾപ്പെടുത്തി ഈ രംഗത്തേക്കാകർഷിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കേണ്ടത് കാലഘട്ടത്തിൻെറ ആവശ്യമാണ്. മിൽമ പാലിനെ ആശ്രയിച്ചുകൊണ്ടാണ് ജനങ്ങളിലധികവും ഉപഭോഗം സാധിക്കുന്നത്. പഞ്ചായത്തിൽ മൊത്തം പാൽ ഉൽപ്പാദനം 5250 ലിറ്റർ. ഉപയോഗിക്കുന്നത് മിൽമ ഉൾപ്പെടെ 6750 ലിറ്റർ.

ജനങ്ങൾക്കാവശ്യമുള്ള മാംസം കാസർഗോഡ് മാർക്കറ്റിൽ നിന്നോ മറ്റേതെങ്കിലും അടുത്ത് നിൽക്കുന്ന സ്ഥലത്തുനിന്നോ ആണ് വാങ്ങുന്നത്. ഇത് പരിഹരിക്കുന്നതോടൊപ്പം അനധികൃതമായി ലൈസൻസില്ലാതെ സ്വകാര്യമായി നടത്തുന്ന അറവുകൾ നിർത്തലാക്കേണ്ടതുണ്ട്.

കോഴിവളർത്തലിന് പുതിയ സാങ്കേതികവിദ്യ നിലവിൽവന്നതോടെ ബ്രോയ്‌ലർ മാംസ കോഴി വളർത്തുകേന്ദ്രങ്ങൾ സ്വകാര്യ മേഖലയിൽ തുടങ്ങിയിട്ടുണ്ട്. വീടുകളിൽ നാടൻകോഴികളാണ് അധികവും വളർത്തുന്നത്. മേൽത്തരം ഉൽപ്പാദനശേഷിയുള്ള കോഴികളെ വളർത്താൻ തയ്യാറാവുന്നില്ല. തൊഴിൽ രഹിത യുവതീയുവാക്കളെ സംബന്ധിച്ച് ഏറെ പ്രാധാന്യവും, ആദായകരവുമായ ഒരു മേഖലയാണിത്. ഇത് പഞ്ചായത്തിൽ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

പട്ടിക 1 വളർത്തുമൃഗസംഖ്യ( കാണുക)

## നടപ്പു പദ്ധതികൾ

പഞ്ചായത്തിൽ ഇപ്പോൾ മൃഗസംരക്ഷണവകുപ്പു നടപ്പിലാക്കുന്ന പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി. കാലിത്തീറ്റ, ഇൻഷുറൻസ് പരിരക്ഷ, മരുന്നുകൾ എന്നിവ നൽകുക വഴി സങ്കരയിനം പശുക്കളെ വളർത്തിയെടുക്കുവാനും അതുവഴി മെച്ചപ്പെട്ട പാലുൽപ്പാദനം നടത്താനും, വളർച്ചാമുരടിപ്പ്, പോഷകാഹാര കുറവുമൂലമുള്ള മരണം എന്നിവ തടയാനും ചെറിയ അളവിൽ സാധിച്ചിട്ടുണ്ട്.

അടുക്കള മുറ്റത്തെ കോഴിവളർത്തൽ പദ്ധതി പ്രകാരം അത്യുൽപ്പാദനശേഷിയുള്ള മുട്ടക്കോഴികളെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനും കോഴികളെ രോഗപ്രതിരോധകുത്തിവെയ്പ്പുകൾ നടത്തി 6 ആഴ്ചയ്ക്ക് ശേഷം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

ആടുവളർത്തൽപദ്ധതിപ്രകാരം ആടുകളെ വിതരണം ചെയ്യുന്ന സ്കീമുകൾ നിലവിലുണ്ടെങ്കിലും എല്ലാ വിഭാഗങ്ങൾക്കും ഇതിൻെറ പ്രയോജനം ലഭിക്കുന്നില്ല. പേവിഷബാധാ പദ്ധതി നിലവിലുണ്ടെങ്കിലും പ്രതിരോധ കുത്തിവെയ്പ്പ് നിർബന്ധമാക്കാത്തതിനാലും വളർത്തുനായ്ക്കൾക്ക് ലൈസൻസിംഗ് നടപ്പിലാക്കാത്തതിനാലും വിജയപ്രദമല്ല.

## പ്രശ്നങ്ങൾ

### I. ഉൽപ്പാദനമേഖല

1. ആവശ്യമായ പാലുൽപ്പാദനം നടക്കുന്നില്ല. മിൽമ പാലിനോട് അമിതമായ ആശ്രയം വെച്ച് പുലർത്തുന്നു.

2. കൂടുതലാളുകളും നാടൻ കാലികളെ വളർത്തുന്നു.

3. സങ്കരയിനത്തിൽപ്പെട്ട കന്നുകാലികൾ ലഭ്യമ

## പട്ടിക 1 വളർത്തുമൃഗ സംഖ്യ

| വാർഡ് നമ്പർ | കാളനാടൻ | | കാള സങ്കരം | | പശുനാടൻ | | പശുസങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവയുള്ളത് | കറവ ഇല്ലാത്തത് | കറവയുള്ളത് | കറവ ഇല്ലാത്തത് | കറവയുള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 31 | - | 10 | 208 | 94 | 21 | 12 | 23 | 2 | 26 | 96 | 108 | |
| 2 | 1 | 33 | - | 5 | 259 | 125 | 19 | 11 | 17 | 4 | 14 | 124 | 94 | |
| 3 | 1 | 35 | 1 | 3 | 254 | 153 | 50 | 21 | 21 | 3 | 25 | 84 | 126 | |
| 4 | 1 | 42 | - | 9 | 87 | 68 | 12 | 8 | 12 | 7 | 23 | 138 | 99 | |
| 5 | - | 15 | - | - | 69 | 54 | 13 | 9 | 9 | 3 | 14 | 264 | 88 | |
| 6 | - | 41 | - | 5 | 94 | 86 | 14 | 10 | 14 | 5 | 12 | 186 | 112 | |
| 7 | 1 | 52 | - | 20 | 150 | 99 | 26 | 21 | 12 | 5 | 16 | 194 | 121 | |
| 8 | 1 | 33 | 2 | 15 | 274 | 164 | 33 | 13 | 19 | 4 | 14 | 205 | 137 | |
| 9 | 1 | 29 | 1 | 18 | 300 | 207 | 49 | 23 | 8 | 3 | 15 | 114 | 112 | |
| 10 | 1 | 28 | - | 20 | 305 | 104 | 63 | 24 | 9 | 5 | 18 | 73 | 154 | |

## പട്ടിക 2 വളർത്തുപക്ഷിസംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 350 | 750 | 450 | - | - | - |
| 2 | 523 | 600 | 478 | - | - | - |
| 3 | 252 | 329 | 436 | | | |
| 4 | 321 | 289 | 378 | | | |
| 5 | 346 | 523 | 428 | | | |
| 6 | 210 | 158 | 258 | | | |
| 7 | 285 | 216 | 400 | | | |
| 8 | 356 | 298 | 1158 | | | |
| 9 | 252 | 326 | 456 | | | |
| 10 | 356 | 225 | 420 | | | |

## പട്ടിക 3 പേ വിഷബാധ – പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധകുത്തിവെയ്പ്പ് നൽകിയവയുടെ ഏണ്ണം | – | – | – | 35 | – | – |
| കടിയേറ്റതിനുശേഷം കുത്തിവെയ്പ്പ് നടത്തിയവയുടെ എണ്ണം | 7 | 1 | 2 | 3 | – | – |

## പട്ടിക 4 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബിജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 410 | 353 | 57 |
| കിടാരി | 136 | 109 | 27 |
| എരുമ | 33 | 30 | 3 |

കുന്നില്ല. വളർത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ജനങ്ങൾക്കില്ല. വേണ്ടത്ര ബോധവൽക്കരണം നടക്കുന്നില്ല.

4. വേണ്ടത്ര സാങ്കേതികസൗകര്യമില്ല.

5. പുൽകൃഷി ചെയ്യുന്നതിനും, പുൽവിത്തുകൾ ലഭിക്കുന്നതിനും സൗകര്യങ്ങളും സഹായങ്ങളും ലഭ്യമല്ല.

6. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവും ,ഗുണമേൻമയില്ലായ്മയും ഉൽപ്പാദനത്തെ ബാധിക്കുന്നു.

7. ക്ഷീരസഹകരണ സംഘങ്ങൾ ഒറ്റവാർഡിലും നിലവിലില്ല.

8. കർഷകർക്ക് സാങ്കേതിക പരിജ്ഞാനവും, വായ്പാസൗകര്യങ്ങളും ലഭിക്കുന്നില്ല.

9. സങ്കരയിനം പശുക്കളെ വളർത്തുന്നതിന് ആധുനികരീതിയിലുള്ള തൊഴുത്തുകൾ ഇല്ല. ഇതിനായി സാമ്പത്തിക സഹായം നൽകാൻ നിലവിൽ യാതൊരു പദ്ധതിയുമില്ല.

10. ആടുവളർത്തൽ മുൻകാലങ്ങളിൽ നിന്ന് കുറഞ്ഞുവരുന്നു.

11.വേണ്ടത്ര മേച്ചിൽപുറങ്ങളില്ല. ആടുകൾ കൃഷിക്ക് നാശംവരുത്തുന്നു.

12. മലബാറിപോലുള്ള നല്ലയിനം ആടുകൾ ലഭിക്കുന്നില്ല.

13. മാംസം ഉൽപ്പാദനത്തിന് ലൈസെൻസിംഗ് സമ്പ്രദായത്തിലുള്ള അറവുശാലകളോ, മാർക്കറ്റുകളോ ഇല്ല. ശുദ്ധമായ മാംസം ലഭിക്കുന്നില്ല.

14. കൂടുതൽ ഉൽപ്പാദന ശേഷിയുള്ള കോഴികളെ വിതരണം ചെയ്യുന്നില്ല.

15. ബ്രോയിലർ കോഴിവളർത്തലിന് കോഴിത്തീറ്റ വിലവർദ്ധനവ് തടസ്സമാകുന്നു. ചിലവിനാനുപാതികമായ വിലകിട്ടുന്നില്ല.

16. ബയോഗ്യാസ് പ്ലാൻറിംന് സബ്സിഡി ലഭിക്കുന്നില്ല. ബയോഗ്യാസ് പ്ലാൻറിനെ സംബന്ധിച്ച് ജനങ്ങൾ ബോധവാൻമാരല്ല.

17. സ്ത്രീകളും യുവാക്കളും ഈ രംഗത്തേക്ക് കടന്നുവരുന്നില്ല. സ്ത്രീപങ്കാളിത്തം നന്നേ കുറഞ്ഞു വരുന്നു. തൊഴിലിനെ സംബന്ധിച്ച തെറ്റിദ്ധാരണകൾ വെച്ചുപുലർത്തുന്നു. ഇതിൽ ലഭ്യമായ ലാഭത്തെപറ്റി ജനങ്ങൾ ബോധവാൻമാരല്ല.

18. ചിലവാർഡുകളിലെ ഭൂപ്രകൃതി കന്നുകാലികളെ വളർത്താൻ തടസ്സമാകുന്നു.

19. പേപ്പട്ടി വിഷബാധ വർദ്ധിച്ചുവരുന്നു. നായ്ക്കളെ വളർത്തുന്നതിന് ലൈസൻസിംഗ് ഇല്ല.

20. പട്ടികൾ അലഞ്ഞുതിരിയുന്നു.

21. കുളമ്പുരോഗം , അകിടുവീക്കം, തുടങ്ങിയ രോഗങ്ങൾ ഉല്പാദന ക്ഷമത കുറയ്ക്കുന്നതിന് കാരണമാകുന്നു.

## സേവന മേഖല

22. നിലവിലുള്ള മൃഗാശുപത്രിയിൽ അത്യാവശ്യ സൗകര്യങ്ങളില്ല. ലബോറട്ടറി, ഇൻപേഷ്യൻറ്, സ്റ്റാഫ് -ക്വാർട്ടേർസ്, വേണ്ടത്ര സ്റ്റാഫുകൾ, വേണ്ടത്ര മരുന്നുകൾ എന്നിവ ലഭ്യമല്ല.

23. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കൃത്രിമ ബീജസങ്കലന പദ്ധതി വ;ാപിപ്പിക്കാനുള്ള സൗകര്യമില്ല.

## സാധ്യതകൾ

1. ചെറുകിട കർഷകർ, കർഷകതൊഴിലാളികൾ, യുവതീയുവാക്കൾ എന്നിവരെ ഈ മേഖലകളിലേക്ക് കടന്നുവരുന്നതിനാവശ്യമായ പ്രോത്സാഹനവും, സാങ്കേതിക പരിശീലനവും നൽകുക.

2. മിനിഡയറി സ്ഥാപിക്കുക. സങ്കരയിനം പശുക്കളെയും, തൊഴുത്ത്, കാലിത്തീറ്റ, എന്നിവയ്ക്ക് സാ

മ്പത്തിക സഹായം ലഭ്യമാക്കുക.

3. നിലവിലുള്ള പ്രത്യേക കന്നുകുട്ടിപരിപാലനപരിപാടിയുടെ കീഴിൽ കൂടുതൽ സങ്കരയിനം പശുക്കളേയും, എരുമകളേയും, രജിസ്റ്റർ ചെയ്യുക. കാലിത്തീറ്റയും ഇൻഷൂറൻ സൗകര്യവും ഏർപ്പെടുത്തുക. സ്കൂൾ കുട്ടികളെ കന്നുകാലി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തുക.

5. സമഗ്ര പാൽ സംഭരണ, വിതരണ പദ്ധതികൾ ആരംഭിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്ഷീരസഹകരണ സംഘങ്ങൾ ആരംഭിച്ച് അവയെ നിയന്ത്രിക്കുന്നതിന് ഒരു കേന്ദ്ര സഹകരണസംഘവും സ്ഥാപിക്കുക.

6. സമഗ്ര തീറ്റപുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പുൽവിത്തുകളും, അതിനാവശ്യമായ വളവും, ജലസേചന സൗകര്യവും ഏർപ്പെടുത്തുക. കർഷകർക്ക് സാമ്പത്തിക സഹായം നൽകുക.

7. കാലിത്തീറ്റ വിലവർദ്ധനവ് തടയുക. സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

8. ദുർബലവിഭാഗങ്ങൾക്ക് താൽപര്യമുണ്ടെങ്കിൽ പശുക്കളെ വളർത്തുന്നതിനു പദ്ധതികൾ ആരംഭിക്കുക.

9. കൂടുതൽ മേച്ചിൽ പുറങ്ങൾ കണ്ടെത്തുകയോ, ഗ്രൂപ്പായി തീറ്റപുൽകൃഷി ചെയ്യുന്നതിനോ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പദ്ധതികൾ തയ്യാറാക്കുക.

10. പഞ്ചായത്തിൽ 1 മാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ കൊണ്ടുവന്ന് 2 മാസം വരെ വളർത്തി പ്രതിരോധകുത്തിവെയ്പ്പുകൾ നടത്തി വിതരണം ചെയ്യുന്നതിനു ഹെഗ്ഗർ നഴ്സറിആരംഭിക്കുക.

11. വീട്ടുമുറ്റത്ത് വളർത്തുന്നതിനായി അത്യുൽപ്പാദന ശേഷിയുള്ള മുട്ടക്കോഴികളെ സബ്സിഡിനിരക്കിൽ വിതരണം ചെയ്യുക.

12. സ്കൂൾ പൗൾട്രി ക്ലബ്ബ് പുനരുജ്ജീവിപ്പിക്കുക.

13. ഇറച്ചിക്കോഴിവളർത്തുന്നതിന് ചെറുകിട യുണിറ്റുകൾ ആരംഭിക്കുവാൻ ബാങ്ക്വായ്പകളും, സബ്സിഡിയും നൽകുക.

14. മാംസ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി [illegible]ത്തലിന് കൂടുതൽ പ്രോത്സാഹനം നൽകുക. നല്ലയിനം മലബാറി ആടുകളെ വിതരണം ചെയ്യുക.

15. മുയൽവളർത്തൽ ബോധവൽക്കരണവും, മുയൽകുട്ടികളേയും വിതരണം ചെയ്യുക.

16. ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കാൻ വായ്പയും, സബ്സിഡിയും നൽകുക.

17. കോഴിക്കാഷ്ഠം ഉപയോഗപ്പെടുത്തി ജൈവവളവും വ്യാപകമായി നിർമ്മിക്കുന്നതിന് സഹായവും, പരിജ്ഞാനവും നൽകുക.

18. അറവുശാലകൾക്ക് ലൈസൻസിംഗ് നിർബന്ധമാക്കുകയും, മാംസഗുണമേൻമാപരിശോധന നിർബന്ധമാക്കുകയും ചെയ്യുക.

19. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുക. വളർത്തു നായ്ക്കൾക്ക് കുത്തിവെയ്പ്പും, ലൈസെൻസും നിർബന്ധമാക്കുക. പേപ്പട്ടിവിഷബാധസംബന്ധിച്ച് കൂടുതൽബോധവൽക്കരണം നൽകുക.

## സേവനമേഖല

20. പഞ്ചായത്ത് മൃഗാശുപത്രിക്ക് മതിൽ നിർമ്മിക്കുക. ജീവനക്കാർക്ക് ക്വാർട്ടേർസ് പണിയുക. കൂടുതൽ ജീവനക്കാരെ നിയമിക്കുക.. ലബോറട്ടറി സൗകര്യം , ഇൻപേഷ്യൻറ് സൗകര്യം എന്നിവ ഏർപ്പെടുത്തുക.

അത്യാവശ്യഉപകരണങ്ങളും ലഭ്യമാക്കുക.

21. കൃത്രിമബീജസങ്കലന കേന്ദ്രങ്ങൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുകയോ, മൊബൈൽ ആശുപത്രി സംവിധാനങ്ങൾ ഉണ്ടാക്കുകയോ ചെയ്യുക.

22. കന്നുകാലി വികസനക്യാമ്പുകൾ തുടരെതുടരെ നടത്തുക.

23. കർഷകർക്ക് അംഗീകാര അവാർഡുകൾ ഏർ

പ്പെടുത്തുക.

24. കൃത്രിമബീജസങ്കലനം സംബന്ധിച്ച് ജനങ്ങൾക്ക് കൂടുതൽ ബോധവൽക്കരണം നടത്തുക വഴി ഇത് കൂടുതൽ വ്യാപിപ്പിക്കാനാവും.

## മത്സ്യബന്ധനം

മുളിയാർ പഞ്ചായത്തിൽ കടൽതീരമില്ല എന്നതു കൊണ്ട് തന്നെ മത്സ്യബന്ധനം പഞ്ചായത്തിൻെറ സമ്പദ്ഘടനയെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള ഒരു ഘടകമല്ല. കടൽതീരമില്ലെങ്കിലും ശുദ്ധജലമത്സ്യകൃഷിവികസിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു. മത്സ്യകൃഷിയെപ്പറ്റിയും, അതിലുണ്ടായേക്കാവുന്ന ആദായത്തെപ്പറ്റിയും ജനങ്ങൾ വേണ്ടത്രബോധവാൻമാരല്ല എന്നതാണ് പ്രധാന പ്രശ്നം. അത്യാവശ്യം ചില കർഷകർ സ്വന്തം കുളങ്ങളിൽ ‘വരാൽ’ പോലുള്ള മത്സ്യം വളർത്താറുണ്ട്. നിലവിൽ മത്സ്യം വളർത്തുന്നതിന് സൗകര്യപ്രദമായ ജലശേഖരങ്ങളോ, ടാങ്കുകളോ പഞ്ചായത്തുടമസ്ഥതയലില്ല. എങ്കിലും മത്സ്യകൃഷിയുടെ സാധ്യതയെ സംബന്ധിച്ച് വിദഗ്ദ ചർച്ചകൾനടത്തുകയും, ഭാവിയിലെങ്കിലും ഇത് തുടങ്ങുന്നതിന് വേണ്ടിയുള്ള പദ്ധതികളാവിഷ്കരിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ടത് അനിവാര്യമായ ഒന്നാണ്.

പൊതുപരിപാടികളിൽ പങ്കെടുക്കാത്തവരെ മടിയന്മാർ എന്നല്ല വിളിക്കേണ്ടത് ഉപയോഗശൂന്യൻ എന്നാണ്.
...പെരിക്ലസ്

# വ്യവസായം

വ്യാവസായിക മേഖലയിൽ മുളിയാർ പഞ്ചായത്ത് വളരെ പിന്നോക്കമാണ്. വലിയ വ്യവസായ സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലില്ല. പരമ്പരാഗതമായ കുടിൽവ്യവസായങ്ങൾ ആദ്യകാലത്ത് ഉണ്ടായിരുന്നുവെങ്കിലും അവയെല്ലാം നാശത്തിൻെറ വക്കിലാണ്. പഞ്ചായത്തിൽ പുതിയ വൻകിട വ്യവസായം ആരംഭിക്കാനുള്ള സ്ഥലസൗകര്യമോ, വൈദ്യുതസൗകര്യമോ ഇല്ല. പക്ഷെ ചെറുകിട വ്യവസായം ആരംഭിക്കാനുള്ള എല്ലാ സൗകര്യങ്ങളും പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ നിന്ന് ഗൾഫ് നാടുകളിലേക്ക് ജോലി അന്വേഷിച്ചുപോയ ഒരുപാടു പേരുണ്ടെങ്കിലും, അവർ അയക്കുന്ന പണം പഞ്ചായത്തിൽ പുതിയ ചെറുകിട വ്യവസായം ആരംഭിക്കുവാനായി ഉപയോഗിക്കപ്പെടുന്നില്ല. അതിനുവേണ്ട പ്രവർത്തനവും നടന്നിട്ടില്ല.

## കളിമൺപാത്രവ്യവസായം

ബോവിക്കാനത്തും പരിസരപ്രദേശത്തും താമസിക്കുന്ന 'കുശവൻ' സമുദായത്തിൽപ്പെട്ട ഏകദേശം ഇരുപതോളം കുടുംബങ്ങൾ ഈ കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു. എന്നാൽ ഇപ്പോൾ ഈ വ്യവസായത്തിൽ പ്രവർത്തിക്കുന്നവരുടെ സംഖ്യ വളരെ കുറഞ്ഞിരിക്കുന്നു.

കളിമൺപാത്രം നിർമ്മിക്കാൻ ആവശ്യമായ കളിമണ്ണ് പഞ്ചായത്തിൽ ലഭ്യമല്ല. ഇതിനു ആവശ്യമായ കളിമണ്ണ് മറ്റു പഞ്ചായത്തുകളിൽ നിന്ന് വാഹനത്തിലാണ് കൊണ്ടുവരിക. സ്ത്രീകളാണ് കളിമണ്ണ് ഉടക്കുന്നതിലും, കളിമണ്ണ് പാകം ചെയ്യുന്നതിലും പ്രധാന പങ്കുവഹിക്കുന്നത്. കലം നിർമ്മാണത്തിലും, വിപണിയിലും സ്ത്രീകളാണ് പ്രധാന പങ്ക് വഹിക്കുന്നത്. വീട് വീടാന്തരം കയറി ഇറങ്ങിയാണ് പ്രധാനമായും വിൽപ്പന നടത്തുന്നത്. മൺപാത്രം നിർമ്മിക്കാൻ ആവശ്യമായ കളിമണ്ണ് കിട്ടാത്തതും, വിറക് ലഭിക്കാത്തതും, ഉൽപ്പാദിപ്പിച്ച മൺപാത്രങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റിംഗ് സംവിധാനം ഇല്ലാത്തതും ഈ വ്യവസായം നേരിടുന്ന പ്രശ്നങ്ങളാണ്. ജോലിക്ക് അനുസരിച്ചുള്ള വേതനം ലഭിക്കാത്ത പ്രശ്നവും ഉണ്ട്. ജനങ്ങൾ കൂടുതലായി അലൂമിനിയം,സ്റ്റീൽ പാത്രം ഉപയോഗിക്കുന്നത് ഈ പരമ്പരാഗത വ്യവസായം നശിക്കാൻ കാരണമായിട്ടുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കന്യാകുമാരി മൺകലത്തിൻെറ വരവും കുടിൽ വ്യവസായത്തെ ബാധിച്ചിട്ടുണ്ട്. പുതിയ തലമുറയിൽപ്പെട്ടവർ ഈ മേഖലയെ ഉപേക്ഷിച്ച് കൂലിപ്പണിയും മറ്റു ജോലികളിലും ഏർപ്പെട്ടിരിക്കുന്നു. സ്ത്രീകൾ തൊഴിൽ രഹിതരായിരിക്കുന്നു.

## ബീഡിവ്യവസായം

പഞ്ചായത്തിലെ പ്രധാന പരമ്പരാഗത കുടിൽ വ്യവസായം ബീഡി നിർമ്മാണമാണ്. സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലുമായി ആയിരത്തോളംപേർ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നു. കേരള ദിനേശ് ബീഡിയുടെ രണ്ട് സംഘങ്ങളും, സ്വകാര്യ മേഖലയിൽ 12 കമ്പനികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. രണ്ട് ദിനേശ് കമ്പനികളിലായി 158 പേർ ജോലി ചെയ്യുന്നു. ഇവരിൽ രണ്ടുപേർ മാത്രമാണ് പുരുഷൻമാർ. കേരളാ ദിനേശ് ബീഡി തൊഴിലാളികൾക്ക് ആ മേഖലയിലെ എല്ലാ തൊഴിൽ ആനുകൂല്യങ്ങളും ലഭിക്കുന്നു.

സ്വകാര്യമേഖലയിലെ ബീഡിതൊഴിലാളികൾ ചൂഷണത്തിന് വിധേയരാകുന്നു. കേരളാ ദിനേശ് ബീഡി തൊഴിലാളികൾക്ക് ആയിരം ബീഡിക്ക് 52 രൂപ കൂലി നൽകുമ്പോൾ സ്വകാര്യ ബീഡി കമ്പനികളിൽ

കൂലി നിരക്ക് 28 രൂപ മുതൽ 32 രൂപവരെ മാത്രമാണ്. സ്വകാര്യ ബീഡിതൊഴിലാളികൾക്ക് പ്രോവിഡണ്ട് ഫണ്ട് ആനുകൂല്യങ്ങളോ, ബോണസ് മറ്റു ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. മിക്ക സ്വകാര്യ ബീഡി കമ്പനികളുടെയും ആസ്ഥാനം കർണ്ണാടകയിലാണ് സ്ഥിതി ചെയ്യുന്നത്.

പഞ്ചായത്തിലെ സ്വകാര്യ ബീഡി കമ്പനിയാണെങ്കിലും, ദിനേശ് ബീഡി കമ്പനിയാണെങ്കിലും മഴക്കാലങ്ങളിൽ തൊഴിലാളികൾക്ക് വേണ്ടത്ര ജോലി ലഭിക്കുന്നില്ല. ആഴ്ചയിൽ 2 മുതൽ 3 ദിവസങ്ങൾ മാത്രമേ ജോലി ലഭിക്കുന്നുള്ളു. ഈ സമയങ്ങളിൽ കുടുംബങ്ങൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നു. ദിനേശ് ബീഡി മേഖലയിൽ ശക്തമായ തൊഴിലാളി സംഘടനകളുണ്ട്. സ്വകാര്യ മേഖലയിൽ തൊഴിലാളികൾ സംഘടിതരല്ലാത്തതു കൊണ്ട്, സ്വകാര്യ ബീഡി ഉടമകൾ ചൂഷണം തുടരുന്നു.

പട്ടിക 1

| നമ്പർ വിഭാഗം | തൊഴിലാളികളുടെഎണ്ണം | | |
|---|---|---|---|
| | പു. | സ്ത്രീ | ആകെ |
| 1. പരമ്പരാഗത കുടിൽവ്യവസായം | | | |
| തഴപ്പായ നിർമ്മാണം | – | 35 | 35 |
| കളിമൺപത്രം നിർമ്മാണം | 10 | 25 | 35 |
| 2. ചെറുകിട വ്യവസായം | | | |
| ബീഡി | 50 | 950 | 1000 |
| ദിനേശ് ബീഡി | 2 | 160 | 162 |
| 3. കൈത്തറി വ്യവസായം | 6 | 7 | 13 |
| ചുണ്ണാമ്പ് | 17 | 8 | 25 |
| പാളത്തൊപ്പി | 6 | 5 | 11 |
| 4. മറ്റു വ്യവസായങ്ങൾ | 40 | 15 | 55 |
| ആകെ | 131 | 1205 | 1336 |

പട്ടിക 2

ചെറുകിട വ്യവസായ യൂണിറ്റുകൾ

| വിഭാഗം | ആകെ | തൊഴിലാളികളുടെഎണ്ണം | | |
|---|---|---|---|---|
| | | പു. | സ്ത്രീ | ആകെ |
| 1. തടിവ്യവസായം | 2 | 6 | – | 6 |
| 2. എൻജിനിയറിംഗ് | 2 | 10 | – | 10 |
| 3. ബേക്കറി | 4 | 12 | – | 12 |
| ആകെ | 8 | 28 | – | 28 |

വ്യവസായ സഹകരണ സംഘങ്ങൾ

പട്ടിക 3

| വിഭാഗം | മെമ്പർമാർ | തൊഴിലാളികളുടെഎണ്ണം | | | ലാഭനഷ്ടം |
|---|---|---|---|---|---|
| | | പു. | സ്ത്രീ | ആകെ | |
| 1. വിവധ വ്യവസായ സഹകരണ സംഘം | 50 | – | 50 | 50 | നഷ്ടം |

## ഖാദി വ്യവസായം

ഖാദി ബോർഡിൻെറ കീഴിൽ മുളിയാറിൽ നൂൽ നൂൽപ്പ് കേന്ദ്രവും പരുത്തി സംസ്കരണ കേന്ദ്രവും പ്രവർത്തിച്ചിരുന്നു. ബോർഡിൻെറ വേറൊരു കേന്ദ്രം കാനത്തൂരിലും,സ്ഥാപിച്ചിരുന്നു. പക്ഷെ തുച്ഛമായ കൂലി നിരക്കും തൊഴിലാളികളെ കിട്ടാത്തതുകൊണ്ടും ഈ രണ്ടു കേന്ദ്രങ്ങളും അടക്കേണ്ടിവന്നു. പഞ്ചായത്തിൽ ബീഡിവ്യവസായം വന്നതോടെ ഖാദി വ്യവസായം നാമാവശേഷമായി.മുളിയാറിൽ സ്ഥാപിച്ച ഖാദിവ്യവസായകേന്ദ്രം അടച്ചിടുകയും, യന്ത്രങ്ങൾ അവിടെനിന്ന് മാറ്റുകയും ചെയ്തു. കാനത്തൂരിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഖാദി വ്യവസായ കേന്ദ്രം തൊട്ടടുത്ത പഞ്ചായത്തിലേക്ക് മാറ്റുകയുണ്ടായി.

ഇപ്പോൾ പഞ്ചായത്തിൽ ഒരു കുടുംബം മാത്രമേ ഖാദിവ്യവസായവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. ഖാദി വ്യവസായത്തിനു വേണ്ടത്ര പ്രോത്സാഹനവും, തൊഴിലാളികൾക്ക് വേണ്ടത്ര ആനുകൂല്യങ്ങളും ലഭിക്കാത്തതുകൊണ്ട് പഞ്ചായത്തിലെ ഖാദി വയവസായം അസ്തമിച്ചിരിക്കുന്നു.

## പായനെയ്ത്, തൊപ്പിപ്പാള

ഈ നൂറ്റാണ്ടിൻെറ ആദ്യകാലം മുതൽ തന്നെ പഞ്ചായത്തിൽ പായനെയ്ത്, കൊരമ്പനെയ്ത്, തൊപ്പിപ്പാള നിർമ്മാണംഎന്നീ കുടിൽ വ്യവസായങ്ങൾ നിലവിലുണ്ടായിരുന്നു. കുടിലുകളിൽ നിർമ്മിക്കപ്പെടുന്ന പായകളും, തൊപ്പിപ്പാളകളും, മറ്റുപ്രദേശങ്ങളിലും നഗരങ്ങളിലും വിൽപ്പന നടത്തുമായിരുന്നു.

പക്ഷെ ഇന്ന് പായ നിർമ്മാണത്തിനു ആവശ്യമായ കൈതഓലകളുടെ ദൗർലഭ്യവും, ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലകിട്ടാത്തതും പായ നിർമ്മാണ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്.പല നിറത്തിലുള്ള കുടകളുടെ വരവോടെ കൊരംബ നിർമ്മാണം അപ്രത്യക്ഷമായിട്ടുണ്ട്. പഞ്ചായത്തിൽ കൃഷിപ്പണികൾ കുറവായതുകൊണ്ട് തൊപ്പിപ്പാളയുടെ ഉപയോഗം ഇല്ലാതായിട്ടുണ്ട്. ഈ മേഖലയിൽ ജോലി ചെയ്തിരുന്ന പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾ ഇന്ന് തൊഴിൽരഹിതരാണ്. ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലകിട്ടാത്തതും, ഇടനിലക്കാരുടെ ചൂഷണവും, ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സംവിധാനം ഇല്ലാത്തതും ഈ മേഖലയിൽ നിന്ന് തൊഴിലാളികൾ പിറകോട്ട് പോകാൻ കാരണമായിട്ടുണ്ട്.

## കല്ല്വെട്ട് വ്യവസായം

പഞ്ചായത്തിൽ യന്ത്രങ്ങളുടെ സഹായത്തിൽ വ്യവസായിക അടിസ്ഥാനത്തിൽ ചെങ്കല്ല് വെട്ട് നടക്കുന്നുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള രണ്ട് കല്ല്വെട്ട് സഹകരണ സംഘങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുണ്ട്.പട്ടികവർഗ്ഗക്കാരുടെ നേതൃത്വത്തിലുള്ള ഒരു സഹകരണസംഘവും ഇതിൽപ്പെടുന്നു. പ്ലാൻേറഷൻ കോർപ്പറേഷൻെറ മുതലപ്പാറയിലുള്ള ഭൂമിയിൽ നിന്ന് കല്ല് വെട്ടലിന് ആവശ്യമായ സ്ഥലം ലീസ് ചെയ്ത് കൊടുക്കുണ്ടെങ്കിലും പഞ്ചായത്തിൽ കാര്യമായ വരുമാനം ഈ മേഖലയിൽ നിന്ന് ലഭിക്കുന്നില്ല.സ്വകാര്യ വ്യക്തികളുടെ പറമ്പുകളിലും ചെങ്കല്ല് , കരിങ്കല്ല് ക്വാറ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവ പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുന്നതിൽ സഹായിക്കുന്നില്ല. ചെങ്കല്ല് വെട്ട് കരിങ്കല്ല് വെട്ട് കാരണം പരിസ്ഥിതിപ്രശ്നങ്ങളുണ്ടാകുവാനുളള സാധ്യതകളുണ്ട്.

പഞ്ചായത്തിൽ കൊത്തിയെടുക്കുന്ന ചെങ്കൽ കാസർകോടിൻെറ എല്ലാ പ്രദേശങ്ങളിലേക്കും കണ്ണൂർ ജില്ലകളിലേക്കും കയറ്റി അയക്കുന്നു. യന്ത്രവൽക്കരണം വന്നതോടുകൂടി വൻമുതലാളികളും, ഇടനിലക്കാരും ഈ മേഖലയെ കൈയടക്കിയിരിക്കുന്നു. ഈ മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരതയോ, സുരക്ഷിതത്വമോ, ക്ഷേമനിധി ആനുകൂല്യങ്ങളോ, ലഭിക്കുന്നില്ല. സ്വകാര്യ കല്ല്വെട്ട് കമ്പനികൾ തൊഴിലാളികളെ ചൂഷണം ചെയ്യുന്നതും പതിവാണ്. മഴക്കാലങ്ങളിൽ ഈ മേഖലയിലെ തൊഴിലാളികൾക്ക് കൃത്യമായി തൊഴിൽ ലഭിക്കാറില്ല.

സഹകരണ മേഖലയിൽ രണ്ട് കല്ലുവെട്ട് സംഘങ്ങൾ പ്രവർത്തിക്കുന്നു.എങ്കിലും ഇവയുടെ നടത്തിപ്പ് തൃപ്തികരമല്ല. പട്ടിക വർഗ്ഗക്കാർക്ക് കല്ലുവെട്ടിനു ആവശ്യമായ യന്ത്രസാമഗ്രികൾ സർക്കാർ വക നൽകിയെങ്കിലും അവയുടെ ശരിയായ രീതിയിലുള്ള മാനേജ്മെൻറ് നടക്കാത്തതുകൊണ്ട് ആ സഹകരണ സംഘം പ്രതീക്ഷിച്ച വിജയം കൈവരിച്ചിട്ടില്ല.

## വെൽഡിംഗ്

ബോവിക്കാനത്ത് മൂന്ന് വെൽഡിംഗ് കേന്ദ്രങ്ങൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. ഇതിൽ ഒന്ന് പട്ടിക ജാതിയിൽപ്പെവർ നേരിട്ട് നടത്തുന്നതാണ്.ഈ കേന്ദ്രത്തിൽ വീട് നിർമ്മാണത്തിനാവശ്യമായ ജനാലകൾ, ഗ്രിൽസ്, ഗെയിറ്റ്, വാഹനം വെൽഡിംഗ് എന്നീ പണികൾ ചെയ്തുകൊടുക്കുന്നു. മൂന്നുകേന്ദ്രങ്ങളിലായി ഇരുപതോളം തൊഴിലാളികൾ ജോലിചെയ്യുന്നു. കുട്ടികളേയും ജോലിചെയ്യിപ്പിക്കുന്നു. മാസ്തിക്കുണ്ടിൽ ജലസേചനമോട്ടോർകളുടെ റിപ്പയർ കേന്ദ്രവും, ബോവിക്കാനത്ത് ഇരുചക്ര, മൂന്നുചക്ര വാഹനങ്ങളുടെ റിപ്പയർ കേന്ദ്രവും സ്വകാര്യമേഖലയിൽ

പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ എൻജിനീയറിംഗ് മേഖലയിൽ കൂടുതൽ വികസനത്തതിന് സാധ്യതകളുണ്ട്.

## റൈസ് മിൽ

പഞ്ചായത്തിൽ രണ്ട് റൈസ് മില്ലുകൾ പ്രവർത്തിക്കുന്നു. എണ്ണയാട്ടുന്ന മില്ലും ഇതിൽ തന്നെ പ്രവർത്തിക്കുന്നു. പത്ത് വർഷങ്ങൾക്ക് മുമ്പ് കോട്ടൂരിൽ ഡീസലിൽ പ്രവർത്തിച്ചിരുന്ന റൈസ്മിൽ ഉണ്ടായിരുന്നുവെങ്കിലും പിന്നീട് അത് ഇല്ലാതായി. പഞ്ചായത്തിലേയും സമീപ പ്രദേശത്തിലേയും കർഷകർ തങ്ങളുടെ ഉൽപ്പന്നങ്ങളായ നെല്ല്, കൊപ്ര ഇവിടെക്കാണ് കൊണ്ടുവരുന്നത്. മൊത്തം രണ്ട് തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നു.

## കാർപെൻററി

ഇരുമ്പുപണി ചെയ്യുന്ന മൂന്നു കേന്ദ്രങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കർഷകരുടെ പണി ആയുധങ്ങളും മറ്റുമാണ് ഇവിടെ ഉൽപ്പാദിപ്പിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നത്. പഞ്ചായത്തിൽ കൃഷിപ്പണികൾ കുറഞ്ഞുവരുന്നതും, ഈ തൊഴിലിന് ആവശ്യമായ അസംസ്കൃത വസ്തുവായ കരിയുടെ ദൗർലഭ്യവും, കുടിൽ വ്യവസായത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പരമ്പരാഗതമായ തൊഴിൽ രീതിയെ പിന്തുടരുന്നതുകൊണ്ടും ഈ കുടിൽ വ്യവസായം നടത്തികൊണ്ടിരുന്ന കൊല്ലൻ വർഗ്ഗത്തിൽപ്പെടുന്നവർ മറ്റു മേഖലകളിലേക്ക് നീങ്ങുകയാണ്.

## തടിവ്യവസായം

പതിറ്റാണ്ടുകൾക്ക് മുമ്പ് പഞ്ചായത്തിലെ എല്ലാ വീട്ടുപരിസരങ്ങളിലും വലിയ മരങ്ങൾ ധാരാളം ഉണ്ടായിരുന്നു. പക്ഷെ വീട് പണിയുന്ന ആവശ്യത്തിനും റോഡ് നിർമ്മിക്കുന്നതിനും വിൽപ്പന നടത്തുന്നതിന് വേണ്ടിയും മരങ്ങളെ വെട്ടിമാറ്റുകയാണുണ്ടായത്.

പഞ്ചായത്തിൽ ഇപ്പോൾ രണ്ട് ഫർണീച്ചർ നിർമ്മിക്കുന്ന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇതിനു ആവശ്യമായ തടികൾ പഞ്ചായത്തിൻെറ അകത്തുനിന്നും പുറത്തുനിന്നും കൊണ്ടുവരുന്നു. വുഡ് കാർവിംഗിൻെറ ഒരു കേന്ദ്രം ബോവിക്കാനത്തു പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ നിലവിലില്ല. നാല് ആശാരിമാരും സഹായികളും ഈ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്നു.

## ചുണ്ണാമ്പ് വ്യവസായം

പഞ്ചായത്തിലെ ബോവിക്കാനത്തും, കാനത്തൂരിലും പരമ്പരാഗതമായി ചുണ്ണാമ്പ് ഉൽപാദിപ്പിക്കുന്ന 2 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇവിടുത്തെ ഗോത്രവർഗ്ഗക്കാരായ ' മാദിക' സമുദായത്തിൽപ്പെട്ടവരാണ് പരമ്പരാഗതമായി മണ്ണിൽ നിർമ്മിച്ച ചൂളകളിൽ ചുണ്ണാമ്പ് ഉൽപാദിപ്പിക്കുന്നത് ചുണ്ണാമ്പ് നിർമ്മിക്കാൻ ആവശ്യമായ കക്കചിപ്പി , കാസറഗോഡ് കാഞ്ഞങ്ങാട് പ്രദേശത്തുനിന്നാണ് ശേഖരിച്ചുകൊണ്ടുവരുന്നത്.

പക്ഷെ കക്കചിപ്പി വേണ്ടത്ര ലഭിക്കാത്തതും അവയെ കൊണ്ടുവരാനുള്ള പ്രയാസം മൂലവും ഈ കുടിൽ വ്യവസായം നിശ്ചലമായി കൊണ്ടിരിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ ചുണ്ണാമ്പ് ഉൽപാദനത്തെക്കുറിച്ചുള്ള അറിവില്ലായ്മയും യുവാക്കൾ ഈ മേഖലയിൽ മുമ്പോട്ട് വരാത്തതും ഈ പരമ്പരാഗത കുടിൽ വ്യവസായം നേരിടുന്ന മറ്റു പ്രശ്നങ്ങളാണ്. പുതിയ തലമുറയിൽപ്പെട്ടവർ മറ്റു തൊഴിൽ മേഖലയിലേക്ക് പോകുകയാണ്. പഞ്ചായത്തിലെ കൃഷി ആവശ്യങ്ങൾക്കും മറ്റു വ്യവസായങ്ങൾക്കുമാവശ്യമായ ചുണ്ണാമ്പ് ഈ കുടിലുകളിൽ തന്നെ ഉൽപാദിപ്പിച്ച് മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുകയാണെങ്കിൽ നാമാവശേഷമാകുന്ന ഈ കുടിൽ വ്യവസായത്തെ രക്ഷിക്കാവുന്നതാണ്.

പട്ടിക 5
വിവിധ മേഖലകളിലെ കൂലിനിരക്ക്

| നമ്പർ | ഇനം | കൂലിനിരക്ക് | |
|---|---|---|---|
| | | പു. | സ്ത്രീ |
| 1. | തടിവ്യവസായം | 100 | |
| 2. | ബേക്കറി | 75 | – |
| 3. | മില്ല് | 100 | – |
| 4. | പായനെയ്ത്ത് | – | 25 |
| 5. | സോഡാ നിർമ്മാണം | 50 | – |
| 6. | എൻജനീയറിംഗ് | 75 | – |
| 7. | കല്ല് വെട്ട് | 100 | – |
| 8. | പാളതൊപ്പി | 15 | 15 |
| 9. | ചുണ്ണാമ്പ് | 25 | 25 |

## ബേക്കറി വ്യവസായം

നാല് ബേക്കറി ഷോപ്പുകളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് . ഏഴ് വർഷങ്ങൾക്ക് മുമ്പ് സഹകരണാടിസ്ഥാനത്തിൽ ബോവിക്കാനത്തും ഇരിയണ്ണിയിലും 2 ബേക്കറി കൾ ആരംഭിച്ചിരിന്നുവെങ്കിലും അവയുടെ പ്രവർത്തനം പിന്നീട് നിശ്ഫലമായി. ഇപ്പേഴുള്ള നാല് കടകളും സ്വകാര്യമേഖലയിലാണ് പ്രവർത്തിക്കുന്നത് ഇതിൽ ഒന്ന് ഇരിയണ്ണിയിലുംമൂന്നെണ്ണം ബോവിക്കാനത്തും സ്ഥിതിചെയ്യുന്നു. ആഹാര സാധനങ്ങൾ ബേക്കറികളിൽ തന്നെ ഉൽപാദിപ്പിച്ച് വാഹനം വഴിയും മറ്റും വിൽപന നടത്തുന്നുണ്ട്.കൂടുതൽ തൊഴിലവസരങ്ങൾ ഈമേഖലയിൽ സൃഷ്ടിക്കപ്പെട്ടിട്ടില്ല.

## സോഡ നിർമ്മാണം

പഞ്ചായത്തിൽ രണ്ട് സോഡ നിർമ്മാണ ഫാക്ടറികളാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ അകത്തും പുറത്തുമായി വിൽപന നടത്തുന്നു. സ്വകാര്യ മേഖലയിലാണ് ഇത് പ്രവർത്തിക്കുന്നത്.

സഹകരണസ്ഥാപനങ്ങൾ വഴി ചെയ്യാൻ പറ്റുന്ന വ്യവസായങ്ങൾ

| | പട്ടിക 7 തുടർച്ച |
|---|---|
| വനിത | 1. റെഡിമെയ്ഡ് വസ്ത്രങ്ങൾ<br>2. അലക്ക് സോപ്പ് നിർമ്മാണം<br>3. സോപ്പ് പൊടി നിർമ്മാണം<br>4. പേപ്പർ കവർ നിർമ്മാണം |
| സഹകരണ സംഘം ( വനിത ) | 1. കുട, നോട്ട് ബുക്ക് നിർമ്മാണം<br>2. സ്കൂൾ ബാഗ് നിർമ്മാണം<br>3. കറി പൗഡർ, അച്ചാറ് മുതലായവ |
| സഹകരണ സംഘം ( ജനറൽ) | 1. സ്റ്റീൽ ഫർണിച്ചർ<br>2. ഇഷ്ടിക നിർമ്മാണം<br>3. നെയ്ത്ത്<br>4. പഠനസഹായ സാമഗ്രികൾ ലബോറട്ടറി ഉൽപന്നങ്ങൾ |
| സഹകരണ സംഘം (പട്ടിക ജാതി) | 1. കൂൺ കൃഷി<br>2. കിടക്ക നിർമ്മാണം<br>3. പായനെയ്ത്, തൊപ്പി പാള. |

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാദ്ധ്യതയുള്ള സാധനങ്ങൾ.

| നമ്പർ | ഇനം |
|---|---|
| 1. | ശാസ്ത്രീയമായ കോഴിവളർത്തൽ |
| 2. | മരം ഫർണീച്ചർ |
| 3. | ഹവായ് ചെരിപ്പ് |
| 4. | സ്കൂൾ ബാഗ് |
| 5. | ജനറൽ എൻജനീയറിംഗ് |
| 6. | ഇരുചക്ര വാഹനങ്ങളുടെ വർക്ക് ഷോപ്പ് |
| 7. | ഷൂ നിർമ്മാണം |
| 8. | കൊപ്ര സംസ്കരണം |
| 9. | നോട്ട് ബുക്ക് നിർമ്മാണം |
| 10. | കശുവണ്ടി ഫാക്ടറി |
| 11. | വാഴ നാര് ,കവുങ്ങിൻ പള മുതലായവ കൊണ്ട് കൗതുകവസ്തുക്കൾ ഡിസ്പോസിബിൾ പ്ലയിറ്റ് നിർമ്മാണം. |
| 12. | തേനീച്ച വളർത്തൽ. |

പട്ടിക 6

| നമ്പർ | ഇനം |
|---|---|
| 1. | കാർപ്പറ്റ് , ചകിരിനാരിൻെറ കിടക്ക , തലയണ മുതലായവ |
| 2. | തെങ്ങ് കൊണ്ട് കെട്ടിടനിർമ്മാണ സാമഗ്രികളും ഫർണിച്ചറുകളും |
| 3. | തേങ്ങ പൗഡർ , ക്രീമുകൾ മുതലായവ |
| 4. | വെളിച്ചെണ്ണ |
| 5. | ചിപ്സ് നിർമ്മാണം, ( നേന്ത്രക്കായ , കപ്പ, ഉറുളക്കിഴങ്ങ് മുതലായവ കൊണ്ട് ) |
| 6. | തവി, ചട്ടുകം സ്പൂൺ മുതലായ ഗൃഹോപകരണങ്ങൾ |
| 7. | പഴം, ജാമുകൾ , കൈതച്ചക്ക , നേന്ത്രപ്പഴം, ചക്ക, മാങ്ങ |
| 8. | ഫാൻസി , ഫൈബർ , വാഴനാര് ,കൈതനാര് |
| 9. | പേപ്പർ പൾപ്പ് കൊണ്ട് കട്ടിയുള്ള കടലാസും കരകൗശലവസ്തുക്കളും. |
| | ഇവിടെ ലഭ്യമാകുന്ന അസംസ്കൃതപദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കാൻ പറ്റുന്ന സാധ്യതകൾ. |

## പ്രശ്നങ്ങൾ

വ്യവസായ മേഖലയിൽ പിന്നോക്കം നിൽക്കുന്ന മുളിയാർ പഞ്ചായത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാനായി വേണ്ട സ്ഥലസൗകര്യമോ താൽപര്യമുള്ള വ്യക്തികളോ ഇല്ലാത്തതു പ്രധാന പ്രശ്നമാണ്. വ്യവസായം തുടങ്ങുവാൻ ആഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി പുതിയ വ്യവസായം തുടങ്ങുവാനുള്ള സാധ്യതകളെകുറിച്ച് ആശയവിനിമയം നടന്നിട്ടില്ല.

1. പരമ്പരാഗത വ്യവസായമായ കളിമൺപാത്ര നിർമ്മാണം , ബീഡി, ചുണ്ണാമ്പ് ഉൽപ്പാദനം, പായ നെയ്ത്, കല്ലുവെട്ട്, എന്നിവ പ്രതിസന്ധി നേരിടുകയാണ്.

2. കളിമൺപാത്ര നിർമ്മാണത്തിനു ആവശ്യമായ കളിമൺ പഞ്ചായത്തിൽ ലഭ്യമല്ല. മറ്റുപ്രദേശങ്ങളിൽ നിന്ന് വേണ്ടത്ര കിട്ടാറില്ല.

3. കളിമൺ എത്തിക്കാൻ ചുമട്ടുകൂലി, വാഹനവാടക എന്നീ ഇനത്തിൽ ഭീമമായ സംഖ്യ ചെലവഴിക്കേണ്ടിവരുന്നു.

4. മൺകലം നിർമ്മിക്കാൻ ആവശ്യമായ വിറകിൻെറ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു.

5. ഉൽപ്പാദിപ്പിച്ച പാത്രങ്ങൾക്ക് ശരിയായ മാർക്കറ്റിംഗ് സംവിധാനം, ന്യായമായ വില കിട്ടാനുള്ള സംവിധാനം ഇല്ല.

6. സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന ബീഡി തൊഴിലാളികൾക്ക് ന്യായമായ കൂലി ലഭിക്കുന്നില്ല.

7. ബീഡി തൊഴിലാളികൾക്ക് എല്ലാ ദിവസവും ജോലി ലഭിക്കുന്നില്ല.

8. സ്വകാര്യ ബീഡി തൊഴിലാളികൾ ഇടത്തട്ടുകാരുടെ ചൂഷണത്തിനു വിധേയരാകുന്നു. തൊഴിലാളികൾക്ക് ന്യായമായി ലഭിക്കേണ്ട പ്രോവിഡണ്ട് ഫണ്ട്, ബോണസ് മറ്റു സാമ്പത്തിക ആനുകൂല്യങ്ങൾ ഉടമകൾ കൃത്യമായി നൽകുന്നില്ല.

9. സ്വകാര്യ ബീഡി തൊഴിലാളികൾ പലപല സ്ഥലങ്ങളിൽ ജോലി ചെയ്യുന്നതുകൊണ്ട് അവർ സംഘടിതരല്ല.

10. ബീഡി വ്യവസായം മൊത്തമായി നേരിടുന്ന പ്രശ്നം പഞ്ചായത്തിലെ ബീഡി വ്യവസായത്തെയും ബാധിച്ചിരിക്കുന്നു.

11. പരമ്പരാഗതമായി നടത്തികൊണ്ടിരിക്കുന്ന ചുണ്ണാമ്പ് ഉൽപ്പാദന കുടിൽ വ്യവസായത്തിനും വേണ്ടത്ര പ്രോത്സാഹനവും, സംരക്ഷണവും ലഭിക്കുന്നില്ല.

12. ചുണ്ണാമ്പ് വ്യവസായത്തിനു ആവശ്യമായ അസംസ്കൃതവസ്തുക്കൾ കൃത്യസമയത്ത് ന്യായമായ വിലക്ക് ലഭിക്കുന്നില്ല.

13. ശാസ്ത്രീയമായി ചുണ്ണാമ്പ് ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടത്ര പരിശീലനവും, സഹായവും ലഭിക്കുന്നില്ല.

14. ചുണ്ണാമ്പ് ഉൽപ്പന്നങ്ങൾക്ക് ശരിയായ മാർക്കറ്റിംഗ് ഇല്ല.

15.പായ നെയ്തിന് ആവശ്യമായ അസംസ്കൃതവസ്തുക്കൾ ലഭ്യമല്ല.

16. ഇടനിലക്കാർ പായനെയ്ത്തുകാരെ ചൂഷണം ചെയ്യുന്നു.

17. പായ, തൊപ്പിപ്പാളകളുടെ ഉപയോഗം കുറഞ്ഞു വരുന്നു.

18.ചെങ്കൽവെട്ട് മേഖലയിൽ യന്ത്രവൽക്കരണം കൊണ്ട് സാധാരണക്കാരായ കല്ലുവെട്ടു തൊഴിലാളികളുടെ തൊഴിൽ നഷ്ടമാകാനുള്ള സാധ്യതകളേറിയിട്ടുണ്ട്.

19. കല്ല്വെട്ട് മേഖലയിൽ കുത്തകകളുടെ കടന്നാക്രമണം പരമ്പരാഗത തൊഴിൽ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്.

20. കല്ലുവെട്ട് തൊഴിലാളികൾക്ക് ക്ഷേമനിധിപോലുള്ള യാതൊരു തൊഴിൽ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. അവർക്ക് ജോലി സ്ഥിരത , സുരക്ഷിതത്വം എന്നിവ ഇല്ല.

പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന ഖാദി വ്യവസായം നിലനിർത്താനുള്ള പ്രവർത്തനം ഒന്നും നടത്തിയിട്ടില്ല.വെൽഡിംഗ് , എൻജിനീയറിംഗ് മേഖലയിൽ നിലവിലുള്ള ആവശ്യങ്ങൾക്കൊത്ത് പുതിയ സ്ഥാപനം ആരംഭിക്കുവാൻ പുതിയ സംരംഭകർ മുന്നോട്ട് വരുന്നില്ല. സഹകരണ മേഖലയിൽ പ്രവർത്തിച്ചിരുന്ന ബേക്കറിയുടെ പുനർപ്രവർത്തനത്തിന്, പുതിയ സഹകരണ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനോടുള്ള ഇച്ഛാ ശക്തിയുടെ കുറവുണ്ട്. കാർപെൻററി മേഖലയിൽ കുടിൽ വ്യവസായികൾക്ക് ആവശ്യമായ 'കരി' ലഭിക്കുന്നില്ല. ബീഡി മേഖല ഒഴിച്ചാൽ മറ്റൊരു മേഖലയിലും സ്ത്രീകൾക്ക് നേതൃത്വം നൽകുന്ന വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല.

## പരിഹാരം, സാധ്യതകൾ

1. പഞ്ചായത്തിൽ 4 എസ്റ്റേറ്റുകളിലായി കേരളാ പ്ലാൻേറഷൻ കോർപ്പറേഷൻെറ കശുവണ്ടി കൃഷി വ്യാപിച്ചുകിടക്കുന്നു.. സ്വകാര്യ വ്യക്തികളും കശുവണ്ടി കൃഷി ചെയ്യുന്നു. ഈ കാർഷിക ഉൽപ്പന്നത്തെ ഉപയോഗിച്ചുകൊണ്ട് പഞ്ചായത്ത് ആസ്ഥാനം കേന്ദ്രമാക്കി ഒരു കശുവണ്ടി വ്യവസായ കേന്ദ്രം ആരംഭിക്കാവുന്നതാണ്. കശുവണ്ടി പരിപ്പ് ഉൽപ്പാദിപ്പിക്കുന്നതോടൊപ്പം, കശുവണ്ടി തൊണ്ടിൽ നിന്ന് എണ്ണ ഉൽപ്പാദനം, പഴത്തിൽ നിന്ന് സ്ക്വാഷ്, ജാം, ശീതളപാനീയങ്ങൾ എന്നിവ നിർമ്മിക്കുന്നതിനു പര്യാപത്മായ ഒരു വ്യവസായ സഹകരണ സംഘം സ്ഥാപിക്കുയാണെങ്കിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിക്ക് ന്യായമായ വില ലഭിക്കുന്നതോടൊപ്പം ഒരുപാട് തൊഴിൽ സാധ്യതയു ഉണ്ടാകും.

2. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു ക്ഷീരസഹകരണസംഘം സ്ഥാപിക്കാവുന്നതാണ്.പഞ്ചായത്തിലെ ക്ഷീര കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാൽ വിതരണം നടത്താൻ ഇപ്പോൾ ഒരു സംവിധാനവും ഇല്ല.

3. പഞ്ചായത്തിൽ പട്ടുനൂൽകൃഷി നടത്തുന്ന കർഷകരുണ്ടെങ്കിലും, പട്ടുനൂൽ ഉൽപ്പാദിപ്പിക്കുവാനോ

വിൽപ്പന നടത്തുവാനോ വേണ്ട സൗകര്യങ്ങൾ ഇവിടെ ഇല്ല. പട്ടുനൂൽ കൃഷി അടിസ്ഥാനമാക്കി പട്ടുനൂൽ പുഴുവളർത്തലും, പട്ട്നൂൽ ഉൽപ്പാദനത്തിനുമായി ഒരു ചെറുകിട വ്യവസായ സംഘം ആരംഭിക്കാവുന്നതാണ്.

4. സഹകരണ അടിസ്ഥാനത്തിൽ കൊപ്ര സംഭരണവും, വെളിച്ചെണ്ണ, കാലിത്തീറ്റ ഉൽപ്പാദനവും നടത്തുന്ന ചെറുകിട വ്യവസായ കേന്ദ്രം ആരംഭിക്കാവുന്നതാണ്.

5. മൺപാത്രനിർമ്മാണ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി മൺപാത്ര നിർമ്മണ, വിപണന വ്യവസായ സഹകരണ സംഘം ആരംഭിക്കുകയാണെങ്കിൽ, കളിമൺ ഉപയോഗിച്ച് നടത്തുന്ന മൺപാത്ര ചെറുകിട വ്യവസായത്തെ രക്ഷിക്കാവുന്നതാണ്.

6. ചുണ്ണാമ്പ് വ്യവസായത്തെ രക്ഷിക്കാൻ ഈ മേഖലയിലെ തൊഴിലാളികൾക്ക്, വ്യവസായത്തിന് ആവശ്യമായ അസംസ്കൃതവസ്തുക്കൾ എത്തിക്കുന്നതിനും, ചുണ്ണാമ്പ് ഉൽപ്പാദനത്തിൽ നൂതനസാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനെക്കുറിച്ചും തൊഴിലാളികളെ പരിശീലിപ്പിക്കുവാനും നടപടികൾ സ്വീകരിക്കാവുന്നതാണ്.

7. പായ നിർമ്മാണം, കൊട്ട നെയ്ത് എന്നീ കുടിൽ വ്യവസായത്തിനു വേണ്ട അസംസ്കൃതവസ്തുക്കൾ ശേഖരിക്കുന്നതിനുളള പ്രശ്നങ്ങളെ പരിഹരിച്ചു ഈ ഉൽപ്പന്നങ്ങൾക്ക് ശരിയായ മാർക്കറ്റിംഗ് സംവിധാനം സ്ഥാപിക്കുകയാണെങ്കിൽ ഈ മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ട വനിതകൾക്ക് തൊഴിൽ സാധ്യത വീണ്ടെടുക്കുവാൻ സാധിക്കുന്നതാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കാർപെൻററി യൂണിറ്റ്
2. മസാല നിർമ്മാണ യൂണിറ്റ്
3. നെയ്ത് സഹകരണ സംഘം
4. തയ്യൽ യൂണിറ്റ്
5. സോപ്പ് നിർമ്മാണം
6. പായനെയ്ത്
7. മെഴുകുതിരി
8. തേനീച്ച വളർത്തൽ
9. വെൽഡിംഗ് യൂണിറ്റ്
10. റെഡിമെയ്ഡ് വസ്ത്രയൂണിറ്റ്

പഞ്ചായത്തിൽ വ്യവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനു പുതിയ കർമ്മപരിപാടി തയ്യാറാക്കേണ്ടതാണ്. മേൽപറഞ്ഞ നിർദ്ദേശങ്ങൾ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ പഞ്ചായത്തിൻെറ ചെറുകിട വ്യവസായ മേഖലയിൽ കാര്യമായ പുരോഗതി ഉണ്ടാക്കാൻ സാധിക്കും. പഞ്ചായത്തിലെ കാർഷിക വിളകളെ ഉപയോഗിച്ച് കൊണ്ട് തന്നെ പുതിയ ചെറുകിട വ്യവസായം ആരംഭിക്കുകയാണെങ്കിൽ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതോടൊപ്പം കൂടുതൽ തൊഴിൽ അവസരങ്ങളും ഉണ്ടാകും. ഗൾഫ് മലയാളികളേയും മറ്റു സംരംഭകരേയും കൂടുതലായി ഈ മേഖലയിലേക്ക് വരുത്തേണ്ടത് ആവശ്യമാണ്. പുതിയ വ്യവസായിക സംരംഭങ്ങൾ ആരംഭിക്കുകയാണെങ്കിൽ പഞ്ചായത്തിൻെറ മൊത്തമായ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും ആളോഹരി വരുമാനം വർദ്ധപ്പിക്കുകയും ചെയ്യും.

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

പട്ടിക 4

| ക്ര.ന. | ഇനം | തൊഴിലാളികളുടെ എണ്ണം. | | |
|---|---|---|---|---|
| | | പുരുഷ: | സ്ത്രീ | ആകെ |
| 1. | തഴപ്പായ | – | 35 | 35 |
| 2. | മൺപാത്രനിർമ്മാണം | 10 | 25 | 35 |
| 3. | കൈയ്ത്തറി നെയ്ത്ത് | 6 | 7 | 13 |
| | ആകെ | 16 | 67 | 83 |

# പാർപ്പിടവും സാമൂഹ്യക്ഷേമവും

34.32 കി.മീ. വിസ്തൃതിയിൽ പടിഞ്ഞാറ് ഭാഗം മാസ്തിക്കുണ്ട് കിഴക്കെപുറം മുതൽ കിഴക്ക് പാണൂർ വരെ നീണ്ടുകിടക്കുന്ന കുന്നുകളും മലകളും താഴ്‌വരകളും സമതലങ്ങളും വനങ്ങളും നിറഞ്ഞ ഭൂപ്രകൃതിയിൽ ഏറെ വൈവിധ്യം കണ്ടുവരുന്ന മുളിയാർ പഞ്ചായത്തിൽ പാർപ്പിടങ്ങളിൽ ഭൂരിഭാഗവും പരിമിത സൗകര്യങ്ങളോടുകൂടിയ ഓടുമേഞ്ഞ വീടുകളും, പുല്ലുമേഞ്ഞ വീടുകളുമാണ്. ആധുനിക സൗകര്യങ്ങളോടുകൂടിയ വീടുകളുടെ എണ്ണം വർഷം പ്രതി വർദ്ധിച്ചു വരുന്ന സാഹചര്യം നിലവിലുണ്ട്. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കണക്കുകൾ പരിശോധിച്ചാൽ കെട്ടിടങ്ങളുടെ വർദ്ധനവ് മനസ്സിലാക്കാം. 19881 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 3231 വീടുകൾ മാത്രമേ ഉള്ളൂ. വാസയോഗ്യവും മിനിമം സൗകര്യങ്ങളുമുള്ള ഒരു വീട് പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും നിർമ്മിക്കുക എന്നത് തന്നെ ഏറ്റവും വലിയ ഒരു പ്രശ്നമായി നിലനിൽക്കുന്നു. ദാരിദ്രരേഖയ്ക്ക് താഴെയുള്ള 1487 കുടുംബങ്ങളിൽ 766 പേർക്ക് മാത്രമേ സ്വന്തമായി വീടുള്ളൂ. കൂട്ടുകുടുംബമായി താമസിക്കുന്നവരുടെ എണ്ണവും കൂടി കണക്കിലെടുത്താൽ വീട് ആവശ്യമുള്ളവരുടെ എണ്ണം എത്രയോ കൂടുതലായിരിക്കും. വിവിധ ഗ്രാമസഭാ റിപ്പോർട്ടുകൾ പരിശോധിച്ചാൽ 2000 ത്തോളം വീടുകൾ ഇനിയും നിർമ്മിക്കേണ്ടതായിട്ടുണ്ട് എന്ന് കണ്ടെത്താൻ കഴിയും.

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവിരങ്ങൾ പട്ടിക 1 ൽ ചേർത്തിരിക്കുന്നു

( പട്ടിക 1 കാണുക)

ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ തന്നെ സ്വന്തമായി ഭൂമി ഇല്ലാത്തതിനാൽ വീട് വെയ്ക്കാൻ കഴിയാത്തവർ ഏറെയുണ്ട്. അത്തരക്കാർക്ക് വീട് നിർമ്മിക്കാനാവശ്യമായ സ്ഥലം, സാമ്പത്തിക സഹായം എന്നിവ എത്തിച്ചെങ്കിലേ ഇന്നത്തെ പാർപ്പിട ക്ഷാമം പരിഹരിക്കാൻ കഴിയൂ. ബ്ലോക്കുവഴിയും മറ്റുമുള്ള ഭവന നിർമ്മാണ സഹായം വളരെ പരിമിതമാണെന്ന് മേൽപ്പട്ടിക നോക്കിയാൽ അറിയാം. വിവിധ പദ്ധതികൾ വഴി അനുവദിക്കുന്ന വീടുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും അതിനുള്ള സാമ്പത്തിക സഹായത്തിൻെറ തോത് വർദ്ധിപ്പിക്കുകയും ചെയ്യണം. എങ്കി ലേ ഇന്ന ത്തെ വിലവർദ്ധനവ് വഴിയുള്ള അധികചെലവിനെ കണക്കിലെടുത്ത് വീട് പൂർത്തിയാക്കാനുള്ള സാഹചര്യം ഉണ്ടാവൂ. മാത്രമല്ല ഗുണഭോക്താക്കളുടെയും കുടുംബങ്ങളുടേയും പരിപൂർണ്ണ മനുഷ്യാധ്വാനം ഇതിന് കൂടിയേ കഴിയൂ. വീടുകളുമായി ഒരു ആത്മബന്ധം സ്ഥാപിക്കാൻ ഇതിന് കഴിയും.

പാർപ്പിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വിലവർദ്ധനവും പാർപ്പിട നിർമ്മാണത്തെ സാരമായി ബാധിക്കുന്നു . ചെങ്കൽ, കരിങ്കൽ എന്നീ വിഭവങ്ങൾ പഞ്ചായത്തിൽ പല സ്ഥലത്തുമുണ്ട്. അവ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുകയാണെങ്കിൽ അവയുടെ ദൗർലഭ്യം ഇല്ലാതാക്കാം.ഈ മേഖലകളിൽ പഞ്ചായത്തിൽ കൂട്ടായ സംരംഭങ്ങൾ സഹകരണാടിസ്ഥനത്തിൽ ഉണ്ടാവേണ്ടിയിരിക്കുന്നു. സിമൻറ് , കമ്പി, മുതലായവയ്ക്ക് വർഷം തോറും വർദ്ധിച്ചുവരുന്ന വില, കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കൂലി വർദ്ധനവ് എന്നിവയൊക്കെ പാർപ്പിട നിർമ്മാണത്തെ സാരമായി ബാധിച്ചുവരുന്നു.

പഞ്ചായത്തിൽ തൊഴിലാളികളായവരുടെ എണ്ണം ഏറെയുണ്ടെങ്കിലും കെട്ടിട നിർമ്മാണരംഗത്ത് വൈദഗ്ധ്യം ഉള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ രംഗത്തേക്ക് കൂടുതൽ ആൾക്കാർ കടന്നുവരാത്തത് കാരണം തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നു. അഭ്യസ്ത വിദ്യരായ തൊഴിലില്ലാത്തവർക്ക് ചെലവ് കുറഞ്ഞ വീട് നിർമ്മാണരീതികളിലും മറ്റും ആവശ്യമായ പരിശീലനം നല്കി അവരെ ഈ രംഗത്തേക്ക് ആകർഷിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. നിർമ്മിതികേന്ദ്രം മുതലായ പരിശീലനകേന്ദ്രങ്ങളുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ കൂടി വ്യാപിപ്പിക്കാൻ ശ്രമങ്ങൾ തുടങ്ങേണ്ടി

പട്ടിക 1

| വാർഡ് | ആകെ കെട്ടിടങ്ങൾ | ഒന്നിൽ കൂടുതൽ നിലയുള്ളത് | കോൺക്രീറ്റ് | ഓടുവെച്ചത് | ഓലമേഞ്ഞത് |
|---|---|---|---|---|---|
| 1 | 456 | 1 | 24 | 323 | 108 |
| 2 | 521 | 7 | 49 | 411 | 54 |
| 3 | 458 | 4 | 31 | 356 | 67 |
| 4 | 529 | 6 | 21 | 448 | 54 |
| 5 | 426 | 3 | 130 | 266 | 27 |
| 6 | 341 | 2 | 129 | 146 | 64 |
| 7 | 401 | 2 | 134 | 213 | 52 |
| 8 | 472 | 6 | 153 | 286 | 27 |
| 9 | 479 | 5 | 125 | 245 | 104 |
| 10 | 402 | 4 | 114 | 127 | 157 |
| ആകെ | 4485 | 40 | 910 | 2821 | 714 |

( അവലംബം : സെക്കൻററി ഡേറ്റ)

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബ്ബല വിഭാഗങ്ങൾക്കായി വിവിധ ഭവനനിർമ്മാണ പദ്ധതികൾ വഴി വീട് നിർമ്മാണത്തിന് ധനസഹായം ലഭിച്ചവരുടെ വിവരങ്ങൾ തഴെ പട്ടി 2 ൽ കാണിച്ചിരിക്കുന്നു.

പട്ടിക 2

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങൾ ഐ.ആർ.ഡി.പി.1992 | വിവധ പദ്ധതികളിലായി അനുവദിച്ച വീടുകൾ | പൂർത്തികരിച്ച വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകൾ |
|---|---|---|---|---|
| 1 | 76 | 2 | 1 | 74 |
| 2. | 71 | 9 | 8 | 62 |
| 3. | 104 | 13 | 9 | 91 |
| 4. | 48 | 23 | 21 | 25 |
| 5 | 52 | 10 | 9 | 42 |
| 6. | 116 | 3 | 2 | 113 |
| 7. | 68 | 9 | 7 | 59 |
| 8. | 87 | 14 | 13 | 73 |
| 9 | 99 | 20 | 14 | 79 |

യിരിക്കുന്നു.

പാരമ്പര്യ പാർപ്പിട നിർമ്മാണ രീതി അന്യം നിന്ന് പോകുന്ന അവസ്ഥ ഇന്ന് നിലവിലുണ്ട്. കോൺക്രീറ്റ് സൗധങ്ങളുടെ മിനുമിനുപ്പിൽ അത്തരം കാര്യങ്ങൾ മറന്നുപോകുന്നു. അവ നഷ്ടമാകാതെ സൂക്ഷിക്കാൻ പദ്ധതികൾ കണ്ടെത്തണം. പരമ്പരാഗത രീതിയും ആധുനിക രീതിയും സമന്വയിപ്പിച്ച് ചെലവ് ചുരുങ്ങിയ കെട്ടിട നിർമ്മാണ രീതി ഉരുത്തിരിച്ചെടുക്കേണ്ടിയിരിക്കുന്നു.

നൂതന രീതിയിലുള്ള പണച്ചിലവ് ഏറിയ വീടുകളുടെ നിർമ്മാണം വളരെ വർദ്ധിച്ചുവരുന്നതായി കാണാം. ആഡംബരപൂർണ്ണമായ ഇത്തരം വീടുകൾക്ക് നിയന്ത്രണം ഉണ്ടാക്കും വിധം നിർമ്മാണചിലവ് ഒരു നിശ്ചിതപരിതികഴിയുന്നവയ്ക്ക് അധിക നികുതി ചുമത്താവുന്നതാണ്.

വീട് നിർമ്മിക്കാനാവശ്യമായ സ്ഥലത്തിന്റെ കുറവ്, ഭൂരഹിതരുടെ പ്രശ്നങ്ങൾ എന്നിവയും പാർപ്പിട രംഗത്തെ പ്രശ്നങ്ങളാണ്.അത്തരക്കാരെ കുടിയിരുത്തുവാൻ പുറമ്പോക്ക്, പബ്ലിക്ക് പർപസ് ഭൂമികൾ എന്നിവ ഉപയോഗപ്പെടുത്തുകയും രാജീവ് ദശലക്ഷം വീട് പദ്ധതിപോലുള്ളവയുടെ ഗുണം ഉറപ്പുവരുത്തുകയും വേണം.

ഭവന നിർമ്മാണത്തിനാവശ്യമായ വായ്പയും സാമ്പത്തിക സഹായവും യഥാസമയം കിട്ടാത്തതും ഭവന നിർമ്മാണത്തെ സാരമായി ബാധിക്കുന്നു. നിലവിൽ പഞ്ചായത്തിലുള്ള ബിൽഡിംഗ് സൊസൈറ്റിയിൽ നിന്നും ആവശ്യമായ വായ്പ ലഭ്യമാക്കുകയും വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ലഘൂകരിക്കുയും പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്യണം. ദേശസാൽകൃത-സഹകരണ-ഷെഡ്യൂൾഡ് ബാങ്കുകൾ വഴിയും ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതിന് അവസരമുണ്ടാക്കണം. ജാമ്യവും മറ്റുമില്ലാതെ വായ്പ ലഭിക്കുകയും പണിയുന്ന വീട് തന്നെ സെക്യൂറിറ്റിയായി എടുക്കുന്ന സംവിധാനം ഉണ്ടാവുകയും വേണം.

പഞ്ചായത്തിൽ നിലവിലുള്ള പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെയും ലക്ഷംവീട് കോളനിയുടെയും അവസ്ഥ ദയനീയമാണ്. വീടുള്ളവർക്കുതന്നെ മറ്റു അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. കുടിവെള്ളം, റോഡ്, വൈദ്യുതി എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തണം. കൂട്ടുകുടുംബമായി തിങ്ങിപാർക്കുന്നവർക്ക് വീടുകൾ നിർമ്മിച്ചുകൊടുത്ത് അവരുടെ ദുരിതങ്ങൾക്ക് അറുതിവരുത്തുവാനുള്ള പദ്ധതികൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവർ വളരെ കുറവ്. അത്തരം പദ്ധതികൾ വഴിയുള്ള ഗുണങ്ങളെക്കുറിച്ച് ബോധമില്ലാത്തതു കൊണ്ടും അംഗമാവുന്നതിന് ദൂരെയുള്ള ഓഫീസുകളിൽ എത്തുന്നതിനുള്ള വൈഷമ്യങ്ങൾ കൊണ്ടും ക്ഷേമനിധി 'അംഗത്വം കുറഞ്ഞിട്ടുണ്ട്. അതിനാൽ അത്തരം കാര്യങ്ങളെക്കുറിച്ച ബോധവൽക്കരണം നടത്തി പരമാവധി നിർമ്മാണ തൊഴിലാളികളെ ക്ഷേമനിധി അംഗങ്ങളാക്കേണ്ടിയിരിക്കുന്നു. അത് വഴി അവർക്കുള്ള പെൻഷൻ പോലുള്ള ആനുകൂല്യങ്ങൾ ലഭിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ മുഴുവൻ ഭവന രഹിതർക്കും മിനിമം സൗകര്യങ്ങളുള്ള ഒരു വീട് നിർമ്മിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാൻ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്തുവാൻ പറ്റിയ സന്നദ്ധ സേവനസംഘടനകളുടെ സഹായം പരമാവധി പ്രയോജനപ്പെടുത്തുകയും അവർക്ക് പരിശീലനം നൽകി വൈദഗ്ധ്യം ഉണ്ടാക്കി പഞ്ചായത്തിലെ മുഴുവൻ ഭവനരഹിതർക്കും വീട് വെച്ചുകൊടുക്കുന്ന പ്രവർത്തി ഏല്പിച്ചുകൊടുക്കുകയും ചെയ്യാം.

ഭവനനിർമ്മാണ പദ്ധതികൾ വാർഡ് അടിസ്ഥാനത്തിൽ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യണം. ദുർബല വിഭാഗങ്ങൾക്ക് പരമാവധി പ്രയോജനം കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം.

## പ്രശ്നങ്ങൾ

1. വിവിധ ഭവനനിർമ്മാണ പദ്ധതികൾവഴി ലഭിക്കുന്ന സഹായങ്ങളുടെ കുറവ്, ലഭിക്കുന്ന ധനസഹായത്തിന്റെ അപര്യാപ്തത.

2.ഭവന നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം, വിലക്കയറ്റം.

3. ഭവനനിർമ്മാണത്തിനും പുതുക്കിപണിയുന്നതിനും വായ്പാസഹായം ലഭിക്കുന്നതിലുള്ള വിഷമതകൾ

4. കെട്ടിടനിർമ്മാണതൊഴിലാളികളുടെ ദൗർലഭ്യം

5. ദുർബ്ബലരായ ഭൂരഹിതരുടെ പ്രശ്നങ്ങൾ.

6. പാരമ്പര്യ നിർമ്മാണ രീതികൾ അന്യം നിന്നു പോകുന്ന അവസ്ഥ.

7. ചെലവ് കുറഞ്ഞ നിർമ്മാണ രീതികളുടെ അഭാവം.

8. കോളനികളിൽ കുടിവെള്ളം, റോഡ്, വൈദ്യുതി എന്നിവയുടെ അഭാവം

9. വയലുകൾ നികത്തി പുരയിടങ്ങളാക്കുന്നത് മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ.

10. ക്ഷേമനിധിയിൽ അംഗമാവുന്നതിനുള്ള വൈഷമ്യങ്ങൾ

## സാധ്യതകൾ

1. ബ്ലോക്ക്‌വഴിയും മറ്റുമുള്ള ഭവനനിർമ്മാണ പദ്ധതികളുടെ ആനുകൂല്യം കൂടുതൽ പേർക്ക് ലഭ്യമാക്കുകയും ധനസഹായം, വർദ്ധിപ്പിക്കുകയും ചെയ്യൽ.

2. ഭവന നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം , വിപണനം എന്നിവയ്ക്ക് സഹകരണ സംഘം രൂപീകരണം .അവ വഴി വീട് നിർമ്മിച്ചുകൊടുക്കൽ.

3. തൊഴിലാളികളുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനായി പരിശീലന പരിപാടികൾ – കൂടുതൽ പേരെ ആകർഷിക്കൽ.

4. ഭവന നിർമ്മാണ സൊസൈറ്റികളുടെ പ്രവർത്തനം വ്യാപിപ്പിക്കലും ലഭിക്കാനുള്ള കാലതാമസം നടപടിക്രമങ്ങൾ ലഘൂകരിക്കലും.

5. ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായി പുറമ്പോക്ക് ഭൂമി മുതലായവ ഉപയോഗപ്പെടുത്തുകയും പുതിയ ഭവന നിർമ്മാണപദ്ധതിയിൽ അവ ഉൾപ്പെടുത്തുകയും ചെയ്യുക.

6. പാരമ്പര്യ വാസ്തുശില്പ വിദ്യ സംരക്ഷിക്കുന്നതിനായി പരിശീലന കേന്ദ്രങ്ങൾ.

7. ചെലവുകുറഞ്ഞ ഭവന നിർമ്മാണരീതി പ്രോത്സാഹിപ്പിക്കൽ, പരിശീലനം നൽകൽ, നിർമ്മിതികേന്ദ്ര പ്രവർത്തനം വ്യാപിപ്പിക്കൽ.

8. കോളനികളുടെ ശോചനീയാവസ്ഥ പരിഹരിക്കൽ, കോളനികളായി അംഗീകരിക്കൽ

9. വയലുകൾ നികത്തി പാർപ്പിടം നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്തൽ.

10. ക്ഷേമനിധിബോർഡിൻെറ പ്രവർത്തനബോധവൽക്കരണവും ഓഫീസ് പഞ്ചായത്തിൽ തുടങ്ങുകയും ചെയ്യൽ.

11. ചെലവ് ഏറിയ ഭവന നിർമ്മാണ രീതി അവലംബിക്കുന്നവർക്ക് അധിക സെസ്സ്.

സാധാരണക്കാരിൽ സാധാരണക്കാരും ദുർബല പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ അധിവസിക്കുന്നതുമായ പഞ്ചായത്തിലെ മുഴുവൻ ഭവന രഹിതരെയും കണ്ടെത്തി അവർക്ക് വീട് വെച്ചു കൊടുക്കുകയും ജീവിതനിലവാരം ഉയർത്തുകയും ചെയ്താലേ ഗ്രാമീണ ജനങ്ങളുടെ ഉന്നമനമെന്ന ലക്ഷ്യം പൂർത്തീകരിക്കാനാവൂ.

# സംസ്കാരം , കായികരംഗം

വയസ്വിനിപുഴയുടെ മടിയിൽ തലചായ്ച്ചു കിടക്കുന്ന മുളിയാർ ഗ്രാമപഞ്ചായത്തിന് സാംസ്കാരിക ചരിത്രത്തിൽ അസൂയാവഹമായ ഒരു സ്ഥാനമുണ്ട്. അമ്പലങ്ങളും പള്ളികളും കൊണ്ട് സമൃദ്ധമായ ഈ നാടിന്റെ സാംസ്കാരിക ചരിത്രവും പാരമ്പര്യവും നിലനിർത്തികൊണ്ടുപോകാൻ സാംസ്കാരിക നായകൻമാരുടെ ബോധപൂർവ്വമായ ഇടപെടൽമൂലം സാധിച്ചിട്ടുണ്ട്. നാടൻ തെയ്യങ്ങളും ശാലീനമായ മാപ്പിളപ്പാട്ടുകളും കൊണ്ട് സമ്പന്നമാണ് ഇവിടുത്തെ സംസ്കാരം. തനതു ചരിത്രത്തെ പ്രായേണ നിലനിർത്തികൊണ്ടുപോകാൻ തുണച്ചത് ഇവിടെ അതാത് സമയങ്ങളിൽ ആവിർഭാവംചെയ്ത ഗ്രാമീണകലാകായിക സമിതികളും വായനശാലകളും ആയിരുന്നു.

ജന്മിത്വത്തിനും കുടിയായ്മാ വ്യവസ്ഥയ്ക്കുമെതിരെ അനവരതം പോരാടിയും നാടിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ നിറഞ്ഞുപ്രവർത്തിച്ചതും ഉദാത്തമായ പാരമ്പര്യം അരക്കിട്ടുറപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിലും വികസന പ്രവർത്തനത്തിലും സജീവമായി പങ്കുകൊണ്ട് ആലസ്യത്തിലും അജ്ഞതയിലും ആണ്ടുകിടന്നിരുന്ന ജനതയെ ഉണർത്തുവാനും ഗ്രാമത്തെ പൂർണ്ണസാക്ഷരതയിലെത്തിക്കാനും കഴിഞ്ഞിട്ടുണ്ട് എന്നത് ശുഭോതർക്കമാണ്. മല്ലം ദുർഗ്ഗാപരമേശ്വരീക്ഷേത്രം, മുളിയാർ സുബ്രഹ്മണ്യക്ഷേത്രം, കാനത്തൂർ നാൽവർ ഭൂതസ്ഥാനം, പയം വിഷ്ണുക്ഷേത്രം എന്നിവ പഞ്ചായത്തിലെ ഹിന്ദു ആരാധനാലയങ്ങളാണ്. ബാവിക്കര, മല്ലം, പൊവ്വൽ, ബെള്ളിപ്പാടി, ബോവിക്കാനം, കോട്ടൂർ, എരിഞ്ഞിപ്പുഴ, ആലൂർ,, മാസ്തിക്കുണ്ട് എന്നിവിടങ്ങളിൽ മുസ്ലീം പള്ളികളുണ്ട്. മിക്കവാറും എല്ലാ മുസ്ലീം പള്ളികളുമായി ബന്ധപ്പെട്ടുകൊണ്ട് മതപഠന കേന്ദ്രങ്ങളായ മദ്രസകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിവിധ മതവിഭാഗങ്ങളിൽപ്പെട്ടവരുടെ സജീവസാന്നിദ്ധ്യമുള്ള പ്രശസ്തമായ ബാവിക്കര മതമൈത്രിയോടനുബന്ധിച്ച് ഒരു ദർസും നല്ലനിലയിൽ നടത്തിവരുന്നു. മുളിയാർ പഞ്ചായത്തിന്റെ ആസ്ഥാനമായ ബോവിക്കാനത്ത് മതമൈത്രിയുടെ പ്രതീകമായി ഒരു ക്രിസ്ത്യൻ പള്ളിയും നിലവിലുണ്ട്.

## വായനശാലകളും ഗ്രന്ഥാലയങ്ങളും.

1. കസ്തൂർബാ ഗാന്ധിസ്മാരക ഗ്രന്ഥാലയം ബോവിക്കാനം
2. എ.കെ.ജി. വായനശാല ആൻറ് ഗ്രന്ഥാലയം പാണൂർ.
3. എ.കെ.ജി. ഗ്രന്ഥാലയം ഇരിയണ്ണി
4. സർവ്വോദയ വായനശാല കാനത്തൂർ.

പ്രധാനപ്പെട്ട ഈ നാലു ഗ്രന്ഥശാലകളും കേരള ഗ്രന്ഥശാലസംഘത്തിൽ അഫിലിയേറ്റുചെയ്തിട്ടുള്ളതും നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നവയുമാണ്. എന്നാൽ ഈ ഗ്രന്ഥശാലകൾ എല്ലാം തന്നെ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പുസ്തകങ്ങളുടെ ക്രമാതീതമായ വിലവർദ്ധനവ് പുതിയ പുസ്തകങ്ങളുടെ ലഭ്യതയെ പ്രതികൂലമായി ബാധിക്കുന്നു. ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സഹായം അനുപേക്ഷണീയമാണ്. ഒരു നാടിന്റെ സാംസ്കാരികചരിത്രത്തിലെ നിത്യസ്മാരകങ്ങളാണ് വായനശാലകളും ഗ്രന്ഥാലയങ്ങളും. പഞ്ചായത്തു ആസ്ഥാനത്ത് പ്രവർത്തിക്കുന്നതും പഞ്ചായത്തിന്റെ നേരിട്ടു നിയന്ത്രണത്തിലുമുള്ള കസ്തൂർബാ ഗാന്ധി ഗ്രന്ഥാലയത്തിന്റെ ഇന്നത്തെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതുതന്നെയാണ്. പുതിയ പുസ്തകങ്ങൾ ലഭ്യമല്ലാത്തതിനാൽ വായനക്കാരുടെ എണ്ണം വളരെ വിരളമായിക്കൊണ്ടിരിക്കുന്നു. പട്ടിക A കാണുക.

35 ഓളം കലാകായികസമിതികൾ നമ്മുടെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവയിൽ അപൂർവ്വം ചിലതിന്റെ സജീവസാന്നിദ്ധ്യ

മേ മുളിയാറിന്റെ സാംസ്കാരിക പ്രവർത്തനത്തിൽ അനുഭവപ്പെടുന്നുള്ളൂ. കേരളോത്സവങ്ങളിലേയും പഞ്ചായത്ത് വേളകളിലേയും ക്ലബ്ബുകളുടെ പ്രാതിനിധ്യം ക്രമേണ കുറഞ്ഞുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. അനുഗ്രഹീതകലാകാരൻമാരെ കൊണ്ട് സമ്പന്നമാണ് പല സമിതികളെങ്കിലും പ്രൊഫഷണൽ രംഗത്തേക്ക് കടന്നുവരാൻ വൈമുഖ്യം കാണിക്കുന്നു. ആധുനിക ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ തള്ളിക്കയറ്റം സമിതികളുടെ ഈ രംഗത്തുനിന്നുള്ള നിഷ്ക്രമണത്തിന് കാരണമാകുന്നു. വോളിബോൾ രംഗത്ത് വ്യക്തിമുദ്രപതിപ്പിച്ച പല കായികസമിതികളും ഇന്ന് ക്രിക്കറ്റ് ജ്വരത്തിന്റെ പിടിയിലമർന്നിരിക്കുകയാണ്.

കേരളത്തിന്റെ തനതുകലയായ കഥകളിയോടു സാമ്യം നിൽക്കുന്ന യക്ഷഗാനം മുളിയാർ പഞ്ചായത്തിൽ വികാസം പ്രാപിച്ച ഒരു ദൃശ്യകലാരൂപമാണ്. അഡുക്ക ഗോപാലകൃഷ്ണ ഭട്ടിന്റെ തണലും തലോടലും കൊണ്ട് കേരളത്തിലെ ആകാശവാണികളിലും ദുരദർശൻ കേന്ദ്രങ്ങളിലും അവതരിപ്പിച്ച് മുളിയാറിന്റെ സാംസ്കാരിക യശസ്സ് തുലോം വർദ്ധിപ്പിക്കുവാൻ പ്രസ്തുത കലാ രൂപത്തിന് സാധിച്ചിട്ടുണ്ടെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്. കോട്ടൂർ ശ്രീ കാർത്തികേയ യക്ഷഗാനസംഘം, മല്ലം ശ്രീ ദുർഗ്ഗാപരമേശ്വരി യക്ഷഗാനസംഘം എന്നിവ ഇതിൽ എടുത്തു പറയേണ്ട സമിതികളാണ്. കർണ്ണാടക കലയായ യക്ഷഗാനത്തെ മലയാളീകരിച്ച് ആകാശവാണി നിലയങ്ങളിൽ അവതരിപ്പിച്ചത് സാംസ്കാരിക കേരളത്തിന്റെ ചരിത്രത്തിൽ നമുക്കൊരിടനൽകുവാൻ ഇടയാക്കിയിട്ടുണ്ട്.

## ഉത്സവങ്ങൾ, ആഘോഷങ്ങൾ

ജനമനസ്സുകളിൽ ആഴ്ന്നിറങ്ങിയ ഒട്ടനവധി അനുഷ്ഠാനകലകൾ കാലത്തിന്റെ കുത്തൊഴുക്കിൽ ക്രമേണ അസ്തമിച്ചുപോകുന്നതായാണ് കാണുന്നത്. നാടൻ കലകളിൽ പ്രധാനമായും തെയ്യക്കോലങ്ങളായ ഗുളികൻ, പൊട്ടൻ തെയ്യം, വിഷ്ണുമൂർത്തി, ചാമുണ്ഡി, രക്തേശ്വരി എന്നിവ പ്രശസ്തങ്ങളാണ്. മുളിയാറിലെ പരേതനായ കൃഷ്ണൻ പെരുമലയൻ, കൂടാലയിലെ കുമാരൻ പണിക്കർ എന്നിവരുടെ നാമധേയങ്ങൾ പ്രസ്താവ്യമാണ്. ഉത്സവങ്ങളിലും , ആഘോഷങ്ങളിലും നാടകങ്ങളും നൃത്തപരിപാടികളും സ്വയം പരിശീലിച്ച് അവതരിപ്പിക്കുവാൻ നാടൻ കലാസമിതികൾ രംഗത്തുവരുന്നുണ്ട്. പ്രശസ്തമായ ബാവിക്കര മഖാം ഉറൂസ്, കാനത്തൂർ കളിയാട്ട മഹോത്സവം, മല്ലംവെടി, മുളിയാർ ഷഷ്ഠിമഹോത്സവം എന്നിവ നാടിന്റെ സാംസ്കാരിക പൈതൃകം ഉയർത്തിപ്പിടിക്കുന്ന ഉത്സവങ്ങളും ആഘോഷങ്ങളുമാണ്. മാപ്പിള കലാരൂപങ്ങളായ കോൽക്കളി, ദഫ് മുട്ട് എന്നിവയും ഗ്രാമത്തിൽ പ്രചുരപ്രചാരത്തിലിരിക്കുന്നവയാണ്.

നാലോളം ഗ്രന്ഥശാലകൾ പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും ജനങ്ങൾക്കിടയിലെ വായനാശീലം കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. പുതിയ പുസ്തങ്ങളുടെ വരവുനിലച്ചതും ടി.വി. , വി.സി.ആർ തുടങ്ങിയ ദൃശ്യമാധ്യമങ്ങളുടെ രംഗപ്രവേശവും, സാമ്പത്തികാർത്തിയും ആലസ്യവും, ഉപഭോക്തൃസംസ്കാരത്തോടുള്ള അതിരുകവിഞ്ഞ അഭിനിവേശവും ജനങ്ങളെ വായനാശീലത്തിൽ നിന്ന് അകറ്റുന്നു. ആസ്വാദനത്തിന്റെ വഴികൾ മറ്റുമേഖലകളിലേക്ക് തിരിഞ്ഞതും ആനുകാലികപ്രസിദ്ധീകരണങ്ങൾ വമ്പിച്ച പരസ്യത്തിന്റെ പിൻബലത്തോട് കൂടി ആഴ്ന്നിറങ്ങിയതും ഗൗരവമുള്ള പുസ്തകങ്ങളുടെ വായനയ്ക്ക് ഇടിവുണ്ടാക്കുന്നു. ഹൈസ്കൂൾ, യു.പി.സ്കൂൾ എന്നീ സ്ഥാപനങ്ങളോടനുബന്ധിച്ച് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കുന്നതിൽ ഫലപ്രദമായി പ്രവർത്തിക്കാൻ അവയ്ക്ക് കഴിയുന്നില്ല എന്ന് പൊതുവിൽ വിലയിരുത്തപ്പെടുന്നു.

## കായികരംഗം

കായികരംഗത്ത് ഒട്ടനവധി പ്രതിഭകൾ ഗ്രാമാന്തരങ്ങളിൽ ഉണ്ടെങ്കിലും അവരെ പരിശീലിപ്പിച്ച് ഉയർത്തിക്കൊണ്ടുവരാൻ ബോധപൂർവ്വമായി ഇടപെടാത്തതിനാൽ സാധിച്ചിട്ടില്ല. വിശാലമായ കളിസ്ഥലത്തിന്റെ അഭാവവും സാമ്പത്തിക പരാധീനതകളും കായികരംഗത്തു വിലങ്ങുതടിയായി നിൽക്കുന്നു. ബോവിക്കാനത്തെ മിനിസ്റ്റേഡിയം സ്പോർട്സ് നടത്താൻ പാകത്തിൽ വിപുലീകരിച്ചാൽ കായികരംഗത്ത് പുത്തനുണർവ്വിന് വഴിവെക്കും.

മുളിയാറിലെ വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്ന കാൻ

ഫെഡിൻെറ സജീവസാന്നിദ്ധ്യം എല്ലാ രംഗങ്ങളിലുമുണ്ട്. തൊഴിൽ രഹിതരായ യുവതികൾക്ക് സൗജന്യ തുന്നൽ പരിശീലനം ക്യാൻഫെഡ് നൽകിവരുന്നുണ്ട്. മുളിയർ പഞ്ചായത്തിലെ യുവതികളെ സംബന്ധിച്ച് ഇതൊരനുഗ്രഹം തന്നെയാണ്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ബാലവാടികൾ നേഴ്സറികൾ എന്നിവയുടെ പ്രവർത്തനത്തിൽ പ്രയാസങ്ങൾ നേരിടുന്നു.

2. ബോവിക്കാനത്തുള്ള പഞ്ചായത്ത് മിനി സ്റ്റേഡിയം സ്പോർട്സ് ആവശ്യങ്ങൾക്ക് സഹായകകരമല്ല.

3. ആറുവാർഡുകളിൽ വായനശാലകളോ ഗ്രന്ഥാശാലകളോ പ്രവർത്തിക്കുന്നില്ല.

4. യക്ഷഗാനത്തെ പ്രോത്സാഹിപ്പിക്കാനുള്ള സംവിധാനമില്ല.

5. കലാസാഹിത്യ അഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് സാമ്പത്തിക പരാധീനതമൂലം ഇന്ന് യുവജനോത്സവങ്ങളിൽ പങ്കെടുക്കുവാൻ കഴിയുന്നില്ല.

6. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം തൃപ്തികരമല്ല.

7. പൊതുശ്മശാനം നിലവിലില്ലാത്തതിൻെറ പ്രശ്നങ്ങൾ.

## സാധ്യതകൾ

1. യക്ഷഗാനം, കോൽക്കളി, തുള്ളൽ, തെയ്യം തുടങ്ങിയ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുക.

2. ജനവിദ്യാകേന്ദ്രങ്ങൾ, സജീവമാക്കി സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുക.

3. പ്രശസ്ത നിലയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകളേയും കലാസമിതികളേയും പ്രോത്സാഹിപ്പിക്കാൻ അവാർഡ് ഏർപ്പെടുത്തുക.

4. വായനശാലകൾക്കും ഗ്രന്ഥാലയങ്ങൾക്കും ന്യൂസ് പേപ്പർ മറ്റു ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ വാങ്ങാനുള്ള സാധ്യത ആരായുക.

5. വായനശാലകളും ഗ്രന്ഥാലയങ്ങളും ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുവാനുള്ള ശ്രമം നടത്തുക.

6. അവധികാലങ്ങളിൽ വോളിബോളിന് കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുക.

7. യക്ഷഗാനം പ്രോത്സാഹിപ്പിക്കാൻ ഒരു കേന്ദ്രം സ്ഥാപിക്കുക.

8. ക്ലബ്ബുകൾക്ക് പ്രവർത്തിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകുക.

9. മാജിക് ഒരു കലയായി കംഗീകരിച്ച് അതിനെ പ്രോത്സാഹിപ്പിക്കാനായി കോട്ടൂരിൽ ഒരു കേന്ദ്രം സ്ഥാപിക്കുക.

## നിർദ്ദേശങ്ങൾ

1. വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ അവ ആരംഭിക്കാൻ നടപടി സ്വീകരിക്കുക.

2. ബോവിക്കാനത്ത് ഒരു റഫറൻസ് ലൈബ്രറി സ്ഥാപിക്കണം.

3. പഞ്ചായത്തിലെ എല്ലാ വായനശാല:ൾക്കും ഗ്രന്ഥാലയങ്ങൾക്കും ടി.വി. സെറ്റ് അനുവദിക്കുക

4. എല്ലാ വായനാശാലകൾക്കും രണ്ട് വർത്തമാനപത്രങ്ങളെങ്കിലും നൽകുവാൻ നടപടി സ്വീകരിക്കുക.

5. സാക്ഷരത പ്രവർത്തനം പുനരുജ്ജീവിപ്പിക്കാൻ ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുക.

6. വായനാശാലകൾ വഴി കൈയെഴുത്തുമാസികകൾ പ്രസിദ്ധപ്പെടുത്തുക.

7. പഞ്ചായത്ത് തലത്തിൽ ക്രഷെയും, അഗതിമന്ദിരവും സ്ഥാപിക്കണം.

8. മദ്യപാനം, പുകവലി, മയക്കുമരുന്ന്, അന്ധവിശ്വാസങ്ങൾ അനാചാരങ്ങൾ എന്നിവയെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ സാമൂഹ്യസംഘടനകളുടെ സഹായത്തോടെ പരിപാടികൾ ആവിഷ്കരിക്കുക.

| ക്ര.ന. | വാർഡ് നമ്പർ | ഗ്രന്ഥാലയത്തിൻെറ പേര് | സ്ഥാപിത വർഷം | പ്രതി മാസ വിതരണം | പുസ്ത കങ്ങളുടെ എണ്ണം | മെമ്പർ മാരുടെ എണ്ണം |
|---|---|---|---|---|---|---|
| 1. | 2 | സർവ്വോദയ വായനശാല കാനത്തൂർ | 1957 | 400 | 4000 | 524 |
| 2. | 9 | കസ്തൂർബാ ഗാന്ധി സ്മാരക ഗ്രന്ഥാലയം, ബോവിക്കാനം | 1964 | 150 | 4252 | 247 |
| 3. | 1 | എ.കെ.ജി. സ്മരക വായനശാല, പാണൂർ | 1983 | 150 | 2500 | 175 |
| 4. | 3 | എ. കെ. ജി. സ്മാരക വായന ശാല ഇരിയണ്ണി | 1993 | 135 | 1100 | 130 |

# വിദ്യാഭ്യാസം

വിവധ ഭാഷകളുടെ സംഗമസ്ഥാനമായ കാസർഗോഡു ജില്ലയുടെ ശരിയായ ഒരു പരിഛേദമാണ് മുളിയാർ ഗ്രാമ പഞ്ചായത്ത്, മലയാളം, കർണ്ണാടകം എന്നീ ഭാഷകൾക്കു പുറമെ തുളു, ഉറുദു, മറാഠി എന്നീ ഭാഷ സംസാരിക്കുന്നവരും ഈ ഗ്രാമത്തിൽ ധാരാളമുണ്ട്. ഭാഷകളുടെ ഈ ബാഹുല്യം പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസത്തേയും സ്വാധീനിച്ചിട്ടുണ്ടെന്നു കാണാം.

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിന്നിരുന്ന മുളിയാർ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസം ആരംഭിക്കുന്നതിന്മുമ്പ്തന്നെ വിദയാഭ്യാസ തൽപരരായ ആളുകൾ ചേർന്ന് കുടിപ്പളളിക്കൂടങ്ങൾ നടത്തിപ്പോന്നിരുന്നു. കാനത്തൂർ, ബേപ്പ്, കോട്ടൂർ തുടങ്ങിയ പ്രദേശങ്ങളിൽ വിദ്യാഭ്യാസ പരമായ ഉണർവ്വിന് ഇത് തുടക്കം കുറിച്ചു. അന്നത്തെ നാട്ടെഴുത്തുപളളിക്കൂടങ്ങളുടെ സ്ഥാനത്താണ് ഇന്ന് പല എൽ.പി. സ്കൂളുകളും ഉയർന്നുവന്നിട്ടുള്ളത്.

ആദ്യകാലത്ത് കർണ്ണാടക സ്കൂളുകളാണ് കൂടുതലായി ഉണ്ടായിരുന്നത് ഗതാഗത പ്രശ്നം രൂക്ഷമായിരുന്നതിനാൽ വളരെ അകലെപോയി പഠിക്കാൻ സാധിക്കുമായിരുന്നില്ല. അതിനാൽ പലരും കന്നടയിൽ തന്നെ പഠിക്കാൻ തയ്യാറായി. 1947–ന് ശേഷം ഗ്രാമത്തിൻെറ വിവിധ ഭാഗങ്ങളിൽ എൽ. പി. സ്കൂളുകൾ സ്ഥാപിതമായതോടെ പ്രാഥമിക വിദ്യാഭ്യാസ രംഗം സജീവമായി.1957 വരെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി ജില്ലയിലെ ഇതര സ്കൂളുകളെ ആശ്രയിക്കേണ്ടിവന്നു. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന മേഖലകളിൽ വിദ്യാഭ്യാസം അവഗണിക്കപ്പെട്ടതുകൊണ്ടാണ് പ്രസ്തുത കേന്ദ്രങ്ങളിൽ നിരക്ഷരത ക്രമാതീതമായി വർദ്ധിച്ചുവന്നത് എന്നിരുന്നാലും താലൂക്കിലെ ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് സാക്ഷരതയിലും അഭ്യസ്തവിദ്യരുടെ ലഭ്യതയിലും ഏറെ മുന്നിലാണ് മുളിയാർ എന്നത് അഭിമാനകരമാണ്. സാക്ഷരതാ രംഗത്തെ മികവാർന്ന പ്രവർത്തനം പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തെ ഒരു നാഴിക കല്ലായി അവശേഷിക്കുന്നു.

മുളിയാറിലെ ഇരിയണ്ണിയിൽ 1957 ൽ ഒരു ഗവ: ഹൈസ്കൂളും 76–ൽ പഞ്ചായത്ത് ആസ്ഥാനമായ ബോവിക്കാനത്ത് സ്വകാര്യ മേഖലയിൽ ഒരു ഹെസ്കൂളും ( ബി.എ.ആർ. എച്ച്. എസ്.) സ്ഥാപിച്ചതോടെ പഞ്ചായത്തിലെ മൊത്തം സ്കൂളുകളുടെ എണ്ണം 12 ആയി. ഈ സ്കൂളുകളിൽ ആകെ 4269 കുട്ടികൾ പഠനം നടത്തിവരുന്നു. 7 എൽ.പി.സ്കൂളുകളും 3 യു.പി. സ്കൂളുകളും 2 ഹൈസ്കൂളുകളുമാണ് ഇന്ന് പഞ്ചായത്തിലുളളത്. ഇതിൽ മല്ലം, പാണൂർ, ബേപ്പ് എന്നീ എൽ.പി.സ്കൂളുകളിൽ വിദ്യാർത്ഥികളുടെ അഭാവം രൂക്ഷമായി അനുഭവപ്പെട്ടുവരുന്നതിനാൽ പ്രസ്തുത സ്കൂളുകൾ "ആദായകരമല്ലാത്ത സ്കൂളുകളുടെ പട്ടികയിൽപ്പെടുത്തിയെങ്കിലും, ഗവ: ൻെറ നയപരമായ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ ഇന്ന് അനസ്യൂതം പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും വിശദമായ കണക്കുകൾ 1A, 1B, 1C പട്ടികയിൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ സ്കൂളുകളിൽ പഠനം നടത്തുന്നവരിൽ നല്ലൊരു ശതമാനം ബീഡിതൊഴിലാളികളുടെയും കർഷക തൊഴിലാളികളുടെയും കുടുംബങ്ങളിൽ നിന്നുളളവരാണ്. സാമ്പത്തിക സാമൂഹ്യ കാരണങ്ങളാൽ ചെറിയ ശതമാനം കുട്ടികൾ ഇടയ്ക്കുവെച്ച് പഠനം നിർത്തിപോകുന്ന സാഹചര്യമുണ്ട്. സാക്ഷരതാ പ്രവർത്തനത്തിൻെറ ഫലമായി 'കൊഴിഞ്ഞുപോക്ക്' ഒരളവോളം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.95–96 വർഷത്തെ കൊഴിഞ്ഞുപോയവരുടെ പട്ടിക 1D ൽ കൊടുത്തിരിക്കുന്നു.

ആകെയുളള 12 സ്കൂളുകളിൽ 6 എണ്ണം സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ഗവ: സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വിശദമായ കണക്കുകൾ പട്ടിക 11–ൽ കൊടുത്തിരിക്കുന്നതു കാണുക.

ബി.എ.ആർ. ഹൈസ്കൂൾ ബോവിക്കാനം, A.U.P.S. ബേവിക്കാനം, K.A.L.P. S. കോട്ടൂർ എന്നീ വിദ്യാലയങ്ങളിൽ മലയാളത്തിനുപുറമെ കന്നട മാധ്യമത്തിലും പാരലൽക്ലാസ്സുകൾ നടന്നുവരുന്നു. സമാന്തരമായി ക്ലാസ്സുകൾ പ്രവർത്തിച്ചുവരുന്ന വിദ്യാലയങ്ങളിൽ കന്നടയിലുളള കുട്ടികൾപ്രായേണ കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മല്ലം സ്കൂളിൽ വർഷങ്ങൾക്ക് മുമ്പ് രണ്ടു മാധ്യമങ്ങളും ഉണ്ടായിരുന്നുവെങ്കിലും ഇന്ന് മലയാളം മാത്രമേയുള്ളൂ.

കഴിഞ്ഞ 7 വർഷമായി ഇരിയണ്ണി ഗവ: ഹൈസ്കൂൾ വോക്കേഷണൽ ഹൈയർ സെക്കൻററി സ്കൂളായി പ്രവർത്തിച്ചുവരുന്നു. രണ്ടു വിഭാഗങ്ങളിലായി 150 ഓളം വിദ്യർത്ഥികൾ ഇവിടെ പഠനം നിർവ്വഹിച്ചു വരുന്നു.ഉന്നത വിദ്യാഭ്യാസത്തിനായി മറ്റുസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് ഒഴിവാക്കാനായി ഗവ:സ്വാശ്രയ എൻജിനീയറിംഗ് കോളേജ് സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുകയുണ്ടായി. ഇതിൻെറ ഭാഗമായി L.B.S.കീഴിൽ മുളിയാറിലെ പൊവ്വലിൽ ഒരു എൻജിനീയറിംഗ് കോളേജ് പ്രവർത്തിച്ചുവരുന്നു. കെട്ടിട സൌകര്യത്തിൻെറ അടിസ്ഥാനത്തിൽ താൽക്കാലികമായി ചട്ടംചാലിൽ പ്രവർത്തിച്ചുവന്നിരുന്ന പ്രസ്തുത കോളേജ് കെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് മുളിയാറിലേക്ക് മാറ്റി സ്ഥാപിച്ചു വരികയാണ്.

പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം മുളിയാർ പഞ്ചായത്തിൽ ഇനിയും ലഭ്യമല്ല.പഞ്ചായത്തിൻെറ കീഴിൽ ഒരു പാർട്ട്-ടൈം നേഴ്സറി സ്കൂൾ ബോവിക്കാനത്ത് പ്രവർത്തിച്ചുവന്നിരുന്നു . കഴിഞ്ഞ ഒരു വർഷമായി അദ്ധ്യാപികയെ നിയമിക്കാത്തതിനാൽ പ്രസ്തുത സ്കൂൾ അടച്ചിട്ടിരിക്കുകയാണ്.

മുഴുവൻ സമയ അധ്യാപികയെ നിയമിച്ച് സ്കൂൾ തുറന്നു പ്രവർത്തിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പട്ടികജാതി വികസന വകുപ്പിൻെറ കീഴിൽ ഒരു ഹരിജൻ വേൽഫേർ നഴ്സറി സ്കൂൾ കാനത്തൂരിലുണ്ട്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി 15 ഓളം അംഗൻവാടികൾ നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനെല്ലാം പുറമേ സ്വകാര്യവ്യക്തി നടത്തുന്ന ഒരു ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂൾ ബോവിക്കാനത്ത് പ്രവർത്തിച്ചുവരുന്നു. ഇരിയണ്ണിയിലും ബോവിക്കാനത്തുമായി 3 പാരലൽ കോളേജുകളും ഈ രംഗത്തുണ്ട്.

ഈ പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകളിലേയും എസ്.എസ്.എൽ. സി. വിജയശതമാനം താരതമ്യേന മെച്ചപ്പെട്ടതല്ലെന്നു കാണാം. ഇരിയണ്ണിയിൽ സ്റ്റേറ്റ് ആവറേജിന് മുകളിലാണ് വിജയശതമാനമെങ്കിലും ബോവിക്കാനത്ത് മിക്കപ്പോഴും അത് 30 ശതമാനത്തിൽ താഴെയാണ്. കഴിഞ്ഞ വർഷത്തെ വിജയശതമാനത്തിൻെറ പട്ടിക VI A ൽ കൊടുത്തിരിക്കുന്നു.

ഈ പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും തങ്ങളുടെ കുട്ടികളെ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിലാണ് ചേർക്കുന്നത്. എന്നാൽ കാസർഗോഡും പരിസരപ്രദേശങ്ങളിലും പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് വിദ്യാർത്ഥികളെ അയക്കുന്ന പ്രവണത അടുത്തകാലത്തായി ഏറിവരുന്നുണ്ട്. അതിനു മുഖ്യമായ ഒരു കാരണം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാര തകർച്ചയാണ്. ഇത് വിശകലനം ചെയ്യപ്പെടേണ്ടതാണ്.

വിദ്യാലയങ്ങളിലെ ഭൗതികസൗകര്യങ്ങളുടെ ലഭ്യതകണക്കിലെടുത്തുകൊണ്ട് മാത്രമേ ഒരു പ്രദേശത്തിൻെറ വിദ്യാഭ്യാസ പുരോഗതി ചർച്ചചെയ്യാൻ കഴിയൂ. പല സ്കൂളുകളിലേയും ഭൗതിക സൗകര്യങ്ങൾ അപര്യാപ്തമാണ്. പഠനം പാൽപായസമാകണമെങ്കിൽ ആവശ്യത്തിനു കെട്ടിടങ്ങൾ , ലൈബ്രറി, ലബോറട്ടറി, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, ഫർണീച്ചറുകൾ, എന്നിവ ഉണ്ടാവുകയും ഉപയോഗിക്കുകയും ചെയ്യണം. ഈ പഞ്ചായത്തിലെ ഭൗതിക സൗകര്യങ്ങളുടെ പട്ടികയും അക്കാദമിക് വിവിരങ്ങളുടെ പട്ടികയും അന്യത്ര കൊടുത്തിരിക്കുന്നു. (പട്ടിക V,VI )

ഏതാണ്ട് എല്ലാ ഗ്രാമസഭകളിലും വിദ്യാഭ്യാസ പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെടുകയുണ്ടായി. ഓരോ വാർഡിലും തനതായ ഒട്ടുവളരെ പ്രശ്നങ്ങൾ ഉണ്ടെങ്കിലും പൊതുവായ പ്രശ്നങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാം.

1. പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം പരിമിതം.

2. ആവശ്യത്തിന് സ്ഥിരമായ കെട്ടിടങ്ങൾ, കുടിവെള്ളം, ഫർണിച്ചർ, കളിസ്ഥലം, മൂത്രപ്പുര, കക്കൂസ്, ചുറ്റുമതിൽ എന്നീ പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

3. അദ്ധ്യയന വർഷാരംഭത്തിൽ തന്നെ അദ്ധ്യാപകരെ നിയമിക്കുന്നത് അദ്ധ്യയനത്തെ ബാധിക്കുന്നു.

4. എൽ. പി.സ്കൂളിനോടനുബന്ധിച്ച് അഞ്ചാം ക്ലാസ്സുള്ള സ്കൂളിൽ ഹിന്ദിപഠനം നിഷേധിക്കപ്പെടുന്നു.

5. ലൈബ്രറി, ലബോറട്ടറി, എന്നിവ പര്യാപ്തമല്ല.

6. പാഠ്യേതര പ്രവർത്തനങ്ങളിൽ മത്സരിക്കാൻ സാമ്പത്തിക പരാധീനത കാരണമാകുന്നു.

7. യഥാസമയം കന്നഡ മലയാളം പാഠപുസ്തകം ലഭ്യമാക്കാത്തത് പഠനത്തെ ബാധിക്കുന്നു.

8. ഗ്രാമസഭയിലുയർന്നുവന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രാഥമിക വിദ്യാലയങ്ങളുടെ അഭാവം.

9. ചില എൽ.പി.സ്കൂളുകളും യു.പി.സ്കൂളുകളും അപ്ഗ്രേഡ് ചെയ്യാത്ത പ്രശ്നം.

10. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കൂടിയതിനാൽ വിദ്യാർത്ഥികളിൽ വ്യക്തിഗത ശ്രദ്ധ ചെലുത്താൻ കഴിയുന്നില്ല.

11. ബോവിക്കാനത്തുള്ള മിനി സ്റ്റേഡിയം വിപുലപ്പെടുത്താത്തതിനാൽ കായിക മത്സരങ്ങൾ നടത്താൻ കഴിയുന്നില്ല.

12. ഇരിയണ്ണി സ്കൂളിന്റെ കളിസ്ഥലം പൂർണ്ണമായും ഉപയോഗയോഗ്യമല്ല.

13. ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കാത്തതിനാൽ സാക്ഷരതാ പ്രവർത്തനം നിർജ്ജീവം.

14. പഠന യാത്രകളിൽ എല്ലാ വിദ്യാർത്ഥികൾക്കും പങ്കെടുക്കാൻ കഴിയുന്നില്ല.

15. സ്കൂളിലെത്തിച്ചേരാൻ നടപ്പാതകളുടെ കുറവ്.

16. സ്കൂളുകൾ ഇതുവരെ വൈദ്യുതീകരിച്ചിട്ടില്ല.

ചില സ്കൂളുകളിലെങ്കിലും പി.ടി.എ.യുടെ പ്രവർത്തനത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം നാമമാത്രമാണ്. പി.ടി.എ.യുടെ ജനറൽ ബോഡികളിൽ 5 % രക്ഷാകർത്താക്കൾ പോലും സംബന്ധിക്കാറില്ലെന്നുള്ളത് കുട്ടികളുടെ വിദ്യാഭ്യാസത്തിൽ രക്ഷിതാക്കൾക്കുള്ള കുറഞ്ഞ താത്പര്യത്തെയല്ലേ വിരൽചൂണ്ടുന്നത്. രക്ഷിതാക്കളിൽ പലരും ജോലിയുമായി ബന്ധപ്പെട്ട് പുറംനാടുകളിലായതിനാൽ തങ്ങളുടെ കുട്ടികളെ ശരിയായി ശ്രദ്ധിക്കുവാനോ വിലയിരുത്തുവാനോ അവർക്ക് സാധിക്കാതെ വരുന്നു. അച്ഛനമ്മമാരുള്ള സുരക്ഷിതത്വമുറപ്പെടുത്താൻ അദ്ധ്യാപകർക്കൊപ്പം രക്ഷിതാക്കളുടെ സജീവ സാന്നിദ്ധ്യം അനുപേക്ഷണീയമാണ്.

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളോടൊപ്പം തന്നെ കാര്യമാത്രപ്രസക്തങ്ങളായ ധാരാളം നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അവയുടെ വെളിച്ചത്തിൽ ഈ നിർദ്ദേശങ്ങൾ പരിഗണിക്കപ്പെടാവുന്നതാണ്.

1. എല്ലാ എൽ. പി. സ്കൂളുകളോടനുബന്ധിച്ചും പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.

2. എല്ലാ വിദ്യാലയങ്ങളിലും കുടിവെള്ളത്തിനുള്ള സൗകര്യം, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം, ചുറ്റുമതിൽ എന്നിവ ഏർപ്പെടുത്തുക.

3. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

4. അദ്ധ്യയന വർഷാരംഭത്തിൽ തന്നെ അദ്ധ്യാപകരെ നിയമിക്കുക.

5. കർണ്ണാടകത്തിലും കേരളത്തിലുമുള്ള പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക.

6. അദ്ധ്യാപക രക്ഷാകർത്തൃബന്ധം ശക്തിപ്പെടുത്തുക. മദർ പി.ടി.എ. സജീവമാക്കുക.

7. പഠനരംഗത്ത് മത്സരമുണ്ടാക്കാൻ കൂടുതൽ മാർക്കുവാങ്ങുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ ഏർപ്പെടുത്തുക.

8. താമസ സൗകര്യമില്ലാതിടങ്ങളിൽ അദ്ധ്യാപകർക്ക് ക്വാർട്ടേർസ് നിർമ്മിക്കുക.

9. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഏർപ്പെടുത്തുക.

10. ജനവിദ്യാകേന്ദ്രങ്ങൾ കാര്യക്ഷമമാക്കുക.

11. സ്കൂളിലെത്തിച്ചേരാൻ ആവശ്യമായ നടപ്പാതകൾ നിർമ്മിക്കുക.

12. പഠനത്തെ സഹായിക്കുന്ന ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ എല്ലാ സ്കൂളിലും ലഭ്യമാക്കുക.

13. എല്ലാ സ്കളുകളും വൈദ്യുതീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

പത്ത് ഗ്രാമസഭകളിലായി ചർച്ച ചെയ്യപ്പെട്ട പ്രശ്നങ്ങളും നിർദ്ദേശങ്ങളും വിശകലനം ചെയ്താൽ ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ മാത്രം പരിഹരിക്കപ്പെടാവുന്നതല്ല ഇവ എന്നു ബോധ്യമാകും. ഗവ:ൻെറ അടിയന്തിര പരിഗണന അർഹിക്കുന്നതാണ് പ്രശ്നങ്ങളിൽ ചിലതെങ്കിലും. വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് കൂട്ടായ്മയോടെ പ്രവർത്തിച്ചാൽ വിദ്യാർത്ഥികളെ ചൈതന്യവത്തും കർമ്മോത്സുകരുമാക്കാൻ കഴിയും. സാഹിത്യ സമാജങ്ങൾ, കൈയെഴുത്തു മാസികകൾ, വിനോദയാത്രകൾ, ക്ലബ്ബുകൾ ഇങ്ങനെ പലതും പരീക്ഷിക്കപ്പെടാവുന്നതാണ്. മാസാന്തര പരീക്ഷകളോടൊപ്പം അദ്ധ്യാപകരും വിദ്യാർത്ഥികളും മാനേജ്മെൻറും രക്ഷിതാക്കളും ബഹുജനങ്ങളും ഏകമനസ്സോടെ പ്രവർത്തിച്ചാൽ ഈ രംഗത്ത് വിസ്മയകരമായ മാറ്റങ്ങൾ ഉളവാക്കാൻ കഴിയും എന്നത് നിസ്തർക്കമാണ്.

പട്ടിക 1 ( എ)

വിദ്യാർത്ഥികൾ- അധ്യാപകർ

| നമ്പർ | സ്കൂൾ | മാനേജ്മെൻറ് ഗവൺമെൻറ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പു. | സ്ത്രീ | ആകെ |
| 1. | ഗവ. എൽ.പി സ്കൂൾ പാണൂർ | ഗവ. | 29 | 23 | 52 | 1 | 2 | 3 |
| 2. | ബി.എ.ആർ എച്ച് എസ് ബോവിക്കാനം | എയ്ഡഡ് | 388 | 342 | 730 | 20 | 13 | 33 |
| 3 | എസ്ഡി.എ.എൽ. പി.സ്കൂൾ മല്ലം | എയ്ഡഡ് | 66 | 63 | 129 | 3 | 2 | 5 |
| 4. | ജി.എൽ.പി.സ്കൂൾ മുണ്ടകൈ | ഗവ. | 58 | 53 | 111 | 4 | 1 | 5 |
| 5 | ജിഎച്ച് എസ് ഇരിയണ്ണി | " | 223 | 236 | 459 | 9 | 7 | 16 |
| 6. | ജി.യു.പി.സ്കൂൾ കാനത്തൂർ | " | 114 | 122 | 236 | 4 | 3 | 7 |
| 7. | എ.യു.പി.സ്കൂൾ ബോവിക്കാനം | എയ്ഡഡ് | 673 | 574 | 1247 | 21 | 19 | 40 |
| 8 | ജിഎൽപി.സ്കൂൾ ബാവിക്കര | ഗവ | 46 | 46 | 92 | 2 | 3 | 5 |
| 9. | പി.എ.എൽ പി. സ്കൂൾ ഇരിയണ്ണി | എയ്ഡഡ് | 116 | 134 | 250 | 3 | 6 | 9 |
| 10. | കെ.എ.എൽ. പി സ്കൂൾ കോട്ടൂർ | " | 101 | 93 | 194 | 3 | 7 | 10 |
| 11. | സി.ആർ എ.എൽ. സ്കൂൾ ബേപ്പ് | " | 41 | 59 | 100 | 3 | 1 | 4 |
| 12 | ജി .യു.പി.സ്കൂൾ മുളിയാർ മാപ്പിള | ഗവ | 342 | 327 | 669 | 5 | 17 | 22 |
| | ആകെ | | 2197 | 2072 | 4269 | 78 | 81 | 159 |

( അടിസ്ഥാനം സെക്കൻററി ഡറ്റ )

പട്ടിക 1 ( ബി )എൽ.പി., യു. പി. ഹൈസ്കൂൾ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | എൽ.പി | | | യു.പി. | | | ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 4269 | 876 | 828 | | 710 | 666 | | 611 | 578 | |

അടിസ്ഥാനം : സെക്കൻററി ഡേറ്റ

പട്ടിക 1 (സി )
പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| എൽ.പി | | | യു.പി. | | | ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 434 | 215 | | 124 | | | 95 | | |

പട്ടിക 1 ( ഡി ) പഠനം നിർത്തിയവരുടെ കണക്ക്

| എസ്.എസി- എസ്. ടി | | | മറ്റുള്ളവർ ആകെ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 9 | 8 | 17 | 45 | 38 | 83 |

പട്ടിക 2 ഗവൺമെൻറ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാത്ഥികളുടെയും കണക്ക്

| ആകെ അദ്ധ്യാപകർ പഞ്ചായത്തിൽ | 3 ഗവ. വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം | ഗവ. അദ്ധ്യാപകരുടെ എണ്ണം | പഞ്ചായത്തിലെ വിദ്യാർത്ഥകളുടെ എണ്ണം | ഗവ.സ്കൂളുകളിലെ വിദ്യാർത്ഥകൾ | ശതമാനം |
|---|---|---|---|---|---|
| 159 | 53 | – | 4269 | 1619 | |

## പട്ടിക 5 ഭൗതീക സാഹചര്യങ്ങൾ

| സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| ഗവ. എൽ.പി സ്കൂൾ പാണൂർ | 52 | 3 | | | | |
| ജി.യു.പി സ്കൂൾ കാനത്തൂർ | 236 | 7 | | | | |
| ജിഎച്ച് എസ് ഇരിയണ്ണി | 459 | 16 | 2 | 2 | കുഴൽകിണർ | ഉണ്ട്. |
| പി.എ.എൽ.പി. സ്കൂൾ ഇരിയണ്ണി | 250 | 9 | 1 | – | കിണർ | – |
| ജിഎൽപി സ്കൂൾ ബാവിക്കര | 92 | 5 | | | | |
| എ.യു.പി.സ്കൂൾ ബോവിക്കാനം | 1247 | 40 | 1 | 2 | പബ്ലിക് വാട്ടർ സപ്ലൈ | ഉണ്ട് |
| ബി.എ.ആർ എച്ച് എസ് ബോവിക്കാനം | 730 | 33 | 2 | ഉപയോഗപ്രദമല്ല | ഉണ്ട് | ഉണ്ട് |
| ജി.എൽ പി.സ്കൂൾ മുണ്ടക്കൈ | 111 | 5 | 1 | 1 | ഉണ്ട് | ഇല്ല. |
| ജി .ന്യു.പി.സ്കൂൾ മുളിയാർ മാപ്പിള | 669 | 22 | 2 | 1 | ബോർവെൽ | – |
| എസ്ഡി.എ.എൽ. പി.സ്കൂൾ മല്ലം | 129 | 5 | 1 | – | കിണർ | – |
| കെ.എ.എൽ. പി സ്കൂൾ കോട്ടൂർ | 194 | 10 | 1 | – | വേനൽകാലത്ത്ഇല്ല | – |
| സി.ആർ എ.എൽ. സ്കൂൾ ബെഞ്ച് | 100 | 4 | 2 | 1 | ബോർവെൽ | – |

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

നാടിന്റെ വികസന സാക്ഷാത്കാരത്തിന് ഗതാഗത സൗകര്യം അത്യാവശ്യമാണ്. മുളിയാറിന്റെ പ്രാഥമികമായ ആവശ്യങ്ങൾ നിറവേറ്റുവാൻ പര്യാപ്തമായ റോഡുകൾ, പാലങ്ങൾ, എന്നിവ ഇല്ല എന്നു തന്നെ പറയാം. ഗവൺമെൻറിൽ നിന്നും വിവിധ സ്കീമുകൾ മുഖേന ലഭിക്കുന്ന ഫണ്ടുകൾ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് തികഞ്ഞിരുന്നില്ല. തത്ഫലമായി രാഷ്ട്രീയ വിവേചനങ്ങളും സ്വജനപക്ഷപാതങ്ങളും ഇക്കാര്യത്തിൽ അറിഞ്ഞോ അറിയാതെയോ കാണിക്കേണ്ടിവന്നിട്ടുണ്ടോ എന്നത് ഒരു സംശയമാണ്. സന്നദ്ധ പ്രവർത്തന ശീലം ജനങ്ങളിലില്ലാത്തതും അത്തരം ശീലങ്ങൾ പൊതുകാര്യത്തിനുവേണ്ടി ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാതിരിന്നതും നമ്മുടെ ഒരു ദൗർബ്ബല്യമാണ്

യാത്രാ സൗകര്യം മെച്ചപ്പെട്ട വാണിജ്യമേഖലകളുടെ നിലനിൽപ്പും റോഡിനെ ആശ്രയിച്ചാണിരിക്കുന്നത്. നമ്മുടെ പല റോഡുകളും മഴക്കാലത്ത് ഗതാഗതയോഗ്യമല്ലാത്ത സ്ഥിതിയിൽ നീർക്കെട്ടുകൾ കൊണ്ടും മഴവെള്ളപ്പാച്ചിൽ നിമിത്തവും ഉപയോഗപ്രദമല്ല. അശാസ്ത്രീയമായ റോഡ് നിർമ്മാണം മൂലം വെള്ളം കെട്ടി നിൽക്കുകയും തീരെ അനുയോജ്യമല്ലാത്ത രൂപത്തിലേക്ക് മാറുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ മൊത്തം വികസനത്തിന് തക്കതായ റോഡ് സംവിധാനം നിലവിലുണ്ട് എങ്കിൽ തന്നെയും ചില മേഖലകൾ ഇന്നും അവഗണന നേരിടുന്നതായി കാണാൻ കഴിയും. മഞ്ചക്കല്ല് മുതൽ കോട്ടൂർവരെയുള്ള റോഡ്, ഇരിയണ്ണി മുതൽ പേരടുക്കം വഴി ഓട്ടച്ചാൽ ടച്ച് ചെയ്ത് കോട്ടൂരിലേക്കുള്ള റോഡ്, മഞ്ചക്കല്ല് മുതൽ ബെള്ളിപ്പാടി വഴി ഇരിയണ്ണിയിലേക്കുള്ള റോഡ്, എരിഞ്ചേരി മുതൽ പാണൂർ മൊട്ട വരെയുള്ള റോഡ്, പയർപ്പള്ളം വഴി പാണൂരിലേക്കുള്ള റോഡ് വഴി ബന്ധിപ്പിക്കൽ, മുളിയാർ പാലത്തിനരികെ നിന്നും മഞ്ചക്കല്ലിൽ നിന്നും മുളിയാർ ശ്രീ സുബ്രഹ്മണ്യക്ഷേത്രത്തിലേക്കുള്ള റോഡ്, ബോവിക്കാനം മുതൽ കൊടവഞ്ചി വഴി മല്ലത്തേക്കുള്ള റോഡ്, തുടങ്ങിയ നിരവധി റോഡുകൾ ഇനിയും നിർമ്മിച്ച് സൗകര്യ പ്രദമായ രീതിയിൽ ഉപയോഗപ്രദമാക്കേണ്ടതുണ്ട്. നമ്മുടെ പ്രധാനപ്പെട്ട പ്രശ്നം പഞ്ചായത്തിന്റെ മിക്ക പ്രദേശത്തും റോഡ് വെട്ടണമെങ്കിൽ പ്ലാന്റേഷൻ, ഫോറസ്റ്റ് എന്നിവയുടെ പ്രത്യേകാനുമതി വാങ്ങണമെന്നതാണ്. അതിന് അനുമതി പലപ്പോഴും കിട്ടാതിരിക്കുകയും കാലതാമസം നേരിടുകയും ചെയ്യുന്നു.

എരിഞ്ഞിപ്പുഴ പാലം ഗതാഗതത്തിന് തുറന്നുകൊടുത്താൽ നമ്മുടെ പ്രദേശത്തിന്റെ (പ്രത്യേകിച്ചും ബോവിക്കാൻ, ഇരിയണ്ണി, എന്നിവ) വികസനത്തിൽ അത് ഒരു നാഴികക്കല്ലായിരിക്കും. അതുപോലെ ജാൽസൂർ റോഡ് വീതികൂട്ടി വിപുലീകരിച്ചാൽ യാത്രാ സൗകര്യം മെച്ചപ്പെടും. ബോവിക്കാനത്ത് ഇരിയണ്ണി റോഡിന്റെ ഇരുവശത്തും ഉള്ള കടകൾ നീക്കം ചെയ്ത് വീതി കൂട്ടിയാൽ അവിടെയുള്ള ഗതാഗത തിരക്ക് ഒഴിവാക്കാൻ കഴിയും. കാലപ്പഴക്കം ചെന്ന ബോവിക്കാനം, കോട്ടൂർ, ഇരിയണ്ണി, പൊവ്വൽ, കാനത്തൂർ, എന്നീ ബസ് സ്റ്റോപ്പുകൾ പുതുക്കി പണിയേണ്ടത് അനിവാര്യമാണ്. പയർപള്ളം മുതൽ പാണൂർക്കും, അതുപോലെ ഇരിയണ്ണി മുതൽ കുട്ട്യാനത്തേക്കും, നെക്രംപാറ മുതൽ പാത്തനടുക്കം വഴി മല്ലത്തേക്കും ബോവിക്കാനം മുതൽ മുണ്ടക്കൈക്കും ബസ് സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. എരിഞ്ഞിപ്പുഴ-കാസറഗോഡ് റൂട്ടിൽ കെ.എസ്.ആർ. ടി. സി. ബസ് സൗകര്യം ഏർപ്പെടുത്തണം. സ്കൂൾ . കോളേജ് കുട്ടികളോട് ബസ് ജീവനക്കാർ കാട്ടുന്ന അവജ്ഞയും വിവേചനവും ഗൗരവത്തോടെ കാണണം.

കൃഷിക്കാർ അവരുടെ കാർഷിക വിഭവങ്ങൾ വാണിജ്യകേന്ദ്രത്തിലെത്തിക്കുന്നതും ആതുരശുശ്രൂഷാ കേന്ദ്രങ്ങളിൽ പോകുന്നതും പ്രത്യേകിച്ചും ഉൾനാടൻ റോഡുകളെ ആശ്രയിച്ചാണ്. നാടിൻെറ വികസനത്തിൽ മുഖ്യമായ പങ്കു വഹിക്കേണ്ട ഗ്രാമീണ റോഡുകൾ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ പര്യാപ്തമായ രീതിയിൽ വികസിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു. റോഡുകളെ സംബന്ധിച്ചുള്ള വിവര പട്ടിക 1 ൽ.

സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ റോഡു നിർമ്മാണ രംഗത്ത് വമ്പിച്ച ഒരു കുതിച്ചു ചാട്ടത്തിന് സാധ്യത മുളിയാറിലുണ്ട്. അനുമതി കിട്ടിക്കഴിഞ്ഞ ഏതാനും റോഡുകളുടെ നിർമ്മാണം ആരംഭിക്കേണ്ടതായിട്ടുണ്ട്.മാത്രമല്ല മുളിയാർ പഞ്ചായത്തിലെ റോഡുകളെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തേണ്ടിയിരിക്കുന്നു. അതിൻെറ അടിസ്ഥാനത്തിലായിരിക്കണം മുൻഗണനാക്രമം തീരുമാനിക്കേണ്ടത്. ഗ്രാമസഭകളിലൂടെ പുതുതായി ആരംഭിക്കേണ്ടുന്ന റോഡുകളുടെ നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. ഒരു നാടിൻെറ വികസന പ്രവർത്തനത്തിൻേറയും പുരോഗതിയുടെയും രജത രേഖകളാണ് നാട്ടിലെ റോഡുകളും പാലങ്ങളും. സജീവമായ ചർച്ചകളിലൂടെ ഗ്രാമസഭകളിൽ നിന്നുവന്ന നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ പുതുതായി ആരംഭിക്കേണ്ടുന്ന റോഡുകളുടെ വിവരങ്ങൾ താഴെകൊടുക്കുന്നു.

1. മഞ്ചക്കൽ--ചറവ് വഴി കോട്ടൂർ
2. പേരടുക്കം--പനയത്തോൾ,വഴി കുതിരക്കോൾ
3. ഓട്ടച്ചാൽ--മുണ്ടത്തൊട്ടി
4. കരക്കക്കാൽ–കോട്ടൂർ റോഡ്
5. ചനിയടുക്കം–ചന്ദ്രംപാറവഴി കാടകം
6. കാനത്തൂർ–സ്കൂൾ–ക്ഷേത്രങ്ങൾ
7. മൂടേംവീട് റോഡ്
8. ബീട്ടിയടുക്കം–ചെമ്പിലാങ്കൈ റോഡ്
9. കോളിയടുക്കം-- കൂടാല--പയം റോഡ്
10. പയർപള്ളം--കോളിയടുക്കം റോഡ്.
11. കൊറത്തിക്കുണ്ട്- കോളിയടുക്കംറോഡ്
12. തൈര--വടക്കേക്കര റോഡ്
13. ബേപ്പ്–മണിയങ്കോട് റോഡ്
14. ഇരിയണ്ണി–പയം റോഡ്
15. കുറ്റിയടുക്കം–കുണിയേരി
16. മഞ്ചക്കൽ–ബാവിക്കരമൊട്ട
17. ചിപ്ലിക്കയ–കണ്ണംവളപ്പ്
18. ബാവിക്കര–പള്ളിക്കാൽ–കുട്ടിയാനം
19. മുണ്ടക്കൈ–മുല്ലച്ചേരിയടുക്കം–മൂലടുക്കം–നെല്ലിയടുക്കം
20. ആലൂർ മദ്രസ– മുനമ്പം
21. മുണ്ടക്കൈ–അരയാലിങ്കാൽ ക്ഷേത്രം
22. ബേവിഞ്ച–ആലൂർ–ഇരിയണ്ണി റോഡിൻെറ രണ്ടാം ഘട്ട പണി ആരംഭിക്കണം.
23. കാച്ചിക്കാട്–മാസ്തിക്കുണ്ട്
24. നെല്ലിക്കാട്–മുണ്ടക്കൈ
25. പൊപ്പാല–ഗോളിഗുഡ
26. ചൂരിമൂല–ചെമ്പ്രക്കാന
27. ബോവിക്കാനം ഇരിയണ്ണി റോഡിൽ നിന്ന് ബാലനടുക്കത്തേക്കുള്ള റോഡ് പഞ്ചായത്ത് ഏറ്റെടുക്കുക.
28. മേലടുക്കക്കട്ട–മുണ്ടപ്പള്ളം–കഞ്ചിക്കൈ കല്ലുഗദ്ദ റോഡ്.
29. കൊക്കോടി–മല്ലം റോഡ്.
30. കൊക്കോടി–അട്ടപ്പറമ്പ്.
31. കുഞ്ഞിപ്പള്ള--കോപ്പാളംകൊച്ചി–പുണ്ടൂർ എൽ. പി. സ്കൂൾ
32. 9–ാം മൈൽ --പറയംകോട്–കൊടവഞ്ചി-മല്ലം

ഗ്രാമത്തിലെ പല പ്രദേശങ്ങളിൽ നിന്നും റോഡുമായി ബന്ധപ്പെടാൻ വർഷകാലത്ത് വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നു. അതിനാൽ യാത്രാ ക്ലേശം കുറയ്ക്കുന്നതിൻെറ ഭാഗമായി ഒട്ടുവളരെ നടപാതകളുടെ നിർദ്ദേശം ഗ്രാമസഭയിൽ ഉയർന്നുവന്നത് താഴെകൊടുക്കുന്നു.

നടപ്പാത

1. ബെള്ളിപ്പാടി–പാത്തിക്കാൽ
2. പേരടുക്കം–അണക്കെട്ടുംവരെ
3. ചറവ്--ബെള്ളിപ്പാടി
4. എരിഞ്ചേരി, കുന്നുമ്മൽ കടമ്പുവഴി–പാണൂർ സ്കൂൾ
5. കടപ്പ്–കക്കോൽ–കോട്ടൂർ
6. എരിഞ്ചേരി റോഡിൽ നിന്ന് --പാണൂർ തോട്ടത്തുമൂല
7. അയിങ്കൂറൻ വീട് വഴി–കയ
8. കാനത്തൂർ–വടക്കേക്കര
9. കാനത്തൂർ–മൂടേംവീട്–കയ
10. വനത്തുങ്കാൽ–പയോലം–തൈര

# പട്ടിക 1 നിലവിലുള്ള റോഡുകൾ

| റോഡ് | PWD | പഞ്ചായത്ത് | ടാർ | മെറ്റൽ | ചരൽ റോഡ് | നീളം |
|---|---|---|---|---|---|---|
| !. 8ാം മൈൽ-മല്ലം റോഡ് | √ | | 0.100 | | | 2.200 |
| 2. ബോവിക്കാനം ബാവിക്കര | | √ | 2.600 | | | |
| 3. നെക്രംപാറ പാത്തനടുക്കം | | √ | 1.000 | | | 1.800 |
| 4 പാത്തനടുക്കം അർളടുക്കം | √ | | | | | 1.600 |
| 5. ബോവിക്കാനം തൈര | | | | | | 2.600 |
| 6. വൊളലി നെല്ലിക്കാട് | | √ | 200 | | | 0.200 |
| 7 വൊളലി മസ്തികുണ്ട് | | √ | 1.600 | | | |
| 8. അമ്മം കോട് മുണ്ടപ്പള്ളം | | √ | | | | 2.800 |
| 9. മസ്തിക്കുണ്ട് ചാപ്പാടി | | √ | | | | 0.400 |
| 10 മുല്ലച്ചേരി അടുക്കം- ആലൂർ | | √ | | | | 1.200 |
| 11 ബോവിക്കാനം- മുളിയാർവയൽ | | √ | 0.600 | | | |
| 12 മുളിയാർ-സുബ്രഹ്മണ്യക്ഷേത്രം | | √ | | | | 0.400 |
| 13 ഗോളിയടുക്കം-ചാൽക്കര | | √ | 1.600 | | | |
| 14 എരിഞ്ചേരി പാണൂർ | | √ | 0.200 | | | 1.445 |
| 15 മുളിയാർവയർ- മുളിയാർതോട് | | √ | | | | 0.600 |
| 16 ബാവിക്കര – പന്നടുക്കം | | √ | | | | 0.800 |
| 17 ചേക്കോട് – അട്ടപറമ്പ് | | √ | 0.300 | | | 0.900 |
| 18 മുളിയാർ – ചേക്കോട് | | √ | | | | 0.400 |
| 19 കാനത്തൂർ – പയോലം | | √ | | | | 1.000 |
| 20 അട്ടപ്പറമ്പ് – മല്ലം | | √ | | | | 3.200 |
| 21 കാനത്തൂർ –കടവ് | | √ | | | | 0.400 |
| 22. കാനത്തൂർ – പേരടുക്കം | | √ | | | | 0.900 |
| 23. ബേപ്പ് – കുട്ടിയാനം | | √ | | | | 0.400 |
| 24 അട്ടപ്പറമ്പ് – പുഞ്ചൻകോട് | | √ | | | | 0.400 |
| 25. ഇരിയണ്ണി – മിന്നം കുളം | | √ | | | | 0.420 |
| 26. ബോവിക്കാനം –പഞ്ചായത്താഫിസ് | | √ | 0.185 | | | |
| 27. വീട്ടിയടുക്കം- നെയ്യംകയം | | √ | 0.200 | | | 0.400 |
| 28. തൈരറോഡ് – ( പയസ്വിനി) | | √ | 0.250 | | | 0.550 |
| 29. കൊളമ്പ – പയസ്വിനി | | √ | | | | 0.500 |

| | | | | | | |
|---|---|---|---|---|---|---|
| 30. ഇരിയണ്ണി -പയസ്വിനി മിന്നംകുളം | | √ | | | | 0.300 |
| 31. ഇരിയണ്ണി - പേരടുക്കം | | √ | | | | 0.560 |
| 32. നെക്രംപറ - കരക്കകൊൽ | | √ | | | | 1.200 |
| 33. അർളടുക്കം - കക്കോടി | √ | | | | | 2.000 |
| 34 അട്ടപറമ്പ് അമക്കാർ | | √ | | | | 0.350 |
| 35. മഞ്ചക്കൽ മുളിയാർ ക്ഷേത്രം | | √ | | | | 0.650 |
| 36. പയർപള്ളം - പാണൂർ സ്കൂൾ | | √ | 2.000 | | | |
| 37 പേരടുക്കം - പാറക്കടവ് | | √ | | | | 1.000 |
| 38. ചിപ്ലിക്കയ് - മുളിയർ ഹരിജൻ കോളനി | | √ | 1.250 | | | |
| 39. പൊവ്വൽ മസ്ജിദ് - എടനീർ | | √ | 1.850 | | | |
| 40. ഇരിയണ്ണി - കുട്ടിയാനം | | √ | 0.600 | | | 3.650 |
| 41. വീട്ടി യടുക്കം - നെയ്യംകയ | | √ | 0.100 | | | 2.900 |
| 42 ബോവിക്കാന - ബാലനടുക്ക | | √ | 2.000 | | | |
| 43.നെക്രം പാറ- അട്ടപറമ്പ് | | √ | 2.000 | | | |
| 44. മഞ്ചക്കല്ല് - ബേപ്പ് | | | 0.400 | | | 1.100 |
| 45. എരിഞ്ചേരി - പാത്തനടുക്കം | | √ | | | | 0.400 |
| 46. പൈക്ക - മല്ലം | √ | | | | | 0.800 |
| 47. ബാവിക്കരയടുക്കം- പന്നടുക്കം | | √ | | | | 1.140 |
| 48.കുരിക്കളയടുക്കം- കക്കോടി | √ | | | | | 0.350 |
| 49.കുരിക്കളയടുക്കം--കക്കോടി--2 | √ | | | | | 0.150 |
| 50.കുരിക്കളയടുക്കം--കക്കോടി3 | √ | | | | | 0.150 |
| 51.ചാത്തപ്പാടി - മുണ്ടപ്പള്ളം | | √ | | | | 0.150 |
| 52.ബേപ്പ് - ബാവിക്കര | | √ | | | | 0.420 |
| 53. ചാത്തപ്പാടി - മുണ്ടപ്പള്ള -2 | √ | | | | | 0.200 |
| 54.ആലൂർ - പ്ലാവടുക്കം | | √ | | | | 0.300 |
| 55.ബേപ്പ് - ബാവിക്കര -- 2 | | √ | | | | 0.630 |
| 56.ചാത്തപ്പാടി - മുണ്ടപ്പള്ളം 3 | √ | | | | | 0.150 |
| 57.ബേപ്പ് - ബാവിക്കര 3. | | √ | | | | 0.280 |
| 58.പൊവ്വൽ അക്കരെ-ബെഞ്ചിക്കോടതി1 | | √ | 0.140 | | | |
| 59.പൊവ്വൽ അക്കരെ-ബെഞ്ചിക്കോടതി2 | | √ | 0.030 | | | |
| 60.എൻജി. കോളേജ് റോഡ് | | √ | | | | 0.650 |
| 61 ബാവിക്കര- ബേപ്പ് 4 | | √ | | | | 0.120 |
| 62.ചിപ്ലിക്കയ- കുഞ്ഞിമൂല കോളനി | | √ | 0.300 | | | |
| 63.. കുഞ്ഞിമൂല ഹരിജൻകോളനി | | √ | 0.158 | | | |

11. പേരടുക്ക-പാറത്തോട്
12. ബീട്ടിയടുക്കം- കുടാല-മുച്ചിരിക്കുളം
13. ആലൂർ-പ്ലാവടുക്കം
14. മുല്ലച്ചേരി-ആലനടുക്കം
15. കുണ്ടുവളിക്കാൽ-മുണ്ടക്കൈ ലക്ഷം വീട് കോളനി
16.ബഞ്ച് കോടതി-മുതലപ്പാറ
17. മല്ലം-കൊളച്ചപ്പ്
18. കൊടവഞ്ചി ഹരിജൻ കോളനി- കോടിമൂല

പല ഇടവഴികൾ ഗ്രാമത്തിലുണ്ടെങ്കിലും അവയെല്ലാം ഇടുങ്ങിയും കാടുപിടിച്ചുമാണ് കിടക്കുന്നത്. ദുർഗ്ഗമായ ഇത്തരം വഴികൾ സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ സഞ്ചാരയോഗ്യമാക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

1. റോഡുകളുടെ വീതികുറവ്
2. ഗ്രാമപ്രദേശങ്ങളിൽ റോഡുകളുടെ അപര്യാപ്തത.
3. കുണ്ടും കുഴിയുമായതുകൊണ്ട് പല റോഡുകളും സഞ്ചാരയോഗ്യമല്ല.
4. ഗ്രാമപഞ്ചായത്തിൻെറ പല പ്രദേശങ്ങളും ഫോറസ്റ്റിൽ ഉൾപ്പെടുന്നതുകൊണ്ട് റോഡുനിർമ്മിക്കാൻ പ്രശ്നങ്ങൾ ഉണ്ടാവുന്നു.
5. പ്ലാൻേറഷൻ കോർപ്പറേഷൻെറ കശുമാവിൻ തോട്ടം പഞ്ചായത്തിൻെറ പലഭാഗത്തും വ്യാപിച്ചു കിടക്കുന്നതിനാൽ പുതിയ റോഡുകൾ നിർമ്മിക്കാൻ സാങ്കേതിക പ്രശ്നങ്ങളുണ്ടാകുന്നു.
6. താഴ്ന്ന പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന റോഡുകൾ മഴക്കാലത്ത് സഞ്ചാരയോഗ്യമല്ല.
7. ആവശ്യത്തിന് കൾവർട്ടുകൾ ഇല്ലാത്തതിൻെറ അഭാവം.
8. നിലവാരമില്ലാത്ത റോഡുകൾ ഗതാഗത പ്രശ്നം സൃഷ്ടിക്കുന്നു.
9. കാസറഗോഡു ജാൽസൂർ റോഡിലുള്ള മുളിയാർ പാലത്തിൻെറ സൗകര്യമില്ലായ്മ.
10. കൈയ്യേറ്റം ചെയ്യപ്പെട്ട റോഡ് പുറമ്പോക്ക് ഒഴിച്ചെടുക്കാത്തതിലെ പ്രശ്നം.
11. റോഡിന് ആവശ്യമായ ഓടകൾ ഇല്ലാത്തതിലെ പ്രശ്നം.
12. ഗ്രാമത്തിൻെറ പല ഭാഗത്തും നടപ്പാലങ്ങൾ ഇല്ലാത്തതിലെ പ്രശ്നം.
13. റോഡിൻെറ പാർശ്വഭാഗങ്ങൾ ഇടിയുന്ന പ്രശ്നം.

## സാധ്യതകളും നിർദ്ദേശങ്ങളും

1. ഗ്രാമസഭകളിൽ ഉയർന്നുവന്നനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബസ് വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.
2. ഗതാഗത പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ, ടെലഫോൺ പോസ്റ്റുകൾ എന്നിവ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുക.
3. പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് ഫോറസ്റ്റിൽ നിന്നും പ്ലാൻേറഷൻ കോർപ്പറേഷനിൽ നിന്നും ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുക.
4. റോഡിൻെറ ഇരുകരകളും കല്ലുകെട്ടി സുരക്ഷിതമാക്കുക.
5. റോഡിൻെറ അപകടമുണ്ടാക്കുന്ന വളവ് നിവർത്താൻ നടപടി സ്വീകരിക്കുക.
6. നടപ്പാതകൾ നിർമ്മിച്ച് വഴികൾ സഞ്ചാരയോഗ്യമാക്കുക.
7. മുളിയാർ പാലത്തിൻെറ വീതി കൂട്ടുക.
8. കൾവർട്ട് ഇല്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിക്കുക.
9. ഗ്രാമസഭകൾ നിർദ്ദേശിച്ച റൂട്ടുകളിൽ ബസ്സ് സർവ്വീസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുക.

ജനശക്തി ഉപയോഗിച്ച് റോഡുകൾ വികസിപ്പിക്കാനും പുതിയവ നിർമ്മിക്കാനും കഴിയും. മുളിയാർ പഞ്ചായത്തിൽ അടുത്ത കാലത്ത് നിർമ്മിച്ച രണ്ടു പാലങ്ങളാണ് എരിഞ്ഞിപ്പുഴ പാലം, മല്ലം പാലം. മുളിയാർ ബേഡകം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം ഇരുപഞ്ചായത്തുകളിലേയും ജനങ്ങൾക്ക് ഒരനുഗ്രഹമാണ്. ഒരു ദ്വീപുപോലെ ഒറ്റപ്പെട്ടു കിടന്നിരുന്ന മല്ലത്തെ ജനങ്ങൾക്ക് ബോവിക്കാനവുമായി ബന്ധപ്പെടാൻ മല്ലംപാലം പ്രയോജനപ്പെടുന്നു. ജനശക്തിയുടെ കൂട്ടായ്മയിൽ നിന്ന് വികസനത്തിൻെറ പാതയിലേക്ക് നീങ്ങാൻ ഗ്രാമസഭകൾ സഹായിക്കുകതന്നെ ചെയ്യും.

## ഊർജ്ജം

ഊർജ്ജ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന പഞ്ചായത്തുകളിലൊന്നാണ് മുളിയാർ. സ്ഥിതി വി

വരകണക്കുകൾ വേണ്ടത്ര ലഭ്യമാകാത്തതുമൂലം അതിൻെറ ബാഹുല്യം വസ്തുനിഷ്ഠമായി അപഗ്രഥിക്കുവാൻ കഴിഞ്ഞിട്ടില്ല. സമയപരിതി മൂലം മൊത്തത്തിൽ ഡാറ്റാകൾ ശേഖരിച്ച് മുന്നോട്ട് പോകാനും സാധിച്ചിട്ടില്ല. വിറക്, മണ്ണെണ്ണ, വൈദ്യുതി, ഗ്യാസ്, സൗരോർജ്ജം എന്നിവയാണ് പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗിക്കുന്ന മുഖ്യ ഊർജ്ജ സ്രോതസ്സുകൾ.

വിറകാണ് പഞ്ചായത്തിലെ 90 ശതമാനം ജനങ്ങളും ഉപയോഗിക്കുന്ന പാചകാവശ്യത്തിനുള്ള ഊർജ്ജം വിറക് കൂടുതലായും കശുമാവ്, തെങ്ങിൻെറ ഭാഗങ്ങൾ എന്നിവയിൽ നിന്നാണ് ലഭിക്കുന്നത്. പഞ്ചായത്തിൻെറ പടിഞ്ഞാറൻ ഭാഗങ്ങളിൽ വിറകിന് കിഴക്കൻ മേഖലയേക്കാൾ ക്ഷാമം നേരിടുന്നുണ്ട്. ഫോറസ്റ്റ്, പ്ലാൻേറഷൻ എന്നിവിടങ്ങളിൽ നിന്നും ജനങ്ങൾ ലേലം വിളിച്ച് വിറക് സമാഹരിക്കുകയാണ് ചെയ്യുന്നത്. ഗ്യാസിൻെറ ഉപയോഗം താരതമ്യേന കുറവാണ്. ഗ്യാസ് ഉപയോഗിക്കുന്നത് മുഖ്യമായും ജീവനക്കാരും സമൂഹത്തിലെ മേൽത്തട്ടുകാരുമാണ്. പഞ്ചായത്തിലെ ചില വീടുകളിൽ ബയോഗ്യാസും ഉപയോഗിക്കുന്നുണ്ട്. മണ്ണെണ്ണ, വൈദ്യുതി എന്നിവ ഉപയോഗിച്ചും ചുരുക്കം ചില ആളുകൾ പാചകം ചെയ്യുന്നുണ്ട്.

വമ്പിച്ച വൈദ്യുതി പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പഞ്ചായത്താണ് മുളിയാർ. ഉൾപ്രദേശങ്ങളിലെ നല്ലൊരു ഭാഗം ജനങ്ങൾക്കും ഇതുവരെ വൈദ്യുതി ലഭിച്ചിട്ടില്ല. ഹരിജൻ കോളനികളിൽ ചിലവയ്ക്ക് വൈദ്യുതി ലഭ്യമല്ല. വൈദ്യുതി വകുപ്പിൻെറ തികഞ്ഞ അനാസ്ഥയും

KSEB യിൽ നടമാടുന്ന ചുവപ്പുനാടയും അഴിമതിയും ജനങ്ങളെ വൈദ്യുതി ഉപഭോക്താക്കളാക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നു. ട്രാൻസ്ഫോർമർ വേണ്ടത്ര ഇല്ലാത്തതും ഉള്ളവതന്നെ പഴകിയതും അനുയോജ്യമല്ലാത്തതും വൈദ്യുതി കിട്ടാക്കനിയാക്കുന്നതിന് കാരണമാകുന്നു. കാർഷികാവശ്യത്തിന് ജനങ്ങൾ മുഖ്യമായി ആശ്രയിക്കുന്നത് ഇന്നും പെട്രാളിയം ഉൽപ്പന്നങ്ങളെയാണ്. കാർഷികാവശ്യത്തിന് വേണ്ടത്ര വൈദ്യുതി ലഭ്യമല്ലാത്തതാണ് ജനങ്ങളെ ഇതിൽ നിന്നും അകറ്റിനിർത്തുന്നത്. പവർകട്ടും, വോൾട്ടേജ് ക്ഷാമവും ആണ് വൈദ്യുതി പ്രതിസന്ധിയുടെ മുഖ്യകാരണങ്ങൾ നിലവിലുള്ള വൈദ്യുതി കണക്ഷൻെറ ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു. പട്ടിക I

| | |
|---|---|
| 1. ഗാർഹികം | 2000 |
| 2. വ്യാപാരം | 254 |
| 3. വ്യാവസായികം | 6 |
| 4. കാർഷികം | 356. |

വോൾട്ടേജ് പ്രശ്നം പരിഹരിക്കാൻ വിതരണ രംഗത്തുള്ള നഷ്ടം കുറക്കേണ്ടിയിരിക്കുന്നു. അതിനായി ട്രാൻസ്ഫോർമറുകളുടെ എണ്ണവും സ്ഥാനവും പുനഃക്രമീകരിക്കുക. അതുപോലെ ഇലക്ട്രിക് ലൈനിൽ മുട്ടികിടക്കുന്ന മരക്കൊമ്പുകൾ യഥാസമയം മുറിച്ചുമാറ്റുക, പഴയ പോസ്ററുകൾ മാറ്റി പുതിയവ സ്ഥാപിക്കുക. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന L.T. ട്രാൻസ്ഫോർമറുകളുടെ കണക്കുകൾ. (II)

പട്ടിക II

നിലവിലുള്ള ട്രാൻസ്ഫോർമറുകൾ

| | |
|---|---|
| 1. എടനീർ (2) | 10. ബേപ്പ് |
| 2. ചാപ്പാടി | 11. കുറ്റിയടുക്കം |
| 3. മല്ലം | 12. ഇരിയണ്ണി |
| 4. മല്ലം 2 | 13. കാനത്തൂർ |
| 5. പൊവ്വൽ 1 | 14. ബീട്ടിയടുക്കം |
| 6. പൊവ്വൽ 2 | 15. കോട്ടൂർ |
| 7. ബോവിക്കാനം 1 | 16. മജക്കാർ |
| 8. ബോവിക്കാനം 2 | 17. പാത്തനടുക്കം |
| 9. ബാവിക്കര | 18. പാണൂർ |

പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തി എങ്കിലും ഇനിയും വൈദ്യുതി ലഭിക്കാത്ത പല വീടുകളും ഉണ്ട്. പഞ്ചായത്തിൻെറ പരിധിയിൽ 2700 ഓളം കണക്ഷൻ ഉണ്ടെങ്കിലും ബിൽ ഇവിടെതന്നെ അടക്കാനുള്ള സംവിധാനമില്ല.കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ കണക്ക് പട്ടിക III ൽ കൊടുക്കുന്നു.

പട്ടിക III

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ കണക്ക്

| | |
|---|---|
| 1.ഓർഡിനറി | 172 |
| 2. O.T.P. | 5 |
| 3. ഒ. വൈ.ഇ. സി. | 121 |

പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവ ഒന്നും തന്നെ ശരിയായി സംരക്ഷിക്കപ്പെടുന്നില്ല. ഇനിയും പല പ്രദേശങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കപ്പെടേണ്ടതായിട്ടുണ്ട്. തെരുവുവിളക്കുകളുടെ വിശദവിവരം പട്ടിക IV ൽ കൊടുക്കുന്നു.

പട്ടിക IV

| | |
|---|---|
| 1.ബൾബ് | 54 |
| 2. ട്യൂബ് | 3 |
| 3. മെർക്കുറി | ഇല്ല |
| 4. സോഡിയം വേപ്പറബ് | 5 |

ഗ്രാമത്തിലെ തെരുവുവിളക്കുകൾക്കായി പഞ്ചായത്ത് പ്രതിവർഷം 23818 രൂപ ചെലവഴിക്കുന്നുണ്ട്. ഗ്രാമസഭകളിൽ തെരുവു വിളക്കുകളുടെ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. മുളിയാർ പഞ്ചായത്തിലെ നാല് കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇനിയും പല കോളനികളും വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ വീടുകളും വൈദ്യുതീകരിച്ചിട്ടില്ല.
2. പ്രസരണ നഷ്ടത്താൽ വോൾട്ടേജ് കുറയുന്നു.
3. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും തെരുവു വിളക്കുകൾ ഇല്ല.
4. നിക്ക പട്ടികജാതി കോളനികളും വൈദ്യുതീകരിച്ചിട്ടില്ല.
5. സ്റ്റെപ്പ്അപ്പിൻെറ അമിതമായ ഉപയോഗം
6. കണക്ഷൻ കിട്ടാൻ വരുന്ന കാലതാമസം
7. പഞ്ചായത്തിൻെറ പരിധിയിൽതന്നെ ലൈൻമാൻ താമസിക്കാത്തതിലെ പ്രശ്നം.
8. വൈദ്യുതിയുടെ വഴിവിട്ട ഉപയോഗം നിയന്ത്രിക്കുന്നതിന് ബോധവത്ക്കരണത്തിൻെറ കുറവ്.
9. വ്യവസായസംരംഭകർക്ക് വൈദ്യുതി ലഭിക്കാനുള്ള കാലതാമസം.

## സാധ്യതകൾ

1. ആവശ്യമായ സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.
2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
3. ലൈനിലെ തകരാറുപരിഹരിക്കുവാൻ നടപടികൾ ഉടൻ സ്വീകരിക്കുക.
4. മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ് കണക്ഷൻ എന്നിവ അപേക്ഷിച്ചവർക്ക് ഉടൻ ലഭിക്കാൻ നടപടി സ്വീകരിക്കുക.
5. ഫോറസ്റ്റിൻെറ സഹായത്തോടെ വിറക് സംഭരിക്കാനുള്ള നടപടി സ്വീകരിക്കുക.
6. ഗോബർഗ്യാസിൻെറ പ്രാദേശിക സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.
7. പ്രവർത്തനക്ഷമമല്ലാത്ത മീറ്ററുകൾ മാറ്റി പുതിയവ സ്ഥാപിക്കുക.
8. സൗരോർജ്ജ വിളക്കുകൾ സാർവ്വത്രികമായി സ്ഥാപിക്കുക
9. പ്രസരണ നഷ്ടം ഒഴിവാക്കാൻ ലൈനിൽ.മുട്ടികിടക്കുന്ന മരക്കൊമ്പുകൾ യഥാസമയം മുറിച്ചുമാറ്റുക.
10. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ സിംഗിൾ ഫേസ് ലൈനിനു പകരം ത്രീ ഫേസ് ലൈൻ സ്ഥാപിക്കുക.
11. അതാതു മാസം മീറ്റർ റീഡിംഗ് നടത്തി ബിൽ വിതരണം ചെയ്യുക.

## മാർക്കറ്റ്

ബോവിക്കാനത്ത് നിലവിൽ ഒരു മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. അത് മത്സ്യമർക്കറ്റായിട്ടാണ് ഇന്ന് ഉപയോഗപ്പെടുത്തുന്നത്. എരിഞ്ഞിപ്പുഴ പാലം തുറന്നുകൊടുക്കുന്നതോടുകൂടി ബോവിക്കാനം വലിയ ഒരു വ്യാപാര കേന്ദ്രമായി മാറുന്നതാണ്. പഞ്ചായത്തിൻെറ ലൈസൻസുള്ള അറവുശാല ഇന്ന് പഞ്ചായത്തിലില്ല. ബോവിക്കാനത്ത് ഒരു അറവുശാല സ്ഥാപിക്കേണ്ടതാണ്. അതുപോലെ ഒരു ആഴ്ചചന്ത തുടങ്ങുവാനുള്ള നിർദ്ദേശം പരിഗണിക്കപ്പെടാവുന്നതാണ്.

നാളികേരം, കശുവണ്ടി, അടയ്ക്ക, കുരുമുളക് എന്നിവ വിറ്റഴിക്കുവാനുള്ള വിപണന കേന്ദ്രം ഇന്ന് പഞ്ചായത്തിലില്ല. പൊതുവായ ഒരു വിപണന കേന്ദ്രം സ്ഥാപിച്ചാൽ പഞ്ചായത്തിലെ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതാണ്.

പഞ്ചായത്തിൻെറ ആസ്ഥാനമായ ബോവിക്കാനത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സും ഒരു ബസ് സ്റ്റാൻറും സ്ഥാപിച്ചാൽ ബോവിക്കാനത്തിൻെറ വികസനത്തിൽ അത് ഒരു നാഴികക്കല്ലായി മാറും.

## പ്രശ്നങ്ങളും പരിഹാരവും.

1. പഞ്ചായത്തിൻെറ നേതൃത്വത്തിൽ ബോവിക്കാനത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക.
2. മാവേലി സ്റ്റോർ ബോവിക്കാനത്ത് സ്ഥാപിക്കുക
3. ബോവിക്കാനത്ത് ഒരു ആഴ്ചച്ചന്ത സ്ഥാപിക്കുക.
4. അറവുശാല സ്ഥാപിക്കുക.
5. കശുവണ്ടി സംഭരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക

ഗ്രാമസഭകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളുടെ വിലയിരുത്തലുകളുടേയും അടിസ്ഥാനത്തിൽ കരുത്തുറ്റ ഒരു പൊതുവിതരണ സംവിധാനം പഞ്ചായത്തിൽ നിലവിൽ വന്നാൽ അനിശേധ്യമായ ജനശക്തിയുടെ ഉൾത്തുടിപ്പായി അത് വാഴ്ത്തപ്പെടുകതന്നെ ചെയ്യും . ജനശക്തിയുടെ കൈത്തിരിയായി ഗ്രാമസഭകൾ മാറുകയും ചെയ്യും.

# സഹകരണം

1904 ലെ സഹകരണ നിയമത്തിൻെറ അടിസ്ഥാനത്തിൽ രൂപീകൃതമായ വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് രൂപം കൊടുക്കുന്നത്. കടബാധ്യതയിൽ നിന്ന് കർഷക സമൂഹത്തെ രക്ഷിക്കുകയും കാർഷിക വ്യവസായ രംഗങ്ങളിൽ ജനങ്ങളെ പുരോഗതിയിലേക്ക് നയിക്കുകയുമാണ് ഇതിൻെറ പ്രധാന ലക്ഷ്യം. സമൂഹത്തിലെ സമസ്ത മേഖലകളിലും സഹകരണ സംഘങ്ങൾ സ്ഥാപിക്കാനും മുന്നേറാനും നമുക്ക് സാധിച്ചിട്ടുണ്ട്. തുടർന്ന് സഹകരണ രംഗത്ത് വിപ്ലവകരമായ മുന്നേറ്റമാണ് ഉണ്ടായത്. നമ്മുടെ മാതൃക അനുകരിച്ച് കൊണ്ട് പല സംസ്ഥാനങ്ങളും സഹകരണ സംഘങ്ങൾ സംഘടിപ്പിച്ച് വരുന്നു.

സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ അവശതയനുഭവിക്കുന്ന ജനങ്ങൾ സഹകരണ പ്രസ്ഥാനത്തിലൂടെ കാർഷികമായും സാമ്പത്തികമായും സാംസ്കാരികമായും ഔന്നത്യത്തിലേക്ക് പ്രയാണം ചെയ്ത് കൊണ്ടിരിക്കുമ്പോഴും മുളിയാർ പഞ്ചായത്തിലെ ജനങ്ങൾ അന്ധകാരത്തിൽ മുങ്ങിതന്നെ കിടന്നിരുന്നു. ഈ അവസരത്തിൽ അധ്വാനശീലരായ ജനങ്ങളെ മേൽത്തട്ടുകാരുടെ ചൂഷിതവലയത്തിൽ നിന്ന് രക്ഷിക്കുന്നതിനായി 1954-ൽ ജൂലൈ മാസം 19-ാം തീയതി ശ്രീ പുതുക്കുടി കുഞ്ഞമ്പുനായരുടെ നേതൃത്വത്തിൽ 60 മെമ്പർമാരും 1000 ക. മൂലധനത്തോടും കൂടി വിവിധോദ്ദേശ ഐക്യനാണയ സഹകരണ സംഘം രൂപീകരണത്തിന് നേതൃത്വം നൽകി. പ്രസ്തുത സംഘത്തിൻെറ ആദ്യകാല സെക്രട്ടറി ശ്രീ. സി. ദാമോദരൻ നായർ ആയിരുന്നു. 1959 ൽ മുളിയാർ പ്രാഥമിക പരസ്പര കാർഷിക സഹകരണ സംഘമായി ഉയർന്ന ഈ സ്ഥാപനത്തിൻെറ ഓജസ്സും തേജസ്സും ഭരണകർത്താക്കളുടെ പ്രയത്ന ഫലവും അംഗങ്ങളുടെ ശ്രമഫലവുമായിരുന്നു. ജനങ്ങളുടെ പരിമിതമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി ഭരണകർത്താക്കളുടെയും, നാട്ടുകാരുടെയും മെമ്പർമാരുടെയും, ശ്രമഫലമായി 1961 ൽ ഇത് ബാങ്കായി ഉയർത്തപ്പെട്ടു.

പുതുക്കുടി കുഞ്ഞമ്പു നായർ, മേലത്ത് നാരായണൻ നമ്പ്യാർ, എ. കെ. കൃഷ്ണൻ നായർ, എം. ഭാസ്കരൻ നമ്പ്യാർ, എം. അനന്തൻ നമ്പ്യാർ, മാളങ്കൈ ബാലകൃഷ്ണൻ നായർ, കെ. നാരായണൻ നായർ, പി. കൃഷ്ണൻ നായർ, പി. രാമചന്ദ്രൻ നായർ എന്നിവർ വിവിധ കാലങ്ങളിൽ ഇതിൻെറ പ്രസിഡണ്ടുമാരായും കെ. ബാലകൃഷ്ണൻ നായർ, എം.എ. ഖാദർ, ബി. സുലൈമാൻ, രാധാഗോപാലൻ എന്നിവർ വിവിധ കാലഘട്ടങ്ങളിൽ വൈസ് പ്രസിഡണ്ടുമാരായും പ്രവർത്തിച്ചിട്ടുണ്ട്.

വിവിധ മേഖലകളിലായി ഏഴ് സഹകരണസംഘങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(പട്ടിക - 1, കാണുക)

1. ബാങ്കിങ്ങ് രംഗത്ത് പ്രവർത്തിക്കുന്ന മുളിയാർ സർവ്വീസ് സഹകരണ ബാങ്ക്.
2. കെട്ടിട നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന മഹാത്മജി ബിൽഡിംഗ് സഹകരണ സൊസൈറ്റി.
3. വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന മേലത്ത് മെമ്മോറിയൽ വനിതാ വ്യവസായ സഹകരണ സംഘം.
4. വിവിധോദ്ദേശങ്ങൾക്കായി പ്രവർത്തിക്കുന്ന കാൻഫെഡ് സഹകരണ സംഘം.
5. കല്ലുകൊത്ത് തൊഴിലാളി സഹകരണ സംഘം.
6. മുളിയാർ പഞ്ചായത്ത് സഹകരണ ബേക്കറി
7. ചറോളിമൂല പട്ടികവർഗ്ഗ ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘം.

കൂടാതെ മൂന്ന് സ്കൂൾ കോപ്പറേറ്റീവ് സൊസൈറ്റികളും ഈ പഞ്ചായത്തിൽ നിലവിലുണ്ട്.

ഇത്രയും സഹകരണ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചുവെങ്കിലും പല സംഘങ്ങളുടെയും പ്രവർത്തനം തൃപ്തികരമല്ല. ഈ സഹകരണ സ്ഥാപനങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് പല ഘടകങ്ങളും കാരണമാകുന്നു.

1. താൽക്കാലിക ആവശ്യങ്ങൾക്ക് മാത്രം രൂപീകരിക്കൽ

2. ശക്തമായ മാനേജ്മെൻറിൻെറ അഭാവം.

3. ദീർഘവീക്ഷണമില്ലായ്മ

4. തൊഴിൽ രംഗത്തെ യന്ത്രവൽക്കരണം.

5.തൊഴിലാളികളുടെ അമിതമായ വിലപേശൽ

6. വിപണന രംഗത്ത് സ്വകാര്യ മേഖലയോട് മത്സരിക്കാനുള്ള ശേഷിക്കുറവ്.

## സഹകരണ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ

### മുളിയാർ സർവ്വീസ് സഹകരണ ബാങ്ക്.

പഞ്ചായത്തിലെ 4485 കുടുംബങ്ങൾ ഈ ബാങ്കിൻെറ പരിധിയിൽപ്പെടുന്നു. എന്നാൽ ഈ കുടുംബങ്ങളെ മുഴുവനായി സഹായിക്കുവാൻ ബാങ്കിന് സാധിക്കുന്നില്ല. ബാങ്കിൽ നിന്ന് ഒരു കോടി 15 ലക്ഷം രൂപ കാർഷിക വായ്പയായും 25 ലക്ഷം രൂപ കാർഷികേതര വായ്പയായും കൊടുത്തിട്ടുണ്ട്. NABARD നിലവിലുള്ള വായ്പാ വിതരണ സംവിധാനത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ ഉദ്ദേശിച്ച രൂപത്തിൽ വായ്പ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. കൃത്യസമയത്ത് വായ്പാ തിരിച്ചടക്കാത്തതും ബാങ്ക് പ്രവർത്തനത്തിൽ തടസ്സം നിൽക്കുന്നു. ബാങ്കിൻെറ കീഴിൽ രണ്ട് വളം ഡിപ്പോയും ഒരു കൺസ്യൂമർ സ്റ്റോറും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

### മഹാത്മജി ബിൽഡിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

1980 ൽ ഇ. മാധവൻ നായർ പ്രസിഡണ്ടായി മഹാത്മജി ബിൽഡിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുളിയാറിൽ രൂപം നൽകി. ആറ് പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്നതാണ് ബാങ്കിൻെറ പ്രവർത്തന പരിധി. കാറഡുക്ക, മുളിയാർ, ചെങ്കള, ദേലംപാടി, ബേഡഡുക്ക, ചെമ്മനാട്, എന്നീ പഞ്ചായത്തുകളിലായി ഇതു വ്യാപിച്ചുകിടക്കുന്നു. 95, 96 വർഷം വരെ 68 പേർക്ക് 34 ലക്ഷത്തിൽ പരം രൂപയുടെ വായ്പ അനുവദിച്ചുകൊണ്ട് പ്രശംസാർഹമായ പ്രകടനം കാഴ്ചവെച്ചു. 2.38 ലക്ഷത്തിൽ പരം രൂപയുടെ ഡെപ്പോസിറ്റും 10 ലക്ഷത്തിൽപരം രൂപയുടെ മൂലധനവും ഈ സ്ഥാപനത്തിലുണ്ട്. ഇപ്പോൾ ഈ സ്ഥാപനത്തിൽ 422 പേർ അംഗങ്ങളും 2 സ്ഥിരം ജീവനക്കാരും ഉണ്ട്.

### 3. മേലത്ത് മെമ്മോറിയൽ വനിതാ സഹകരണ സംഘം.

സാമൂഹ്യ സാംസ്കാരിക രംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന വനിതകളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി രൂപീകരിച്ച ഒരു പ്രസ്ഥാനമാണ് മേലത്ത് മെമ്മോറിയൽ വനിതാ സഹകരണസംഘം. 1920 കളിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ഇല്ലായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ പെൺകുട്ടികൾ വീടുകളിൽ ഒതുങ്ങികൂടുന്ന അവസ്ഥയിൽ നിന്ന് മോചനം ലഭിക്കാനും തൊഴിൽ മേഖലയിൽ അവരെ പങ്കാളികളാക്കുവാനും വേണ്ട എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ സംഘത്തിന് രൂപം നൽകിയത്. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവും വിപണനവും പാവപ്പെട്ട പെൺകുട്ടികൾക്ക് തയ്യൽപരിശീലനം തുടങ്ങിയവ ഇതിൻെറ കീഴിൽ നടത്തപ്പെടുന്നു.

### കാൻഫെഡ് സഹകരണ സംഘം

വയോജന വിദ്യാഭ്യാസം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കാൻഫെഡ് അവരുടെ പ്രവർത്തനം വ്യവസായരംഗത്തേക്ക് കൂടി വ്യാപിപ്പിക്കുകയും പട്ടുനൂൽപ്പുഴുവളർത്തൽ, കൂൺകൃഷി തുടങ്ങിയവ സംഘത്തിൻെറ ശ്രമഫലമായി ആരംഭിക്കുകയും ചെയ്തു. വിദ്യാഭ്യാസ സഹായങ്ങൾ തൊഴിലധിഷ്ഠിത കോഴ്സുകൾ, ആതുരശുശ്രൂഷ തുടങ്ങി സാമൂഹ്യ സാംസ്കാരിക രംഗത്ത് നിസ്തുലമായ പ്രകടനം കാഴ്ച വെയ്ക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൻെറ മുഴുവൻ ഭാഗങ്ങളിലും അവരുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

ഇരിയണ്ണി, എരിഞ്ചേരി, എന്നീ സ്ഥലങ്ങളിൽ ദിനേശ് ബീഡി സഹകരണ സംഘത്തിൻെറ ഓരോ ബ്രാഞ്ചുകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പഞ്ചായത്തിലെ 156 കുടുംബങ്ങൾ പ്രത്യക്ഷമായും, നിരവധി കുടുംബങ്ങൾ പരോക്ഷമായും ഇതിൻെറ പ്രയോജനം അനുഭവിക്കുന്നു.

കേരള, കർണ്ണാടക ഗവൺമെൻറുകളുടെ സംയു

ക്ത സംരംഭമായ സെൻട്രൽ അരക്കനറ്റ് മാർക്കറ്റിംഗ് ആൻറ് പ്രോസസിംഗ് മാർക്കറ്റിംഗ് ലിമിറ്റഡിൻെറ (കേംകോ) ഒരു ശാഖ ഉന്നത നിലയിൽ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ പഞ്ചായത്തിലെ കർഷകർക്ക് അവരുടെ മുഖ്യ ഉല്പന്നമായ അടക്ക ന്യായമായ വിലയ്ക്ക് ഈ സംഘം മുഖേന വിപണനം ചെയ്യാൻ സാധിക്കുന്നു.

പഞ്ചായത്തിലെ എ. യു.പി.സ്കൂൾ ബോവിക്കാനം, B.A.R.H.S. ബോവിക്കാനം, G.H.S. ഇരിയണ്ണി എന്നീ 3 വിദ്യാലയങ്ങളിൽ സ്കൂൾ സഹകരണസംഘങ്ങൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. മിതമായ വിലയ്ക്ക് വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുകയാണ് ഇതിൻെറ മുഖ്യ ഉദ്ദേശ്യം.

വിപുലമായ തോതിൽ ഇരിയണ്ണി ആസ്ഥാനമായി ആരംഭിച്ച സഹകരണ ബേക്കറി ആരംഭത്തിൽ നല്ല പ്രകടനം കാഴ്ചവെയ്ക്കുകയും ബോവിക്കാനത്ത് അതിൻെറ ഒരു ശാഖ ആരംഭിക്കുകയും ചെയ്തെങ്കിലും, വിപണന രംഗത്തുള്ള മത്സരവും, മാനേജ്മെൻറിൻെറ കെടുകാര്യസ്ഥതയും ഈ സ്ഥാപനത്തെ ക്രമേണ തകർച്ചയിലേക്ക് നയിച്ചു. ഇപ്പോൾ ഈ സ്ഥാപനം പൂർണ്ണമായും നിശ്ചലമാണ്. പത്താം വാർഡിൽ പ്രവർത്തിക്കുന്ന ഗിരിജൻ ചെങ്കൽ വ്യവസായ സഹകരണ സംഘം ചുരുങ്ങിയ കാലം കൊണ്ട് അതിൻെറ പ്രസിഡണ്ട് ഉദയ നായിക്കിൻെറ നേതൃത്വത്തിൽ മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്.

## വിവിധ മേഖലകളിൽ നടപ്പാക്കേണ്ടുന്ന പദ്ധതികൾ

### കാർഷിക രംഗം

1. കാർഷിക രംഗത്ത് അനുവദിക്കുന്ന വായ്പയുടെ പലിശ നിരക്ക് കുറച്ചുകൊണ്ട് മുഴുവൻ അംഗങ്ങൾക്കും ആവശ്യമായ വായ്പാസംഖ്യ ലഭ്യമാക്കുവാൻ സഹകരണ ബാങ്കുകൾ ശ്രമം നടത്തുക.

2. പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളേയും സഹകരണ സംഘങ്ങളിൽ അംഗങ്ങളാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. ഇതിന് ഒരു തരത്തിലും വിവേചനം പാടില്ല.

3. നിക്ഷേപ സമാഹരണം കൂടുതൽ ഊർജ്ജിതമാക്കി പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുക.

4. കർഷകർക്ക് ഹ്രസ്വകാല വായ്പാ പരിധി വർദ്ധിപ്പിക്കുകയും, ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുകയും ചെയ്യുക.

5. ഗ്രാമങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന പാൽ ശേഖരിക്കാനും, വിപണനം നടത്താനും, സഹകരണ സംഘങ്ങൾ രൂപീകരിക്കുക. സംഘങ്ങൾ വഴി നല്ലയിനം പശുക്കളെയും, കാലിത്തീറ്റയും മിതമായ വിലയ്ക്ക് വിതരണം ചെയ്യുക.

6. തൊഴിൽ രഹിതരായ വനിതകളുടെ ക്ഷേമത്തിനായി വനിതാ സഹകരണസംഘങ്ങൾ രൂപീകരിച്ച് വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുക. വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

7. സഹകരണ മേഖലയിൽ ആധുനിക ചികിത്സാരീതികളോടുകൂടിയ ആശുപത്രി സ്ഥാപിച്ച് ചികിത്സാ രംഗം മെച്ചപ്പെടുത്തുക.

8. സഹകരണ സംഘത്തിന് കീഴിൽ ട്രാക്ടർ, ടില്ലർ, കൊയ്ത്തുയന്ത്രം, കൃഷിയിടങ്ങളിൽ കീടനാശിനി തളിക്കുന്നതിനുള്ള പമ്പ് സെറ്റുകൾ എന്നിവ കർഷകർക്ക് വാടകയിൽ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

9. പഞ്ചായത്തിൻെറ ആസ്ഥാനമായ ബോവിക്കാനത്ത് ഒരു സഹകരണ മാവേലി സ്റ്റോർ അനുവദിക്കുക.

10. പ്രവർത്തന രഹിതമായ സഹകരണ ബേക്കറി പുനഃസംഘടിപ്പിക്കുകയും മിതമായ വിലയ്ക്ക് ബേക്കറി സാധനങ്ങൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

11. പഞ്ചായത്തിലെ പ്രധാന നാണ്യവിളയായ കശുവണ്ടി സംഭരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഒരു ഫാക്ടറി സ്ഥാപിക്കുക. ഇത് മൂലം അന്യ സംസ്ഥാനങ്ങളിലേക്കുള്ള ഒഴുക്ക് തടയാൻ കഴിയും.

12. പരമ്പരാഗത കുടിൽ വ്യവസായങ്ങളായ പായ, മൺപാത്ര നിർമ്മാണം, ഗൃഹാലങ്കാര വസ്തുക്കൾ എന്നീ തൊഴിലുകളെ ഏകോപിപ്പിച്ച് ഒറ്റ സഹകരണ സംഘത്തിൻെറ കീഴിലാക്കുക.

13. സഹകരണ സംഘങ്ങൾ മുഖേന മഹിളാ ഏജൻറ്മാരെ നിയമിച്ച് വീടുകളിൽ നിന്നും ഡെയിലിഡെപ്പോസിറ്റ് സ്വീകരിക്കാനുള്ള നടപടി സ്വീകരിക്കുക.

14. മുട്ട, മാംസം, എന്നിവയുടെ ലഭ്യതയ്ക്ക് കോഴികളെ വളർത്തുവാൻ സഹകരണസംഘങ്ങൾ രൂപീകരിച്ച് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

15. സഹകരണ സംഘങ്ങളുടെ വളർച്ചയ്ക്ക് പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് ഒരു സഹകരണ സെൽ രൂപീകരിക്കുയും, സംഘങ്ങൾക്കാവശ്യമായ വിദഗ്ധോപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും സഹകരണ സംഘങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുകയും വേണം.

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി മുളിയാർ പഞ്ചായത്തിലെ 10 ഗ്രാമസഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച വിശദമായ ചർച്ചകൾക്ക് ശേഷം ഗ്രാമസഭാറിപ്പോർട്ട് ക്രോഡീകരിച്ച് സമർപ്പിച്ചതാണ് ഈ റിപ്പോർട്ട്. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മേച്ചപ്പെട്ട രീതിയിൽ സംഘടിപ്പിച്ചാൽ പഞ്ചായത്തിലെ കാർഷിക-തൊഴിൽ മേഖലകളിൽ സമൂലമായ പരിവർത്തനം സൃഷ്ടിക്കാനും, സാമ്പത്തിക രംഗത്ത് വൻമുന്നേറ്റം സാധ്യമാക്കാനും കഴിയും.

പട്ടിക 1

| നമ്പർ | സഹകരണ സ്ഥാപനത്തിൻെറ പേർ | ഉദ്ദേശ്യം | അംഗങ്ങളുടെ എണ്ണം | സ്ഥാപിതം |
|---|---|---|---|---|
| 1. | മുളിയർ സർവ്വീസ് സഹകരണ ബേങ്ക് | കാർഷിക ധന സഹായം | 3307 | 1954 |
| 2 | മഹാത്മജി ബിൽഡിംഗ് കോ. ഓപ്പ് സൊസൈറ്റി | കെട്ടിട നിർമ്മാണ സഹായം | 422 | 1980 |
| 3. | കാൻഫെഡ് സഹകരണ സംഘം | വിവിധോദ്ദേശം | ലഭ്യമല്ല | ലഭ്യമല്ല |
| 4. | മുളിയാർ ബേക്കറി സഹകരണ സംഘം | പ്രവർത്തന രഹിതം | | 1990 |
| 5 | ചെങ്കല്ല് കൊത്ത് തൊഴിലാളി സഹകരണ സംഘം | പ്രവർത്തന രഹിതം | ലഭ്യമല്ല | ലഭ്യമല്ല |
| 6. | മേലത്ത് സ്മാരക വനിത വ്യവസായ സഹകരണ സംഘം | വിവിധോദ്ദേശം | ലഭ്യമല്ല | ലഭ്യമല്ല |
| 7. | ചറോളി പട്ടികവർഗ്ഗ ഖാദി - ഗ്രാമ വ്യവസായ സഹകരണ സംഘം | പട്ടിക വർഗ്ഗക്കർക്ക് തൊഴിൽ ലഭ്യമാക്കൽ | 20 | 1994 |

പട്ടിക 2

| നമ്പർ | സഹകരണ സ്ഥാപനത്തിൻെറ പേർ | സ്ഥിരം ജീവനക്കാർ | താത്കാലിക ജീവനക്കാർ | ആകെ |
|---|---|---|---|---|
| 1. | മുളിയർ സർവ്വീസ് സഹകരണ ബേങ്ക് | 11 | – | 2 |
| 2. | മഹാത്മജി ബിൽഡിംഗ് കോ. ഓപ്പ് സൊസൈറ്റി | 2 | -- | 2 |

പട്ടിക 3

| നമ്പർ | സഹകരണ സ്ഥാപനത്തിൻെറ പേർ | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | ഓഹരി മൂലധനം | നിക്ഷേപം | വായ്പകൾ: കൃഷി | വായ്പകൾ: കാർഷികേതരം | ലാഭം -നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|
| 1. | മുളിയർ സർവ്വീസ് സഹകരണ ബേങ്ക് | 1954 | മുളിയാർ പഞ്ചായത്ത് | 18ലക്ഷം | 1.5 കോടി | 1.15 കോടി | 25ലക്ഷം | ലാഭം | 11 |
| 2. | മഹാത്മജി ബിൽഡിംഗ് കോ. ഓപ്പ് സൊസൈറ്റി | 1980 | 6 പഞ്ചായത്ത് | 10ലക്ഷം | 2.5 ലക്ഷം | --- | 36 ലക്ഷം | ലാഭം | 2 |

# വനിത

വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ മുളിയാർ പഞ്ചായത്തിലെ സ്ത്രീകൾ ഇതൊന്നുമറിയാതെ ഗ്രാമങ്ങളിൽ ഒരു ങ്ങിക്കിടക്കുകയാണ്. ഈ പ്രവണത നമ്മൾ മാറ്റിയെടുക്കേണ്ടത് ആവശ്യമാണ്.

1991 ലെ സെൻസസ് പ്രകാരം 9950 സ്ത്രീകളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. ഇതിൽ 843 ഹരിജൻ സ്ത്രീകളും 139 ഗിരിജന സ്ത്രീകളും ആണ് ഉള്ളത്.

ഇവർ വിദ്യാഭ്യാസപരമായും ആരോഗ്യപരമായും വിജ്ഞാനപരമായും ശുചിത്വപരമായും വളരെ അധികം പിന്നിലാണ്. ഇവരെ ബോധവൽക്കരണങ്ങളിലൂടെ പുരോഗമിപ്പിക്കേണ്ടത് നാടിൻെറ ആവശ്യമാണ്. സാമ്പത്തികം, തൊഴിലില്ലായ്മ, വിദ്യാഭ്യാസത്തിൻെറ അപര്യാപ്തത, അപകർഷതാബോധം, ചിലവീടുകളിൽ ഇപ്പോഴും പുരുഷമേധാവിത്വം നിലവിലുണ്ട്. ഇവയെല്ലാം ഇവരെ അലട്ടുന്നു.

വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ ദാരിദ്ര്യ ഭൂരിപക്ഷത്തിൻെറ ഇടയിൽ ( പ്രത്യേകിച്ച് ഹരിജനവിഭാഗത്തിൽ) കുടുംബത്തിൻെറ ചുമതല മുഴുവൻ ഏറ്റെടുക്കേണ്ടിവരുന്നത് സ്ത്രീകളാണ്. ഭക്ഷണം ഉണ്ടാക്കാൻ വിറക് ശേഖരണം, കന്നുകാലികളെ നോക്കൽ, കുട്ടികളുടെ സംരക്ഷണം എന്നിവയൊക്കെ സ്ത്രീകളിൽ നിക്ഷിപ്തമായിരിക്കുന്നു. സർക്കാർ ജോലിക്കോ, കൂലിപ്പണിക്കോ പോയതുകൊണ്ട് ഈ ബാധ്യതകൾ അവരിൽ നിന്നും ഒഴിവാകുന്നില്ല. പഞ്ചായത്തിൽ തൊഴിൽ എടുക്കുന്ന സ്ത്രീകളുടെ നല്ലൊരുശതമാനം ചെറുകിട വ്യവസായ മേഖലയിലും നിർമ്മാണ മേഖലയിലും കാർഷിക മേഖലയിലും തൊഴിൽ ചെയ്യുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ദിനേശ് ബീഡി സൗകര്യം, തയ്യൽ പരിശീലനം, വീടുകളിലിരുന്നു ബീഡി കെട്ടുന്നു, മൺപാത്രങ്ങൾ നിർമ്മിക്കുന്നു സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും വേതനം കൈപ്പറ്റുന്നവർ കുറവാണ്.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. സാമൂഹ്യസേവന രംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തന സജ്ജരായി പുറത്തുവരുന്നില്ല.
2. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താൽപര്യം കാട്ടുകയോ, സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല.
3. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര അറിവില്ല. പരിശീലനത്തിനുള്ള സൗകര്യങ്ങളും കുറവ്.
4. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.
5. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമായ അറിവില്ലായ്മ, സാമ്പത്തിക ഞെരുക്കം, ഇവയും സ്ത്രീകളെ വിഷമിപ്പിക്കുന്നു.
6. അംഗനവാടി അദ്ധ്യാപകർക്ക് ന്യായമായ കൂലി കിട്ടാതെ വിഷമിക്കുന്നു. അംഗനവാടികൾക്ക് പലതിനും സൗകര്യങ്ങളില്ല.
7. വനിതാ കമ്മീഷൻെറ ശാഖ മുളിയാർ ഗ്രാമ പഞ്ചായത്തിൽ ഉണ്ടാക്കണം. അത് സ്ത്രീകൾക്ക് സമൂഹത്തിൽ നിന്ന് അനുഭവിക്കുന്ന പീഠനങ്ങളിൽ നിന്നും മുക്തരാകാൻ സഹായിക്കും.

സ്ത്രീകളുടെ ഇടയിലുള്ള പ്രശ്ന പരിഹാരങ്ങൾക്ക് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്.

1. ഉൽപ്പാദനപരമായ സ്വയംതൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്ക് ഇടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കുക.
2. വിഭവസാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയുടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

3. തുല്യജോലിക്കു തില്യവേതനം നടപ്പിലാക്കുവാൻ ശ്രദ്ധിക്കുക.

4. തൊഴിൽ അവസരങ്ങൾ, തൊഴിൽ നിയമങ്ങൾ, എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.

5. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

6. വിധവാ പെൻഷൻ, അഗതിപെൻഷൻ, മാതൃസഹായപദ്ധതിയിലെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

7. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും വേണ്ട സംവിധാനം വികസിപ്പിക്കുക.

8. സ്ത്രീധന നിയമം കർശനമാക്കുക.

9. ടൈലറിംഗ് സഹകരണാടിസ്ഥാനത്തിൽ വനിതകൾ കൂടുതൽ പാർക്കുന്ന സ്ഥലത്തു സ്ഥാപിക്കുക.

10. സഹകരണാടിസ്ഥാനത്തിൽ സോപ്പുനിർമ്മാണ കമ്പനികൾ ആരംഭിക്കുക.

11. ബീഡി വ്യവസായം പ്രോത്സാഹിപ്പിക്കുക.

12. ചാരായ നിരോധനം കർശനമാക്കുക.

13. കോഴിവളർത്തൽ യൂണിറ്റുകൾ എല്ലാ വാർഡിന്റെയും വിവിധ ഭാഗങ്ങളിൽ ആരംഭിക്കുക.

14. മഹിളാസംഘടനകൾക്ക് പ്രവർത്തിക്കുവാൻ കെട്ടിടങ്ങൾ നിർമ്മിക്കുക.

15. സഹകരണാടിസ്ഥകനത്തിൽ കശുവണ്ടി ഫാക്ടറികൾ ആരംഭിക്കുക.

16. പശുവളർത്തൽ, ആടുവളർത്തൽ തേനീച്ചവളർത്തൽ മുതലായവ വനിതകൾക്കായി ആരംഭിക്കുക.

17. മൺപാത്ര നിർമ്മാണത്തിന് കൂടുതൽ പ്രോത്സാഹനം ചെയ്തു കൊടുക്കുക.

18. റെഡിമെയ്ഡ് സെൻററുകൾ രൂപീകരിക്കുക.

രജിസ്റ്റർ ചെയ്ത മഹിളാസമാജങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അനേകം ഉണ്ടെങ്കിലും പ്രവർത്തനത്തിലുള്ളത് മൂന്ന് സമാജങ്ങൾ മാത്രമാണ്. അതിൽ രണ്ടെണ്ണം ശ്രീഗിരിയിലും, മറ്റൊരണ്ണെണ്ണം കാനത്തൂരുമാണ്. സർക്കാറിന്റെ ഭാഗത്തു നിന്ന് പ്രോത്സാഹനങ്ങളും ആനുകൂല്യങ്ങളും ലഭിക്കാത്തതുകൊണ്ടാണ് മിക്ക മഹിളാസമാജങ്ങളുടെയും പ്രവർത്തനം നിലച്ചുപോയത്.

കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകളുടെ ഉന്നമനത്തിനായി വനിതാ ശിശുക്ഷേമപദ്ധതിയുടെ കീഴിൽ മൂന്നു യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം മൂലം 31 കുടുംബങ്ങൾ ഉപജീവനം നടത്തുന്നു. യൂണിറ്റിന്റെ പേരും വിവിരവും താഴെ ചേർക്കുന്നു.

| ക്ര.ന | യൂണിറ്റിന്റെ പേര് | അംഗങ്ങളുടെ എണ്ണം | തൊഴിൽ സ്വഭാവം |
|---|---|---|---|
| 1. | പ്രിയ പാത്തനടുക്കം (D.W.C.R.A) Unit | 10 | വെറ്റിലകൃഷി |
| 2. | ശ്രീ കോട്ടൂർ (D.W.C.R.A) Unit | 11 | പായനെയ്ത് |
| 3. | ഐശ്വര്യ ചിപ്ലിക്കയ (D.W.C.R.A) Unit | 10 | മൺപാത്രനിർമ്മാണം |

# വിഭവസമാഹരണം

മുളിയാർ ഗ്രാമ പഞ്ചായത്ത് രണ്ടാം ഗ്രേഡ് പഞ്ചായത്താണ്. ഇന്നു പഞ്ചായത്ത് നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം തൊഴിലില്ലായ്മയാണ്. തൊഴിൽ തേടി ഗൾഫ് നാടുകളിലേക്ക് പോകുന്നവരുടെ എണ്ണം ക്രമാതീതമായി ഇപ്പോൾ വർദ്ധിച്ചിരിക്കുകയാണ്. തൊഴിൽ തേടി മറുനാട്ടിൽ പോയവർ ഈ അടുത്തകാലത്ത് കൂട്ടമായി മടങ്ങിവന്നതോടെ ആ പ്രതീക്ഷയും ഏതാണ്ട് മങ്ങിയിരിക്കുകയാണ്. കാർഷിക മേഖലയിലും വ്യവസായികമേഖലയിലും കാര്യമായ പുരോഗതിയൊന്നും കൈവരിച്ചിട്ടില്ല.

കെട്ടിട നികുതി ഇനത്തിൽ 95-96 വർഷം 168282 രൂപയും 94-95 ൽ 149429 രൂപയുമാണ്. മുൻവർഷത്തെക്കാൾ 19000 ത്തോളം രൂപയുടെ വർദ്ധനവുണ്ട്. കെട്ടിടനികുതിക്കുപുറമെ തൊഴിൽ നികുതി- ലൈസൻസ് ഫീസ്, ലേലം തുടങ്ങിയവയാണ് പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ. സർക്കാരിൽ നിന്ന് വിവിധ ഗ്രാന്റുകളായി 95-96 വർഷത്തിൽ 455047 രൂപ ലഭിച്ചിട്ടുണ്ട്. കൂടാതെ ഉപാധിരഹിത ഫണ്ട്, ജെ.ആർ.വൈ. എന്നീ ഇനങ്ങളിൽ 603186 രൂപയും ലഭിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ വരുമാനവുമായി തട്ടിച്ചുനോക്കുമ്പോൾ 95-96 സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ [illegible] സാരമായ വർദ്ധനവ് കാണുന്നില്ല. എന്നാൽ ഭരണ ചെലവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതായി കാണാം. (പട്ടിക 1,2,3 )

94-95 വർഷത്തെക്കാൾ 95-96 വർഷത്തിൽ തൊഴിൽനികുതി കുറഞ്ഞിരിക്കുന്നതായി കാണാം. 95-96 വർഷത്തിൽ തൊഴിൽ നികുതിയുടെ ഒരു അർദ്ധവാർഷിക ഗഡു കുടിശ്ശിക വന്നതാണ് കാരണം. കെട്ടിട നികുതിയുടെ കാര്യത്തിൽ പരമാവധി 10 ശതമാനം എന്നത് ഒരു പൊതുതത്വമായി സ്വീകരിച്ചാൽ പ്രസ്തുതവരുമാനത്തിൽ 20 ശതമാനമെങ്കിലും വർദ്ധനവ് ഉണ്ടാക്കാൻ കഴിയും. കെട്ടിടം പണിയുടെ ഇടയ്ക്കുവെച്ച് നമ്പർ ഇടുന്നതിനാൽ കെട്ടിടത്തിന്റെ ചിലവ് പൂർണ്ണമായും കണക്കിൽ വരുന്നില്ല. കോൺക്രീറ്റ് കഴിയുമ്പോൾ തന്നെ പ്രധാനമായും വിദ്യുത്ച്ഛക്തി കണക്ക്ഷനുവേണ്ടി നമ്പറിടാൻ അധികൃതർ നിർബന്ധിതരാവുന്നു. ഈ ഇനത്തിൽ പഞ്ചായത്തിനു വരുന്ന നഷ്ടം പരിഹരിക്കുവാനുള്ള മാർഗ്ഗം ആരായേണ്ടതാണ്. കെട്ടിടനികുതി ചുമത്തുന്ന കാര്യത്തിലും പൂർണ്ണവും കുറ്റമറ്റതുമായ സംവിധാനം ഇന്നു നിലവിലില്ല. പുതുക്കിപണിയുന്ന കെട്ടിടങ്ങളെ സംബന്ധിച്ച് പഞ്ചായത്തിന് കൃത്യമായ വിവരം നൽകുന്നതിന് കാലതാമസമുണ്ടാകുന്നതിനാൽ നികുതി നിർണ്ണയത്തെ അത് ദോഷകരമായി ബാധിക്കുന്നു. ഇത് പരിഹരിക്കുവാൻ പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന കെട്ടിടനിയമം പഞ്ചായത്തിൽ ബാധകമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കലാകായിക പരിപാടികൾ നടത്തുന്നതിന് കൃത്യമായ വിനോദ നികുതി ചുമത്താവുന്നതാണ്. പഞ്ചായത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ നടത്തുന്ന ചെങ്കല്ല്, കരിങ്കല്ല് എന്നിവയ്ക്ക് നികുതി ചുമത്തുക, പഞ്ചായത്ത് പരിധിക്കകത്തെ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുക, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അനധികൃത അറവുശാലകൾ പ്രവർത്തിക്കുന്നുണ്ട്. അവ കണ്ടുപിടിച്ച് ലൈസൻസ് നിർബന്ധമാക്കുക. ആഴ്ചചന്ത പുതുതായി ആരംഭിക്കുകയും മത്സ്യമാർക്കറ്റ് വിപുലീകരിക്കുകയും ചെയ്യുക.

ബോവിക്കാനത്തെ പോസ്റ്റാഫീസിനു സമീപമുള്ള ഭൂമി ഏറ്റെടുക്കുകയും പ്രസ്തുത സ്ഥലത്ത് ഒരു ബസ്സ്റ്റാന്റും അതിനോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുകയാണെങ്കിൽ അത് പഞ്ചായത്തിന് നല്ലൊരു വരുമാനമായി തീരുവുന്നതാണ്. അതുപോലെ ഇന്ന് നിലവിലുള്ള നഴ്സറി സ്കൂൾ അവിടെ നിന്ന് മാറ്റി സ്ഥാപിച്ചാൽ പ്രസ്തുത സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാവുന്നതാണ്.

ഒരു ക്ഷേമരാഷ്ട്രത്തിൻെറ ഏറ്റവും വലിയ മുതൽ കൂട്ട് മനുഷ്യാധ്വാനമാണ്. പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കിയാൽ പാഴായിപോകുന്ന മനുഷ്യാധ്വാനം ഫലപ്രദമായി വിനിയോഗിക്കാവുന്നതാണ്. ബഹുജന സംഘടനകളേയും, കലാകായിക സമിതികളേയും, അണിനിരത്തി കൊണ്ട് പുതിയൊരു വികസന സംസ്കാരത്തിന് തുടക്കം കുറിച്ചാൽ വികസന രംഗത്ത് ഒരു പുത്തനുണർവ്വിന് അത് വഴിയൊരുക്കും.

പട്ടിക 3. ബാങ്കിംഗ്

| സ്ഥാപനത്തിൻെറ പേര് | നിക്ഷേപം | വായ്പ |
|---|---|---|
| 1. കോർപ്പറേഷൻ ബേങ്ക് | 3561200 | 2800000 |
| 2. മുളിയാർ സർവ്വീസ് സഹ.ബേങ്ക് | 14512430 | 14000000 |
| 3. നോർത്ത് മലബാർ ഗ്രാമീണ ബേങ്ക് | 6500000 | 9000000 |
| 4. മഹാത്മജി ബിൽഡിംഗ് സൊസൈറ്റി | 238803 | 3613000 |

പട്ടിക 1 വരവ്

| ക്ര. നമ്പർ | ഇനം രൂപ | 1993-94 | 94-95 | 95-96 |
|---|---|---|---|---|
| എ. | തനത് വരുമാനം | | | |
| 1 | കെട്ടിട നികുതി | 137743.57 | 149429.89 | 168282.73 |
| 2. | തൊഴിൽ നികുതി | 62220.00 | 81240.00 | 51625.00 |
| 3. | വിനോദനികുതി | 100.00 | 25.00 | 75.00 |
| 4. | ലൈസൻസ് ഫീ | 3153.25 | 3670.00 | 3762.25 |
| 5. | ലീസ് , ലേലം , പലവക | 8186.00 | 7848.50 | 8235.00 |
| | ആകെ | 214402.82 | 242213.39 | 231979.98 |
| ബി | സർക്കാർ ഗ്രാൻറ് | | | |
| 1. | വസ്തു കൈമാറ്റ ചുങ്കം | 265443.00 | 93842.00 | 100000.00 |
| 2. | അടിസ്ഥാന നികുതി ഗ്രാൻറ് | 152864.00 | 60480.00 | 59702.00 |
| 3. | എസ്റ്റാബ്ലിഷ്മെൻറ് | 60499.00 | 65154.00 | 83815.00 |
| 4. | പി.ആർ എം. ഗ്രാൻറ് | 21785.00 | 21869.00 | 21810.00 |
| 5. | വി. ടി സി. ഗ്രാൻറ് | 400000.00 | | 185044.00 |
| 6. | എം.ഐ. ഗ്രാൻറ് | 4676.00 | 4676.00 | 4676.00 |
| | ആകെ | 905267.00 | 246021.00 | 455047.00 |
| സി. | മറ്റിനങ്ങൾ | 578427.63 | 158734.21 | 240244.53 |
| 1. | ഉപാധി രഹിത ഫണ്ട് | 277000.00 | 355700.00 | 369140.00 |
| 2. | ഡെപ്പോസിറ്റ് | 12144.75 | 13608.75 | 12359.95 |
| 3. | ജെ. ആർ വൈ. | 5167132.00 | 294214.00 | 603186.00 |
| | ആകെ | 1384284.38 | 822256.96 | 1224930.48 |
| | മൊത്തം വരവ് | 2503954.20 | 1310491.35 | 1911957.46 |

പട്ടിക 2 ചെലവ്

| ക്ര. നമ്പർ | ഇനം രൂപ | 1993-94 | 94-95 | 95-96 |
|---|---|---|---|---|
| 1. | ഭരണം | 362012.70 | 288501.70 | 425201.95 |
| 2. | പൊതുമരാമത്ത് | 718994.00 | 836539.00 | 944857.00 |
| 3. | വിദ്യാഭ്യാസം | 53053.95 | 46832.15 | 58255.00 |
| 4. | ജലവിതരണംആരോഗ്യം | - | - | - |
| 5. | തെരുവുവിളക്ക് | 23244.00 | 23244.00 | 23244.00 |
| 6 | മറ്റുള്ളവ | 243053.75 | 142820.40 | 325958.40 |
| | ആകെ | 1400358.40 | 1337937.25 | 1777516.35 |

# പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം

ഗ്രാമസഭകളിലും വർഡുതലചർച്ചകളിലും നിന്ന് പൊന്തിവന്നതും വിവിധ വാർഡുകളിൽ നിന്ന് ലഭിച്ച സ്ഥിതിവിവര കണക്കുകളും ലഭ്യമായ മറ്റുവിവരങ്ങളും അടിസ്ഥാനമാക്കി ഉരുത്തിരിഞ്ഞുവന്ന വിവരങ്ങളും സ്ഥിതിഗതികളും ആവശ്യങ്ങളും പോരായ്മകളും പരിഹാരമാർഗ്ഗങ്ങളും സാധ്യതകളും പരിമിതികളും അടങ്ങുന്ന ഒരു രേഖയാണിത്. ജനകീയാസൂത്രണത്തിൽ പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം അതോടനുബന്ധമായി സാമൂഹ്യക്ഷേമം എന്നിവശങ്ങളാണിവിടെ പരാമർശിച്ചിട്ടുള്ളത്. സമാഹരിക്കാൻ കഴിഞ്ഞ സെക്കൻററി ഡാറ്റയാണിവിടെ ആധാരമാക്കിയിട്ടുള്ളതെങ്കിലും കിട്ടാവുന്ന എല്ലാ രംഗങ്ങളിൽ നിന്നുള്ള വിവരങ്ങളും ഇതിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്.

ചരിത്രാതീത കാലം മുതൽക്കെ അപരിഷ്കൃത ജീവിതം നയിക്കുകയും അടിമപ്പണിചെയ്യുകയും അകറ്റി നിർത്തപ്പെടുകയും ചെയ്തുവന്ന ദരിദ്ര നാരായണൻമാരായിരുന്നു ഈ പ്രദേശത്തേ കുറവരും ഹരിജനങ്ങളും മാദിക എന്നറിയപ്പെടുന്ന ചെരുപ്പുകുത്തികളും വേട്ടുവ ചെറുമർ എന്നറിയപ്പെടുന്ന ഗിരിവർഗ്ഗക്കാരും ഇവരിൽ ഹരിജനങ്ങൾ പട്ടികജാതിയിലും മറ്റു രണ്ടുവിഭാഗക്കാർ പട്ടിക വർഗ്ഗത്തിലും പെടുന്നു. അടുത്ത കാലത്തായി പെരുവണ്ണാനും മലയനും വണ്ണാനും മറ്റു പിന്നോക്ക വർഗ്ഗക്കാർ എന്ന നിലയിൽ സർക്കാർ പരിഗണിച്ച് പട്ടിക ജാതിക്കുള്ള ആനുകൂല്യം അവർക്കു കൂടി നൽകിവരുന്നു

മരിച്ചാൽ ദഹിപ്പിക്കുന്നതിന് പകരം കുഴിച്ചിടുന്ന സമ്പ്രദായം ഇപ്പോഴും ഹരിജനങ്ങളുടെ ഇടയിലുണ്ടെന്ന് പറയപ്പെടുന്നു യജമാനനിൽ നിന്നും മുതിർന്ന ആൾക്കുള്ള പണിക്കൂലി ലഭിക്കുന്നതിന് മലയർ ഹരിജനങ്ങൾ എന്നിവർ പ്രായമെത്തും മുമ്പ് വിവാഹം നടത്തുന്ന പതിവ് ഈ അടുത്ത കാലം വരെ ഉണ്ടായിരുന്നു ഇവർ വലിയ ദൈവവിശ്വാസികളും അന്ധ:വിശ്വാസികളും ആണ്. ഭൂതപ്രേതങ്ങളെ ഭയപ്പെടുകയും മന്ത്രവാദത്തിൽ വിശ്വസിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസം ഇവരുടെ ഇടയിൽ സ്വാധീനം ചെലുത്താൻ തുടങ്ങിയതോടെ ഈ സ്ഥിതി കുറേശെയായി മാറിവരുന്നുണ്ട്

## തൊഴിൽ

ഹരിജനങ്ങൾ കാർഷിക വൃത്തിയിൽ കർഷക തൊളിലാളികളായി പണിയെടുത്തവരായിരുന്നു.ഇപ്പോൾ മിക്കവാറുംഎല്ലാ മേഖലകളിലും ഇവർ ജോലി ചെയ്യുന്നു കുറകരുടെ കുലത്തൊഴിൽ വട്ടി കൂട്ട - എന്നിവ നെയ്ത്തും ഹരിജനങ്ങളുടെ തൊഴിൽ പായ നെയ്ത്തുമാണ്.പുരുഷൻമാർ ഇതിനുള്ള വിഭവങ്ങൾ സമാഹരിക്കുകയും സ്ത്രീകൾ അത് നെയ്യുകയും ചെയ്യുന്നു. കോപ്പാളൻ എന്ന പട്ടിക ജാതിക്കാരൻെറ ജോലി തെയ്യം കെട്ടാണ് . മലയനും തെയ്യം കെട്ടാണ് ജോലി ഇവരുടെ ക്ഷേമത്തിനായി സർക്കാർ പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും അതൊന്നും അവർ ശരിയാം വണ്ണം പ്രയോജനപ്പെടുത്തുന്നില്ല അതിനാൽ ശരിയായ വിധത്തിലുള്ള ബോധവല്കരണം ഈ രംഗത്ത് ആവശ്യമാണ്.ഈ വിഭാഗത്തിൽ മദ്യപൻമാരുടെ ശതമാനം കുടുതലായി കണ്ടുവരുന്നു. ഈ വിഭാഗക്കാരെ ഉദ്ദേശിച്ച് അടിയന്തിര പ്രാധാന്യം നൽകി നടപ്പിലാക്കേണ്ട കാര്യങ്ങൾ വർഡടിസ്ഥാനത്തിൽ താഴെ പ്രസ്താവിക്കാം

### ഒന്നാം വാർഡ്

ഒന്നാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ ഒറ്റപ്പെട്ടു താമസിക്കുന്ന ഹരിജനങ്ങൾക്ക് വീടുവെയ്ക്കാൻ സ്ഥലവും സൗജന്യമായി വീടും പണിതുകൊടുക്കുക. വീടുകൾക്ക് കക്കൂസ് കിണർ വൈദ്യുതി എന്നിവ നൽകുക. ഏരിഞ്ചേരിയിലെ ഹരിജനങ്ങൾ താമസിക്കുന്ന പ്രദേശം കോളനിയായി അംഗികരിച്ച് അവരുടെ പ്രാദമികാവശ്യങ്ങൾ അംഗീകരിക്കുക

## രണ്ടാം വാർഡ്

ചമ്പിലാം കൈ , കുറത്തികുണ്ട് കാനത്തൂർ , വടക്കേ കര, കിഴക്കേക്കര, എന്നീ കോളനികളിലായി എകദേശം 70 ഹരിജൻ കുടുംബങ്ങൾ താമസിക്കുന്നു. ലക്ഷം വീട് കോളനിയിൽ സർക്കാർ നിർമ്മിച്ചുകൊടുത്ത വീടുകളും പഴഞ്ചനായെന്നു മാത്രമല്ല പല കുടുംബങ്ങൾക്കും വീടില്ല. അതിനാൽ ഹരിജൻ സംവരണ വാർഡായ ഈ പ്രദേശത്തെ ഹരിജൻ കോളനിയെ **IHDP** കോളനിയായി ഉയർത്തണം . മുൻ കാലങ്ങളിൽ തുടങ്ങുകയും ഇനിയും പൂർത്തിയാകാത്തതുമായ വീടുകൾ പൂർത്തിയാക്കുയും 30 വീടെങ്കിലും ( കുറത്തി കുണ്ട് , കിഴക്കെകര ചമ്പിലാംകൈ, വടക്കേകര ) പുതുതായി നിർമ്മിക്കുകയും ചെയ്യുക ഹരിജനങ്ങളുടെ വീട് വൈദ്യുതികരിക്കുക. കോളനിനിവാസികളുടെ ആരോഗ്യസംരക്ഷണത്തിനായി ആശുപത്രി സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുക കാനത്തൂരിൽ പ്രവർത്തിക്കുന്ന ആരോഗ്യ കുടുംബക്ഷേമകേന്ദ്രം തീരെ അപര്യാപ്തമാണ്. ഹരിജൻ കുട്ടികളുടെ കൊഴിഞ്ഞുപോക്കും പഠനം നിർത്തലും തടയാൻ അവർക്കു സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകുക. ഇവർക്കു മാത്രമായി ഒരു സാംസ്കാരിക നിലയവും റേഡിയോയും ടിവിയും ലൈബ്രറിയും സ്പോർട്സ് സാമഗ്രികളും അനുവദിക്കുക . ഇവരുടെ പരമ്പരാഗത കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങളും ഉത്പന്ന വിപണന സൗകര്യവും ഉണ്ടാക്കുക. കോളനികളിൽ പൊതുകക്കൂസുകൾ അത്യാവശ്യമാണ് കോളനിക്ക് സമീപം മൾട്ടിപർപ്പസ് എന്ന നിലക്ക് കുളങ്ങൾ നിർമ്മിച്ചാൽ അത് കൃഷിക്കുകൂടിസഹായകമകും കൂടാതെ യാത്രാസൗകര്യവും എർപ്പെടുത്തണം.

## മൂന്നാം വാർഡ്

(എ) ബേപ്പ് , പയം എന്നിവിടങ്ങളിൽ കോളനികളുണ്ട് കുണിയേരി , ഇരിയണ്ണി എന്നിവിടങ്ങളിൽ ഒറ്റപ്പെട്ട വീടുകളുണ്ട് . ഇരിയണ്ണി ഒന്ന് കുണിയേരി രണ്ട് ബേപ്പ് 22 എന്നിങ്ങനെയാണ് വീടുകളുടെ എണ്ണം . ബേപ്പ് കോളനിയിൽ ഒരു പൊതുകിണർ ഉണ്ട്. അവിടെ ഇനിയും രണ്ട് കിണറുകൾ ആവശ്യമുണ്ട് . കുണിയേരി ഒരു കിണറിന്റെ ആവശ്യമുണ്ട് കക്കൂസ് വൈദ്യുതി എന്നിവ ഒരിടത്തുമില്ല

( ബി)1. ഇവുരടെ നിലവാരം പൊതുവെ ഉയർന്നതല്ല

2. കുട്ടികൾ പഠിക്കുന്നുണ്ട്

3. തൊഴിലെടുക്കുന്നത് കാർഷികപരം കൂടാതെ നിർമ്മാണപ്രവർത്തനം, കോൺക്രീറ്റ് പണി

4. മുതിർന്നവരിൽ നിരക്ഷരർ നേരിയ തോതിലുണ്ട്

5 സ്വന്തം വീടില്ലാത്ത കുടുംബങ്ങൾ ഉണ്ട്.

6. ബഹുജന സംഘടനകളിൽ 5പേർ പ്രവർത്തിക്കുന്നു.

7. ഉച്ച നീചത്വംഇല്ല

8 ഹരിജനങ്ങളുടെ വീടുകളിൽ നിന്ന് മറ്റുള്ളവർ ആഹാരം കഴിക്കുന്നത് വലിയ തോതിൽ നടപ്പായിട്ടില്ല.

9 ജാതിപറഞ്ഞ് വിളിക്കുന്ന രീതി ഇല്ല.

10 ബേപ്പിലൊരു അംഗൺവാടി ആവശ്യമാണ്.

എല്ലാവീടുകൾക്കും കക്കൂസ് ഒന്നോ രണ്ടോ പൊതുകക്കൂസ് ശുദ്ധജലസൗകര്യം വൈദ്യുതി എന്നിവ ഉടനെ നൽകേണ്ടതുണ്ട് പരമ്പരാഗത കൈതൊഴിലുകൾ (പയ നെയ്ത്ത് ) പ്രോത്സാഹിപ്പിക്കണം. കൈവശഭൂമിക്ക് പട്ടയം നൽകിയിരിക്കണം. ഇവർക്ക് പ്രത്യേകമായ ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കണം വീടില്ലാത്തവർക്ക വീട് നിർമ്മിച്ചുകൊടുക്കണം പൂവാള ഹരിജൻ കോളനിക്ക് റോഡനുവദിക്കണം. കോഴി വളർത്തൽ പശുവളർത്തൽ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകണം

## നാലാം വാർഡ്

കർഷകതൊഴിലാളി, വിധവ, വയോജനങ്ങൾ, വികലാംഗർ ഇവരിൽ പെൻഷന് അർഹരായവർ ഉണ്ട് അവരെ കണ്ടെത്തി അത് നൽകണം.

1. ബോവിക്കാനം മുതൽ ചിപ്ലിക്കയ കുശവ കോളനി വഴി കുഞ്ഞിമൂല വരെ പൈപ്പ് ലൈൻ നീട്ടുക.

2. ബേർക്ക കോളനിയിൽ ഒരു കിണർ കുഴിക്കുക.

3. ബോവിക്കാനം – ചിപ്ലക്കയ കുശവകോളനിവഴി കുഞ്ഞിമൂല വരെ വൈദ്യുതിലൈൻ നീട്ടുക.

4. ബേർക്കയിൽ വയറിംഗ് നടത്തിയവർക്ക് കണക്ഷൻ കൊടുക്കുക

5. കുഞ്ഞിമൂല സബ്കോളനിയിൽ ഒരു സബ്ഹെൽത്ത് സെൻറർ തുടങ്ങുക.

6. കുഞ്ഞിമൂല ഹരിജൻ കോളനിയിലുള്ള കുളം ജല സേചനത്തിനുതകകുമാറ് പരിഷ്കരിക്കുക

7. ബോവിക്കാനംചിപ്പിക്കയ റോഡ് കുഞ്ഞിമൂല വരെ നീട്ടുക.

8. കോളനിയിൽ ടി.വി.സെറ്റ് സ്ഥാപിക്കുക

9. ബേർക്ക ഹരിജൻ കോളനി **IHDP**കോളനിയായി ഉയർത്തുക.

## അഞ്ചാം വാർഡ്

പരമ്പരാഗത കൈതൊഴിലിനാവശ്യമായ അസംസ്കൃത സാധനങ്ങളും സാമ്പത്തിക സഹായവും നൽകുക.

അവർക്ക് പ്രത്യേകമായി ഒരു സഹകരണ സംഘം സ്ഥാപിച്ച് കുടിൽ വ്യവസായം ആരംഭിക്കുക.മുതലപ്പാറ കോളനിയിലേക്ക് കുടിവെള്ളം കക്കൂസ് വൈദ്യുതി , റോഡ്, ടെലഫോൺ ഇവ ലഭ്യമാക്കുക. സൗജന്യമായി പത്രങ്ങൾ ലഭ്യമാക്കുക കിണറുകൾ പുതുക്കിപ്പണിയുക.ആടുവളർത്തൽ , കോഴി വളർത്തൽ പശുവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുക. സ്വന്തമായി സ്ഥലമില്ലാത്തവർക്ക് വീട്വെക്കാൻ സ്ഥലം നല്കുക.

ബാവിക്കരയിലും കുട്ട്യാനത്തും ബാലനടുക്കത്തും ഒരോ അങ്കൺവാടിതുടങ്ങുക.

ബോവിക്കാനത്ത് ഒരു അഗതി മന്ദിരം തുടങ്ങുക.

വാർഡിലെ ഏകദേശം 100 ഓളം വരുന്ന വിധവകൾക്കും 200 ഓളം വരുന്ന വൃദ്ധർക്കും10 വികലാംഗർക്കുംനൂറോളം വരുന്ന അഗതികൾക്കും 200 ഓളം വരുന്ന കർഷക തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുക.വികലാംഗ സർട്ടിഫിക്കറ്റ് മുളിയാർ പി.എച്ച്സിയിൽ നിന്ന് ലഭ്യമാക്കുക.

## ആറാം വാർഡ്

1. മുണ്ടക്കൈ ലക്ഷം വീട് സൗജന്യമായി വൈദ്യുതീകരിക്കുക.

2. ആറാം വാർഡിലെ ദുർബ്ബലവിഭാഗങ്ങൾക്ക് വീടിന് ഓട് മേഞ്ഞ് കൊടുക്കുക.

3. പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് കുടിവെള്ളം ലഭ്യമാക്കുക.

4. ഗൾഫിൽ നിന്ന് വരുന്നവരെ പുനരധിവസിപ്പിക്കുക.

5. കൈവശഭൂമിക്ക് പട്ടയം നല്കുക.

6. പാവപ്പെട്ടവർക്ക് വീട് നല്കുക.

## ഏഴാം വാർഡ്.

ഇവിടെ ഹരിജനഗിരിജനങ്ങളുടെ രണ്ടു കോളനികളുണ്ട് ഒന്ന് മാസ്തിക്കുണ്ടും മറ്റൊന്ന് ചൂരിമൂല, കുഞ്ചിരിക്കാനം . ഇവിടെ വൈദ്യുതി പാർപ്പിടം എന്നീ അടിസ്ഥാനസൗകര്യങ്ങൾ തികച്ചും അന്യമാണ്. രണ്ടിടത്തും ഒരോ ബോർവെൽ അത്യാവശ്യമാണ്.

മാസ്തികുണ്ട് ഹരിജൻ കോളനിയിൽ വൈദ്യുതി എത്തിക്കണം.ചാപ്പാടിയിൽ ഒരു ബോർവെൽ. മസ്തികുണ്ട് കോളനിയിൽ ഒരു വാട്ടർ ടാപ്പ് സ്വയം തൊഴിൽ പദ്ധതിയും പരിശീലനവും ഈ രണ്ടിടത്തും ആവശ്യമാണ്.

ചാപ്പാടിയിൽ ഒരു പാലം. പഠനനിലവാരമുയർത്താൻ ഈ പ്രദേശങ്ങളിലെ കുട്ടികൾക്ക് സ്പെഷ്യൽ കോച്ചിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുക. തെങ്ങ് പച്ചക്കറി വാഴ എന്നിവ കൃഷിചെയ്യാനാവശ്യമായ സാമ്പത്തിക സഹായം നല്കുക.ഈ മേഖലയിൽ നിരക്ഷരത നിർമ്മാർജനത്തിന് പ്രത്യേകം ഊന്നൽ നല്കുക. സിദ്ധിനം കരയിൽ വീടില്ലാത്തവർക്കെല്ലാം വീടുണ്ടക്കിക്കൊടുക്കുക. 20 ഓളം വരുന്ന ബഹുജന പ്രവർത്തകരുടെ സേവനം സാമൂഹ്യരംഗത്തേയ്ക്ക് തിരിച്ചുവിടാൻ ഒരു സാംസ്കാരിക സ്ഥാപനം ഇവിടെ തുടങ്ങേണ്ടതാണ്.ഈ പ്രദേശത്തെ ജാതിപരമായ ഉച്ചനീചത്വം ഇല്ലായ്മചെയ്യാൻ പരിപാടി നടപ്പാക്കണം. ഈ പ്രദേശത്ത് ചികിത്സ സൗകര്യങ്ങൾ പൊതുവെ കുറവാണ്. അതുപരിഹരിക്കാനുള്ള നടപടി വേണം.

## വിഭവസമാഹരണം

1. യുവജനങ്ങളുടെ കായികശേഷി വകസന പ്രവർത്തനത്തിന് ഒരു മുതൽകൂട്ടായിരിക്കും

2. അതാത് പ്രദേശത്തുള്ളവരുടെ ബാങ്ക് നിക്ഷേപത്തുകയുടെ ലാഭം ഈ പ്രദേശത്തേക്കു മാത്രമായി വിനിയോഗിക്കുക

3. ഇൻകംടാക്സ് സ്റ്റാമ്പ്ഡ്യൂട്ടി എന്നിവയുടെ

വിഹിതം കൂടി പഞ്ചായത്തിന് കിട്ടുമാറാക്കണം.

4. അതാത് പ്രദേശത്തുള്ള വ്യവസായസ്ഥാപനങ്ങളുടെ ലാഭം അതാതിടങ്ങളിൽ വിനിയേഗിക്കുക.

എട്ടാം വാർഡ്.

പൊവ്വൽ ജഗ്ഷനിലും ചാപ്പാടിയിലും കോളിയടുക്കം ഹരിജൻ കോളനികളിലും ഒരോ ടിവി. എട്ടാം വാർഡിൽ എവിടെയെങ്കിലും ഒരു റേഡിയോ നിലയം.

കോളിയടുക്കം ഹരിജൻ കോളനിയിൽ തുകൽപ്പണി കുടിൽ വ്യവസായമായി ചെയ്യുന്നവരാണ് . അലുമിനിയം ഫാബ്രിക്കേഷൻസ് ടൈലറിംങ് എന്നിവയിൽ പരിശീലനം നേടിയവർ ഇവിടെയുണ്ട് സാമ്പത്തിക സാഹായംനല്കി അവരെ പ്രോത്സാഹിപ്പിക്കുക.ഇടനീർ ബോളിഗുഡ നിവാസികൾക്ക് കീടനാശിനി സാമഗ്രികൾ ( പമ്പ് സെറ്റ് വാങ്ങുന്നതിനാവശ്യമായ സമ്പത്തികസഹായം ലഭ്യമാക്കുക

## വിഭവസമാഹരണം

1 യുവാക്കളുടെ സേവനപരമായ അദ്ധ്വാനം

2. സഹകരണ സ്ഥാപനങ്ങളിലേയും കോർപ്പറേഷനിലേയും ലാഭവിഹിതം ഈ വാർഡിന്റെ വികസനത്തിൽ ചെലവഴിക്കാവുന്ന ആദായമാർഗ്ഗമായി മാറ്റണം.

## ഒൻപതാം വാർഡ.

1.മല്ലം, തെക്കെപള്ളം മുകാരിതോട്ടം കുടുംബങ്ങളെ കോളനിയായി പരിഗണിച്ച് പാർപ്പിടം കുടിവെള്ളം കക്കൂസ് വൈദ്യൂതി ഗതാഗതസൗകര്യം എന്നിവ ഏർപ്പെടുത്തുക.

2. ആടുവളർത്തൽ കന്നുകാലിവളർത്തൽ കോഴിവളർത്തൽ, തുടങ്ങിയവയ്ക്ക് ധനസഹായം ചെയ്യുക.

3. മജക്കാറിലെ കുളം വിപുലീകരിച്ച് കുടിവെള്ളം എല്ലാ വീടുകളിലും എത്തിക്കുക.

4. അമ്മംകോട് നിലവിലുള്ള കുളവും കിണറും റിപ്പേർ ചെയ്യുക.

5. കൊളച്ചപ്പ് റോഡ് മല്ലം മജക്കാർ റോഡ് എന്നിവ കോളനിയുമായി ബന്ധിപ്പിക്കുക.

6. മജക്കാർ കോളനിക്ക് കുഴൽകിണർ

7. ഇടയ്ക്ക് വെച്ച് പഠനം നിർത്തുന്ന കുട്ടികൾക്ക് തുടർന്നു പഠിക്കാനുള്ള സാമ്പത്തിക സഹായം നൽകുക.

8. കോളനി പരിസരത്ത് പബ്ലിക് ടെലഫോൺ ബൂത്ത്

9. മജക്കാർ കോളനിയിൽ ആരോഗ്യ ഉപകേന്ദ്രം

10 മല്ലം , കോക്കോടി എന്നിവിടങ്ങളിൽ ഹെൽത്ത് സെൻറർ.

11 മജക്കാർ കോളനി IHDP കോളനിയായി അംഗീകരിക്കുക

12. പട്ടിക ജാതി പട്ടികവർഗ്ഗ ഉന്നമനത്തിനായി നൽകുന്ന ആനുകൂല്യങ്ങൾ അർഹരായ എല്ലാവർക്കും ലഭിക്കാൻ വാർഡുമെമ്പർ , ഗ്രാമസേവകൻ , വാർഡിലെ ഒന്നോ രണ്ടോ അംഗങ്ങൾ എന്നിവരടങ്ങിയ കമ്മിറ്റി ഉണ്ടാക്കണം.

13 ഹരിജന പീഡനങ്ങൾക്കെതിരായി പ്രവർത്തിക്കുന്ന പഞ്ചായത്തു തലസമിതികൾ ഉണ്ടാകണം.

14. ഉന്നത വിദ്യാഭ്യാസം നേടാൻ കുട്ടികൾക്ക് അവാർഡുകളും സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കണം.

15. ഈ വിഭാഗക്കർരുണ്ടാക്കുന്ന ചെരുപ്പ് , പാള, നീറ്റുക്കക്ക , ബേഗ് എന്നിവയ്ക്ക് ഒരു എസ് സി.-എസ്.ടി സൊസൈറ്റി സ്ഥാപിച്ച് മാർക്കറ്റ് കണ്ടെത്തുക.

16. മജക്കാറിൽ ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണകേന്ദ്രം ആരംഭിക്കുക.

## പത്താം വാർഡ്

1.ചറോളി മൂല ഗിരിജൻ കോളനി , അട്ടപ്പറമ്പ് ഹരിജൻ കോളനി കോപ്പാംളം കൊച്ചി ഹരിജൻ കോളനി, പാത്തനടുക്കം ഹരിജൻ കോളനി.

2. എസ്ടി. 18 കുടുംബങ്ങൾ

എസ് സി 45 കുടുംബങ്ങൾ

3. ഇവിടെ കുടിവെള്ളം കക്കൂസ് , വൈദ്യൂതി എന്നിവ ലഭ്യമാക്കണം.

ബി). കുട്ടികൾ സ്കൂളിൽ പോകുന്നുണ്ട് . ആരും പോകത്തവരായില്ല . ഇവർ കൃഷി വ്യവസായം എന്നീ

മേഖലകളിൽ പണിയെടുക്കുന്നു. വയോജനങ്ങൾ നിരക്ഷരരാണ്. നാല് പേർക്ക് വീടില്ല. സാമുഹ്യപദവി മറ്റുള്ളവർക്കൊപ്പം ഇല്ല. ഉച്ചനീചത്വം കുറേശയായി ഉണ്ട്.

ജാതിപേർ പറഞ്ഞ് വിളിക്കാറില്ല.

## ആവശ്യമുള്ള വികസന പ്രവർത്തനങ്ങൾ

കുടിവെള്ളം ,വൈദ്യൂതി, വിദ്യാഭ്യസ സൗകര്യം പാർപ്പിടം, എന്നിവ ആവശ്യമുണ്ട്.

സ്വയം തൊഴിൽ കണ്ടെത്താനുള്ള ധനസഹായം ലഭ്യമാക്കി പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കണം

സാമൂഹ്യ ക്ഷേമം

എറെക്കാലമായി നടന്നുവരുന്ന വികസന പ്രവർത്തനം സാമൂഹ്യ നിലവാരം ഉയരാൻ സഹായമായിട്ടുണ്ട് . വസ്തുനിഷ്ടമായി കണക്കാക്കാൻ ശാസ്ത്രീയമായ പാഠനങ്ങൾ നടന്നിട്ടില്ല. ഐ. ആർ. ഡി. പി. പ്രകാരം ദാരിദ്ര രേഖയ്ക്ക് താഴെ യുള്ള ജനങ്ങളെ കണ്ടെത്തിയതിൽ ഒരുപാട് അപാകതകളുണ്ട്.

1487 കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയായി കണക്കാക്കപ്പെട്ടിട്ടുള്ളത്.

1991ലെ ജനസംഖ്യ കണക്കെടുപ്പ് പ്രകാര[illegible] പഞ്ചായത്തിലെ ജനസംഖ്യ 19881 ആണ് അതിൽ 99[illegible] പുരുഷൻമാരും 9995 സ്ത്രീകളുമാണ്.1637 പട്ടിക ജാതിക്കാരിൽ 885 പുരുഷൻമാരും 843 സ്ത്രികളുമുണ്ട് 287 പട്ടിക വർഗ്ഗക്കാരുള്ളതിൽ 148 പുരുഷൻമാരും 139 സ്ത്രികളുമാണ്.പഞ്ചായത്തിൽ മൊത്തം വിദ്യാർത്ഥകളുടെ എണ്ണം 4269 . അതിൽ ആൺ കുട്ടികൾ 2197 ഉം പെൺകുട്ടികൾ 2072 ഉം ആകുന്നു. എസ് സി. എസ് ടി. കുട്ടികളുടെ മൊത്തം സംഖ്യ 434.

ഒൻപതാം പദ്ധതിയിൽ മുളിയാർ പഞ്ചായത്തിലെ അടിയന്തിര പ്രാധന്യത്തോടെ നടപ്പക്കേണ്ട കാര്യങ്ങൾ വാർഡടിസ്ഥാനത്തിൽ ഈ റിപ്പോർട്ടിൽ എടുത്തു പറഞ്ഞിരിക്കുന്നു. ഇവിടെ ആധാരമാക്കിയ സെക്കൻററി ഡാറ്റ പൂർണ്ണമല്ലാത്തതായതിനാൽ എല്ലാ സ്ഥിതിവിവരങ്ങളും ലഭ്യമായില്ല.

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ എസ്.സി എസ്ടി കുടുംബങ്ങൾ | ഇതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ എസ്സി. എസ്.ടി | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയവർ | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആകെ. കുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പെടെ |
|---|---|---|---|---|---|---|
| 1 | 160 | 3 | 16 | 3 | 5 | 15 |
| 2 | 143 | 12 | 18 | 12 | 6 | 137 |
| 3 | 204 | 11 | 17 | 11 | 5 | 199 |
| 4 | 98 | 15 | 19 | 13 | 4 | 94 |
| 5 | 107 | 6 | 10 | 9 | 4 | 103 |
| 6 | 221 | 2 | 7 | 1 | 3 | 218 |
| 7 | 143 | 10 | 12 | 9 | 4 | 139 |
| 8 | 187 | 18 | 17 | 10 | 3 | 184 |
| 9 | 224 | 33 | 26 | 12 | 15 | 209 |
| | 1487 | 110 | 142 | 72 | 49 | 1438 |

## ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ / പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഈ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|
| 1. Lether work | 2 | wage emp. | — | 2 |
| Steel metal works | 1 | ,, | – | 1 |
| Printing & composing | 1 | ,, | - | 1 |
| | 4 | ,, | - | 4 |
| 2.Tailoring work | 10 | Settled 10 | - | - |
| Printing & compose | 1 | - | 1 | - |
| Sheet metal work | 1 | - | - | 1 |
| Khadi weaving | 1 | - | 1 | - |
| 3. Batic Printing (Textile) | 2 | Settled 2 | - | - |
| Sheet metal | 2 | - | | 2 |
| Repair of Pump set | 1 | - | | 1 |
| Printing & Compose | 1 | - | | 1 |
| 4.Black Smith | 1 | - | | 1 |
| printing & compose | 3 | - | 1 | 2 |
| Auto repairing | 1 | 1 | | |
| Radio TV. repairing | 1 | 1 | - | - |
| 5. | | | | |
| 6 | | | | |
| 7. Leather work | 2 | 2 | - | - |
| Wiring | 1 | - | - | 1 |
| 8. Motor repairing | 1 | - | - | 1 |
| Pumpset repairing | 2 | - | - | 2 |
| Printing & compose | 5 | - | - | 5 |
| Stone Cutting& Dressing | 4 | 4 | - | - |
| Automechanic | 1 | - | - | 1 |
| Welding | 2 | - | - | 2 |
| Radio TV repairing | 1 | - | 1 | - |
| TOTAL | 52 | 20 | 4 | 28 |

| വാർഡ് | സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവിധ പദ്ധതികളിലായി അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| I | 140 | 1 | 1 | 139 |
| II | 118 | 5 | 4 | 113 |
| III | 154 | 8 | 6 | 146 |
| IV | 78 | 10 | 6 | 68 |
| V | 57 | 5 | 3 | 52 |
| VI | 161 | 3 | 3 | 158 |
| VII | 68 | 3 | 3 | 65 |
| VIII | 100 | 5 | 5 | 95 |
| IX | 174 | 4 | 4 | 170 |
| total | 1050 | 44 | 35 | 1006 |

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| IV&IX | Mate weaving | 94-95 | 11 | on going |
| IX | Battle wine cultivation | 94-95 | 10 | ,, |
| IV | Poultery | 96-97 | 10 | ,, |

## Tool kit

| വാർഡ് | കൈത്തൊഴിലുകാരുടെ എണ്ണം സർവ്വേ പ്രകാരം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി അർഹരായവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| I | 2 | - | 2 | |
| II | 9 | 6 | 3 | |
| III | 14 | 9 | 5 | |
| IV | 23 | 15 | - | |
| V | 4 | 4 | - | |
| VI | 1 | 1 | - | |
| VII | - | - | - | |
| VIII | 6 | 4 | 2 | |
| IX | 17 | 12 | 5 | |
| Total | 76 | 51 | 25 | |

# വനം

മുളിയാർ പഞ്ചായത്തിൻെറ ഭൂപ്രകൃതി കുന്നുകളും, കൃഷിസ്ഥലങ്ങളും, വനങ്ങളും ഉൾപ്പെടുന്നതാണ്. പഞ്ചായത്തിൻെറ ഭൂമിയിൽ കൂടുതൽ കൃഷിസ്ഥലമാണെങ്കിലും 2185 ഹെക്ടർ സ്ഥലങ്ങളിൽ സംരക്ഷിത വനങ്ങൾ വ്യാപിച്ചു കിടക്കുന്നു. കേരളാ പ്ളാൻേറഷൻ കോർപ്പറേഷൻെറ 387 ഹെക്ടറോളം വരുന്ന കശുവണ്ടി തോട്ടവും കാണാം. പഞ്ചായത്തിലെ ഒന്ന്, മൂന്ന് വാർഡിലുള്ള സംരക്ഷിത വനവും പ്രധാന വനപ്രദേശങ്ങളാണ്. സംസ്ഥാന സർക്കാരിൻെറ സംരക്ഷിത വനത്തിലെ കാനത്തൂർ, മഞ്ചക്കൽ, എന്നീ പ്രദേശങ്ങളിൽ ഈട്ടി, തേക്ക്, മരുത്, ചന്ദനം തുടങ്ങിയ 1490 മരങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുള്ളതായി റവന്യൂ രേഖയിൽ നിന്ന് വ്യക്തമാകുന്നു. (പട്ടിക - 1 കാണുക ). മരങ്ങൾ കൂടാതെ ഔഷധച്ചെടികളും, കോട്ട, പായ നെയ്ത്ത് എന്നിവയ്ക്ക് ആവശ്യമായ വള്ളികളും ഈ വനത്തിൽ നിന്ന് ലഭ്യമാണ്. ഇവ ശേഖരിക്കുവാൻ മറ്റു പഞ്ചായത്തുകളിൽ നിന്ന് ആളുകൾ ഇവിടെ വരാറുണ്ട്.

രണ്ട് പതിറ്റാണ്ടുകൾക്ക് മുമ്പ് മാസ്തികുണ്ട് മുതൽ എരിഞ്ചേരി വരെ പഞ്ചായത്തിലൂടെ പോകുന്ന സംസ്ഥാന ഹൈവെ റോഡിൻെറ ഇരുവശത്തും പല തരത്തിൽപ്പെട്ട വലിയ വൃക്ഷങ്ങൾ ധാരാളമുണ്ടായിരുന്നു. സ്വകാര്യ വ്യക്തികളുടെ പറമ്പുകളിലും, വിലയേറിയ വൃക്ഷങ്ങൾ ധാരാളമുണ്ടായിരുന്നു. പൊതു മരാമത്ത് വകുപ്പ് റോഡരികിലുള്ള വലിയ മരങ്ങൾ വെട്ടി മാറ്റുകയും, പകരം 'അക്കേഷ്യ' പോലുള്ള ചെടികൾ നട്ടു വളർത്തുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെ പറമ്പിൽ പഴക്കം ചെന്ന മരങ്ങളുണ്ടായിരുന്നുവെങ്കിലും, കഴിഞ്ഞ കുറെ വർഷങ്ങളിലായി ഈ സംഖ്യ കുറഞ്ഞു വരുന്നു. വീടു പണിയുന്നതിനും, വിൽപ്പനയ്ക്കു വേണ്ടിയും വലിയ മരങ്ങളെ വ്യാപകമായി വെട്ടിമാറ്റിയിട്ടുണ്ട്.

പഞ്ചായത്തിലുള്ള ചില സ്വകാര്യ വ്യക്തികളുടെ ഭൂതസ്ഥാനത്തിനു ചുറ്റിപ്പറ്റി ചെറിയ കാവുകൾ പഞ്ചായത്തിൻെറ വിവധ വാർഡുകളിൽ കാണപ്പെടുന്നുണ്ട്.

മുളിയാർ പഞ്ചായത്തിലുള സംരക്ഷിത വനത്തെ കാത്തു സൂക്ഷിക്കുവാൻ സർക്കാർ വകയിലുള്ള ഒരു ഫോറസ്റ്റ് സ്റ്റേഷൻ ഇരിയണ്ണിയിൽ പ്രവർത്തിക്കുന്നു. ഫോറസ്റ്റ് സ്റ്റേഷനിൽ ഒരു ഗാർഡും, ഒരു ഫോറസ്റ്റർ എന്നിങ്ങനെ രണ്ട് ജീവനക്കാരാണുള്ളത്. ജീവനക്കാർക്ക് ആവശ്യമായ താമസ സൗകര്യമോ മറ്റു സൗകര്യമോ ഇവിടെ ഇല്ല.

കേരളാ പ്ളാൻേറഷൻ കോർപ്പറേഷൻെറ കീഴിലുള്ള 387 ഹെക്ടർ കശുവണ്ടി തോട്ടത്തിൽ 47631 കശുവണ്ടി മരങ്ങളും, കണക്കിൽ തിട്ടപ്പെടുത്താത്ത ഒരുപാട് മറ്റു മരങ്ങളും ഉണ്ട്. ഇവയെല്ലാം കോർപ്പറേഷൻെറ നിയന്ത്രണത്തിലാണുള്ളത്.

സാമൂഹ്യവനവൽക്കരണത്തിൻെറ ഭാഗമായി സർക്കാർ നടത്തുന്ന പല പരിപാടികളും പഞ്ചായത്തിലും നടന്നിട്ടുണ്ട്. സ്കൂളുകൾ മുഖേനയും പഞ്ചായത്ത് വഴിയും പൊതുജനങ്ങൾക്ക് വൃക്ഷതൈകൾ വിതരണം ചെയ്യാറുണ്ട്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളിലായി വൃക്ഷതൈ വിതരണം കാര്യമായി നടക്കുന്നില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 'ഫ്രൻറ്സ് സർക്കിൾ കോട്ടൂർ' കഴിഞ്ഞ നാലു വർഷങ്ങളായി വൃക്ഷതൈകൾ വിതരണം നടത്തിയിരുന്നുവെങ്കിലും, ഇപ്പോൾ തൈകൾ ലഭ്യമല്ലാത്തതു കൊണ്ട് അത്തരം പരിപാടികൾ നടത്താറില്ല.

കർഷകർക്ക് വേണ്ട സമയത്ത് വൃക്ഷതൈകൾ കിട്ടാത്തതും, കൃഷിയോഗ്യമല്ലാത്ത ചെടികളുടെ വിതരണവും കർഷകരെ വൃക്ഷത്തൈ വാങ്ങുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നു. വിദ്യാനഗറിലെ സോഷ്യൽ ഫോറസ്ട്രി, ആദൂരിലെ ഫോറസ്റ്റ് ഓഫീസ്, സി.പി.സി.ആർ.ഐ, കൃഷിഭവൻ എന്നീ കേന്ദ്രങ്ങളിൽ നിന്നാണ് കർഷകർക്ക് ആവശ്യമായ വൃക്ഷത്തൈകൾ ലഭിക്കാറുള്ളത്.

പഞ്ചായത്തിലെ മിക്ക വീടുകളിലും ഇന്ധനമായി വിറക് ഉപയോഗിക്കുന്നതു കൊണ്ടു തന്നെ പ്ളാൻേറഷൻ കോർപ്പറേഷൻെറ തോട്ടത്തിൽ നിന്ന് ലേലം ചെയ്ത് വിൽക്കുന്ന നശിച്ചുപോയ മരങ്ങളെയും വീട്ടുപറമ്പിൽ നിന്ന് ലഭിക്കുന്ന വിറകിനെയും ജനങ്ങൾ ആശ്രയിക്കുന്നു. എന്നാൽ ഇപ്പോൾ കോർപ്പറേഷൻെറ തോട്ടത്തിൽ നിന്ന് ലഭിക്കുന്ന വിറക് കച്ചവടക്കാർ മൊത്തമായി വാങ്ങുന്നതു കൊണ്ട് പൊതുജന ങ്ങൾക്ക് വേണ്ടത്ര ലഭിക്കുന്നില്ല.

## പ്രശ്നങ്ങൾ

1. സാമൂഹ്യവനവൽക്കരണ പരിപാടികളും, വൃക്ഷതൈ വിതരണ പരിപാടിയും യഥാർത്ഥ സമയത്ത് ലഭിക്കുന്നില്ലെന്നുള്ളതും വേണ്ടത്ര ലഭിക്കുന്നില്ലെന്നുള്ളതും ഇന്നും ഒരു പ്രശ്നമായി അവശേഷിക്കുന്നു.

2. കൃഷി യോഗ്യമല്ലാത്ത വൃക്ഷതൈകളും നടീൽ വസ്തുക്കളും വിതരണം ചെയ്യുന്നു.

3. പഞ്ചായത്തിൻെറ ഭൂപ്രകൃതിക്ക് അനുയോജ്യമായ വൃക്ഷതൈകൾ വിതരണത്തിന് എത്തുന്നില്ല.

4. വൃക്ഷതൈകൾ വിതരണം ചെയ്യുന്ന സ്ഥാപനത്തെക്കുറിച്ചോ വാങ്ങുന്നതിനെപ്പറ്റിയോ പൊതുജനങ്ങൾക്ക് വേണ്ടത്ര അറിവ് ലഭിക്കുന്നില്ല.

5. വൃക്ഷതൈ നടുന്നതിനെക്കുറിച്ചോ അവയുടെ പരിപാലനത്തെക്കുറിച്ചോ വേണ്ടത്ര മാർഗ്ഗ നിർദ്ദേശങ്ങൾ കർഷകർക്ക് ലഭിക്കാറില്ല.

6. കന്നുകാലികളുടെയും മറ്റു വന്യ മൃഗങ്ങളുടെയും ശല്യം വൃക്ഷതൈ വളർച്ചയെ കാര്യമായി ബാധിക്കുന്നു.

7. പഞ്ചായത്തിലെ വിവിധ സാമൂഹ്യ സാംസ്ക്കാരിക സംഘടനകൾ വനവൽക്കരണത്തെക്കുറിച്ച് വേണ്ട താൽപര്യം കാണിക്കുന്നില്ല.

8. സംരക്ഷിത വനത്തിൽ നിന്നും മറ്റു സ്വകാര്യ പറമ്പിൽ നിന്നും തടി മോഷണം നടക്കുന്നു. ഇവയെ ഫലപ്രദമായി തടയാൻ വേണ്ട സംവിധാനങ്ങളില്ല.

9. സ്വന്തമായി തരിശു ഭൂമി ഉണ്ടെങ്കിലും ജനങ്ങൾ അവിടെ വൃക്ഷതൈകൾ വളർത്താൻ താൽപര്യം കാണിക്കുന്നില്ല.

10. റിസർവ്വ് വനത്തിൽ മൃഗവേട്ട ധാരാളമായി നടന്നു വരുന്നു.

## പരിഹാരം - നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ കൃഷിയോഗ്യമല്ലാത്ത ഭൂമിയിൽ വൃക്ഷതൈകൾ നട്ട് വളർത്താനുള്ള വിപുലമായ പരിപാടികൾക്ക് രൂപം നൽകുക.

2. നിലവിലുള്ള സംരക്ഷിത വനം നിലനിർത്താനും പരിപാലിക്കാനും വേണ്ട നടപടികൾ എടുക്കണം. സംരക്ഷിത വനത്തിനു ചുറ്റും ഇരുമ്പ്‌വേലി നിർമ്മിക്കുവാനും, കാവൽ കേന്ദ്രങ്ങൾ സ്ഥാപിക്കാനും നടപടി എടുക്കണം. ഇരിയണ്ണിയിലുള്ള ഫോറസ്റ്റ് ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

3. സംരക്ഷിത വനത്തിൽ നിന്ന് നടക്കുന്ന മരം മോഷണം തടയാൻ നടപടി വേണം. ഇതിനായി ജനകീയ ഇടപെടൽ ആവശ്യമാണ്.

4. വനത്തിലുള്ള വന്യമൃഗങ്ങളുടെ വേട്ട തടയുന്നതിനെതിരായി പഞ്ചായത്ത് തലത്തിൽ ജനകീയ സമിതികൾ രൂപീകരിക്കുകയും, അനധികൃതമായി വന്യ മൃഗങ്ങളെ വേട്ടയാടുന്നവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കേണ്ടതുമാകുന്നു.

5. പ്ളാന്റേഷൻ കോർപ്പറേഷന്റെ തോട്ടത്തിൽ കശുവണ്ടി കൃഷി യോഗ്യമല്ലാത്ത സ്ഥലത്ത് മറ്റു മരങ്ങളെ വളർത്താനുള്ള ഊർജ്ജിത പരിപാടികൾക്ക് രൂപം നൽകണം.

6. കൃഷിക്കാർക്ക് ആവശ്യമായ വൃക്ഷതൈകൾ കൃത്യസമയത്ത് തന്നെ എത്തിക്കാനുള്ള നടപടികൾ ആരംഭിക്കുന്നതോടൊപ്പം വൃക്ഷതൈ പരിപാലനത്തെ കുറിച്ച് ആവശ്യമായ നിർദ്ദേശവും, ബോധവൽക്കരണവും നൽകണം.

7. നടീൽ തൈകൾ പഞ്ചായത്ത് മുഖേന കൃത്യസമയത്ത് എത്തിക്കാനുള്ള നടപടി വേണം.

8. പഞ്ചായത്തിലെ എല്ലാ സാമൂഹ്യ സാംസ്കാരിക സംഘടനകളെയും സാമൂഹ്യ വനവൽക്കരണ പരിപാടിയിൽ ഉൾപ്പെടുത്തി, വനവൽക്കരണം ജനകീയ പരിപാടിയായി മാറ്റാവുന്നതാണ്.

9. ശാസ്ത്രീയമായി വനം വളർത്തുന്ന കർഷകരെ പ്രോൽസാഹിപ്പിക്കാനുള്ള പരിപാടി പഞ്ചായത്തിൽ നടത്തണം.

10. പഞ്ചായത്ത് തലത്തിൽ ജനകീയ സമിതികളെ രൂപപ്പെടുത്തി സാമൂഹ്യവനവൽക്കരണം കൃത്യസമയത്ത് വിജയകരമായി നടത്താനുള്ള പ്രവർത്തനം നടത്തണം.

പട്ടിക - 1
പഞ്ചായത്തിലെ സംരക്ഷിത വൃക്ഷങ്ങളുടെ വിവരം

| ഈട്ടി | തേക്ക് | മരുത് | ചന്ദനം | ആകെ |
|---|---|---|---|---|
| 290 | 510 | 200 | 490 | 1490 |
| ആകെ | | | | 1490 |

ഇരുട്ടിനെ ശപിക്കുന്നതിനേക്കാൾ പ്രയോജനകരം ഇരുട്ടുള്ളേടത്ത് ഒരു മെഴുകുതിരി കൊളുത്തി വയ്ക്കുകയാണ്.

കൺഫ്യൂഷ്യസ്.

5

# ഉപസംഹാരം

വികസനത്തിൻെറ ഇന്നത്തെ കാഴ്ചപ്പാടിൽ മാറ്റം വരുത്തേണ്ടിയിരിക്കുന്നു. റോഡ്, പാലം, കെട്ടിടങ്ങൾ എന്ന രീതിയിലുളള വികസന സങ്കല്പത്തിന് മാറ്റം വരുത്തി കൃഷി, വ്യവസായം, സർവ്വീസ് മേഖല എന്നിവിടങ്ങളിൽ സൃഷ്ടിപരമായ വികാസം പ്രാപിക്കുവാൻ നമുക്ക് കഴിയേണ്ടതുണ്ട്. അല്ലെങ്കിൽ നാളത്തെ തലമുറ നമ്മെ പഴിച്ചുകൊണ്ടിരിക്കും.

സന്നദ്ധ സേവനവും ജനകീയ ഇടപെടലുകളും മുതലെടുത്ത് പുതിയ ഒരു വികസന സംസ്കാരം കരുപ്പിടിപ്പിച്ചെടുക്കണം. ഡിപ്പാർട്ട്മെൻറലിസമായി മാറിയ വികസനനയം തിരുത്തിക്കുറിക്കുകയും ജനങ്ങളുടെ കേട്ടറിവിൻേറയും കണ്ടറിവിൻേറയും നാട്ടറിവിൻേറയും അടിസ്ഥാനത്തിൽ ഗ്രാമസഭകളിൽ നിന്നും ഉയർന്ന്വന്ന ചർച്ചകൾ, പ്രശ്നങ്ങൾ സാധ്യതകൾ എന്നിവ വേർതിരിച്ച് ഉപയോഗപ്രദമായ രീതിയിൽ പദ്ധതിയാക്കി മാറ്റി ആസൂത്രണരംഗം ജനപങ്കാളിത്തത്തോടുകൂടി ദൃഢപ്പെടുത്തണം.

വരുമാനത്തിൻേറ കാര്യത്തിൽ ഒരു കമ്മി പഞ്ചായത്താണ് മുളിയാർ. അവികസിതപ്രദേശമായത് കൊണ്ട് മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് താരതമ്യേന വരുമാനം കുറഞ്ഞ പഞ്ചായത്താണിത്. 1995-96 വർഷത്തിൽ പഞ്ചായത്തിൻെറ ഗവൺമെൻറ് ഗ്രാൻറ് ഉൾപ്പെടെയുള്ള മൊത്തം വരുമാനം 13,08,774.40 രൂപയായിരുന്നു. അതേസമയം ആ വർഷത്തെ മൊത്തം ചെലവ് 17,77,516.35 രൂപയായിരുന്നു. വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ പഞ്ചായത്തിൻെറ ഇന്നത്തെ സാമ്പത്തിക നിലവെച്ചുകൊണ്ട് സാധ്യമല്ലെന്ന് മനസ്സിലാക്കാവുന്നതാണ്.പുതിയ സമീപനവും പുതിയ വികസനസംസ്കാരം ഏറ്റെടുത്ത് നടത്തിയാൽ മാത്രമേ കമ്മിയിൽ നിന്നും മിച്ചത്തിലേക്ക് വരുവാനും പഞ്ചായത്തിൻെറ അടിയന്തിരപ്രാധാന്യമുളള ആവശ്യങ്ങൾ നിറവേറ്റാനും സാധിക്കുകയുളളൂ.

വലിയ ഒരു മനുഷ്യസമ്പത്ത്കൊണ്ട് അനുഗ്രഹീതമായ ഈ പഞ്ചായത്ത് ഭൂപ്രകൃതിയുടെ കിടപ്പും അനുകൂലമായ കാലാവസ്ഥയും കൊണ്ട് അനുഗ്രഹീതമാണ്. കവുങ്ങ്, തെങ്ങ്, നെല്ല് എന്നിവയാണ് ഇവിടത്തെ പ്രധാന കാർഷികവിളകൾ. നെല്ലുൽപ്പാദനത്തിൽ നിന്നും ജനങ്ങൾ ക്രമേണ പിൻവലിയുന്നതായാണ് കാണാൻ കഴിയുന്നത്. പ്രാദേശികമായി നാം സമാഹരിച്ച ഒട്ടനവധി സ്ഥിതിവിവിരക്കണക്കുകൾ വെച്ചുകൊണ്ട് നമ്മുടെ പ്രശ്നങ്ങൾ കണ്ടെത്തി തക്കതായ പരിഹാരങ്ങൾ നാം കണ്ടെത്തേണ്ടത് അനിവാര്യമാണ് എല്ലാ മേഖലകളിലുമുളള മുരടിപ്പ് മനസ്സിലാക്കി സന്നദ്ധ പ്രവർത്തനത്തിലൂടെയും മറ്റും നമുക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിയും.

താഴെക്കിടയിൽ കഴിയുന്ന ഭൂരിഭാഗം ജനങ്ങൾക്കും സ്വന്തമായി കക്കൂസ്, വീട്, കുടിവെള്ളം എന്നിവ ഇല്ല. അതുപോലെ തൊഴിലില്ലായ്മയും ദാരിദ്ര്യവും നാടിൻെറ ശാപമായി തുടരുകയാണ്. ഗൾഫ് പണത്തിൻെറ വരവ് പുതിയ വിസ നിയമത്തിൻെറ വെളിച്ചത്തിൽ കുറഞ്ഞതോടുകൂടി സാധാരണ ജനങ്ങൾ ജീവിതത്തോട് മല്ലടിക്കുകയാണ് നിലവിലുളള പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുന്ന രീതിയിൽ പുതിയ പ്രതിസന്ധികൾക്ക് ഇടവരുത്തിയിരിക്കുകയാണ്. ഗൾഫ് കുടിയേറ്റ നിയമം, ദിനേശ് ബീഡി, പായമടയൽ, കൊട്ടമടയൽ, മൺപാത്ര നിർമ്മാണം തുടങ്ങി വിവിധ മേഖലകളിൽ പുതിയ പ്രതിസന്ധികൾ ഉണ്ടായികൊണ്ടിരിക്കുകയാണ്. ചെങ്കല്ല് വ്യവസായം, കരിങ്കല്ല് വ്യവസായം എന്നിവയും തകർച്ചയെ നേരിടുകയാണ്. ഇവയെ പുനരുദ്ധരിക്കുവാൻ വേണ്ട നടപടികൾ നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകേണ്ടതുണ്ട്.തൊഴിലില്ലാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പാർപ്പിടമില്ലാത്തവർക്ക് പാർപ്പിടമുണ്ടാക്കികൊടുക്കുന്നതിനും നാം ശ്രമിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ പ്രവർത്തനങ്ങളും കലാകായിക പ്രവർത്തനങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതിനും അനുയോജ്യങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതുണ്ട്. നിലവിലുളള ഗ്രന്ഥാലയങ്ങൾക്ക് ആവശ്യമായ മാസികകൾ, പത്രങ്ങൾ, പുസ്തകങ്ങൾ, എന്നിവ ലഭ്യമാക്കിയും കലാകായികസമിതികളെ ധനസഹായം ലഭ്യമാക്കി പ്രോത്സാഹിപ്പിക്കാനും പരിപാടികളുണ്ടാകണം.

മുകളിൽ പറഞ്ഞ രീതിയിൽ കാര്യങ്ങൾ ചെയ്യുവാൻ പഞ്ചായത്ത് ഫണ്ട് കൊണ്ട്മാത്രം സാധ്യമല്ല. സംസ്ഥാന സർക്കാറിന്റെ പുതിയ വികസന സമീപനവും ജനകീയാസൂത്രണ പ്രസ്ഥാനവും ആശ്വാസത്തിന്റെ പൊൻ കിരണങ്ങൾ നമുക്ക് കാണാൻ കഴിയും. ഒമ്പതാം പദ്ധതിക്കുള്ള ആകെ അടങ്കൽ തുക 14,800 കോടി രൂപയായി നിശ്ചയിച്ചു കഴിഞ്ഞു. ഗ്രാമ പഞ്ചായത്തുകൾ ഈ ഫണ്ടിന്റെ 40 % ആണ് അനുവദിക്കുന്നതെങ്കിൽ 5920 കോടി രൂപ താഴെ തട്ടിൽ ലഭിക്കും. നമ്മുടെ പഞ്ചായത്തിന് പ്രതിവർഷം 72.9 ലക്ഷം രൂപ ലഭിക്കാൻ സാധ്യതയുണ്ട്. ഈ തുക കിട്ടിക്കഴിഞ്ഞാൽ നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ കഴിയും എന്ന അമിത പ്രതീക്ഷ നമുക്കില്ല. മുൻഗണനാക്രമമനുസരിച്ച് നമുക്ക് പദ്ധതികളുമായി മുന്നോട്ട് പോകാൻ കഴിയും.

സമൂഹത്തിലെ സമസ്തജനവിഭാഗങ്ങളേയും ബന്ധപ്പെടുത്തി പുതിയ വികസന സംസ്കാരം രൂപപ്പെടുത്തുവാൻ ത്വരിതഗതിയിലുള്ള നീക്കങ്ങൾ നടന്നുവരികയാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായുള്ള വികസന സെമിനാറുകൾ പുതിയ കർമ്മസമിതികൾക്ക് രൂപം നൽകും. ഈ കർമ്മസമിതികളിലൂടെ രൂപപ്പെട്ടുവരുന്ന പുതിയ ആസൂത്രണസങ്കേതങ്ങൾ പ്രയോജനപ്പെടുത്തി പരിമിതികൾക്കിടയിലൂടെ മുന്നോട്ട് പോകുവാൻ നമുക്ക് കഴിയും. ആയതിന് മൊത്തം ജനവിഭാഗങ്ങളുടെ കക്ഷിരാഷ്ട്രീയത്തിനതീതമായ സഹകരണവും സന്നദ്ധ പ്രവർത്തനവും ലഭ്യമാകേണ്ടതുണ്ട്.

സാക്ഷരതാപ്രവർത്തനത്തിലൂടെ കേരളത്തെ സമ്പൂർണ്ണ സാക്ഷരതയിലേക്കെത്തിച്ച മുന്നനുഭവം നമുക്കുണ്ട്. ഈ പൈതൃകം ഉയർത്തിപ്പിടിച്ചുകൊണ്ട് പുതിയ വികസന സമീപനത്തിലൂടെ നമുക്ക് ഒരു സുവർണ്ണാധ്യായം വിരചിക്കുവാൻ കഴിയും എന്നതിന് ഇരുപക്ഷമില്ല. അതിനുവേണ്ടി മുളിയാർ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനരേഖ നിങ്ങളുടെ മുമ്പാകെ ചർച്ചയ്ക്കും ക്രിയാത്മകമായ നിർദ്ദേശത്തിനുമായി സമർപ്പിക്കുന്നു.

**യഥാർത്ഥമായ സുഖം ലഭിക്കുന്നത് അവന് ഇഷ്ടമുള്ളതെല്ലാം ലഭിക്കുമ്പോഴല്ല.**
**ഇഷ്ടമില്ലാത്ത ഒന്നിനെ ഇഷ്ടപ്പെടുവാൻ ശീലിക്കുമ്പോഴാണ്.**

- ഗാന്ധിജി.



മുളിയാർ ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

# സമഗ്രവികസന രേഖ






**MULIYAR PANCHAYATH**

*Cover credit : SRINIVASA MUDRANALAYA, Kasaragod ✆ 530 193*